കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

**ചങ്ങനാശ്ശേരി നഗരസഭ**

**ഓഡിറ്റ് റിപ്പോർട്ട് 2018-2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ചങ്ങനാശ്ശേരി നഗരസഭാ ഓഡിറ്റ് കാര്യാലയം**

**email: mlcsry.ksad@kerala.gov.in**

**നം. കെ.എസ്.എ-സി.വൈ.എം.3/89/2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**നഗരസഭാ ഓഡിറ്റ് കാര്യാലയം,**

**തീയതി: 24/04/2020**

**e-mail: mlcsry.ksad@kerala.gov.in**

**ഡെപ്യൂട്ടി ഡയറക്ടർ**

**ചെയർമാൻ**

**ചങ്ങനാശ്ശേരി നഗരസഭ**
(സെക്രട്ടറി മുഖാന്തിരം)

സർ,

വിഷയം : **ചങ്ങനാശ്ശേരി നഗരസഭ - 2018-2019** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ചങ്ങനാശ്ശേരി നഗരസഭയുടെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 , ഭാഗം 2 , ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 15(1), 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ- ചട്ടം 20, 23, 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കൊല്ലം.

4) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-സി.വൈ.എം3-89/2020 തീയതി:- 24/04/2020

# കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നഗരസഭയുടെ 2018-2019 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994ലെ കേരളാ മുനിസിപാലിറ്റി നിയമം 295(4)ാം-വകുപ്, 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപെടുവിക്കുന്നത്)***

കോട്ടയം ജില്ലയിലെ **ചങ്ങനാശ്ശേരി നഗരസഭ**യുടെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭയിലെ ദൈനംദിന പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ സമകാലീനമായി പരിശോധിച്ചു വരുന്നു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 71 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ അതാത് സമയങ്ങളിൽ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ

ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | 1. ശ്രീ സാബു സി ജോർജ്ജ്,<br>ഡെപ്യൂട്ടി ഡയറക്ടർ<br>(01.05.2019 മുതൽ 22.07.2019 FN വരെ)<br>2. ശ്രീ കിഷോർ തോമസ് എം<br>ഡെപ്യൂട്ടി ഡയറക്ടർ<br>(22.07.2019 AN മുതൽ 22.08.2019 വരെ)<br>3. ശ്രീമതി രേഖ ആർ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) – ചാർജ്<br>(23.08.2019 മുതൽ 28.08.2019 വരെ)<br>4. ശ്രീമതി അമ്പിളി എം.ഡി<br>ഡെപ്യൂട്ടി ഡയറക്ടർ<br>(29.08.2019 മുതൽ 29.02.2020 വരെ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.05.2019 മുതൽ 29.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ ആർ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി സിന്ധ്യ .പി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രാജശ്രീ.വി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ തോമസ്.എം<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോഷി തോമസ്<br>ഓഡിറ്റർ |
| | ശ്രീ ശിവരാജ് പി<br>ഓഡിറ്റർ |

**(ബി) നിർവഹണാധികാരികൾ**

| | |
|---|---|
| **ചെയർമാൻ** | ശ്രീ സെബാസ്റ്റ്യൻ മാത്യു മണമേൽ<br>01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ അനിൽകുമാർ റ്റി പി<br>01.06.2018 മുതൽ 22.06.2018 വരെ |
| | ശ്രീ ലാലിച്ചൻ ആന്റണി കുന്നിപ്പറമ്പിൽ<br>23.06.2018മുതൽ 31.03.2019 വരെ |
| വൈസ് ചെയർമാൻ | ശ്രീമതി സുമാഷൈൻ<br>01.04.2018 മുതൽ 31.05.18 വരെ |
| | ശ്രീമതി അംബിക വിജയൻ<br>01.06.18 മുതൽ 31.03.2019 വരെ |

| | |
|---|---|
| സെക്രട്ടറി | ശ്രീ ആർ.രാഹേഷ് കുമാർ<br>01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീ എ.എസ് ശ്രീകാന്ത്<br>20.06.2018 മുതൽ 31.03.2019 വരെ |

**(സി) നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ തുളസീധരൻ പിള്ള | 01.04.2018 മുതൽ 13.04.2018 വരെ |
| | ശ്രീ സുരേഷ് മാത്യു | 14.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി എൻ.വസന്തകുമാരി | 01.06.2018 മുതൽ 28.02.2019 വരെ |
| | ശ്രീ സുരേഷ് മാത്യു | 01.03.2019മുതൽ 31.03.2019 വരെ |
| വ്യാവസായിക ഓഫീസർ | ശ്രീ അനിൽ കെ.ഒ | 01.4.2018 മുതൽ 30.10.2018 വരെ |
| | ശ്രീമതി ജുമൈലത്ത്.എ | 31.10.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ഉണ്ണിക്കൃഷ്ണൻ | 01.4.2018 മുതൽ 30.10.2018 വരെ |
| | ഡോ. പി.ബിജു | 31.10.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | ഡോ. പത്മകുമാർ | 01.4.2018 മുതൽ 26.10.2018 വരെ |
| | ഡോ. അജിത് കുമാർ എസ്.എൽ | 27.10.2018 മുതൽ 31.03.2019 വരെ |
| പ്രോജക്ട് ഓഫീസർ<br>നഗരദാരിദ്ര്യ നിർമ്മാർജനസെൽ | ശ്രീ സാബു | 01.4.2018 മുതൽ 02.08.2018 വരെ |
| | ശ്രീ. തുളസീദാസ് ആർ | 03.08.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ രാജൻ.വി.ഏബ്രഹാം | 01.4.2018 മുതൽ 23.07.2018 വരെ |
| | ശ്രീ ബാബു.കെ.കെ | 24.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ. ആയുർവേദം | ഡോ. റാണി | 01.04.2018 മുതൽ 31.07.2018 വരെ |
| | ഡോ. സജിത് എസ് | 01.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ. ഹോമിയോ | ഡോ.ആൻസി മോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ 1 | ശ്രീമതി ശാലിനി | 01.04.2018 മുതൽ 17.06.2018 വരെ |
| | ശ്രീമതി ബിന്ദു.എസ് | 18.06.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ 1l | ശ്രീ സഫീർ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ 1ll | ശ്രീ അനൂപ് രാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ മാത്യു കെ.റ്റി | 01.04.2018 മുതൽ 30.04.2018 വരെ |
| | ശ്രീ രതീഷ് | 01.05.2018 മുതൽ 12.06.2018 വരെ |
| | ശ്രീമതി കെ.കെ.ഉഷാഭായി | 13.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി വിബിത സോമൻ | 01.04.2018 മുതൽ 31.03.2019 വരെ |

**(ഡി) ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വാർഷിക കണക്കുകളുടെ അവലോകനം | 1-12 |
| 13. | രസീത് പരിശോധന | 1-13-1 |
| 14. | നഗരസഭയിലെ ദൈനംദിന പണമിടപാടുകൾ - കമ്പ്യൂട്ടർ സ്റ്റേഷനറികളുടെ ഉപയോഗവും സുരക്ഷാ മാനദണ്ഡങ്ങളിലെ വീഴ്ചയും | 1-13-2 |
| 15. | മുനിസിപ്പൽ പാർക്ക് പ്രവേശനഫീസ് പിരിവ് നടപടികളിൽ അപാകത | 1-13-3 |
| 16. | അക്രൂവൽ വരവിനങ്ങളുടെ ഡേറ്റാബേസ് സഞ്ചയയിൽ തയ്യാറാക്കിയിട്ടില്ല - ഡിമാന്റ് തുക അക്കൗണ്ട് ചെയ്യുന്നതിൽ അപാകത | 1-14 |
| 17. | സഞ്ചയ സോഫ്റ്റ്‌വെയർ - ഡേറ്റാബേസ് പൂർത്തിയായിട്ടില്ല - വസ്തുനികുതി വിശദാംശങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അപാകത | 1-15-1 |
| 18. | സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തിയതിൽ അപാകതകൾ | 1-15-2 |
| 19. | കോണ്ടൂർ ബാക്ക് വാട്ടർ, കൺവെൻഷൻ സെന്ററിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ | 1-15-3 |
| 20. | ഓഫീസ് കെട്ടിടം വാസഗൃഹ നിരക്കിൽ പെർമിറ്റും നികുതി നിർണ്ണയവും നടത്തിയതിനാൽ നഗരസഭയ്ക്ക് നഷ്ടം | 1-15-4 |
| 21. | തെറ്റായ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു - വസ്തു നികുതിയിനത്തിൽ നഷ്ടം | 1-15-5 |
| 22. | വസ്തു നികുതി നിർണ്ണയം - കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യത്യാസം - വരുമാന നഷ്ടം സംഭവിക്കുന്നു | 1-15-6 |
| 23. | 2014-15 രണ്ടാം അർദ്ധവർഷം നികുതി നിർണ്ണയിച്ച കെട്ടിടത്തിന് നാളിതുവരെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-15-7 |
| 24. | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - നഗരസഭാ ഫണ്ടിന് നഷ്ടം | 1-15-8 |
| 25. | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം | 1-15-9 |
| 26. | എം സി റോഡ് വികസനം - നഗരസഭാ വക സ്ഥലം കെ.എസ്.റ്റി.പി, റെയിൽവേ എന്നിവയ്ക്ക് വിട്ടുനല്കൽ - നഷ്ടപരിഹാരം ലഭ്യമായില്ല | 1-16 |
| 27. | ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ - റസ്റ്റൊറേഷൻ ചാർജ് ലഭിച്ചിട്ടും | 1-17 |

| | | |
|---|---|---|
| | വികസനഫണ്ട് ചെലവഴിച്ച് റോഡുകൾ പുനസ്ഥാപിച്ചു | |
| 28. | വിവിധ ഏജൻസികളുടെ പ്രവർത്തികൾക്കായി നഗരസഭകളുടെ റോഡുകൾ പൊളിച്ചു – റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയിട്ടില്ല. നഷ്ടം ₹2,22,37,843 | 1-18 |
| 29. | ലേലം – പൊതു അപാകതകൾ | 1-19-1 |
| 30. | മുഴവൻ ലേലതുക ഒടുക്കാതെ ലേല ബാധ്യത തീർപ്പാക്കി – നഗരസഭയ്ക്ക് ₹3000 നഷ്ടം | 1-19-2 |
| 31. | പൊതുലേലം – കുത്തകക്കാരൻ ജി.എസ്.ടി. ഒടുക്കിയില്ല | 1-19-3 |
| 32. | ലൈസൻസി ലേലത്തുകയും ജി.എസ്.ടി.യും പൂർണ്ണമായും ഒടുക്കിയിട്ടില്ല | 1-19-4 |
| 33. | പഴയകെട്ടിടങ്ങളുടെ ലേലം – മൂല്യം കണക്കാക്കാതെ മണ്ണ് ലേലം ചെയ്തു | 1-19-5 |
| 34. | ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തത് - കുത്തകക്കാർ വ്യവസ്ഥകൾ ലംഘിക്കുന്നു - നഗരസഭ ആസ്തി അന്യാധീനപ്പെടുന്നതിന് സാധ്യത | 1-19-6 |
| 35. | നഗരസഭയുടെ തനത് വരുമാനം ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തു – ലേലത്തിൽ നിന്നുള്ള വരുമാനമുൾപ്പടെ 3.12 കോടി രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നു | 1-19-7 |
| 36. | കെട്ടിട വാടക – പൊതു അപാകതകൾ | 1-20-1 |
| 37. | വാടക ഒടുക്കാതെ ലൈസൻസികൾ തുടരുന്നു – തുടർനടപടികൾ ഇല്ലാത്തതിനാൽ നഗരസഭയുടെ വരുമാനം നഷ്ടം | 1-20-2 |
| 38. | സ്റ്റേഡിയം ഗ്യാലറി – കടമുറികളുടെ വാടകനിരക്കിൽ സ്വാഭാവിക വർദ്ധനവ് ഇല്ല – നഗരസഭ ഫണ്ടിനു വരുമാന നഷ്ടം | 1-20-3 |
| 39. | നഗരസഭയ്ക്ക് നികുതിയേതര വരുമാനം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ളത് 8.12 കോടി രൂപ – കുടിശ്ശികക്കാരുടെ വിശദാംശം നഗരസഭയിൽ ലഭ്യമല്ല – ഭീമമായ വരുമാനനഷ്ടത്തിനു സാധ്യത | 1-20-4 |
| 40. | വാടക നിക്ഷേപം - കണക്കുകൾ സൂക്ഷിച്ചിട്ടില്ല – വാടക ഒടുക്കാത്തവരുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല | 1-20-5 |
| 41. | വാടക നിരക്ക് പുതുക്കിയില്ല – നഗരസഭയ്ക്ക് 5.7 ലക്ഷം രൂപ നഷ്ടം | 1-20-6 |
| 42. | തൊഴിൽ നികുതി – ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കൽ – അപാകതകൾ | 1-21-1 |
| 43. | തൊഴിൽ നികുതി – ട്രേഡേഴ്സ് അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-21-2 |
| 44. | ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-21-3 |
| 45 | ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - പൊതു അപാകതകൾ, ലൈസൻസ് എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-22-1 |
| 46 | ലൈസൻസ് നേടാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-22-2 |
| 47 | നഗരസഭയിലെ വൗച്ചർ ഫയൽ സൂക്ഷിപ്പ് – പരിഹാര നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു | 1-23 |

| | | |
|---|---|---|
| 48 | സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് പെൻഷൻ അംശദാനം അടവാക്കുന്നില്ല | 1-24 |
| 49 | സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് – ജീവനക്കാരുടെ പ്രതിമാസ വിഹിതം അടവാക്കാത്തത് – പിഴപ്പലിശയിനത്തിൽ വൻതുക അടവാക്കേണ്ടിവരുന്നു | 1-25 |
| 50 | മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല | 1-26 |
| 51 | ലൈബ്രറി സെസ് – സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കുടിശ്ശിക ₹ 75.56 ലക്ഷം | 1-27 |
| 52 | ശ്രീ കെ.ജെ. ബിജു, എൽ.ഡി.ക്ലർക്ക് – ഇൻക്രിമെന്റ് കുടിശ്ശിക – അധികം അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല | 1-28 |
| 53 | നഗരസഭ ജീവനക്കാർക്ക് കഴിഞ്ഞവർഷങ്ങളിലെ ഡി.എ., ഇൻക്രിമെന്റ് കുടിശ്ശിക തുക അനുവദിക്കുന്നതിലെ അപാകതകൾ | 1-29 |
| 54 | ലക്ഷങ്ങൾ ചെലവഴിച്ച് വിവിധ വർഷങ്ങളിലായി നഗരസഭ വാങ്ങിയ വാഹനങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിൽ | 1-30 |
| 55 | അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല – തുക തടസ്സപ്പെടുത്തുന്നു | 1-31 |
| 56 | ആധുനിക അറവുശാല – നിർമ്മാണം ആരംഭിച്ചിട്ടില്ല – ലഭ്യമായ ഫണ്ട് പതിനഞ്ച് വർഷത്തിനുശേഷവും നഗരസഭയുടെ സ്ഥിരനിക്ഷേപം | 1-32 |
| 57 | ലക്ഷങ്ങൾ ചെലവഴിച്ച് മാലിന്യം നീക്കം ചെയ്യൽ – ഫലപ്രദമായ സംവിധാനങ്ങൾ നടപ്പാക്കുന്നതിൽ കാലതാമസം | 1-33 |
| 58 | 2018-19 – ഐ.കെ.എം വിഹിതം നൽകൽ – മുൻബാക്കി ക്രമീകരിക്കാതെ തൻവർഷ വിഹിതം പൂർണ്ണമായി ഒടുക്കി | 1-34 |
| 59 | നിക്ഷേപപ്രവൃത്തികൾ – 11,55,687/- രൂപയുടെ വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല | 1-35 |
| 60 | സി.ജി.എസ്.ടി/എസ്.ജി.എസ്.ടി കുറവ് ചെയ്തില്ല – കരാറുകാരന് അധിക തുക നല്കി | 1-36 |
| 61. | ചിത്രക്കുളം നവീകരണം – പദ്ധതി ലക്ഷ്യം അകലെ | 1-37 |
| 62 | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ – അപാകതകൾ | 1-38 |
| 63 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ തുക ഗ്രാന്റിൽ കുറവ് ചെയ്തിട്ടും ₹3.32 കോടി കുടിശ്ശികയായി അവശേഷിക്കുന്നു | 1-39 |
| 64 | തെരുവുവിളക്കുകളുടെ കറന്റ് ചാർജ്ജ് - അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-40 |
| 65 | മഴക്കാലപൂർവ ശുചീകരണ പ്രവർത്തനം - അനുബന്ധ വൗച്ചറുകൾ ഹാജരാക്കിയില്ല | 1-41 |
| 66 | നഗരസഭ ഓഫീസിലേയ്ക്ക് പുതിയ ജനറേറ്റർ വാങ്ങൽ - പഴയ ജനറേറ്റർ ലേലം - തുടർ നടപടികൾ സ്വീകരിച്ചില്ല | 1-42 |
| 67 | അങ്കണവാടികളുടെ പ്രവർത്തനം – ഒരു അവലോകനം | 1-43 |
| 68 | തൊഴിൽരഹിതവേതനം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തൽ - സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കൽ | 1-44 |

| | | |
|---|---|---|
| 69 | ഭവന നിർമ്മാണം - 3 സാമ്പത്തിക വർഷം കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-45 |
| 70 | പി.എം.എ.വൈ.ലൈഫ് വിഹിതം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-46 |
| 71 | മാലിന്യം നിക്ഷേപിക്കപ്പെടുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ -അപാകതകൾ | 1-47 |
| 72 | അഗതിരഹിത കേരളം പദ്ധതി - പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നു | 1-48 |
| 73 | സംയോജിത ചേരിവികസന പദ്ധതി – 2017 ൽ അവസാനിച്ച പദ്ധതിയുടെ അക്കൗണ്ടിൽ ലക്ഷങ്ങൾ നിലനില്ക്കുന്നു | 1-49 |
| 74 | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 1-50 |
| 75 | ആയുർവേദ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - തീരുമാനങ്ങൾ കടലാസിൽ ഒതുങ്ങുന്നു | 1-51 |
| | ഭാഗം 2 | |
| | **വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 76 | ഓഫീസ് കെട്ടിടം വാസഗൃഹ നിരക്കിൽ പെർമിറ്റും നികുതി നിർണ്ണയവും നടത്തിയതിനാൽ നഗരസഭയ്ക്ക് നഷ്ടം | 2-1-1 |
| 77 | തെറ്റായ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു – വസ്തുനികുതിയിനത്തിൽ നഷ്ടം | 2-1-2 |
| 78 | മുഴുവൻ ലേലത്തുക ഒടുക്കാതെ ലേല ബാദ്ധ്യത തീർപ്പാക്കി - നഗരസഭയ്ക്ക് ₹3,000 നഷ്ടം | 2-2-1 |
| 79 | ലൈസൻസി ലേലത്തുകയും ജി.എസ്.ടി യും പൂർണ്ണമായും ഒടുക്കിയിട്ടില്ല | 2-2-2 |
| | ഭാഗം 3 | |
| | **ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 80 | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ | 3-1 |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 81 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 82 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 83 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 84 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 85 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 86 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 87 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 88 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 89 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 90 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 91 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2018-19 | അനുബന്ധം-1 |
| 92 | റിസീറ്റ് & പേയ്മെന്റ് പത്രിക 2018-19 | അനുബന്ധം-2(1) |
| 93 | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 2018-19 | അനുബന്ധം-2(2) |
| 94 | ബാലൻസ് ഷീറ്റ് 31/03/2019 തീയതിയിൽ | അനുബന്ധം-2(3) |
| 95 | 2018-19 വർഷം മുഴുവൻ വാടക ഒടുക്കാത്ത കുത്തകക്കാരുടെ വിശദാംശം | അനുബന്ധം-3 |
| 96 | തൊഴിൽ നികുതി - ട്രേഡേഴ്സ് അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | അനുബന്ധം-4 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 16.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ നഗരസഭയുടെ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബഡ്ജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 18,32,18,489 | 7,39,29,010 | | 10,92,89,479 |
| വരവ് | 40,74,98,319 | 32,02,98,906 | | 8,71,99,413 |
| ആകെ | 59,07,16,808 | 39,42,27,916 | | 19,64,88,892 |
| ചെലവ് | 37,46,56,432 | 31,97,40,764 | | 5,49,15,668 |
| നീക്കിയിരിപ്പ് | 21,60,60,376 | 7,44,87,152 | | 14,15,74,224 |

ഒരു സാമ്പത്തിക വർഷത്തെ 9 മാസത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളുടെയും 3 മാസത്തെ പ്രതീക്ഷിത വരവ് ചെലവ് എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിലാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നത്. ആയതിനാൽ പുതുക്കിയ ബജറ്റ് സംക്ഷിപ്തം പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ്/ചെലവ്/നീക്കിബാക്കി തുകകളുമായി വലിയ വ്യതിചലനം ഉണ്ടാകാൻ പാടുള്ളതല്ല. ആയതിനാൽ 2018-19ലെ പുതുക്കിയ ബജറ്റും 2018-19 ലെ ധനകാര്യപത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2018-19 | 31.07.2019 | 31.07.2019 | വാർഷിക ധനകാര്യപത്രിക പ്രാഥമിക പരിശോധനയ്ക്കുശേഷം നടത്തിയ വിശദമായ പരിശോധന പ്രകാരം വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 2018-19 ഓഡിറ്റ് വേളയിൽ പരിശോധിച്ചു | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട് |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് നീക്കിബാക്കി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7,39,29,010 |
| വരവ് | 32,02,98,906 |
| ആകെ | 39,42,27,916 |
| ചെലവ് | 31,97,40,764 |
| നീക്കിയിരിപ്പ് | 7,44,87,152 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക / സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 4,94,85,375 | 4,94,85,375 | 4,76,53,889 | 18,31,486 |
| വികസന ഫണ്ട് എസ്.സി.പി | 0 | 1,57,70,000 | 1,57,70,000 | 98,62,117 | 59,07,883 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 3,11,000 | 3,11,000 | 0 | 3,11,000 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 5,25,37,000 | 5,25,37,000 | 5,24,93,839 | 43,161 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1,16,52,000 | 1,16,52,000 | 86,80,098 | 29,71,902 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6,32,44,655 | 6,32,44,655 | 3,52,90,531 | 2,79,54,124 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് | | 23,89,038 | 50,00,000+ 55,982 (പലിശ) | 74,45,020 | 36,27,564 | 38,17,456 |
| ബി-ഫണ്ട് | | | 6,04,62,600 | 6,04,62,600 | 6,04,62,600 | 0 |
| യു. ഐ. ഡി. എസ്. എസ്. എം. റ്റി (ഖരമാലിന്യം) | | 1,25,12,376 | 5,62,550 | 1,30,74,926 | 0 | 13074926 |
| യു. ഐ. ഡി. എസ്. എസ്. എം. റ്റി (വാട്ടർസപ്ലൈ) | | 2,57,217 | 12,616 | 2,69,833 | 0 | 2,69,833 |
| ഐ. എച്ച്. എസ്. ഡി. പി (ഫേസ് 1) | | 18,77,080 | 66,565 | 19,43,645 | 0 | 19,43,645 |
| ഐ. എച്ച്. എസ്. ഡി. പി (ഫേസ് 2) | | 99,86,386 | 4,93,521 | 1,04,79,907 | 0 | 1,04,79,907 |
| ഐ. സി. ഡി. എസ് | | 8,51,436 | 7,42,961 | 15,94,397 | 8,70,250 | 7,24,147 |
| ഇ-ടെണ്ടർ അക്കൗണ്ട് | | 3,05,724 | 3,31,840 | 6,37,564 | 3,00,649 | 3,36,915 |
| പി. എം. എ. വൈ | | 0 | 1,28,93,000 | 1,28,93,000 | 99,96,144 | 28,96,856 |
| എൻ. യു. എൽ. എം | | 6,57,068.62 | 6,57,758 | 13,14,826.62 | 12,29,886 | 84,940 |
| ഇ. എം. എസ് ( എസ്. സി) | | 8,45,994 | 42,803 | 8,88,797 | 0 | 8,88,797 |
| ഇ. എം. എസ് ( ജനറൽ) | | 39,97,702 | 1,91,704 | 41,89,406 | 6,07,760 | 35,81,646 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | 1. SBT SB College 24297 | 13,553 | 17,76,881 | 17,90,434 | 17,57,189 | 33,245 |
| | 2. SBT main branch | 1,38,28,139 | 12,79,16,933 | 14,17,45,072 | 13,03,76,213 | 1,13,68,859 |
| | 3.SBT SB College (online) | 17,39,859 | 49,63,068 | 67,02,927 | 66,42,725 | 60,202 |

ട്രഷറി അക്കൗണ്ട്, പെൻഷൻ ഫണ്ട്,പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. വിവിധ അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുക ബാങ്ക് സ്റ്റേറ്റുമെന്റുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം

**വിവിധ ഫണ്ടിനങ്ങളിലുള്ള വകയിരുത്തലിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

| ഇനം | വകയിരുത്തൽ (തുക രൂപയിൽ) | വിനിയോഗം (തുക രൂപയിൽ) | ചെലവഴിച്ച തുക (ശതമാനം) |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) | 7,50,65,282 | 4,76,53,889 | 63.48% |
| വികസന ഫണ്ട് (എസ്.സി.പി) | 2,17,30,045 | 98,62,117 | 45.38% |
| വികസന ഫണ്ട് (TSP) | 3,11,000 | 0 | 0% |

| | | | |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8,63,43,518 | 3,52,90,531 | 40.67% |
| പ്രത്യേക ഗ്രാന്റ് | 35,00,000 | 0 | 0% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 55,48,990 | 0 | 0% |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 15,02,071 | 0 | 0% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 9,07,59,404 | 5,24,93,839 | 57.8% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1,61,66,156 | 86,80,098 | 53.69% |
| മറ്റുള്ളവ | 1,04,26,250 | 0 | 0% |
| **ആകെ** | **31,13,52,716** | **15,39,80,474** | **49.45%** |

ഫണ്ട് വിനിയോഗത്തിന്റെ സംക്ഷിപ്തം പരിശോധിക്കുമ്പോൾ, ആകെ വകയിരുത്തിയ ഫണ്ടിന്റെ 49% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. 2018-19ൽ ലോകബാങ്ക് സഹായം, തനത്ഫണ്ട് എന്നിവ ഒരു മേഖലയിലും വകയിരുത്തിയിരുന്നില്ല. പ്രത്യേക ഗ്രാന്റ്, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ 2017-18ലും 2018-19ലും തുക വകയിരുത്തിയിരുന്നുവെങ്കിലും വികസന ഫണ്ട് വിഹിതമല്ലാതെ ഒരു തുകയും ചെലവഴിച്ചിട്ടില്ല.

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം</u>**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ പ്രൊജക്റ്റ് | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ | 1 | 1 | 15,00,000 | 15,00,000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 2,00,000 | 2,00,000 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 14,20,000 | 1,00,000 |
| കൃഷി ഓഫീസർ | 7 | 6 | 50,39,444 | 26,79,602 |
| സെക്രട്ടറി | 26 | 15 | 4,04,49,973 | 2,47,85,342 |
| വെറ്റിനറി സർജൻ | 4 | 3 | 9,21,800 | 2,32,967 |
| ക്ഷീരവികസനം | 3 | 3 | 8,15,000 | 2,80,000 |
| പ്രോജക്റ്റ് ഓഫീസർ | 17 | 14 | 1,35,01,524 | 77,97,068 |
| ഹെൽത്ത് ഓഫീസർ | 11 | 5 | 1,43,63,958 | 18,63,983 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 5 | 5 | 21,61,879 | 11,56,371 |
| മുനിസിപ്പൽ എഞ്ചിനീയർ | 15 | 8 | 47,51,593 | 19,61,682 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 58,50,000 | 48,05,541 |
| അസി.എഞ്ചിനീയർ | 359 | 209 | 22,03,77,545 | 10,66,17,918 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതി നടപ്പാക്കൽ അവലോകനം ചെയ്യുമ്പോൾ, കൃഷി, ആരോഗ്യം മേഖലകളിൽ യഥാക്രമം 53%, 12% എന്നിങ്ങനെയാണ് ചെലവ് ശതമാനം. കുട്ടനാടൻ മേഖലയുമായി അതിർത്തി പങ്കിടുന്ന ചങ്ങനാശ്ശേരി നഗരസഭയുടെ വിവിധ കൃഷിയിടങ്ങൾ നെല്ലുൽപ്പാദനത്തിന്റെ പ്രധാന സ്രോതസ്സാണ് എന്നിരിക്കെ നെൽക്കൃഷി വികസനത്തിന് 14.43 ലക്ഷം രൂപ വകയിരുത്തിയതിൽ കേവലം 6 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത് എന്നത് കാർഷിക മേഖലയെ അവഗണിക്കുന്നതിന് തുല്യമാണ്. ആരോഗ്യമേഖലയിൽ 1 കോടിയിലേറെ രൂപ വകയിരുത്തിയതിൽ 18.63 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. ആരോഗ്യമേഖലയിൽ ആകെ ചെലവ്

ശതമാനം 12% മാത്രമാണ് പദ്ധതി പ്രവർത്തനങ്ങളിൽ പ്രത്യേക ഊന്നൽ നൽകേണ്ട മേഖലകളിൽ വകയിരുത്തിയതിന്റെ 1/4 ഭാഗം പോലും ചെലവഴിക്കാൻ സാധിച്ചില്ല എന്നത് പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. നടപ്പാക്കിയ പദ്ധതികളിൽ ഭവനനിർമ്മാണം, (ലൈഫ്, PMAY പദ്ധതികൾ) ഭവനപുനരുദ്ധാരണം, മരാമത്ത് പ്രവൃത്തികൾ എന്നിവയ്ക്കാണ് വികസനഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിച്ചിട്ടുള്ളത്. വാർഡുസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാർ, എന്നിവയിലെ നിർദ്ദേശങ്ങളും ആവശ്യങ്ങളും ക്രോഡീകരിച്ച് പദ്ധതി രൂപീകരണ വേളയിൽ ഉൾപ്പെടുത്തിക്കൊണ്ട് സമസ്തമേഖലകൾക്കും പ്രാധാന്യവും പ്രയോജനകരവുമായ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ്+പലിശ | ആകെ | ചെലവ് | | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | ഭരണച്ചെലവ് | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | |
| 23,89,038 | 50,55,982 | 74,45,020 | 5,03,911 | 31,23,653 | 38,17,456 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50,400 | 54 |
| കർഷക തൊഴിലാളി വേതനം | 33,33,100 | 803 |
| വിധവാ പെൻഷൻ | 1,81,52,000 | 4255 |
| വാർദ്ധക്യകാല പെൻഷൻ | 3,40,72,400 | 7728 |
| വികലാംഗ പെൻഷൻ | 48,54,700 | 1166 |
| അവിവാഹിതർക്കുള്ള പെൻഷൻ | 6,23,300 | 154 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തിയിരുന്നു. 2018-19ലെ വാർഷിക ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് അവസാനിക്കുന്നതിനുമുമ്പ് 25.02.2020, 11.40 A.Mന് നഗരസഭയിലെ ക്യാഷ് പിരിവുള്ള മൂന്ന് കൗണ്ടറുകളിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ക്യാഷ് ബാലൻസ് ഭൗതികപരിശോധന നടത്തി. പരിശോധനയിൽ ₹81,204 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ചങ്ങനാശ്ശേരി നഗരസഭയുടെ 2018-19ലെ വാർഷിക ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റിന്റെ ഭാഗമായി 71 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. ഇവയിൽ മിക്കവയും സ്ഥാപനത്തിന്റെ പൊതുവായ ആഭ്യന്തര നിയന്ത്രണ സംവിധാനം, പണവും അക്കൗണ്ടുകളും കൈകാര്യം ചെയ്യുന്നതിലെ നിയന്ത്രണം, പ്രധാന വരവിനങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് നിർണയ നിയന്ത്രണം, നികുതി/നികുതിയേതര വരവിനങ്ങളിന്മേലുള്ള നിയന്ത്രണം, സാധനങ്ങളുടെ സമാഹരണവും പൊതു നിർമ്മാണ പ്രവൃത്തികളും സംബന്ധിച്ച നിയന്ത്രണം, ആസ്തികളിന്മേലുള്ള നിയന്ത്രണം തുടങ്ങിയവയുമായി ബന്ധപ്പെട്ടവയായിരുന്നു. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഓഡിറ്റ് നടത്തിയ പരിശോധനയിൽ സ്ഥാപനത്തിന്റെ പൊതുവായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലും വിഷയാടിസ്ഥാനത്തിലുള്ള

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ആയവ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

**1) പൊതുവായ ആഭ്യന്തര നിയന്ത്രണം:**

- വിവിധ സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ
- ആവശ്യമായ വിവരശേഖരണത്തിന്റെ അഭാവവും ഫയലുകളുടെയും രജിസ്റ്ററുകളുടെയും അശാസ്ത്രീയമായ സൂക്ഷിപ്പ്, വൗച്ചർ ഫയലുകളുടെ അശാസ്ത്രീയവും ക്രമരഹിതവുമായ സൂക്ഷിപ്പ്.

**2) അക്കൗണ്ടുകളിന്മേലും പണം കൈകാര്യം ചെയ്യുന്നതിന്മേലുള്ള നിയന്ത്രണം**

- അക്കൗണ്ടിംഗ് നടപടികളിന്മേൽ നഗരസഭയിലെ അക്കൗണ്ട്സ് വിഭാഗത്തിന് സ്വയംപര്യാപ്തതയില്ലാത്തത്.
- വിവിധ അക്കൗണ്ടുകളുടെയും സ്ഥിരനിക്ഷേപത്തിന്റെയും നീക്കിയിരിപ്പ് ശരിയായി നിർണയിക്കാത്തതും തെറ്റായ നീക്കിയിരിപ്പ് കൃത്രിമമായ റെക്കൺസിലിയേഷനിലൂടെ പൊരുത്തപ്പെടുത്തുന്നത്
- ഡബിൾ എൻട്രി സമ്പ്രദായം അനുവർത്തിച്ച് തുടങ്ങുന്നതിന് മുമ്പുള്ള മുന്നൊരുക്ക നടപടികൾ പൂർത്തിയാക്കാത്തതും ആസ്തി/ബാദ്ധ്യതകൾ ശരിയായി മൂല്യനിർണയം നടത്താത്തതും. ഓരോ നിശ്ചിതകാലയളവിന് ശേഷവും സ്വീകരിക്കേണ്ട അക്കൗണ്ടിംഗ് നടപടികൾ (Period End Procedures) സ്വീകരിക്കുന്നതിലെ വീഴ്ചകൾ
- ബജറ്ററി കൺട്രോൾ - നടപടികളുടെ അപര്യാപ്തത
- ജനറേറ്റ് ചെയ്യപ്പെടുന്ന ധനകാര്യ പത്രികകൾ നഗരസഭയുടെ യഥാർത്ഥ ധനസ്ഥിതി വിവരവും ധനകാര്യ റിസൽട്ടുകളും പ്രതിഫലിപ്പിക്കാത്തതും ദുർബലമായ ഫിനാൻഷ്യൽ റിപ്പോർട്ടിംഗും
- പൊതുധനം തെറ്റായ രീതിയിൽ ഇടനില ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകി വിനിയോഗിക്കുന്നതും മുൻകൂറുകൾ ക്രമീകരിക്കാത്തതും

**3) പ്രധാന വരവിനങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് നിർണ്ണയം സംബന്ധിച്ച നിയന്ത്രണം**

- വസ്തു നികുതി പരിഷ്കരണത്തിലെ കാലതാമസം. സഞ്ചയ - സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാകാത്തതിനാൽ വസ്തു നികുതി സംബന്ധിച്ച കൃത്യമായ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ലഭ്യമാകുന്നില്ല. ഡേറ്റാ എൻട്രി നടത്തുന്നതിൽ പിഴവുകൾ
- കാലപ്പഴക്കമുള്ള കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന നികുതി ഇളവ് 10 വർഷത്തിന് താഴെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് നൽകിയത്
- ഘടനാപരമായ മാറ്റമുള്ള കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകതകൾ,ഉപയോഗക്രമം തെറ്റായി കണക്കാക്കി നികുതി നിർണയിച്ചിരിക്കുന്നത്
- കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സിന്റെ ഒഴികെയുള്ള ഇതര ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ലാത്തതിനാൽ റവന്യൂ വരുമാനത്തിൽ കുറവുണ്ടാകുന്നു. വാർഡുതല ഡിമാന്റ് രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ ചേർക്കുകയോ പുതുക്കുകയോ ചെയ്യാത്തതിനാൽ ഡിമാന്റ് കളക്ഷൻ വിവരങ്ങളിൽ കൃത്യതയില്ല.
- ലൈസൻസ് നേടാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്
- നഗരസഭ വക കെട്ടിടങ്ങളിലെ വാടകക്കാർ ലൈസൻസ് നേടാതെ/പുതുക്കാതെ പ്രവർത്തിക്കുന്നത്
- കടമുറികളുടെ വാടക തുടർച്ചയായി കുടിശ്ശികയായി തുടരുന്ന സാഹചര്യം, വാടകക്കാരുമായി കരാറുകൾ ചമയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ
- ലേല നിബന്ധനകൾ പൂർണമായി പാലിക്കാത്തത്
- ലേലം സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തത്

**4) നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം/ആസ്തികളിന്മേലുള്ള നിയന്ത്രണം**

- വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ജനകീയ ആവശ്യം പരിഗണിച്ച് ഉരുത്തിരിയേണ്ട നിർമ്മാണ പ്രവൃത്തികളും പദ്ധതികളും വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതും മിക്ക പ്രവൃത്തികൾക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരുന്നതും. ആവശ്യാധിഷ്ഠിതമായല്ലാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതും അടിസ്ഥാന ലക്ഷ്യം/ഭൗതീക നേട്ടം കൈവരിക്കാൻ കഴിയുന്ന വിധം പൂർത്തീകരിക്കാത്തതും
- പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കാത്തത്
- ഡെപ്പോസിറ്റ് വർക്കുകളുടെ തുടർ നിരീക്ഷണങ്ങൾ നടത്താത്തത്
- ആസ്തി രജിസ്റ്റർ കാലികമാക്കാത്തത്
- ലക്ഷങ്ങൾ ചെലവഴിച്ച് വിവിധ വർഷങ്ങളിലായി നഗരസഭ വാങ്ങിയ വാഹനങ്ങൾ ഉപയോഗശൂന്യമായത്

**5)നഗരസഭയിലെ വർദ്ധിച്ച് വരുന്ന റവന്യൂ ചെലവുകൾക്ക് അനുസൃതമായി റവന്യൂ വരുമാനം ഉയരുന്നില്ല.**

- ചങ്ങനാശ്ശേരി നഗരസഭയുടെ 2018-19ലെ ധനകാര്യ പത്രിക നഗരസഭയുടെ ധനകാര്യസ്ഥിതിയുടെ പൊതുവായ വിലയിരുത്തലിന് പര്യാപ്തമല്ലെങ്കിലും വർദ്ധിച്ച് വരുന്ന റവന്യൂ ചെലവുകൾക്ക് അനുസൃതമായി റവന്യൂ വരുമാനം ഉയരുന്നില്ല എന്ന സാഹചര്യം പൊതുവായ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വേറിട്ട് സൂക്ഷിക്കേണ്ട പെൻഷൻ ഫണ്ടുകളും പ്രൊവിഡണ്ട് ഫണ്ടുകളും അപ്രകാരം സൂക്ഷിക്കാത്തതിനാൽ പെൻഷൻ ചെലവുകൾ നിർവ്വഹിക്കുന്നതിനായും റവന്യൂ വരുമാനം വകമാറ്റേണ്ടി വരുന്നു. വസ്തു നികുതി പുതുക്കൽ നടപടികൾ തുടങ്ങിയിട്ട് വർഷങ്ങൾ ആയെങ്കിലും പുതിയ നികുതി നിർണയ പ്രക്രിയ അന്തിമമായിട്ടില്ല. സർവ്വീസ് ആനുകൂല്യങ്ങളും പെൻഷൻ ആനുകൂല്യങ്ങളും യഥാസമയം അനുവദിക്കായ്കയാൽ നഗരസഭയ്ക്കെതിരെ കോടതി മുമ്പാകെ നിരവധി കേസുകൾ ഫയൽ ചെയ്യപ്പെടുകയും കേസുകളുടെ നടത്തിപ്പിനായി പ്രയോജനരഹിതമായി തുക ചെലവഴിക്കേണ്ടിയും വരുന്നു. ഇത്തരമൊരു സാഹചര്യം നിലനിൽക്കുമ്പോഴും നഗരസഭയിലെ പല ആസ്തികളും നിഷ്ക്രീയമായി തുടരുന്നു. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

  മേൽ വിഷയത്തിലേയ്ക്ക് നഗരസഭാധികൃതരുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സജീവ ശ്രദ്ധക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-11-2011 മുതൽ 16-11-2011 വരെ | 2010-11 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7/8/2019-മുതൽ 30/8/2019 വരെ | 2017-18 & 2018-19 | LBA(HQ)/II/I/8A-50/2019-2020/390, dtd, 26.09.2019. |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

1. ബി1 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജനറൽ ഫണ്ട് (2,38,66,792.15) തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ബി2 ഷെഡ്യൂളിൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ള "പെൻഷൻ ഫണ്ട്-കണ്ടിജന്റ് സ്റ്റാഫ്"സംബന്ധിച്ച വിശദാംശം ലഭ്യമല്ല.

3. ചെലവാക്കാതെ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബി-4 ഷെഡ്യൂളിലെ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബി-7 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള 5.5 കോടി രൂപയിലധികം തുകയുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.
5. ബി-9 ഷെഡ്യൂളിൽ Recoveries Payable Profession Tax 1,39,500/-രൂപ ബാധ്യതയായി നിലനിൽക്കുന്നതിന്റെ വിശദാംശം ലഭ്യമല്ല.
6. അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂളിലെ സുസ്ഥിര ആസ്തിമൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
7. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് സംബന്ധിച്ച വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂളിലെ ഈ ഇനത്തിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
8. ഫിക്സഡ് ഡെപ്പോസിറ്റ് --ബി-12, ബി-13 ഷെഡ്യൂളുകളിലെ നീക്കിയിരുപ്പിൽ 04/19ൽ ഡെപ്പോസിറ്റ് കാലാവധി പൂർത്തിയായി ലഭിച്ച പലിശ തുക കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.
9. ബി-21 ഷെഡ്യൂളിൽ വരവിനങ്ങൾക്ക് 72,21,156/- രൂപയുടെ പ്രൊവിഷൻ കൊടുത്തിരിക്കുന്നത് എപ്രകാരമെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.
10. ലൈബ്രറി സെസ് കുടിശ്ശിക--ഫയൽ & രജിസ്റ്റർ പ്രകാരം 75,56,975/- രൂപയും, വാർഷിക കണക്ക് പ്രകാരം 1,05,73,087 രൂപയും ആണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
11. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-15 ഷെഡ്യൂളിലെ കുടിശ്ശിക ഇനത്തിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
12. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിലെ ബാദ്ധ്യത തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
13. നഗരസഭയുടെ അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കൃത്യമായി നിർണയിക്കപ്പെട്ടിട്ടില്ല.
14. സർവ്വീസ് സെസ് ഇനത്തിൽ ലഭിക്കാനുള്ള തുക (വസ്തു നികുതിയുടെ 10%) ബി-15 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല.
15. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് കണക്കുകൾ സാംഖ്യ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
16. തൊഴിൽ നികുതി (Employees) വരവു തുക R&P പ്രകാരമുള്ളതും, I&E പ്രകാരമുള്ളതും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയത് R&P യിൽ പ്രതിഫലിക്കാതിരുന്നതിനാലാണ് അപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നത്.
17. Rent-Lease of Land – ഡിമാന്റ് 87,12,362/- കളക്ഷൻ - 3,13,332/- ബാലൻസ്- B-15ൽ 83,99,030/-നു പകരം 72,68,538/- ആണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
18. തൊഴിൽ രഹിത വേതനം ഒഴികെയുള്ള ക്ഷേമ പെൻഷനുകളുടെ വിനിമയം സാംഖ്യയിൽ അക്കൗണ്ടു ചെയ്യപ്പെട്ടിട്ടില്ല. തൊഴിൽ രഹിതവേതനം I-14 ൽ രേഖപ്പെടുത്തിയത് രജിസ്റ്ററിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.
19. I-18ലെ Prior period items വിശദീകരിക്കപ്പെട്ടിട്ടില്ല.
20. RP-14ബിയിലെ ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ 31.03.19ലെ നീക്കിയിരിപ്പ് തുക

ബാങ്ക്സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് | വാർഷിക കണക്കിലെ ബാലൻസ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് |
|---|---|---|
| Indian Overseas Bank | 1,05,80,207 | 1,04,79,907 |
| S.B.T- SB College | 33,245 | 17,875 |
| ICICI | 1,08,83,648 | 1,08,93,648 |
| STSB-4 | 90,51,041 | 1,40,09,107 |
| SB College | 60,202 | 1,92,498 |
| UCO Bank - Ayyankali | 37,36,427 | 38,17,456 |
| SBI Own Fund - Vazhapally | 1,13,68,859 | 87,52,497 |
| SBI (Tender Account) | 4,41,880 | 3,36,915 |

21. വികസന ഫണ്ട് (ജനറൽ) ചെലവ് --എ.സി.ആർ പ്രകാരം 4,65,37,264/- രൂപയും, വാർഷിക കണക്ക് പ്രകാരം 4,25,50,614/-രൂപയും, ഐ.കെ.എം ചെലവ് പത്രിക പ്രകാരം 4,76,53,889/- രൂപയുമാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.
22. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ചെലവ് --എ.സി.ആർ പ്രകാരം 5,24,93,839/- രൂപയും വാർഷിക കണക്ക് പ്രകാരം 5,21,67,910/- രൂപയുമാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.
23. വാർഷിക കണക്ക് പ്രകാരം RP-6ൽ ജനറൽ പർപ്പസ് ഫണ്ട് വരവ് 2,00,43,947/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ACR പ്രകാരം 2,13,88,611/- രൂപയാണ്. 13,44,664/- രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.
24. നികുതി/നികുതിയേതര വരവുകളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-13-1 രസീത് പരിശോധന

01/04/2019 മുതൽ 31/12/2019 വരെയുള്ള കാലയളവിൽ നഗരസഭയിലെ വിവിധ മാന്വൽ/ കമ്പ്യൂട്ടർ രസീതുകൾ പ്രകാരമുള്ള പണം പിരിവ്, തുക ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. നഗരസഭയിലെ കമ്പ്യൂട്ടർ രസീതുകൾ വഴി തുക അടവാക്കുമ്പോൾ തുക കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല എന്നതിനാൽ വാർഷിക കണക്കുകളിൽ ആയവ അപാകതകളായി നിലനിൽക്കുന്നു. ഉദാഹരണമായി ലേലത്തിലൂടെ നഗരസഭയ്ക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഭൂരിഭാഗവും ബാധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ആയതിനാൽ നഗരസഭയിൽ ലഭിച്ച വരുമാനവും നഗരസഭ തിരിച്ചു നൽകേണ്ട ബാധ്യതയായിട്ടാണ് വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിരിക്കുന്നത്.
2. ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ എല്ലാ മാസവും നടത്തേണ്ടതാണ്. നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകളുടെ ഏപ്രിൽ-2019 മുതൽ റീക്കൺസിലേഷൻ നടത്തിയിട്ടില്ല. തനത് ഫണ്ട് ഒഴികെയുള്ള മറ്റ് അക്കൗണ്ടുകളുടെ 01/04/2019 മുതലുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. വസ്തുനികുതി അടവാക്കുമ്പോൾ ഈടാക്കുന്ന 10% സർവ്വീസ് സെസ്സ് കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല. സർവ്വീസ് സെസ്സ് തുക ഒരു സാമ്പത്തിക വർഷത്തേക്ക് അക്രൂവൽ ആയി അക്കൗണ്ട് ചെയ്ത് ഈടാക്കുന്ന മുറയ്ക്ക് തൻവർഷത്തേത്, കുടിശ്ശിക എന്നിവ പ്രത്യേകം ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
4. വസ്തുനികുതി ഡിമാന്റ് തുക അക്രൂവൽ ആയി അക്കൗണ്ട് ചെയ്യുന്നില്ല. വസ്തുനികുതി തുക മാന്വൽ രസീത്

മുഖേന പിരിക്കുന്നത് നഗരസഭ ഫണ്ടിൽ ഒടുക്കുന്നത് തൻവർഷത്തേതും കുടിശ്ശികയും കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ആയതിനാൽ വസ്തുനികുതി അടവാക്കുന്ന തുകകളുടെ യഥാർഥ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

5. കമ്പ്യൂട്ടർ രസീത് മുഖേന വസ്തുനികുതി ഒടുക്കുമ്പോൾ വസ്തുനികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് സെസ്സ് എന്നിവ സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്നുണ്ട്. വസ്തുനികുതി തുക മാന്വൽ രസീത് മുഖേന പിരിക്കുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യുമ്പോൾ വസ്തുനികുതി തുക മാത്രമാണ് സഞ്ചയയിൽ ചേർക്കുന്നത്. ലൈബ്രറി സെസ്സ്, സർവ്വീസ് സെസ്സ് എന്നിവ പോസ്റ്റ് ചെയ്യുന്നില്ല. വസ്തുനികുതി മാന്വൽ രസീത് പോസ്റ്റിങ്ങിൽ നിലനിൽക്കുന്ന അപാകത പരിഹരിക്കേണ്ടതാണ്.
6. മാന്വൽ രസീത് മുഖേന പിരിക്കുന്ന ട്രേയ്ഡേഴ്സ് തൊഴിൽ നികുതി, വാടക തുടങ്ങിയവയുടെ വരവ് പോസ്റ്റ് ചെയ്യുന്നതിന് സഞ്ചയ ഡേറ്റാബേസ് സജ്ജമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭയുടെ എല്ലാ തൊഴിൽ നികുതി, വാടക വരവുകളും തുടർച്ചയായി പോസ്റ്റ് ചെയ്ത് ആധികാരികമാക്കാൻ സാധിച്ചിട്ടില്ല. മാന്വൽ രസീതുകൾ മുഖേന പിരിക്കുന്ന എല്ലാ അക്രുവൽ വരവുകളും അവ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ തന്നെ ഓൺലൈൻ ആയി പോസ്റ്റ് ചെയ്യുന്നതിന് സഞ്ചയ ഡേറ്റാബേസ് അടിയന്തിരമായി സജ്ജമാക്കേണ്ടതാണ്.
7. നഗരസഭയിൽ ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റായി സ്വീകരിക്കുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ പണമാക്കുന്ന തീയതി സാംഖ്യയിൽ ഉൾപ്പെടുത്തുന്നില്ല.
8. നഗരസഭ ഫണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ സാംഖ്യയിൽ വൗച്ചർ തയ്യാറാക്കിയതിന് ശേഷമാണ് നടത്തേണ്ടത്. എന്നാൽ തുക പിൻവലിച്ചതിനു ശേഷമാണ് 01/04/2019 മുതലുള്ള പല ഇടപാടുകളും സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. സാംഖ്യ വൗച്ചർ തയ്യാറാക്കി മാത്രം നഗരസഭ ഫണ്ടിൽ നിന്നുള്ള പിൻവലിക്കൽ നടത്തേണ്ടതാണ്.
9. വിവിധ പ്രോജക്ടുകൾക്കായി നഗരസഭ ഫണ്ടിൽ ഒടുക്കുന്ന ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കുകൾ നഗരസഭ സൂക്ഷിക്കുന്നില്ല. ആയതിനാൽ പ്രോജക്ടുകൾക്ക് തുക ചെലവഴിക്കുമ്പോൾ നഗരസഭ ഫണ്ടിലെ ഗുണഭോക്തൃ വിഹിതം തുക ചെലവഴിക്കാതെ മറ്റ് ഫണ്ടുകളിൽ നിന്നും ചെലവ് നടത്തുന്ന സാഹചര്യം നിലനിൽക്കുന്നു(കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ പ്രോജക്ട്). ഗുണഭോക്തൃ വിഹിതത്തിന്റെ ഒരോ വർഷത്തെയും നിർവ്വഹണ ഉദ്യോഗസ്ഥർ/പ്രോജക്ട് തിരിച്ചുള്ള കൃത്യമായ കണക്കുകൾ നഗരസഭ സൂക്ഷിക്കേണ്ടതാണ്.
10. സാംഖ്യയിൽ വൗച്ചറുകൾ തയ്യാറാക്കുന്നതിന്റെ ക്രമത്തിലുള്ള ബിൽ രജിസ്റ്റർ ലഭ്യമാക്കുന്നില്ല. ഇടപാടുകൾ ക്രമമായി രേഖപ്പെടുത്തിയ ബിൽ രജിസ്റ്റർ സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്.
11. കമ്പ്യൂട്ടർ രസീതു മുഖേന വരവുകൾ അക്കൗണ്ട് ചെയ്യുമ്പോൾ ഇടപാടിന്റെ സ്വഭാവം തിരിച്ചറിയുന്നതിന് അക്കൗണ്ടിങ്ങ് കുറിപ്പുകൾ(Narration) നൽകുന്നതായി കാണുന്നില്ല. നഗരസഭയുടെ എല്ലാ വരവ്-ചെലവ് ഇടപാടുകൾക്കും പ്രത്യേകമായ അക്കൗണ്ടിങ്ങ് കുറിപ്പുകൾ(Unique Narration) നൽകി ആധികാരികമാക്കേണ്ടതാണ്.

നഗരസഭയുടെ പണം പിരിവ്,ഒടുക്ക്, പണം പിൻവലിക്കൽ നടപടികളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിശദാംശം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-2 നഗരസഭയിലെ ദൈനംദിന പണമിടപാടുകൾ - കമ്പ്യൂട്ടർ സ്റ്റേഷനറികളുടെ ഉപയോഗവും സുരക്ഷാ മാനദണ്ഡങ്ങളിലെ വീഴ്ചയും

ചങ്ങനാശ്ശേരി നഗരസഭയിലെ ദൈനംദിന പണമിടപാടുകളുടെ ഭാഗമായുള്ള കമ്പ്യൂട്ടർവൽകൃത കൗണ്ടർ സംവിധാനം സമാന്തരമായി പ്രവർത്തിച്ചു വരുന്നു. (മെയിൻ കാഷ് കൗണ്ടർ കൂടാതെ റവന്യൂ സെക്ഷനിലും കൗണ്ടർ പ്രവർത്തിക്കുന്നു) പുറംപിരിവിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ മാന്വൽ രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകയ്ക്ക് (പ്രധാനമായും വസ്തു നികുതി) അതാത് ദിവസം അതാത് ഉദ്യോഗസ്ഥരുടെ പേരിൽ

രസീത് നൽകുന്നതായും കാണുന്നു.

കമ്പ്യൂട്ടർ രസീത് നൽകുന്നതിനായുള്ള സ്റ്റേഷനറി (ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാവുന്നത്) മെയിൻ കാഷ് കൗണ്ടറിലേയ്ക്ക് മാത്രമായി വിതരണം ചെയ്യുന്നു. പ്രസ്തുത കൗണ്ടറിൽ നിന്നും മറ്റ് കൗണ്ടറുകളിലേയ്ക്ക് സ്റ്റേഷനറി കൈമാറുന്ന തെറ്റായ നടപടിക്രമം സ്വീകരിച്ച് വരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി 27.06.2019ൽ റവന്യൂ സെക്ഷനിലെ കൗണ്ടറിൽ സ്റ്റേഷനറി നമ്പർ 0000805 മുതൽ 0000808 വരേയും സ്റ്റേഷനറി നം.0005949 മുതൽ 0005951 വരേയും ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ക്രമരഹിതമായി സ്റ്റേഷനറി ഉപയോഗിച്ചതായും ഇതിൽ ഉൾപ്പെട്ട '0000808', '0005949' എന്നീ നമ്പരിലുള്ള സ്റ്റേഷനറികൾ തുക രേഖപ്പെടുത്താതെ 'cancelled' എന്ന് മാത്രം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു. രസീത് ക്യാൻസൽ ചെയ്യുന്നതിന് ലോഗിൻ പ്രിവിലേജ് ഉള്ള ഉദ്യോഗസ്ഥൻ ഇതിനുള്ള കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

ഒന്നിലേറെ കാഷ് കൗണ്ടറുകൾ പ്രവർത്തിക്കുമ്പോൾ കമ്പ്യൂട്ടർ രസീതുകളുടെ സുരക്ഷിതമായ സൂക്ഷിപ്പിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ കൗണ്ടറിലേയ്ക്കും ആവശ്യമായ കമ്പ്യൂട്ടർ രസീതുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നേരിട്ട് വിതരണം ചെയ്യേണ്ടതാണ്. എന്നാൽ നഗരസഭയിൽ മെയിൻ കാഷ് കൗണ്ടറിലേയ്ക്ക് മാത്രം കമ്പ്യൂട്ടർ സ്റ്റേഷനറികൾ വിതരണം ചെയ്യുന്നതും മെയിൻ കാഷ് കൗണ്ടറിൽ നിന്ന് മറ്റ് കൗണ്ടറിലേയ്ക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതും തെറ്റായ നടപടിയാണ്. പണപ്പിരിവിനായി ഉപയോഗിക്കുന്ന കമ്പ്യൂട്ടർ സ്റ്റേഷനറികൾ ഇപ്രകാരം കൈകാര്യം ചെയ്യുന്ന നടപടി ക്രമപ്രകാരമല്ല. ഓരോ തവണയും മെയിൻ സ്റ്റോക്കിൽ നിന്നും വിവിധ കൗണ്ടറിലേയ്ക്ക് നേരിട്ട് കമ്പ്യൂട്ടർ സ്റ്റേഷനറികൾ വിതരണം ചെയ്യേണ്ടതും ഒ‌ാരോ കൗണ്ടറിലും സബ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് ഓരോ ദിവസവും ഉപയോഗിച്ച രസീതുകളുടെ നമ്പരുകൾ, പ്രതിദിനം നീക്കിയിരിപ്പുള്ള രസീതുകളുടെ നമ്പരുകൾ തുടങ്ങിയ വിശദാംശങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

കമ്പ്യൂട്ടർ സ്റ്റേഷനറികളുടേയും മാനുവലായി ഉപയോഗിക്കുന്ന രസീത് ബുക്കുകളുടേയും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് നിശ്ചിത കാലയളവിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഭൗതികമായി പരിശോധിച്ച് ഇത് സംബന്ധമായ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. കമ്പ്യൂട്ടർ സ്റ്റേഷനറികളും രസീത് ബുക്കുകളും കൈകാര്യം ചെയ്യുന്നതിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലയെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പണപ്പിരിവിനായുള്ള കൗണ്ടറുകളിലും പുറംപിരിവിനും (Outdoor Collection) നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ പ്രസ്തുത ജോലികൾ ഏറ്റെടുക്കാൻ നിയമാനുസൃതം യോഗ്യതയും ക്ഷമതയുള്ളവരുമാണെന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 15/18-19, തീയതി, 05.07.2019ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും കമ്പ്യൂട്ടർ സ്റ്റേഷനറികളും രസീത് ബുക്കുകളും സുരക്ഷിതമായി കൈകാര്യം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13-3 മുനിസിപ്പൽ പാർക്ക് പ്രവേശന ഫീസ് പിരിവ് നടപടികളിൽ അപാകത

07/07/2018 മുതൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുനിസിപ്പൽ പാർക്കിലെ പ്രവേശന ഫീസ് പിരിക്കുന്നതിനായി ശ്രീ ജാനേഷ്, ശ്രീ ജയപ്രകാശ് എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു (സെക്രട്ടറിയുടെ 09/07/2018 ലെ ആർ6-1507/09 ഉത്തരവ് പ്രകാരം). എന്നാൽ ഫീസ് പിരിവ് നടപടികളിലും രസീതുകളുടെ ഉപയോഗത്തിലും ധാരാളം അപാകതകൾ ഉള്ളതായി കാണുന്നു.

1. തുക പ്രിന്റ് ചെയ്ത രസീത് കൂപ്പണുകൾ മുഖേനയാണ് പ്രവേശന ഫീസ് പിരിക്കുന്നത്. എന്നാൽ പാർക്ക് പ്രവേശന ഫീസ് പിരിക്കുന്ന രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ, നഗരസഭയിൽ നിന്ന് നൽകുന്ന രസീത് പാർക്ക് ഫീസ് രസീത് ബുക്കുകളുടെ എണ്ണം, ഉപയോഗം തുടങ്ങിയ വിവരങ്ങളുടെ കൃത്യത വ്യക്തമാകുന്നില്ല. പ്രവേശന ഫീസ് പിരിക്കുന്നതിന് എത്ര രസീത് ബുക്കുകൾ പ്രിന്റ്

ചെയ്തെന്നും ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

2. 07/2019 മുതൽ 3/2020 വരെയുമുള്ള പാർക്ക് ഫീസ് പിരിവ് സംബന്ധിച്ച രേഖകൾ കൃത്യമായ സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ പരിശോധിച്ച് കൃത്യതയും സുതാര്യതയും ഉറപ്പാക്കാൻ സാധിക്കുന്നില്ല.
3. 2 ജീവനക്കാരെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും മുനിസിപ്പൽ പാർക്കിലെ ഫീസ് പിരിവ് ശ്രീ ജാനേഷ് എന്ന നഗരസഭ ജീവനക്കാരനാണ് കൈകാര്യം ചെയ്തുവന്നത്. പ്രസ്തുത ഡ്യൂട്ടിക്ക് മേലുദ്യോഗസ്ഥരുടെ ഉപരിപരിശോധനകളൊന്നും നടന്നതായി കാണുന്നില്ല. വർഷം മുഴുവനും ഉപരിപരിശോധന കൂടാതെ ഒരു ഉദ്യോഗസ്ഥനെത്തന്നെ പണപ്പിരിവ് നടത്തുന്നതിന് നിയോഗിക്കുന്നതും രസീതുകളുടെ കൃത്യമായ സ്റ്റോക്ക് സൂക്ഷിക്കാതിരിക്കുന്നതും നഗരസഭയുടെ സാമ്പത്തിക ഇടപാടുകളുടെ സുതാര്യതയ്ക്ക് തടസ്സമാകുന്നു.
4. മുനിസിപ്പൽ പാർക്കിൽ നിന്നുള്ള വരുമാനം സാംഖ്യയിൽ മറ്റുവരവുകൾ Other Income ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യുന്നത്. ആയതിനാൽ പാർക്കിൽ നിന്നുള്ള വരുമാനത്തിന്റെ കൃത്യമായ കണക്ക് ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. പാർക്കിൽ നിന്നുള്ള വരുമാനം മാത്രം ഒരു പ്രത്യേക ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാട്ടി സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.25/2018-19, തീയതി 28/09/2019) നൽകിയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കി എന്നാണ്. എന്നാൽ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമോ ആധികാരികമോ അല്ല എന്ന് ബോധ്യപ്പെട്ടു. പാർക്ക് ഫീസ് പിരിവിന് ഉപയോഗിക്കുന്ന കൂപ്പണുകളുടെ സ്റ്റോക്ക്/വിതരണ വിശദാംശം കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പാർക്കിന്റെ പ്രവർത്തനവും ഫീസ് പിരിവും സുതാര്യമായും കൃത്യമായും നടക്കുന്നുണ്ടോയെന്ന് നഗരസഭ സെക്രട്ടറി റവന്യൂ ഓഫീസറെയോ മറ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥനെയോ ചുമതലപ്പെടുത്തി നിശ്ചിത ഇടവേളകളിൽ ഉപരിപരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ് എന്നത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 അക്രൂവൽ വരവിനങ്ങുടെ ഡേറ്റാബേസ് സഞ്ചയയിൽ തയ്യാറാക്കിയിട്ടില്ല – ഡിമാന്റ് തുക അക്കൗണ്ട് ചെയ്യുന്നതിൽ അപാകത

കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. നഗരസഭയുടെ അക്രൂവൽ വരവിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി(ട്രേഡ്സ്), വാടക, ഇൻഡസ്ട്രീസ് ഫാക്ടറീസ് & അദർ ട്രേഡ്സ് ലൈസൻസ് ഫീസ് തുടങ്ങിയവയുടെ 2018-19 വർഷത്തെ കൃത്യമായ ഡിമാന്റ് കണക്കാക്കിയിട്ടില്ല. അക്രൂവൽ വരവുകളും രജിസ്റ്ററുകളിലെ കണക്കുകൾ ക്രോഡീകരിക്കാതെ തെറ്റായ തുകകളുമാണ് ഡിമാന്റായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. തൊഴിൽ നികുതി(ട്രേഡ്സ്), വാടക, ലൈസൻസ് ഫീസ് എന്നീ അക്രൂവൽ വരവിനങ്ങളുടെ ഓൺലൈൻ ഡേറ്റാബേസ് സഞ്ചയയിൽ തയ്യാറാക്കിയിട്ടില്ല. അക്രൂവൽ വരവുകളുടെ ഡിമാന്റിനെ സാധൂകരിക്കുന്ന കണക്കുകളും രേഖകളും ലഭ്യവുമല്ല. ആയതിനാൽ മാന്വൽ രസീതുകളിലൂടെ അടവാക്കുന്ന എല്ലാ തുകകളുടെയും അടവ് വിവരം പൂർണ്ണമായും പോസ്റ്റ് ചെയ്തും കമ്പ്യൂട്ടർ രസീതുകൾ വഴി അടവാക്കുന്ന വരവുകൾ ഓൺലൈൻ പോസ്റ്റിങ്ങ് നടത്തിയും ഡിമാന്റ്-കളക്ഷൻ-ബാലൻസ് കണക്കുകൾ തയ്യാറാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

വസ്തുനികുതിയുടെ ഡേറ്റാബേസ് മാത്രമാണ് സഞ്ചയയിൽ തയ്യാറാക്കിയിട്ടുള്ളത്. സഞ്ചയ മുഖേനയല്ലാതെ നടത്തിയ മുൻവർഷങ്ങളിലെ അസസ്സ്മെന്റുകൾ മുഴുവനും ഡേറ്റാ എൻട്രി നടത്തി പൂർത്തീകരിച്ചിട്ടില്ല. ഡേറ്റാ എൻട്രി നടത്തിയ പല കെട്ടിടങ്ങളുടെയും വസ്തുനികുതി കൃത്യവുമല്ല. കൂടാതെ വസ്തുനികുതി ഡേറ്റാബേസിലെ അടിസ്ഥാനപരമായ പല വിവരങ്ങളും ചേർക്കാതെയാണ് ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളത് (കെട്ടിട ഉടമ, കൈവശക്കാരൻ, എന്നിവരുടെ വിവരങ്ങൾ ബിൽഡിങ്ങ് പെർമിറ്റ് വിവരങ്ങൾ). ഇക്കാരണങ്ങളാൽ നഗരസഭയുടെ വസ്തുനികുതിയുടെ യഥാർത്ഥ ഡിമാന്റ് സഞ്ചയയിൽ നിന്നും ലഭ്യമാകുന്നില്ല. ഓരോ വർഷവും വസ്തുനികുതി ഡിമാന്റായി ഒരു തുക ചേർക്കുകയാണ് ചെയ്തുവരുന്നത്. 2017-18ലെ ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഡിമാന്റ് അക്രൂവൽ ആയി അക്കൗണ്ട് ചെയ്തത് 4.78 കോടി രൂപയായിരുന്നു. എന്നാൽ 2018-19 വർഷം വസ്തുനികുതി ഡിമാന്റ് 3.51 കോടി രൂപയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. കൃത്യമായ ഡിമാന്റ് കണക്കാക്കാതെയാണ് അക്രൂവൽ കണക്കുകൾ അക്കൗണ്ട്

ചെയ്തിരിക്കുന്നത് എന്ന് മുൻവർഷത്തെ അപേക്ഷിച്ച് വസ്തുനികുതി ഡിമാന്റിലുണ്ടായ കുറവിൽ നിന്നും വ്യക്തമാണ്. തെറ്റായ ഡിമാന്റ് തുക അക്കൗണ്ട് ചെയ്യുന്നതിലൂടെ വാർഷിക കണക്കുകളിൽ നഗരസഭയുടെ ധനകാര്യസ്ഥിതി തെറ്റായി പ്രതിഫലിക്കുന്നതിനും തുടർവർഷങ്ങളിൽ കുടിശ്ശികയിലേക്ക് തെറ്റായ ഡിമാന്റ് ക്യാരി ഓവർ ചെയ്യപ്പെട്ട് ഭാവിയിൽ തനതുവരുമാന ചോർച്ചയ്ക്കും ഇടയാക്കും.

അക്രുവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി കണക്കാക്കി അക്കൗണ്ട് ചെയ്യേണ്ടതാണ്. നഗരസഭയുടെ എല്ലാ അക്രുവൽ വരവിനങ്ങളുടെയും ഡേറ്റാബേസ് കൃത്യമായി തയ്യാറാക്കി സെക്രട്ടറി ഉപരിപരിശോധന നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-1 സഞ്ചയ സോഫ്റ്റ്‌വെയർ - ഡേറ്റാബേസ് പൂർത്തിയായിട്ടില്ല – വസ്തുനികുതി വിശദാംശങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അപാകത

നഗരസഭയുടെ അക്രുവൽ വരവിനങ്ങളുടെ ഡേറ്റാബേസാണ് സഞ്ചയ റവന്യൂ മൊഡ്യൂൾ മുഖേന കൈകാര്യം ചെയ്യുന്നത്. വസ്തുനികുതിയുടെ ഡേറ്റാബേസ് മാത്രമാണ് പ്രസ്തുത സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിവരുന്നത്. കമ്പ്യൂട്ടറൈസേഷനു മുൻപ് അസസ്സ്മെന്റ് നടത്തിയ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല. ഡേറ്റാ എൻട്രി പൂർത്തിയായ കെട്ടിടങ്ങളുടെ നികുതി/ഡേറ്റ വിശദാംശങ്ങളിലും ധാരാളം അപാകതകൾ ഉണ്ട്. ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം, കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടോ തുടങ്ങിയ വസ്തുതകൾ പൂർണ്ണമായും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നഗരസഭാധികൃതർക്ക് സാധിക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. വസ്തു നികുതി പുതുക്കൽ സംബന്ധമായ നടപടിക്രമങ്ങളും സാംഖ്യ/സഞ്ചയ സോഫ്റ്റ് വെയറിലൂടെയുള്ള ഡാറ്റാ എൻട്രി/മാപ്പിംഗ്/ഇന്റഗ്രേഷൻ തുടങ്ങിയ നടപടികളും പൂർത്തിയായിട്ടില്ല. തന്മൂലം വസ്തു നികുതി ഇനത്തിലെ തൻവർഷ/കുടിശ്ശിക ഡിമാന്റ് സംബന്ധമായ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

2013-14 വർഷം മുതലുള്ള വസ്തുനികുതി ഡിമാന്റാണ് സഞ്ചയയിൽ ലഭ്യമാകുന്നത്. അതിനു മുൻപ് മാന്വലായി ഡിമാന്റ് ചെയ്തിട്ടുള്ള നികുതിയിൽ നിലവിൽ കുടിശികയുണ്ടോ എന്നതിന്റെ വിശദാംശം ലഭ്യമല്ല. മാന്വൽ രസീതുകൾ മുഖേന പിരിക്കുന്ന നികുതികളുടെ പോസ്റ്റിങ്ങ് പൂർത്തിയാക്കിയിട്ടില്ല. ഡേറ്റാബേസ് പൂർത്തിയാക്കാത്തതിനാലും ഡേറ്റയിൽ ധാരാളം തെറ്റുകൾ വന്നിട്ടുള്ളതിനാലും വസ്തുനികുതി കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. 99% കെട്ടിടങ്ങളുടെയും ഡാറ്റാ എൻട്രി പൂർത്തിയായതായും 2018 നവംബർ 1 മുതൽ സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ നടപ്പിലായിട്ടുണ്ടെന്നുമാണ് നഗരസഭ സെക്രട്ടറി 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിച്ചത്. എന്നാൽ സോഫ്റ്റ്‌വെയറിലെ വിശദാംശം പരിശോധിച്ചതിൽ നിന്നും മുൻവർഷങ്ങളിലെ അസസ്സ്മെന്റ് പ്രകാരമുള്ള ഡേറ്റാ എൻട്രി പൂർത്തിയാക്കാൻ അവശേഷിക്കുന്നതായാണ് കാണുന്നത്. 2013-14 മുതലുള്ള ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടുകയും ആയത് പ്രകാരം പിരിച്ചെടുത്ത തുകകളുടെ പോസ്റ്റിങ്ങ് പൂർത്തിയാകാത്ത സാഹചര്യത്തിൽ വസ്തുനികുതിയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരം സഞ്ചയ പ്രകാരമുള്ളത് കൃത്യമല്ല. മുൻവർഷങ്ങളിലെ രസീതുകൾ പ്രകാരം പിരിച്ച തുകകളുടെ പോസ്റ്റിങ്ങും അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ 2013-14 വർഷത്തിനു മുൻപുള്ള കുടിശിക ഡിമാന്റ് വിവരങ്ങൾ സഞ്ചയ ഡേറ്റാബേസിൽ ലഭ്യമല്ല. പ്രസ്തുത കുടിശിക വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി സഞ്ചയയിലെ ഡിമാന്റ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്. മേൽവിവരിച്ച നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-2 സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തിയതിൽ അപാകതകൾ

വാണിജ്യാവശ്യത്തിനുള്ള "100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ", വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി ബാധകമായ തറ വിസ്തീർണ്ണം കണക്കാക്കുമ്പോൾ ച.മീറ്ററിന് യഥാക്രമം 80 രൂപ,110രൂപ നിരക്കിൽ ഈ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ

നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ സഞ്ചയയിൽ ഡേറ്റ എൻട്രി നടത്തിയപ്പോൾ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 100 ച.മീറ്ററിന് /200ച.മീറ്ററിന് മുകളിലാണെങ്കിലും "വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള റസ്റ്റോറൻഡുകൾ, ഷോപ്പുകൾ","വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ" എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി ബാധകമായ തറ വിസ്തീർണ്ണത്തിനനുസരിച്ച് ച.മീറ്ററിന് യഥാക്രമം 50 രൂപ,60 രൂപ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഈ കെട്ടിടങ്ങളുടെ നികുതി ഈടാക്കിയിരുന്നോ എന്ന് അറിയുന്നതിനായി ബിൽ കളക്ടർമാരുടെ ഹാൻഡ് ബുക്ക് പരിശോധിച്ചതിൽ ഭൂരിഭാഗത്തിലും ശരിയായ രീതിയിലുള്ള നികുതി ആണ് ഈടാക്കിയിട്ടുള്ളത്. സഞ്ചയയിൽ നടത്തുന്ന Base Data Entry അനുസരിച്ചാണ് ഭാവിയിൽ ഈ കെട്ടിട ഉടമകളിൽ നിന്നും നികുതി ഈടാക്കേണ്ടത് എന്നതിനാൽ സഞ്ചയയിൽ തെറ്റായ രീതിയിൽ Data Entry നടത്തിയിട്ടുള്ളത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാരണത്താൽ ഭാവിയിൽ നഗരസഭയ്ക്ക് വൻതോതിലുള്ള നഷ്ടം സംഭവിക്കാനും സാധ്യതയുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം./ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം ച.മീറ്റർ | ഈടാക്കേണ്ട ബാധകമായ നിരക്ക് ച.മീ @ ₹80/110 (ഇളവുകൾ, വർദ്ധനവുകൾ ഉൾപ്പെടുത്താതെ) | സഞ്ചയ ഫോറം 6 പ്രകാരം കണക്കാക്കിയ നിരക്ക് ച.മീ @ ₹50/60 (ഇളവുകൾ, വർദ്ധനവുകൾ ഉൾപ്പെടുത്താതെ) |
|---|---|---|---|---|
| 1. | 3/30/3 രാജേഷ് കേളമാട്ട ഹൗസ് | 415 | @ ₹80/33,200 | @ ₹50/20,750 |
| 2. | 4/10/2 എൻ ഗോപാലകൃഷ്ണ ഭക്തൻ | 185 | @ ₹80/14,800 | @ ₹50/9,250 |
| 3. | 5/152/1 മുഹമ്മദ് ഹസ്സൻ | 116.66 | @ ₹80/9,333 | @ ₹50/5,833 |
| 4. | 5/152/2 മുഹമ്മദ് ഹസ്സൻ | 116.66 | @ ₹80/9,333 | @ ₹50/5,833 |
| 5. | 7/66/4 നോബിൾ കാവാലം | 185.93 | @ ₹80/14,874 | @ ₹50/9,297 |
| 6. | 7/66/6 ഷാഹുൽ ഹമീദ് പറക്കവെട്ടി | 310.5 | @ ₹80/24,840 | @ ₹50/15,525 |
| 7. | 7/112/1 മറിയക്കുട്ടി ജോസ് | 269.5 | @ ₹80/21,560 | @ ₹50/13,475 |
| 8. | 7/258/1 പ്രേം സെബാസ്റ്റ്യൻ | 180.09 | @ ₹80/14,407 | @ ₹50/9,005 |

| | | | | |
|---|---|---|---|---|
| 9. | 9/551/1<br>പി. കെ. ഹരിദാസ് &<br>പി. ആർ. വത്സല | 156.03 | @ ₹80/12,482 | @ ₹50/7,802 |
| 10. | 9/489/1<br>ജോബ് ആന്റണി | 124.46 | @ ₹80/9,957 | @ ₹50/6,223 |
| 11. | 13/534/1<br>ജോർജ്ജ് കുര്യൻ<br>നിർമ്മലാലയം | 131.19 | @ ₹80/10,495 | @ ₹50/6,560 |
| 12. | 30/920/1<br>ട്രീസ ജോൺ | 110.29 | @ ₹80/8,823 | @ ₹50/5,515 |
| 13. | 30/1064/4<br>അബൂബക്കർ സിദ്ദിഖ് | 150 | @ ₹80/12,000 | @ ₹50/7,500 |
| 14 | 4/579<br>ജോൺ ചെറിയാൻ<br>ചെറുകര സൂപ്പർ മാർക്കറ്റ് | 205 ച.മീ. | @₹110/22,550 | @ ₹60 /12,300 |
| 15 | 34/74(3)<br>കെ.എം.തോമസ്<br>കരിയിലക്കുഴിയിൽ<br>ഷോപ്പിംഗ് മാൾ | 209 ച.മീ. | @ ₹110 /22,990 | @ ₹60 /12,540 |
| 16 | 34/110(3)<br>ബീന സജി<br>റോസ് ഭവൻ<br>സൂപ്പർ മാർക്കറ്റ് | 230 ച.മീ | @ ₹110/25300 | @ ₹60 /13800 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം 43,55/18-19) മറുപടി ലഭിച്ചില്ല.ഇത്തരത്തിൽ തെറ്റായ രീതിയിൽ ഡേറ്റ എൻട്രി നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും എല്ലാ വാർഡുകളിലേയും അസ്സസ്സ്മെന്റ് രജിസ്റ്റർ, സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ എന്നിവ സഞ്ചയയുമായി പരിശോധിച്ച് അപാകതകൾ പരിഹരിക്കുകയും നികുതി ഈടാക്കുന്നതിൽ കുറവു വന്നിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം നഗരസഭയിലെ വസ്തു നികുതി പരിഷ്കരണം ഡിജിറ്റലൈസേഷൻ നടത്തിയതിനായി വികസനഫണ്ടിൽ നിന്നും ആകെ 3,70,641/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ അപാകതകളിൽ നിന്നും ഡേറ്റാ എൻട്രി നടത്തിയതിൽ യാതൊരു ഉപരിപരിശോധനയും നടന്നിട്ടില്ലെന്ന് വ്യക്തമാണ്.

ഉപരിപരിശോധന നടത്താതെ ഡേറ്റാ എൻട്രി നടത്തിയവർക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15-3 കോണ്ടൂർ ബാക്ക് വാട്ടർ, കൺവെൻഷൻ സെന്ററിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ അപാകതകൾ

നഗരസഭയിലെ 24-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്രീ എൻ.സുരേഷ്, ലേഖ സുരേഷ് എന്നിവരുടെ ഉടമസ്ഥതയിലുമുള്ള Contour Back Waters Resort, Convention Centreലെ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള നികുതി നിർണ്ണയത്തിൽ അപാകതകൾ ഉള്ളതുമൂലം നഗരസഭയ്ക്ക് വൻതോതിലുള്ള വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

**I) കാലപ്പഴക്കമുള്ള കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന നികുതി ഇളവ് 10 വർഷത്തിൽ താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് നൽകി.**

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അർദ്ധവർഷങ്ങളിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് 10 വർഷം മുതൽ 25 വർഷം വരെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് നൽകാവുന്ന 10% നികുതിയിളവ്, കാലപ്പഴക്കത്തിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് അനുവദിച്ച് വസ്തുനികുതി പരിഷ്കരിച്ചിരിക്കുന്നു. [2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013ലെ ഭേദഗതി ചട്ടങ്ങൾ] ചട്ടം 6പട്ടിക5ലെ കുറിപ്പിൽ ഒരു കെട്ടിടത്തിന് കാലപ്പഴക്കം നിർണ്ണയിക്കുന്നതിന് വസ്തുനികുതി ഈടാക്കി തുടങ്ങിയ തീയതി ആധാരമാക്കാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ അസസ്സ് ചെയ്ത തീയതി കണക്കാക്കുമ്പോൾ കാലപ്പഴക്കത്തിന് അർഹതയില്ലാത്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | നികുതി നിർണയിച്ച വർഷം | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീറ്ററിൽ) |
|---|---|---|---|
| 1 | 24/88<br>12/588 | 2007-08 രണ്ടാം അർദ്ധവർഷം | 1340 ച.മീ. |
| 2 | 24/95<br>12/599 | 2008-09 ഒന്നാം അർദ്ധവർഷം | 391.36 ച.മീ. |
| 3 | 24/96<br>12/600 | 2008-09 ഒന്നാം അർദ്ധവർഷം | 127.36 ച.മീ |
| 4 | 24/97<br>12/601 | 2008-09 ഒന്നാം അർദ്ധവർഷം | 250 ച.മീ. |

കാലപ്പഴക്കത്തിന് അനുവദിക്കുന്ന 10% ഇളവ് ടി കെട്ടിടങ്ങൾക്ക് നൽകിയത് ക്രമപ്രകാരമല്ല. നികുതി ശരിയായ രീതിയിൽ നിർണയിച്ച് 2016-17 മുതൽ നാളിതുവരെയുള്ള കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**II) കുറഞ്ഞതരം മേൽക്കൂരയ്ക്കുള്ള നികുതി ഇളവ് നൽകിയത് -പരിശോധന നടത്തേണ്ടതാണ്**

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013 ഭേദഗതി ചട്ടങ്ങൾ എന്നിവ പ്രകാരം കുറഞ്ഞതരം മേൽക്കൂര (ഓട്, ഷീറ്റ്, ഓല അഥവാ പുല്ല് ) യ്ക്ക് 10% ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ മേൽക്കൂരയ്ക്ക് കളർ

റൂഫിംഗ് ഷീറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം/കെട്ടിട നം. |
|---|---|
| 1 | 24/88 12/588 |
| 2 | 24/95 12/599 |
| 3 | 24/96 12/600 |
| 4 | 24/97 12/601 |
| 5 | 24/100 12/605 |
| 6 | 24/86 12/606 |

മേൽ കെട്ടിടങ്ങളെ കുറഞ്ഞതരം മേൽക്കൂരയുള്ള കെട്ടിടങ്ങളായി കണക്കാക്കി ഇളവ് അനുവദിക്കാൻ അർഹതയുണ്ടോയെന്ന് വിശദമായ പരിശോധന നടത്തേണ്ടതും നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

**III) ഘടനാപരമായ മാറ്റമുള്ള കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകതകൾ**

വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണയിക്കുമ്പോൾ വർദ്ധനവ് ഉണ്ടാകുന്നു എങ്കിൽ 100% കവിയാൻ പാടില്ല എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകളോ ഘടനാപരമായ മെച്ചപ്പെടുത്തലുകളോ ഉപയോഗക്രമത്തിൽ മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ പരിധി ബാധകമാവുന്നില്ല.(ചട്ടം 9). മേൽ സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ ഘടനാപരമായ മാറ്റം ഉണ്ട് എന്ന് സഞ്ചയ ഫോറം 6ൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് 100% പരിധി ബാധകമാക്കി നികുതി നിർണയിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം |
|---|---|---|
| 1 | 24/97 12/601 | 250 ച.മീ |
| 2 | 24/100 12/605 | 170 ച.മീ |

നികുതി ശരിയായ രീതിയിൽ നിർണയിച്ച് 2016-17 മുതൽ നാളിതുവരെയുള്ള കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**IV) വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടും പഴയ നിരക്കിൽ നികുതി ഈടാക്കിവരുന്നു.**

നഗരസഭയിലെ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടുണ്ടെങ്കിലും പഴയ നിരക്കിലുള്ള നികുതിയാണ് ഈടാക്കി വരുന്നത്. (ബിൽ കളക്ടർമാരുടെ ഹാൻഡ് ബുക്ക് പരിശോധിച്ചതിൽ.) ഇതുമൂലം നഗരസഭയ്ക്ക് 2016-17 വർഷം മുതൽ നാളിതുവരെ വൻതോതിലുള്ള വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | നികുതി നിർണയിച്ച അർദ്ധവർഷം | സഞ്ചയ പ്രകാരം പരിഷ്കരിച്ച നികുതി(ഇളവുകൾ/വർദ്ധനവുകൾ നൽകിയതിലും അപാകതയുണ്ട്) ഘടനാപരമായ മാറ്റം ഉണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. | ഈടാക്കി വരുന്ന അടിസ്ഥാന നികുതി |
|---|---|---|---|---|---|
| 1 | 24/88<br>12/588 | 1340 ച.മീ | 2007-08 രണ്ടാം അർദ്ധവർഷം | 1,06,066 | 55,824 |
| 2 | 24/94<br>12/598 | 1108 ച.മീ | 2008-09 ഒന്നാം അർദ്ധവർഷം | 1,10,813 | 64,350 |

വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടും പഴയ നിരക്കിലുള്ള നികുതി ഈടാക്കി വരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വിശദമായ പരിശോധന നടത്തി നികുതി ശരിയായ രീതിയിൽ നിർണയിച്ച് 2016-17 മുതൽ നാളിതുവരെയുള്ള നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**V) സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ നികതി നിർണയത്തിലെ അവ്യക്തത**

(1)ശ്രീ എൻ.സുരേഷ്, കാവേരിയുടെ പേരിൽ നഗരസഭ 20.10.16-ൽ നൽകിയ Occupancy സർട്ടിഫിക്കറ്റ് (റെഗുലറൈസേഷൻ ഫയൽ നം..BA-460/12-13) പ്രകാരം

ഗ്രൗണ്ട് ഫ്ളോർ എക്സിസ്റ്റിംഗ് – 3815.35m2

ഗ്രൗണ്ട് ഫ്ളോർ റെഗുലറൈസേഷൻ – 2564.29m2

ആകെ- 6379.64 ച.മീ.വിസ്തീർണ്ണമുള്ള നിർമ്മിതിക്ക് ഉടമസ്ഥാവകാശം നൽകിയിട്ടുണ്ട്.

(2) ടി സ്ഥാപനത്തിന്റെ ഒന്നാം നിലയ്ക്ക് (പ്ളാൻ പ്രകാരം) 656.33 ച.മീ വിസ്തീർണ്ണമുണ്ട്.

(3) ലേഖ സുരേഷിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് (24/86, 29/99/1, 24/100) ആകെ 510.44ച.മീ വിസ്തീർണ്ണമുള്ളതിന് നികുതി നിർണയിച്ചിട്ടുണ്ട്. ആയതിൽ നിന്നും ടി സ്ഥലത്ത് ആകെ 7546.41 ച.മീ. വിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. (6379.64+656.33+510.44) എന്നാൽ സഞ്ചയയിൽ 19 കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി നടത്തി ആകെ 5630ച.മീ.വിസ്തീർണ്ണത്തിന് നികുതി നിർണയിച്ചതായാണ് കാണുന്നത്. എന്നാൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം അസസ്സ് ചെയ്യുകയും സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തിയിട്ടില്ലാത്ത കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.(അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിട നമ്പരിലും അപാകതയുണ്ട്)

| വാർഡ് നം./കെട്ടിട നം/അസസ്സ്മെന്റ് രജിസ്റ്റർ/ ക്രമ നം | തറ വിസ്തീർണ്ണം | അസസ്മെന്റ് വർഷം |
|---|---|---|

| | | |
|---|---|---|
| XII/588(1) /രജി.വോള്യം2/35 | 66.15m2 | 2009-10 രണ്ടാം അർദ്ധവർഷം |
| XII/588/രജി.വോള്യം3/31 | 193.92 m2 | 2016-17 രണ്ടാം അർദ്ധവർഷം |
| XII/598/ രജി.വോള്യം3/30 | 1075m2 (*2183-1108) | 2016-17 രണ്ടാം അർദ്ധവർഷം |
| ആകെ | 1335.07ച.മീ. | |

ഇതുൾപ്പെടെ ആകെ 6965.07 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് മാത്രമേ നികുതി നിർണയിച്ചിട്ടുള്ളൂ (5630+1335.07). 581.34 ച.മീ.വിസ്തീർണ്ണത്തിന് നികുതി നിർണയിച്ചിട്ടില്ല. വിശദമായ പരിശോധന നടത്തി അപാകതകൾ പരിഹരിച്ച്(ഡേറ്റ എൻട്രി ഉൾപ്പടെ) കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിർണയിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും കെട്ടിട നം, വിസ്തീർണ്ണം, നികുതി നിർണയിച്ചതിന്റെ വിശദാംശങ്ങൾ (ഫോം.6),നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

VI) **കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല.**

നഗരസഭയിലെ വസ്തുനികുതി നിർണയ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 24/100 നം. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 170 ച.മീറ്ററാണ്. ആയതിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള Hotel, Restaurant-ൽ ഉൾപ്പെടുത്തി ച.മീറ്ററിന് ₹50/-നിരക്കിലാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത്. എന്നാൽ ടി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 100m2 ന് മുകളിലായതിനാൽ ആയതിന് ബാധകമായ ₹80/-നിരക്കിൽ നികുതി നിർണയിക്കേണ്ടിയിരുന്നതാണ്. ഇത്തരത്തിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി പുനർ നിർണയിച്ച് നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

VII **ഉപയോഗക്രമം അനുസരിച്ച് നിരക്ക് ഈടാക്കണം.**

മേൽ സ്ഥാപനത്തിന്റെ ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം, സാനിട്ടേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് 'റിസോർട്ട്'' എന്ന രീതിയിലാണ് ലൈസൻസ് അനുമതിപത്രം എന്നിവ ലഭിച്ചിട്ടുള്ളതെങ്കിൽ 'റിസോർട്ടിന്'' ബാധകമായ നിരക്കിൽ നികുതി നിർണയിക്കാവുന്നതാണ് എന്ന വിവരവും അറിയിക്കുന്നു. (വാർഡ് 24ന്റെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.)

**VIII സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനം ഉള്ള കെട്ടിടങ്ങൾ,സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല**

Contour Back Waters Resort, Convention Centreലെ കെട്ടിടങ്ങളിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനം ഉള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ, കെട്ടിടങ്ങളോട് അനുബന്ധിച്ചുള്ള സ്വിമിംങ് പൂളിന്റെ വിസ്തീർണ്ണം പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 44/18-19) മറുപടി ലഭിച്ചില്ല. എന്നിരുന്നാലും മേൽപറഞ്ഞവ സ്ഥാപനത്തിൽ ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വസ്തുനികുതി നിർണ്ണയിച്ച് /പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

ക്രമ നം 1 മുതൽ 7 വരെയുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 46/18-19) മറുപടി ലഭിച്ചില്ല. വിശദമായ പരിശോധന നടത്തി മേൽ സ്ഥാപനത്തിന്റെ പരിധിക്കുള്ളിൽ

സ്ഥിതി ചെയ്യുന്ന മുഴുവൻ കെട്ടിടങ്ങളുടെയും തറ വിസ്തീർണത്തിന്റെയും ഉപയോഗക്രമത്തിന്റെയും അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതി നിർണയിച്ച് അർഹമായ ഇളവുകൾ, വർദ്ധനവുകൾ എന്നിവ ഉപഖണ്ഡികകളിലെ പരാമർശ കെട്ടിടങ്ങളുടെ അപാകതകൾ പരിഹരിച്ചതിന് ശേഷം പരിഗണിച്ച് നികുതി നിർണയിക്കുകയും ആയതിന്റെ ആനുപാതികമായ ലൈബ്രറി സെസ്സും സർവ്വീസ് സെസ്സും ഉൾപ്പെടുത്തി 2016-17 മുതൽ നാളിതുവരെയുള്ള നഷ്ടം കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15-4 ഓഫീസ് കെട്ടിടം വാസഗൃഹ നിരക്കിൽ പെർമിറ്റും നികുതി നിർണ്ണയവും നടത്തിയതിനാൽ നഗരസഭയ്ക്ക് നഷ്ടം

ഓഫീസായി പ്രവർത്തിക്കുന്ന 30/899(1) നം.കെട്ടിടം ക്വാർട്ടേഴ്സ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വാസഗൃഹ നിരക്കിൽ പെർമിറ്റും നികുതി നിർണയവും നടത്തിയതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

**I) പെർമിറ്റ് ഫീ നിർണ്ണയിച്ചതിൽ കുറവ്**

ഫയൽ നം.E2/5541/18

ശ്രീ വി.എൻ.വാസവൻ, ഹിമഭവൻ, ചങ്ങനാശ്ശേരി 07.04.2018ൽ സമർപ്പിച്ച കെട്ടിട നിർമ്മാണ അനുമതി അപേക്ഷ പ്രകാരം 292.47m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചുകൊണ്ട് @7/m2 നിരക്കിൽ ₹2,048 പെർമിറ്റ് ഫീ 100369/11.04.18 നം.രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ സമീപം പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ ബോർഡ് സി.പി.ഐ.(എം)ഓഫീസ് എന്നാണ്. കെട്ടിടം ഓഫീസായി പ്രവർത്തിക്കുന്നു എന്നും വ്യക്തമാണ്. ഓഫീസായി പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന് 292.47x10=2924.7 രൂപ പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്. 877/-രൂപയുടെ നഷ്ടം സംഭവിച്ചുട്ടുണ്ട്.

**II) നികുതി നിർണ്ണയിച്ചതിൽ അപാകതകൾ**

നഗരസഭയിലെ 2018-19വസ്തുനികുതി സപ്ളിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ വി.എൻ.വാസവൻ, ഹിമഭവൻ, ചങ്ങനാശ്ശേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള 30/899(1) നം.- 282.01m2 ച.മീറ്റർ (കംപ്ളീഷൻ പ്ലാൻ പ്രകാരം)വിസ്തീർണമുള്ള ഓഫീസ് കെട്ടിടം "ക്വാർട്ടേഴ്സ് ഗണത്തിൽ" ഉൾപ്പെടുത്തി ച.മീറ്ററിന് @12/-രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി നിർണയിച്ചിട്ടുള്ളത്. (ഫോറം6പ്രകാരംപാർപ്പിടാവശ്യംഎന്ന് രേഖപ്പെടുത്തിയിരിക്കുന്നു) എന്നാൽ ഓഫീസായി പ്രവർത്തിക്കുന്ന ടി കെട്ടിടത്തിന് ച.മീറ്ററിന് ₹50/-നിരക്കിൽ നികുതി നിർണയിക്കേണ്ടതായിരുന്നു. . വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഈടാക്കേണ്ട നികുതി – 282.01x50 | ₹14,101 |
| ഇളവുകൾ/ വർദ്ധനവുകൾ | ഇല്ല |
| **ആകെ** | **₹14,101** |
| ലൈബ്രറി സെസ്സ് 5% | 705 |
| സർവീസ് സെസ്സ് 10% | 1410 |
| **ആകെ** | **16216** |

| | |
|---|---|
| ഈടാക്കിയ നികുതി – 282.01x12 | 3384 |

| | |
|---|---|
| ഇളവുകൾ/ വർദ്ധനവുകൾ | ഇല്ല |
| **ആകെ** | 3384 |
| ലൈബ്രറി സെസ്സ് 5% | 169 |
| സർവീസ് സെസ്സ് 10% | 338 |
| ആകെ | 3891 |

ഇപ്രകാരം പെർമിറ്റ് ഫീ ഇനത്തിൽ 877/-രൂപയുടെയും,വസ്തുനികുതി ഇനത്തിൽ 10717/-രൂപയുടെയും ലൈബ്രറി സെസ്സിനത്തിൽ 536/-രൂപയുടെയും സർവ്വീസ് സെസ്സിനത്തിൽ 1072/-രൂപയുടെയും ഉൾപ്പെടെ 13202/- രൂപയുടെ നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചിട്ടുണ്ട്. ഉപയോഗക്രമം തെറ്റായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.45 /18-19ന് മറുപടി ലഭിച്ചില്ല.നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും നികുതി നിർണയത്തിലെ അപാകത പരിഹരിച്ച് സഞ്ചയയിൽ മാറ്റം വരുത്തി പുതിയ നികുതി പ്രകാരം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-5 തെറ്റായ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചിരിക്കുന്നു -വസ്തുനികുതി ഇനത്തിൽ നഷ്ടം

(!) നഗരസഭയിലെ സഞ്ചയ സപ്ളിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കെ.വി.ഷിജിമോൻ, കാർത്തിക നിവാസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള VIII/320(1) നം.- 148.84 ച.മീറ്റർ വിസ്തീർണമുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ളത്' "100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ "എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് ₹50 നിരക്കിലാണ് നികുതി നിർണയിച്ചിട്ടുള്ളത് (സപ്ളിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 2016-17 ഒന്നാം അർദ്ധവർഷം വാണിജ്യാവശ്യത്തിനായി നികുതി നിർണയിച്ച കെട്ടിടത്തിന്റെ വിവരണത്തിൽ Toddy Shop/Liquor Shop എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്). ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 100ച.മീ.ന് മുകളിലായതിനാൽ "100ച.മീ.ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ "എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് ₹80/-നിരക്കിൽ നികുതി നിർണയിക്കേണ്ടതായിരുന്നു. . വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഈടാക്കേണ്ട നികുതി – 148.84 x80 | 11,907 |
| (-)10% ഇളവ് (കുറഞ്ഞതരം മേൽക്കൂര) | 1,190 |
| **ആകെ** | 10,717 |
| ഈടാക്കിയ നികുതി - 148.84 x 50 | 7,442 |
| (-)10% ഇളവ് (കുറഞ്ഞതരം മേൽക്കൂര) | 744 |
| വർദ്ധനവ് | ഇല്ല |
| **ആകെ** | 6,698 |

ഇപ്രകാരം വസ്തുനികുതി ഇനത്തിൽ മാത്രം പ്രതിവർഷം 4,019/-രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. ഉപയോഗക്രമം തെറ്റായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.53/18-19) മറുപടി ലഭിച്ചില്ല. വസ്തുനികുതി ശരിയായ രീതിയിൽ നിർണയിച്ച്

2016-17 മുതൽ നാളിതുവരെ കുറവു വന്ന വസ്തുനികുതി, ലൈബ്രറി സെസ്, സർവ്വീസ് സെസ് എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ii) നഗരസഭയിലെ വാർഡ് VIIIലെ 2018-19 സപ്ളിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി ആലീസ് തോമസ്, നെൽപ്പുരയ്ക്കലായ, ആനന്ദാശ്രമം എന്നയാളുടെ ഉടമസ്ഥതയിലുള്ള VIII/315(1) 194.55ച.മീറ്റർ വിസ്തീർണമുള്ള (ഒന്നാം നില, 4 മുറികൾ, 2ഹാൾ) കെട്ടിടത്തിന്റെ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ളത് "100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് ₹50 നിരക്കിലാണ് നികുതി നിർണയിച്ചിട്ടുള്ളത്. ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 100ച.മീ.ന് മുകളിലായതിനാൽ, "100ച.മീ.ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് ₹80 നിരക്കിൽ നികുതി നിർണയിക്കേണ്ടതായിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർണയിക്കേണ്ട വസ്തു നികുതി - 194.55 x80 | 15,564 |
| (-) ഒന്നാം നില ഇളവ് 5% | 778 |
| (+) വഴിസൗകര്യം 20% വർദ്ധനവ് | 3,113 |
| ആകെ വസ്തുനികുതി- | 17,899 |
| ലൈബ്രറി സെസ്5 % | 894 |
| സർവ്വീസ് സെസ് 10% | 1,790 |
| **ആകെ** | **20,583** |

| | |
|---|---|
| അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിർണയിച്ച നികുതി - 194.55 x 50 | 9,728 |
| (+) വഴിസൗകര്യം 20% വർദ്ധനവ് | 1,946 |
| ആകെ വസ്തുനികുതി | 11,674 |
| ലൈബ്രറി സെസ് 5 % | 584 |
| സർവ്വീസ് സെസ് 10% | 1,167 |
| ആകെ | **13,425** |

ഇപ്രകാരം വസ്തുനികുതി ഇനത്തിൽ മാത്രം 6,225/-രൂപയുടെയും ലൈബ്രറി സെസിനത്തിൽ 310/-രൂപയുടെയും സർവ്വീസ് സെസിനത്തിൽ 623/-രൂപയുടെയും ഉൾപ്പെടെ 7,158/-രൂപയുടെ നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചിട്ടുണ്ട്. ഉപയോഗക്രമം തെറ്റായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.55/18-19ന് മറുപടി ലഭിച്ചില്ല. നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-6 വസ്തു നികുതി നിർണ്ണയം - കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യത്യാസം - വരുമാന നഷ്ടം സംഭവിക്കുന്നു.

2018-19 വർഷത്തെ ലൈസൻസ് അപേക്ഷകൾ/രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടൂറിസ്റ്റ് ഹോം, കോഫി ഹൗസ് എന്നീ ഉപയോഗത്തിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉപയോഗക്രമം "**പാർപ്പിടാവശ്യം**" എന്ന് രേഖപ്പെടുത്തി നികുതി നിർണയം ചെയ്തിരിക്കുന്നതിനാൽ 27219/- രൂപയുടെ നഷ്ടം ഈ രണ്ട് കെട്ടിടങ്ങളുടെ കാര്യത്തിൽ തന്നെ സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| **വാർഡ്/കെട്ടിട** | **ഉടമസ്ഥൻ** | **ലൈസൻസ്** | **കെട്ടിട** | **നിർണയിച്ച** | **നിർണയിക്കേണ്ട** | **നഷ്ടം** |
|---|---|---|---|---|---|---|

| നം. | | പ്രകാരമുള്ള ആവശ്യം | വിസ്തീർണം | നികുതി (ഫോറം 6 പ്രകാരം) | അടിസ്ഥാന വസ്തുനികുതി | |
|---|---|---|---|---|---|---|
| 4/518 | ഡോ.കുരുവിള ജോർജ്ജ് | ടൂറിസ്റ്റ് ഹോം | 519.4 m2 | 17,775 | 23,373@45 | 5,598 |
| 9/157 | റ്റി.സി.ജോസഫ് | ഇന്ത്യൻ കോഫി ഹൗസ് | 297m2 | 2,139 | 23,760@80 | 2,1621 |

തെറ്റായ നികുതി നിർണയം മൂലം നഗരസഭയുടെ വരുമാനത്തിൽ വൻ നഷ്ടം സംഭവിക്കുന്നു. എല്ലാ വാർഡുകളിലേയും കെട്ടിടങ്ങളുടെ നികുതി നിർണയം പുന:പരിശോധിച്ച് നഗരസഭയ്ക്ക് ഇപ്രകാരം നഷ്ടം സംഭവിച്ചിട്ടുള്ള പക്ഷം അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-15-7 2014-15 രണ്ടാം അർദ്ധവർഷം നികുതി നിർണ്ണയിച്ച കെട്ടിടത്തിന് നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ല

വസ്തു നികുതി നിർണയ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ ബിജു ഹനീഫ, പറക്കവെട്ടി എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 13/688(1) നം.കെട്ടിടത്തിന് പ്ളിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ 2014-15 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ചിട്ടുള്ളതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തറ വിസ്തീർണം | 138.12 ച.മീറ്റർ |
| ഉപയോഗക്രമം | 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ് @80 |
| അടിസ്ഥാന നികുതി 138.12 x 80 | 11,050 |
| (-) ഇളവുകൾ (കുറഞ്ഞ മേൽക്കൂര 10%) | 1,105 |
| (+) വർദ്ധനവ് | ഇല്ല |
| ആകെ | 9,945 |

2014-15 രണ്ടാം അർദ്ധവർഷം നികുതി അസസ്സ് ചെയ്ത ഈ കെട്ടിടത്തിന് നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. (ബിൽ കളക്ടർമാരുടെ ഹാന്റ് ബുക്ക് പരിശോധിച്ചതിലും, സഞ്ചയയിലും രസീത് പോസ്റ്റിംഗ് നടത്തിയിട്ടില്ല) സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തിയതിലും അപാകതയുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 55/18-19) മറുപടി ലഭിച്ചില്ല.2014-15 മുതൽ നാളിതുവരെ വസ്തുനികുതി ഇനത്തിലും, ലൈബ്രറി സെസ്സ്, സർവ്വീസ് സെസ്സ് ഇനത്തിലും ഈടാക്കാനുള്ള തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-8 വസ്തു നികുതി നിർണയിച്ചതിൽ കുറവ് -നഗരസഭാഫണ്ടിന് നഷ്ടം

വസ്തു നികുതി സപ്ളിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ

അലോഷ്യ.സി.ആന്റണിയുടെ ഉടമസ്ഥതയിലുള്ള V/135A(ഒന്നാം നില) നം.കെട്ടിടത്തിന് 2018-19 ഒന്നാം അർദ്ധവർഷം നികുതി നിർണയം നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| | |
|---|---|
| തറ വിസ്തീർണം | 357.38 ച.മീറ്റർ |
| ഉപയോഗക്രമം | 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ് നിരക്ക് @80 |
| അടിസ്ഥാന നികുതി 357.38 x 80 | 28,590 |

നികുതി നിർണയം നടത്തിയപ്പോൾ ഒന്നാം നിലയ്ക്ക് 5% നികുതി ഇളവിനുള്ള അർഹത ₹1,430/-ആണെന്നിരിക്കെ രജിസ്റ്ററിൽ ₹1,930/-കണക്കാക്കിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. ആയതിനാൽ വസ്തുനികുതി ഇനത്തിൽ 500/-രൂപയുടേയും ,ലൈബ്രറി സെസ്സ്, സർവ്വീസ് സെസ്സ് ഇനത്തിൽ യഥാക്രമം 25രൂപടേയും ,50രൂപടേയും ഉൾപ്പെടെ 575/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. സഞ്ചയയിൽ ഡേറ്റ എൻട്രി നടത്തിയതിലും അപാകതയുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 52/18-19) മറുപടി ലഭിച്ചില്ല. 2018-19 മുതൽ നാളിതുവരെ വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് സെസ്സ് എന്നിവയിൽ ഉണ്ടായ നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-9 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം

സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം ചങ്ങനാശ്ശേരി നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന 19 മൊബൈൽ ടവറുകളാണ് ഓഡിറ്റ് കാലയളവ് വരെ നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. 37 വാർഡുകളിലുമായി വിവരശേഖരണം നടത്തി എല്ലാ മൊബൈൽ ടവറുകളുടെയും നികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. സഞ്ചയ പ്രകാരമുള്ള ഏതാനും ടവറുകൾക്ക് വളരെ ചെറിയ വിസ്തീർണ്ണം കണക്കാക്കിയാണ് നികുതി കണക്കാക്കിയത്. മൊബൈൽ ടവറിന്റെ Tower Base Area, Battery Room, Generator Room, Security Room എന്നിവയുടെ വിസ്തീർണ്ണത്തിന്റെ ആകെത്തുകയാണോ നികുതിനിർണ്ണയത്തിനായി കെട്ടിടത്തിന്റെ വിസ്തീർണ്ണമായി (Plinth Area) പരിഗണിച്ചത് എന്നത് വ്യക്തമല്ല. 2 ചതുരശ്ര മീറ്ററും അതിൽ താഴെയും വിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയിക്കപ്പെട്ട 3 ടവറുകളുടെ വിശദാംശം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട-നം. | ഉടമ | കൈവശക്കാരൻ | വിസ്തീർണ്ണം (ചതുരശ്ര-മീറ്റർ) | അടിസ്ഥാന നികുതി (500/- രൂപ ചതുരശ്ര മീറ്ററിന്) | നികുതി പ്രാബല്യ വർഷം |
|---|---|---|---|---|---|
| 5/29/6 | റിലെയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, മോർക്കുളങ്ങര, ചങ്ങനാശ്ശേരി | റിലെയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 2 m2 | 1,000/- | 2016-17 Ist Half |
| 9/147/1 | റ്റി. ജെ. ജോസഫ്, തോപ്പിൽ, ചങ്ങനാശ്ശേരി | റിലെയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 2 m2 | 1,000/- | 2013-14 Ist Half |
| 29/475/1 | റിലെയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, ചങ്ങനാശ്ശേരി | റിലെയൻസ് ജിയോ, മാരേട്ട് ടവർ, ചങ്ങനാശ്ശേരി | 1.5 m2 | 750/- | 2016-17 IInd Half |

ചതുരശ്ര മീറ്ററിന് ഏറ്റവും ഉയർന്ന നികുതി നിരക്കുള്ള(500/- രൂപ) മൊബൈൽ ടവറുകളുടെ വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുണ്ടാകുന്നത് ഭീമമായ നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു.

മേൽപറഞ്ഞ ടവറുകൾ Tower Base Area, Battery Room, Generator Room, Security Room എന്നിവയുടെ വിസ്തീർണ്ണത്തിന്റെ ആകെത്തുകയാണോ നികുതിനിർണ്ണയത്തിനായി കണക്കാക്കിയത് എന്നുള്ള പുനപ്പരിശോധന നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ സഹായത്തോടെ നടത്തേണ്ടതാണ്. മേൽപറഞ്ഞ ടവറുകൾക്കോ മറ്റേതെങ്കിലും ടവറിനോ നികുതി നിർണ്ണയിച്ച വിസ്തീർണ്ണത്തിൽ അപാകതയുണ്ടെങ്കിൽ പരിഹരിച്ച് പുനർ നികുതി നിർണ്ണയം നടത്തി വിശദാംശം അറിയിക്കേണ്ടതാണ്. കൂടാതെ നഗരസഭയുടെ മുഴുവൻ വാർഡ് പ്രദേശങ്ങളിലും(37 എണ്ണം) സ്ഥലപരിശോധന നടത്തി അസസ്മെന്റിൽ ഉൾപ്പെടാത്ത ടവറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് കണ്ടെത്തി നികുതി നിർണ്ണയം/തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 എം.സി.റോഡ് വികസനം - നഗരസഭ വക സ്ഥലം KSTP, റെയിൽവേ എന്നിവയ്ക്ക് വിട്ടുനൽകൽ - നഷ്ടപരിഹാരം ലഭ്യമായില്ല

**ഫയൽ നം.E3/3689/08**

എം.സി.റോഡ് വികസനവുമായി ബന്ധപ്പെട്ട് നഗരസഭ ഓഫീസിന് മുൻവശം വാഴപ്പള്ളി കിഴക്ക് പ്രദേശം ഉൾപ്പെടെയുള്ള 2ആർ188m2 സ്ഥലം പൊതുജന ആവശ്യത്തിനായി സർക്കാർ അക്വയർ ചെയ്തെങ്കിലും നഷ്ടപരിഹാരത്തുക നാളിതുവരെ ലഭ്യമായിട്ടില്ല. മുളന്തുരുത്തി - ചെങ്ങന്നൂർ റെയിൽപ്പാത വികസനത്തിന് റെയിൽവേ സ്ഥലം (.0021ഹെക്ടർ) ഏറ്റെടുത്തിട്ടുണ്ടെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് നഗരസഭയ്ക്ക് കൃത്യമായ വിവരം ഇല്ലാത്തതിനാൽ 23.12.2013ൽ പാസ്സാക്കിയ 2,35,491/-രൂപയും ലഭിച്ചിട്ടില്ല.

സ്ഥലം അക്വയർ ചെയ്യുന്നതു സംബന്ധിച്ച് 2008-09 കാലയളവു മുതൽ നഗരസഭയും സ്പെഷ്യൽ തഹസീൽദാർ എൽ.എ(NH) ഓഫീസുമായി കത്തിടപാടുകൾ നടത്തുകയും നഗരസഭയ്ക്ക് അർഹമായ അവാർഡു തുക ചുവടെ ചേർക്കും പ്രകാരം പാസ്സാക്കിയ അറിയിപ്പ് നൽകിക്കൊണ്ട് സ്പെഷ്യൽ തഹസീൽദാർ KSTPയ്ക്ക് സ്ഥലം വിട്ടുനൽകാൻ നഗരസഭയെ അറിയിക്കുയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| വില്ലേജ് | അവാർഡ് നം. | തീയതി | സർവ്വെ നം. | വിസ്തൃതി | തുക |
|---|---|---|---|---|---|
| ചങ്ങനാശ്ശേരി | ബി4-427/2008(34) | 18.07.2008 | 168/25-1 | 19m2 | 94,270 |
| ചങ്ങനാശ്ശേരി | ബി4-427/2008(20) | 18.07.2008 | 167/1-2 | 18m2 | 43,431 |
| ചങ്ങനാശ്ശേരി | ബി4-427/2008(22) | 18.07.2008 | 167/2-2 | 6m2 | 18,276 |
| ചങ്ങനാശ്ശേരി | ബി4-427/2008(19) | 18.07.2008 | 167/1-1 | 26m2 | 64,614 |
| ചങ്ങനാശ്ശേരി | ബി1-44/12 | 17.01.2014 | 167/1-3 | 2Are 56m2 | 17,03,757 |
| വാഴപ്പള്ളി കിഴക്ക് | ബി4-9/08(67) | 21.10.2008 | 79/14-1 | 63m2 | 181253 |
| വാഴപ്പള്ളി കിഴക്ക് (റയിൽവേ വികസനം) | | 23.12.13 | | .0021ഹെക്ടർ | 235491 |
| **ആകെ** | | | | | **23,41,092** |

എന്നാൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ₹23,41,092 ലഭ്യമായില്ല.

**1) സ്ഥലത്തിന്റെ ആധാരം ലഭ്യമാക്കിയില്ല**

വർഷങ്ങൾ പഴക്കമുള്ള ചങ്ങനാശ്ശേരി നഗരസഭയുടെ ആധാരം ലഭ്യമല്ല എന്നും സ്ഥലത്തിന്റെ കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് പകർപ്പുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് അവാർഡു തുക അനുവദിക്കണമെന്ന് 19.07.16ൽ സെക്രട്ടറി സ്പെഷ്യൽ തഹസീൽദാർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും അവാർഡു തുക നാളിതുവരെ ലഭിച്ചിട്ടില്ല.

**2)ജില്ലാ കളക്ടർക്ക് നൽകിയ സ്പഷ്ടീകരണ കത്തിന്മേൽ നടപടി സ്വീകരിച്ചില്ല.**

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് നഗരസഭയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കാൻ 22.08.17ൽ ജില്ലാ കളക്ടർ സ്പെഷ്യൽ തഹസീൽദാർ (LA)യ്ക്ക് കത്ത് നൽകിയെങ്കിലും ആധാരം ലഭ്യമല്ലാത്തതിനാൽ ഹാജരാക്കിയ കരം അടച്ച രസീത് പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ തുക നൽകാവുന്നതാണോ എന്ന് സ്പെഷ്യൽ തഹസീൽദാർ ജില്ലാ കളക്ടറോട് 25.08.17ൽ സ്പഷ്ടീകരണം തേടിയെങ്കിലും മറുപടി ലഭിച്ചതായോ, 25.09.17ലെ കത്തിനുശേഷം ഇതിന്മേൽ നഗരസഭ തുടരന്വേഷണം നടത്തിയതായോ കാണുന്നില്ല.

**3) നിബന്ധനകൾക്ക് വിധേയമായി സ്ഥലം വിട്ടുനൽകി. നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.**

നഗരസഭയ്ക്ക് അർഹമായ തുക അനുവദിക്കാൻ സെക്രട്ടറി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആധാരം ലഭ്യമല്ലാത്തതിനാൽ സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ നിന്നും നടപടികൾ ഒന്നും സ്വീകരിച്ചില്ല. 30.03.17ൽ ചുവടെ ചേർക്കുന്ന നിബന്ധനയോടെ പൊതുജന ആവശ്യമായതിനാൽ നഗരസഭ റോഡ് വികസനത്തിനായി സ്ഥലം വിട്ടുനൽകി.

(1) വസ്തുവിൻമേൽ പാസ്സാക്കിയിരിക്കുന്ന അവാർഡു തുകയും വർദ്ധനവ് ഉണ്ടെങ്കിൽ ആയതും 3 മാസത്തിനകം നഗരസഭയ്ക്ക് ലഭ്യമാക്കണം.

(ii) വസ്തുവിൽ ഉൾപ്പെട്ട ചമയങ്ങളും വൃക്ഷലതാദികളും വില നിശ്ചയിച്ച് ലേലം ചെയ്തു വിൽക്കുമ്പോൾ ലഭിക്കുന്ന തുക നഗരസഭയിൽ അടയ്ക്കേണ്ടതാണ്. ഈ രണ്ടു നിബന്ധനയും സ്ഥലം വിട്ടുനൽകി 2 വർഷം കഴിഞ്ഞിട്ടും പാലിക്കപ്പെട്ടിട്ടില്ല.

**4) ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കാൻ നഗരസഭ ഊർജ്ജിത ശ്രമം നടത്തിയില്ല.**

നഗരസഭയുടെ ആധാരം ലഭ്യമല്ലാത്തതിനാൽ ആധാരത്തിന്റെപകർപ്പ് ലഭ്യമാക്കാൻ സബ് രജിസ്ട്രാർ ഓഫീസർക്ക് കത്ത് നൽകിയെങ്കിലും ആധാരം നമ്പരും തീയതിയും അറിയിക്കാൻ രജിസ്ട്രേഷൻ ഓഫീസിൽ നിന്ന് അറിയിച്ചെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല. നിലവിലെ കരം അടച്ച രസീത് ഉപയോഗിച്ച് വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് സ്ഥലത്തിന്റെ പഴയ സർവ്വേ നമ്പരും അതുവഴി ആധാരത്തിന്റെ വിശദാംശവും കണ്ടെത്താം എന്നിരിക്കെ നഗരസഭ ആ രീതിയിൽ ശ്രമം നടത്തിയില്ല. കൗൺസിലും ഉദ്യോഗസ്ഥരും ഈ വിഷയത്തിൽ അനാസ്ഥ തുടരുന്നു.

**5) സർക്കാർ അനുവാദം തേടിയിട്ടില്ല**

കേരള മുനിസിപ്പാലിറ്റി ചട്ടവും നിയമങ്ങളും വകുപ്പ് 215 പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ അതിനു പുറത്തോ ഉള്ള ഭൂമിയോ കെട്ടിടമോ ആയ ഏതെങ്കിലും വസ്തു ഒരു പൊതു ആവശ്യത്തിന് ഏതെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിന് വേണ്ടി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ അതിന്റെ വകയായ ഏതൊരു വസ്തുവും കൈയ്യൊഴിയാവുന്നതാണ്. എന്നാൽ നഗരസഭയുടെ സ്ഥലം കൈമാറിയപ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയില്ല . നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ ഈ വീഴ്ചയും നിലവിൽ തുക ലഭിക്കാത്തതിന് കാരണമായിട്ടുണ്ട്. . സ്ഥലം വിട്ടു നൽകിയ ശേഷവും തുക ലഭ്യമാക്കാൻ തടസ്സം നേരിട്ടപ്പോഴും സർക്കാർ സാധൂകരണം നേടാൻ നഗരസഭ കൗൺസിൽ നടപടി സ്വീകരിച്ചില്ല എന്നത് ഗൗരവമായി ഓഡിറ്റ് വിലയിരുത്തുന്നു.

**6) എം.സി.റോഡ് വികസനം - ലഭിച്ച മണ്ണിന്റെ വിശദാംശം ഇല്ല.**

30.03.17ൽ റോഡ് വികസനത്തിനായി നഗരസഭ സ്ഥലം വിട്ടുനൽകിയ ശേഷം 17.04.17ൽ MLA-സി.എഫ്.തോമസ്, വൈസ് ചെയർ പേഴ്സൺ, കൗൺസിൽ അംഗങ്ങൾ എന്നിവരുൾപ്പെടെ ചേർന്ന സർവ്വകക്ഷി യോഗത്തിൽ എം.സി.റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണ് നഗരസഭ വക സ്പോർട്സ് കോംപ്ലക്സ് സ്ഥലം നികത്തുന്നതിന് ഉപയോഗിക്കാൻ തീരുമാനമായതാണ്. എന്നാൽ വിവിധ സംഘടനകളുടെ എതിർപ്പ് മൂലം ഈ തീരുമാനം നടപ്പാക്കാൻ സാധിക്കാതെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരെ വിഷയം അറിയിച്ചതായും ഫയലിൽ കാണുന്നു. എന്നാൽ തുടർനടപടി വിവരമോ നഗരസഭാ സ്ഥലത്തു നിന്നും ലഭിച്ച മണ്ണിന്റെ അളവ്, എവിടെ നിക്ഷേപിച്ചു എന്നീ വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല. ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**7) റയിൽവേയ്ക്ക് നൽകിയ സ്ഥലം - ഉടമസ്ഥതയിൽ സംശയം**

ഫയൽ പ്രകാരം .0021ഹെക്ടർ സ്ഥലം (വാഴപ്പള്ളി കിഴക്ക്) റയിൽപ്പാത വികസനത്തിന് ഏറ്റെടുത്തതിന് ₹2,35,491/-നഗരസഭയ്ക്ക് പാസ്സായിട്ടുണ്ടെന്ന് സ്പെഷ്യൽ തഹസീൽദാർ LA(റെയിൽവേ) അറിയിച്ചെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് നഗരസഭയിൽ കൃത്യമായ രേഖകൾ ഇല്ലാത്തതിനാൽ നഷ്ടപരിഹാരത്തുക ലഭ്യമായില്ല. ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിക്കുകയോ, കാലികമാക്കുകയോ ചെയ്യാത്തതിനാൽ നഗരസഭയുടെ പല ആസ്തികളും നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുന്നതാണ്.
ഏറെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന നഗരസഭ ലഭിക്കേണ്ട അർഹമായ നഷ്ടപരിഹാര തുക ഈടാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ - റെസ്റ്റോറേഷൻ ചാർജ്ജ് ലഭിച്ചിട്ടും വികസന ഫണ്ട് ചെലവഴിച്ച് റോഡുകൾ പുന:സ്ഥാപിച്ചു

നഗരസഭയുടെ 14-ാം വാർഡിലെ പെരുന്ന ബസ് സ്റ്റാന്റിന് പുറകിലുള്ള റോഡിൽ 175 മീറ്ററും 10, 16 വാർഡിലെ ബിഷപ്പ് കോളനി, ഡംപിങ് യാർഡ്, കുന്നക്കാട് ഫാത്തിമാപുരം അംബാ റോഡിൽ 1400 മീറ്ററും റോഡ് കുഴിച്ച് ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് റിലയൻസ് - ജിയോ കമ്പനിയുടെ 12.06.18ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നഗരസഭ കൗൺസിലിന്റെ 29.09.18ലെ 7-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകി.
ഈ റോഡുകൾ പുനസ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ 22.05.18ലെ നിരക്ക് അനുസരിച്ചും നഗരസഭ എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരവും 77,47,222/-രൂപ റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ 17.10.18ൽ കമ്പനി അടച്ചിട്ടുണ്ട്. (DD No.428562/17.10.18) 26.10.18ൽ ടി തുക നഗരസഭ ഫണ്ടിലേയ്ക്ക് അക്കൗണ്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.
റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുക ഉപയോഗിച്ച് ഈ റോഡുകൾ പുനസ്ഥാപിക്കാൻ മുൻഗണന നല്കാവുന്നതാണ്. എന്നാൽ ഈ ഫണ്ട് ഉപയോഗിച്ച് റോഡ് മെയിന്റനൻസിൽ ഒരു പ്രവൃത്തിയും നടപ്പാക്കിയിട്ടില്ല. പകരം ഈ തുക തനത് ഫണ്ടിൽ നിന്ന് മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുകയും റോഡുകൾ പുനസ്ഥാപിക്കാൻ വികസന ഫണ്ട് വിനിയോഗിക്കുകയും ചെയ്യുന്ന പ്രവണത തുടരുകയാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ ഈടാക്കുന്ന തുക ഉപയോഗിച്ച് തന്നെ പ്രസ്തുത റോഡുകൾ റെസ്റ്റോറേഷൻ ചെയ്യാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

## 1-18 വിവിധ ഏജൻസികളുടെ പ്രവൃത്തികൾക്കായി നഗരസഭയുടെ റോഡുകൾ പൊളിച്ചു - റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയിട്ടില്ല - നഷ്ടം ₹2,22,37,843

കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾ (പൈപ്പിടൽ, കേബിൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കായി) നഗരസഭയുടെ വിവിധ ടാർ /മെറ്റൽ റോഡുകൾ പൊളിച്ച് പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്.എന്നാൽ ഈ ഏജൻസികളിൽ നിന്നും റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതായി കാണുന്നില്ല. റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.35ന് മറുപടി ലഭ്യമാക്കിയില്ല.

റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കാത്തതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു. പൊതുവെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന നഗരസഭ ലഭിക്കേണ്ട വരുമാനം പോലും കൃത്യമായി ഈടാക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല എന്നത് ഗൗരവമായി വീക്ഷിക്കുന്നു. ഓരോ വരവിനങ്ങളിലും ഇതേ സ്ഥിതി നിലനിൽക്കുന്നു എന്നത് ഉദ്യോഗസ്ഥരുടേയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയിട്ടില്ലാത്ത പ്രവൃത്തികൾ**

| ക്രമ നം. | പ്രവൃത്തി/റോഡ് | ഏജൻസി | പൊളിച്ച ഭാഗം | ഈടാക്കേണ്ട ചാർജ്ജ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | (എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം) | @4752.2/m2 |
| 1 | തിരുമല പഴയ കഷായാശുപത്രി റോഡ് കട്ടിംഗ് ഭാഗം മെയിന്റനൻസ് പ്രോജക്ട് നം.എസ്.ഒ.368/19 | കേരള വാട്ടർ അതോറിറ്റി | 400m2 | 19,00,880 |
| 2 | മലയിൽകുന്ന് ആലയിൽറോഡ് ഇന്റർ | കേരള വാട്ടർ അതോറിറ്റി | 340m2 | 16,15,748 |
| 3 | 4,7,9,10,11,15,16 വാർഡുകളിൽ ടാറിംഗ് & ഇന്റർലോക്കിംഗ് എസ്.ഒ.363/19 | കെ.എസ്.ഇ.ബി (കേബിൾ സ്ഥാപിക്കൽ) | 2304m2 | 1,09,49,069 |
| 4 | വാർഡ് -29 – ഫയർ സ്റ്റേഷൻ - പടിഞ്ഞാറേ റോഡിൽ നിന്നും കിഴക്കോട്ട് നടപ്പാത കോൺക്രീറ്റിംഗ് | കേരള വാട്ടർ അതോറിറ്റി | 45m2 | 2,13,849 |
| 5 | ചെറുകര OH tank മുതൽ പാറക്കുളം വരെയുള്ള റോഡ് കട്ടിംഗ് (മെറ്റൽ/ഇന്റർ ലോക്ക്/ടാറിംഗ്) | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 1000m2 | 66,02,644 (എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം) |
| 6 | ബൈപ്പാസ് മുതൽ പട്ടത്തിമുക്ക് വരെ റോഡ് കട്ടിംഗ് (മെറ്റൽ/ഇന്റർ ലോക്ക് /ടാറിംഗ്) | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 160m2 | 9,55,653 (എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം) |
| ആകെ | | | | 2,22,37,843/- |

റോഡ് കട്ടിംഗ് നടത്തിയ ഏജൻസികളിൽ നിന്നും ക്രമപ്രകാരമുള്ള ചാർജ്ജ് ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്നമാത്രമല്ല, നഗരസഭയുടെ ആസ്തികൾ നശിക്കുകയും വികസനഫണ്ട് ചെലവഴിച്ച് ഇവയുടെ മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നതുമൂലം പ്രയോജനകരമായ മറ്റ് പദ്ധതികൾക്ക് വികസന ഫണ്ടിന്റെ അപര്യാപ്തത നേരിടുകയും ചെയ്യുന്നു. ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും

തുക ഈടാക്കാത്ത സാഹചര്യത്തിൽ സെക്രട്ടറി, അസി.എഞ്ചിനീയർ,മുനിസിപ്പൽ എഞ്ചിനീയർ, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ ബാധ്യത ആകുന്നതാണ്.

## 1-19-1 ലേലം - പൊതു അപാകതകൾ

2018-19 വർഷം നഗരസഭയുടെ പൊതുലേല നടപടിക്രമങ്ങൾ, അക്കൗണ്ടിംഗ് , ലേലത്തുക അടവാക്കൽ തുടങ്ങിയ നടപടികളിൽ നിരവധി അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ വിവരിക്കുന്നു.

1. ലേലം നടക്കുന്ന സമയത്ത് തയ്യാറാക്കുന്ന ലേലത്തിന്റെ ആധികാരിക രേഖയായ ലേല ഡയറി സെക്രട്ടറി/ചെയർമാൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.
2. ലേലം ഉറപ്പിച്ച നൽകിയ കുത്തകക്കാരുമായി നഗരസഭ നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല. 2018-19 ലേല നിബന്ധനകളിൽ 10-ം ഇനം 200/-രൂപയുടെ മുദ്രപ്പത്രത്തിൽ കരാർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
3. ലേലം ഉറപ്പിച്ച നൽകിയ കുത്തകക്കാരനിൽ നിന്നും നിശ്ചിത തുക സെക്യൂരിറ്റി നിക്ഷേപമായി ഈടാക്കിയിട്ടില്ല. കുത്തകക്കാരൻ മുഴുവൻ ലേലത്തുകയും ഒടുക്കാത്ത സാഹചര്യമുണ്ടായാൽ ലേലത്തുക ഈടാക്കാൻ കഴിയാതെ വരുന്നു. കരാറിൽ ഏർപ്പെടാത്തതിനാൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയാതെ വരുന്നു.
4. ലേലത്തുക സാംഖ്യയിൽ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല. ഭൂരിഭാഗം ലേലത്തുകയും Auction Deposit ആയി കണക്കാക്കി നഗരസഭയുടെ ബാദ്ധ്യത ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഡെപ്പോസിറ്റായി അക്കൗണ്ട് ചെയ്തതിനാൽ നഗരസഭയുടെ വരുമാനമായ ലേലത്തുക നഗരസഭ ഫണ്ടിൽ ഡെപ്പോസിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ബാദ്ധ്യതയായിട്ടാണ് ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിക്കുന്നത്. കുത്തകക്കാർ ഒടുക്കുന്ന ഇ,എം.ഡി തുക ലേല തുകയിൽ ക്രമീകരിച്ച് അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തുകയോ രജിസ്റ്ററിൽ രേഖപ്പെടുത്തി ഒറിജിനൽ രസീത് ക്യാൻസൽ ചെയ്തോ സൂക്ഷിക്കുന്നില്ല.
5. ലേലം ഉറപ്പിച്ച തുകയുടെ മൂന്നിലൊന്ന് ലേലദിവസം തന്നെ ഒടുക്കുന്നതിനും ബാക്കി തുക 6 തവണകളായി 30.09.2018 വരെയുള്ള കാലയളവിൽ ഒടുക്കുന്നതിനുമാണ് നിബന്ധന 12ൽ സൂചിപ്പിച്ചിരിക്കുന്നത്. ലേലത്തുക അക്രൂവൽ ആയി അക്കൗണ്ട് ചെയ്ത് ഈടാക്കാത്തതിനാൽ ധനകാര്യപത്രികയിൽ പ്രതിഫലിപ്പിക്കുന്നില്ല. ലേല രജിസ്റ്ററിലും കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

ലേല നടപടികളിലും തുക അടവാക്കുന്നതിലും മേൽ വിവരിച്ച അപാകതകളുള്ളതിനാൽ 2018-19വർഷത്തെ നഗരസഭയുടെ വരുമാന ചോർച്ചയ്ക്കും കാരണമായിട്ടുണ്ട്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.38/2018-19 തീയതി 31/10/2019) നൽകിയതിന് സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയില്ല. മുൻവർഷങ്ങളിലും തൻവർഷവും ബാധ്യതയായി Auction Deposit എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട നഗരസഭയുടെ വരുമാനം അക്കൗണ്ടിങ്ങ് ക്രമീകരണം(Journal Voucher) നടത്തി റവന്യൂ ശീർഷകത്തിലേക്ക് മാറ്റി വാർഷിക കണക്കുകൾ കൃത്യമാക്കേണ്ടതാണ്. മേൽവിവരിച്ച മറ്റ് അപാകതകളും പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19-2 മുഴുവൻ ലേലത്തുക ഒടുക്കാതെ ലേല ബാദ്ധ്യത തീർപ്പാക്കി - നഗരസഭയ്ക്ക് ₹3,000 നഷ്ടം

ചങ്ങനാശ്ശേരി നഗരസഭ 2018-19 വർഷം ഹിദായത്ത് നഗറിലെ ഇറച്ചി കടകൾ ലേലം ചെയ്ത് നൽകിയപ്പോൾ കുത്തകക്കാർ മുഴുവൻ തുകയും ഒടുക്കുന്നതിനു മുൻപേ ബാധ്യത തീർപ്പാക്കിയതായി ലേലരജിസ്റ്ററിൽ കാണുന്നു. 2018-19 ലേല രജിസ്റ്റർ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| കട | ലേലം കൊണ്ട വ്യക്തി | ലേലത്തുക | അടവാക്കിയ ലേലത്തുക (നിരതദ്രവ്യം ഉൾപ്പെടെ) | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഇറച്ചിക്കട - I | മുജീബ് പി.ഇ | 28,700/- | 27,200/- | 1,500/- |
| ഇറച്ചിക്കട -II | ഷെഫീഖ്.കെ | 28,700/- | 27,200/- | 1,500/- |
| ആകെ | | 57,400/- | 54,400/- | 3,000/- |

ലേലം കൊണ്ട വ്യക്തിയുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതായി ഫയലിലെ രേഖകളിൽ കാണുന്നില്ല. കരാർ ഉടമ്പടി ചമയ്ക്കാത്ത സംഗതികളിൽ ലേലം കൊണ്ടവർ ലേലസംഖ്യ അടവാക്കാതിരിക്കുകയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരും. ലഭിക്കാനുള്ള തുക നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായിത്തീരും എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

ലേലത്തുക മുഴുവൻ ഒടുക്കാതെ ലേലം കൊണ്ടവരുടെ ബാദ്ധ്യത തീർപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.41/2018-19 തീയതി-31/10/2019) നൽകിയതിന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ ലേലം ഇടപാടിൽ നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം 3,000/- രൂപയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം 18% GST 540/- രൂപയുമാണ് (270/- CGST+270/- SGST). നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക പ്രസ്തുത തുക ലേലം കൊണ്ട വ്യക്തികളിൽ (മുജീബ് പി.ഇ., ഷെഫീഖ് .കെ) നിന്നോ നിർദ്ദിഷ്ട നടപടികളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. തുക ഒടുക്കിയ രസീതിന്റെ പകർപ്പ് ഉൾപ്പടെ സെക്രട്ടറി മറുപടി നൽകേണ്ടതാണ്.

## 1-19-3 പൊതുലേലം - കുത്തകക്കാരൻ GST ഒടുക്കിയില്ല

2018-19 വർഷം നഗരസഭയുടെ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനുകൾ ലേലം കൈക്കൊണ്ട മുഹമ്മദ് കെ., കടവത്ത്, തിരൂർ എന്ന ലൈസൻസി ലേലത്തുകയ്ക്ക് ആനുപാതികമായ **GST** ഒടുക്കിയിട്ടില്ല എന്ന് ലേല രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. ലേല നിബന്ധനകൾ 2018-19 വ്യവസ്ഥ നം.28 പ്രകാരം ലേലത്തുകയ്ക്ക് പുറമേ **18% GST** യും ഒടുക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ വ്യക്തി ലേലത്തുക മാത്രമാണ് 2018-19 വർഷത്തിൽ നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ലേലം കൊണ്ട സ്റ്റാൾ/കെട്ടിടം** | **നഗരസഭ ഫണ്ടിൽ ഒടുക്കിയ ലേലത്തുക** | **ഒടുക്കാനുള്ള GST(18%)** |
|---|---|---|---|
| 1 | നം.1ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | 4.17 ലക്ഷം | 75,060/- |
| 2 | നം.2 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | 2.16 ലക്ഷം | 38,880/- |
| ആകെ | | | **113,940/-** |

ലേലം കൊണ്ട വ്യക്തിയുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. കരാർ ഉടമ്പടി ചമയ്ക്കാത്ത സംഗതികളിൽ ലേലം കൊണ്ടവർ ലേലസംഖ്യയോ നികുതിയോ ഒടുക്കാക്കാതിരിക്കുകയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരികയും ആയത് ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി മാറുകയും ചെയ്യും എന്ന വിവരം നഗരസഭ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**GST** ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.39/2018-19 തീയതി 31/10/2019) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ ഇടപാടിന് GST ഈടാക്കാതിരുന്നത് മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് തുല്യമായി ഒടുക്കേണ്ട ₹1,13,940/- നഗരസഭയിലെ നടപടികളിലെ വീഴ്ച മൂലം നഷ്ടമായി(CGST 56,970/- & SGST 56,970/-). കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ട GST തുക ₹1,13,940/- മുഹമ്മദ് കെ., കടവത്ത്, തിരൂർ എന്ന ലൈസൻസിയിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ ചേർത്തശേഷം കേന്ദ്ര-സംസ്ഥാന സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. മേൽപറഞ്ഞ നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കി നഗരസഭ സെക്രട്ടറി രശീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-19-4 ലൈസൻസി ലേലത്തുകയും ജി.എസ്.ടി യും പൂർണ്ണമായും ഒടുക്കിയിട്ടില്ല

2018-19 വർഷം നഗരസഭയുടെ വണ്ടിപ്പേട്ട ഇറച്ചി സ്റ്റാൾ ലേലം കൊണ്ട ശ്രീ നോബിൾ തോമസ്, കറുകയിൽ എന്ന വ്യക്തി ലേലത്തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല എന്ന് ലേല രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. 23/02/2018 ന് നടന്ന പൊതുലേലത്തിൽ 71,600/-രൂപയ്ക്കാണ് ഇറച്ചി സ്റ്റാൾ ലേലം കൊണ്ടത്. 01/03/2018 ലെ 1-ാം നം. കൗൺസിൽ തീരുമാന പ്രകാരം ലേലം അംഗികരിച്ചു. ലേലക്കാരൻ ₹23,125 മാത്രമാണ് നഗരസഭ ഫണ്ടിൽ ഒടുക്കിയത്. ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| **തീയതി** | **ഒടുക്കിയ തുക** | **രസീത് നം.** | **റിമാർക്സ്** |
|---|---|---|---|
| 24.02.2018 | 3,575/- | 117020114399 | EMD ആയി അക്കൗണ്ട് ചെയ്തിരിക്കുന്നു |
| 02.03.2018 | 19,550/- | 117020115204 | ലേല നിക്ഷേപമായി അക്കൗണ്ട് ചെയ്തു |
| ആകെ:- | 23,125/- | | |

കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതും അക്കൗണ്ടിംഗ് ക്രമീകരണം നടത്താതിരുന്നതും മൂലം ലഭിച്ച ₹ 23,125/- ലേലവരവായി ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. ലേലം കൊണ്ട വ്യക്തിയുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. ആയതിനാൽ ലേലത്തുകയിൽ ലഭിക്കാനുള്ള ₹48,475 നഗരസഭയ്ക്ക് നഷ്ടപ്പെടുന്നതിനുള്ള സാദ്ധ്യത കാണുന്നു. കൂടാതെ GST തുകയായ 12,888/- രൂപയും കുത്തകക്കാരൻ ഒടുക്കിയിട്ടില്ലാത്തതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരിനും നഷ്ടമുണ്ടായി(SGST-6,444/- & CGST-6,444/-). 2018-19 ലേല നിബന്ധന വ്യവസ്ഥ 18 പ്രകാരം 30.09.2018നു മുമ്പായി തുക മുഴുവൻ ഒടുക്കേണ്ടതായിരുന്നു. നിബന്ധന 28 പ്രകാരം 18% GST യും ഒടുക്കേണ്ടതായിരുന്നു.

മേൽപറഞ്ഞ അപാകതകൾക്കും ലേലത്തുക, GST എന്നിവ ഈടാക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.40/2018-19 തീയതി 31/10/2019) നൽകിയതിന് നഗരസഭ സെക്രട്ടറി മറുപടി നൽകിയില്ല. കരാർ ഉടമ്പടി വയ്ക്കാത്ത സംഗതികളിൽ ലേലം കൊണ്ടവർ ലേലസംഖ്യ അടയാക്കാതിരിക്കുകയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരികയും ആയത് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി മാറുകയും ചെയ്യുമെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ലേല തുകയിൽ ലഭിക്കാനുള്ള 48,475/- രൂപയും GST 12,888/- രൂപയും ഉൾപ്പടെ ആകെ 61,363/- രൂപ ശ്രീ നോബിൾ തോമസ്, കറുകയിൽ എന്ന വ്യക്തിയിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. മേൽവിവരിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക നഗരസഭ ഫണ്ടിൽ ഒടുക്കിയ രശീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

## 1-19-5 പഴയ കെട്ടിടങ്ങളുടെ ലേലം - മൂല്യം കണക്കാക്കാതെ മണ്ണ് ലേലം ചെയ്തു

ചങ്ങനാശ്ശേരി നഗരസഭ 2018-19 വർഷം പഴയ വെറ്റിനറി പോളിക്ളീനിക്ക് കെട്ടിടം, പഴയ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടം എന്നിവ പൊളിച്ച് ലേലം ചെയ്തിരുന്നു. എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ വാല്യൂവേഷൻ തുകയിലും വളരെ കുറഞ്ഞ തുകയ്ക്കാണ് ലേലം നടത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം | വാല്യൂവേഷൻ തുക (Net) | ലേലം ഉറപ്പിച്ച തുക |
|---|---|---|---|
| 1 | വെറ്റിനറി പോളിക്ളിനിക്ക് | 66,823/- | 37,500+GST |
| 2 | പഴയ സ്റ്റാഫ് ക്വാർട്ടേഴ്സ് | 29,175/- | 17,500+GST |

മുഹമ്മദ് സലിം എന്ന കോൺട്രാക്ടറാണ് ലേലം കൊണ്ടത്. വെറ്റിനറി പോളിക്ളിനിക്കിന്റെ ലേലതുക 452419/09.07.2018 നം.TR5 രസീത് മുഖേനയാണ് പിരിച്ചത്. ടി തുക നഗരസഭ ഫണ്ടിൽ ഒടുക്കിയതായി കാണുന്നില്ല. തുകയുടെ ഒടുക്ക് വിശദാംശം ഹാജരാക്കേണ്ടതാണ്.

കെട്ടിടങ്ങൾ പൊളിച്ച മണ്ണും ഇതര സാധനങ്ങളും കൊണ്ടുപോകുന്നതിന് (76m3) തടസ്സങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ചങ്ങനാശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് നഗരസഭ സെക്രട്ടറി കത്ത് നൽകിയിരുന്നതായി ലേല ഫയലിൽ കാണുന്നു(04.07.2018ലെ E6-327/18). എന്നാൽ മേൽപ്പറഞ്ഞ രണ്ട് കെട്ടിടങ്ങളും പൊളിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ മണ്ണിന്റെ മൂല്യം കണക്കാക്കിയിട്ടില്ല. കെട്ടിടം പൊളിച്ച ശേഷമുള്ള മണ്ണ് പുതിയ കെട്ടിടം നിർമ്മിക്കുമ്പോഴുള്ള എർത്ത് ഫില്ലിംഗിന് ഉപയോഗിക്കാവുന്നതായിരുന്നു.

മൂല്യം നിർണ്ണയിക്കാതെ നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടം പൊളിച്ച മണ്ണ് ലേലം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.71/2018-19) നൽകിയതിന് മറുപടി ലഭിച്ചില്ല. ലേലം ചെയ്ത മണ്ണിന്റെ മൂല്യം കണക്കാക്കി പ്രസ്തുത തുക ലേലം കൊണ്ട മുഹമ്മദ് സലിം എന്ന കോൺട്രാക്ടറിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഈടാക്കുന്ന തുകയുടെ ഒടുക്ക് വിവരവും ക്രമ നം.1 കെട്ടിടത്തിന്റെ ലേല തുകയുടെ ഒടുക്ക് വിവരവും മറുപടിയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 1-19-6 ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തത് - കുത്തകക്കാർ വ്യവസ്ഥകൾ ലംഘിക്കുന്നു- നഗരസഭ ആസ്തി അന്യാധീനപ്പെടുന്നതിന് സാധ്യത

നഗരസഭ വക നം.2 ബസ് സ്റ്റാന്റിലെ വിവിധ ഭാഗങ്ങളിൽ ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള അവകാശം 06.11.2017, 17.01.2018 എന്നീ തീയതികളിലെ ഡെപ്പോസിറ്റ് തുകയിന്മേലുള്ള ലേലത്തിലൂടെ ഉറപ്പിച്ച് നൽകിയിട്ടുണ്ട്. സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു (ഫയൽ നം.R6-13158/15, R6-14994/16 ൽ നിന്നും ലഭ്യമായ വിശദാംശം പ്രകാരം).

| ബങ്ക് നം. | ഡെപ്പോസിറ്റ് ലേലത്തുക(രൂപ) | അവകാശം ലഭിച്ച വ്യക്തി | റിമാർക്സ് |
|---|---|---|---|
| I | 36,000/- | അനന്തു കുശൻ, മലയിൽ, പുതുപ്പറമ്പ് | പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തത് 17.1.2018ലെ ലേലം |
| II | 5,05,000 | ഷെഹൻഷാ | 06.11.2017ലെ ലേലം |

| | | | |
|---|---|---|---|
| III | 4,35,000 | ശ്രീമോൻ, മഠത്തേൽ | " |
| IV | 4,03,000 | റസ്സിൽമോൻ പി.എം | " |
| V | 4,03,000 | ഷാജഹാൻ.എസ് | " |
| VI | 6,01,000 | പി.പി.നസീർ | " |

മേൽ വിവരിച്ച പ്രകാരമുള്ള ബങ്കുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച സ്ഥലം അളന്ന് തിട്ടപ്പെടുത്തി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ അടയാളപ്പെടുത്തി നൽകിയതിന്റെ വിവരങ്ങൾ (സ്കെച്ച് പ്ളാൻ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ബങ്കുകൾ സ്ഥാപിക്കുന്നതിന് അവകാശം ലഭിച്ച വ്യക്തികൾ കച്ചവടമോ, വ്യാപാരമോ, മറ്റ് സംരംഭങ്ങളോ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന് നഗരസഭയിൽ നിന്നും ലൈസൻസ് സമ്പാദിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. "ബങ്കുകൾ" എന്നതിന്റെ നിർവ്വചനം വ്യക്തമാക്കിയിട്ടുണ്ടോയെന്നും എന്ത് തരം മെറ്റീരിയൽ ആണ് ബങ്കുകളുടെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കേണ്ടതാണ് ('ബങ്കുകൾ' എന്നാൽ ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് എടുത്ത് മാറ്റാൻ പറ്റുന്ന നിർമ്മിതി എന്നാണ് അർത്ഥമാക്കുന്നത്). ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള അവകാശം ലഭിച്ച ചില വ്യക്തികൾ 'സ്ഥിരം നിർമ്മിതി' എന്ന് പരിഗണിക്കാവുന്ന ചില പ്രവൃത്തികൾ നടത്തിയതായി നഗരസഭാ കൗൺസിലിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ കാണുന്നു. ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള അവകാശത്തിന്റെ മറവിൽ ഇപ്രകാരം 'സ്ഥിരം നിർമ്മിതി' നടത്തിയിട്ടുണ്ടെങ്കിൽ ആയത് നഗരസഭയുടെ ആസ്തി അന്യാധീനപ്പെടുന്നതിന് ഇടയാക്കും.

ബങ്ക് ലേലം സംബന്ധിച്ച മേൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിന്മേൽ അന്വേഷണം നടത്തി മറുപടി സഹിതം ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/2018-19/24.10.2019) നൽകിയിരുന്നു. നഗരസഭ സെക്രട്ടറി അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ലേലം ചെയ്യപ്പെട്ട ബങ്കുകളിൽ നിലവിൽ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ല എന്ന് അറിയിച്ചു. താത്കാലിക ബങ്കുകൾ നിർമ്മിക്കാനുള്ള അനുമതി ലംഘിച്ച് ചില വ്യക്തികൾ കോൺക്രീറ്റ് സ്ട്രക്ച്ചർ പണിയുകയും നിബന്ധനയ്ക്ക് വിരുദ്ധമായി അധികരിച്ച വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്തുകയും ചെയ്തപ്പോൾ സ്റ്റോപ്പ് മെമ്മോ നൽകി കോൺക്രീറ്റ് റൂഫ് പൊളിച്ചുനീക്കി ഷീറ്റ് റൂഫ് മാത്രം അനുവദിച്ചതായും മറുപടി നൽകി. ബങ്ക് പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് കക്ഷികളുമായി കരാർ ചമയ്ക്കേണ്ടതാണ്. കൂടാതെ ബങ്കുകളിൽ സംരംഭങ്ങൾ തുടങ്ങുമ്പോൾ നഗരസഭയുടെ ആസ്തി അന്യാധീനപ്പെടുന്നതിന് കാരണമായേക്കാവുന്ന രീതിയിൽ കുത്തകക്കാർ നിർമ്മിതികളോ മറ്റ് പ്രവർത്തനങ്ങളോ നടത്തുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ ഉടർ പരിശോധന നടത്തേണ്ടതാണ്. നഗരസഭയുടെ കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന കുത്തകക്കാരെ ഒഴിപ്പിക്കാനുള്ള നിയമനടപടിയും സ്വീകരിക്കാവുന്നതാണ്.

### 1-19-7 നഗരസഭയുടെ തനത് വരുമാനം ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തു – ലേലത്തിൽ നിന്നുള്ള വരുമാനമുൾപ്പടെ 3.12 കോടി രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നു

നഗരസഭയുടെ ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ, മാർക്കറ്റ് സ്റ്റാളുകൾ തുടങ്ങിയവ ഓരോ വർഷവും പൊതുലേലം നടത്തി കുത്തകാവകാശം നൽകുകയാണ് ചെയ്യുന്നത്. ലേലം കൊള്ളുന്ന വ്യക്തികൾ ഒടുക്കുന്ന ലേലത്തുക നഗരസഭയുടെ തനത് വരുമാനമാണ്. ലേലത്തുക ഒടുക്കുന്ന 340200200 - 'Auction Deposit'എന്ന ശീർഷകത്തിലാണ് ഭൂരിഭാഗവും അക്കൗണ്ട് ചെയ്തതായി കാണുന്നത്. 31.03.2019ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം മേൽ ശീർഷകത്തിൽ 3.12 കോടി രൂപ നഗരസഭയ്ക്ക് ബാദ്ധ്യത ഉണ്ട്. എന്നാൽ 2018-19ലെ 340200200 ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും തൻവർഷത്തെ ലേലത്തുകയും ടി ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമായി.

ലേലത്തിൽ നിന്ന് ലഭിച്ച തനത് വരുമാനത്തിന്റെ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്നതിനാൽ 340200200 'Auction Deposit' എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന 3.12 കോടി രൂപയിൽ എത്ര രൂപയാണ് നഗരസഭയുടെ വരുമാനം എന്നത് വ്യക്തമല്ല. മുൻവർഷങ്ങളിലും ലേലത്തിൽ നിന്നുള്ള വരുമാനം ബാധ്യതയായിട്ടാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബാധ്യതയായി നിലനിൽക്കുന്ന

ഡെപ്പോസിറ്റ് തുക അവ നിക്ഷേപിച്ച വ്യക്തികൾ ആവശ്യപ്പെടുമ്പോൾ തിരിച്ച് നൽകാൻ നഗരസഭ ബാദ്ധ്യസ്ഥരാണ് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. നഗരസഭയുടെ വരുമാനം തെറ്റായി അക്കൗണ്ട് ചെയ്യപ്പെടുന്നതും അഡ്വാൻസായി ലഭിക്കുന്ന വരുമാനം ഡ്യൂ ആകുമ്പോൾ ക്രമീകരിക്കപ്പെടാതിരിക്കുന്നതും നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ പ്രതിഫലിപ്പിക്കുകയില്ല.

വരുമാനത്തുക തെറ്റായി അക്കൗണ്ട് ചെയ്തതിനാൽ വാർഷിക കണക്കുകൾ യഥാർത്ഥ ധനകാര്യ സ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തി സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.58/2018-19 തീയതി 01/01/2020) നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ബാദ്ധ്യതയായി അക്കൗണ്ട് ചെയ്ത തനത് വരുമാനം കൃത്യമായ ശീർഷകത്തിലേയ്ക്ക് ക്രമീകരിക്കേണ്ടതാണ്. നഗരസഭയിലേക്കുള്ള വരവുകൾ (റവന്യൂ, ഡെപ്പോസിറ്റ്, നികുതി) അക്കൗണ്ട് ചെയ്യുമ്പോഴും ഡെപ്പോസിറ്റ് തുകകൾ വരവായി ക്രമീകരിക്കുമ്പോഴും അക്കൗണ്ടിങ്ങ് കൃത്യമായ ശീർഷകങ്ങളിൽ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭാ ഫണ്ടിൽ അവശേഷിക്കുന്ന ബാധ്യത/ ഡെപ്പോസിറ്റ് തുകകൾ ഏതെല്ലാം വ്യക്തികൾ/സ്ഥാപനങ്ങളാണ് ഒടുക്കിയത് എന്നതിന്റെ വിശദാംശം രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. നഗരസഭയുടെ ലേലത്തിൽ നിന്നുള്ള വരുമാനം റവന്യൂ ശീർഷകത്തിലേക്ക് ക്രമീകരിച്ച് അക്കൗണ്ടിങ്ങ് അപാകതകൾ പരിഹരിച്ച് മറുപടി നൽകേണ്ടതാണ്.

## 1-20-1 കെട്ടിട വാടക – പൊതു അപാകതകൾ

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215-ാം വകുപ്പ് (2)(എ) ഉപവകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനായുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകാവുന്നതുമാണ്. ഓഡിറ്റിൽ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നഗരസഭയ്ക്ക് ഷോപ്പിംഗ് കോംപ്ളക്സുകളും സ്റ്റാളുകളും ഓഡിറ്റോറിയങ്ങളും ഉൾപ്പെടെ വാടക ഈടാക്കാവുന്ന 38 കെട്ടിടങ്ങളാണുള്ളത് (392 മുറികൾ). വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ നടപടിക്രമങ്ങളിൽ ധാരാളം അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(1) ബൈലോ തയ്യാറാക്കിയിട്ടില്ല**

നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും പ്രതിപാദിക്കുന്ന ബൈലോ നഗരസഭയിൽ നിലവിലില്ല. വാടക നടപടിക്രമങ്ങളും വ്യവസ്ഥകളും അടങ്ങുന്ന ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

**(2) സെക്യൂരിറ്റി നിക്ഷേപം, വാടക എന്നിവ കൃത്യമായി ഈടാക്കിയിട്ടില്ല**

2018-19 വർഷം നഗരസഭയുടെ ഷോപ്പിംഗ് കോംപ്ളക്സ് മുറികൾ കൈവശം വച്ചിരുന്ന ലൈസൻസികൾ സെക്യൂരിറ്റി നിക്ഷേപം ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ സെക്യൂരിറ്റി നിക്ഷേപം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. ലൈസൻസികൾ വാടക ഒടുക്കാതെ ഷോപ്പിംഗ് കോംപ്ളക്സ് മുറികൾ കൈവശം വച്ചിരുന്നതായി രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. വാടക കുടിശ്ശികയുള്ള ലൈസൻസികളുടെ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്ന് കുടിശ്ശിക ഈടാക്കുകയോ, ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തത് നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം വരുത്തിയിട്ടുണ്ട്.

**(3) നിയമാനുസൃത കരാർ ചമയ്ക്കുന്നില്ല/കരാർ പുതുക്കുന്നില്ല**

ഷോപ്പിംഗ് കോംപ്ളക്സ് മുറികൾ കൈവശം വച്ചിരുന്ന ലൈസൻസികൾ നിയമാനുസൃത കരാർ ചമയ്ക്കാതെയാണ് 2018-19വർഷം തുടർന്നിരുന്നത് എന്ന് ഫയലുകളിൽ നിന്ന് വ്യക്തമാകുന്നു. കരാറിന്റെ അഭാവത്തിൽ വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു.

**(4) ഡിമാന്റ് – കളക്ഷൻ - ബാലൻസ് കണക്കുകൾ തയ്യാറാക്കിയിട്ടില്ല**

വാടക സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കിയിട്ടില്ല. വാർഷിക കണക്കുകളിലും ഡിമാന്റ് തുക കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം വാടക ഒടുക്കാതെ അവശേഷിക്കുന്ന ലൈസൻസികൾ വാർഷിക കണക്കുകളിലെ ഡിമാന്റിൽ നിന്നും ഒഴിവാകുന്ന സാഹചര്യം നിലനിൽക്കുന്നു.

**(5) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

മുൻവർഷങ്ങളിലെ വാടക കുടിശ്ശികയാക്കിയ ലൈസൻസികളുടെ വിശദാംശം ക്രോഡീകരിച്ച് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ മുൻവർഷങ്ങളിൽ കുടിശ്ശിക വരുത്തിയ ലൈസൻസികൾ തുടർവർഷങ്ങളിലും വാടക ഒടുക്കാതെ തുടരുന്ന സാഹചര്യം നിലനിൽക്കുന്നു.

**(6) വാടക നിരക്ക് പുതുക്കുന്നില്ല**

3 വർഷത്തേക്കാണ് മുൻകാലയളവിലെ വാടകയുടെ 20 ശതമാനം കൂടി ചേർത്ത് വാടക പുതുക്കി നിശ്ചയിക്കുന്നത്. 2018-19 വർഷം 3 വർഷത്തെ കാലയളവ് കഴിഞ്ഞിട്ടും വാടക നിരക്ക് പുതുക്കാതെ ലൈസൻസികൾ പഴയ നിരക്കിലുള്ള വാടക ഒടുക്കുന്നതായി കാണുന്നു. വാടക നിരക്ക് പുതുക്കാതിരിക്കുന്നത് നഗരസഭയുടെ തനത് വരുമാന നഷ്ടത്തിന് ഇടയാക്കും.

**(7)വാടക – അക്കൗണ്ടിംഗിലെ അപാകത**

അക്രൂവലായി അക്കൗണ്ട് ചെയ്യേണ്ട വാടക വരുമാനം, ആയത് ലഭ്യമാകുമ്പോൾ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ കണക്കുകൾ ധനകാര്യപത്രികയിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല. ഉദാഹരണത്തിന് 2018-19 വർഷത്തെ വാടകയിനത്തിലെ വരവ് തുക തന്നെയാണ് ഡിമാന്റായി ചേർത്തിരിക്കുന്നത്. ആയതിനാൽ 2018-19വാടക കുടിശ്ശികത്തുക 31.03.2019 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

**(8) ഡിമാന്റ് രജിസ്റ്റർ – വിശദാംശങ്ങൾ പൂർണ്ണമല്ല**

ഡിമാന്റ് രജിസ്റ്ററിൽ വാടക അടവാക്കുന്ന രസീത് നമ്പർ മാത്രമാണ് ചേർക്കുന്നത്. അടവാക്കിയ തുക, ഒടുക്കാൻ അവശേഷിക്കുന്ന തുക എന്നിവ ക്രോഡീകരിച്ച് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ രജിസ്റ്ററിൽ നിന്നും വാടക ഡി.സി.ബി കണക്കുകൾ ലഭ്യമല്ല. രജിസ്റ്ററിലെ കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്തിട്ടില്ല.

കെട്ടിടങ്ങൾ/മുറികൾ വാടകയ്ക്ക് നൽകുന്ന നടപടികളിലും, വാടക പിരിച്ചെടുക്കുന്നതിലും മേൽവിവരിച്ച ഗൗരവപരമായ അപാകതകൾ നിലനിൽക്കുന്നു. പ്രസ്തുത വിഷയങ്ങൾ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും നഗരസഭ നടപടി എടുത്തതായി കാണുന്നില്ല. മേൽ വിഷയത്തിൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.48/2018-19 തീയതി 12/12/2019) നൽകിയതിന് മറുപടി ലഭിച്ചില്ല. വാടക നടപടിക്രമങ്ങളിലെ അപാകതകൾ പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20-2 വാടക ഒടുക്കാതെ ലൈസൻസികൾ തുടരുന്നു - തുടർനടപടികൾ ഇല്ലാത്തതിനാൽ നഗരസഭയുടെ വരുമാനം നഷ്ടം

2018-19 വർഷം നഗരസഭ ഷോപ്പിംഗ് കോംപ്ളക്സ്, ബങ്കുകൾ, തുടങ്ങിയവ കൈവശം വച്ചിരുന്ന ലൈസൻസികൾ വർഷം മുഴുവനും, ഭാഗികമായും വാടക ഒടുക്കാതിരുന്നതായി കാണുന്നു (2018-19 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം). വാടക ഒടുക്കാതെ തുടരുന്ന ലൈസൻസികളെ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നഗരസഭയുടെ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷ വാടക ശീർഷകത്തിൽ കുടിശ്ശികയില്ല. എന്നാൽ 2018-19 ഡിമാന്റ് രജിസ്റ്റർ പ്രകാരം ധാരാളം ലൈസൻസികൾ വാടക ഒടുക്കാനുള്ളതായി കാണുന്നു. ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷ വാടക ഒടുക്കാനുള്ള ലൈസൻസികളുടെ വിശദാംശവും വാടക തുകയും അനുബന്ധം-3 ആയി ചേർക്കുന്നു.

2018-19 സാമ്പത്തിക വർഷം പൂർണ്ണമായും വാടക കുടിശ്ശികയുള്ള ലൈസൻസികളുടെ 8.56 ലക്ഷം രൂപയും ഭാഗികമായി കുടിശ്ശികയുള്ള 2.11 ലക്ഷം രൂപയും ഉൾപ്പെടെ 10.67 ലക്ഷം രൂപ തൻവർഷം ലഭിക്കാനുണ്ട്. കൂടാതെ ഏതാനും ചില മുറികൾ കൈവശം വച്ചിരുന്നവരുടെ പേര്, വാടക തുടങ്ങിയ വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല (ഉദാ.മുനിസിപ്പൽ ആർക്കേഡ് മുറി നം.36). കൃത്യമായി കരാർ ചമയ്ക്കുകയോ, കരാർ കാലയളവ് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ വാടക വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്നും രജിസ്റ്ററിൽ വ്യക്തമല്ല.

വാടക ഡിമാന്റ് രജിസ്റ്ററിലെ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കാതിരുന്നതിനാൽ കൃത്യമായ കണക്കുകളാണോ ധനകാര്യ പത്രികയിലുള്ളത് എന്നത് വ്യക്തമല്ല. വാടക ഒടുക്കാത്ത ലൈസൻസികളുടെ

ഡിമാന്റ് തുക അക്കൗണ്ടിംഗ് പിഴവ് മൂലമാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടാതിരുന്നത് എന്ന് വ്യക്തമാണ്. വാടക കരാർ ചമയ്ക്കാതെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതും, വാടക സെക്യൂരിറ്റി നിക്ഷേപം ഈടാക്കാതെയും വാടക ഒടുക്കാതെയും ലൈസൻസികളെ തുടരാൻ അനുവദിക്കുന്നത് വാടക വരുമാനം നഷ്ടപ്പെടുന്നതിന് ഇടയാക്കും. വാടക നടപടികളിലും തുക ഈടാക്കുന്നതിലും നിലനിൽക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.60/2018-19 തീയതി 07/01/2020) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. 2018-19 വർഷത്തെ വാടക കുടിശിക 10.67 ലക്ഷം രൂപ ഈടാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ വാടക ഡിമാന്റ് രജിസ്റ്ററിൽ ലൈസൻസികളുടെ ഡെപ്പോസിറ്റ്, മാസ വാടക, കരാർ കാലയളവ് എന്നിവ രേഖപ്പെടുത്തേണ്ടതും വാടക ഒടുക്കിന്റെ കണക്കുകൾ ഡി.സി.ബി. ആയി തയ്യാറാക്കേണ്ടതുമാണ്. ലൈസൻസികളുമായി നിയമാനുസൃത കരാർ ചമയ്ക്കേണ്ടതുമാണ്.

2018-19 വർഷം മുനിസിപ്പൽ ആർക്കേഡ് മുറി നം.36 വാടകയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്. വാടകയ്ക്ക് നൽകിയിരുന്നെങ്കിൽ പ്രസ്തുത മുറിയുടെ കുടിശിക വാടക ഈടാക്കേണ്ടതാണ്. അനുബന്ധം-3 യിൽ സൂചിപ്പിച്ച കുടിശിക വാടക ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. വാടക നടപടികൾ, കരാർ ചമയ്ക്കൽ, രജിസ്റ്റർ സൂക്ഷിപ്പ്, അക്കൗണ്ടിംഗ് എന്നീ വിഷയങ്ങളിൽ ചൂണ്ടിക്കാണിച്ച അപാകതകളും അടിയന്തിരമായി പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-20-3 സ്റ്റേഡിയം ഗ്യാലറി-കടമുറികളുടെ വാടക നിരക്കിൽ സ്വാഭാവിക വർദ്ധനവില്ല-നഗരസഭാ ഫണ്ടിന് വരുമാന നഷ്ടം

നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് നൽകിയിരിക്കുന്നതുമായ സ്റ്റേഡിയം ഗ്യാലറിയിലെ വിവിധ കടമുറികളുടെ വാടക നിരക്കിൽ 18 വർഷങ്ങൾക്ക് ശേഷവും സ്വാഭാവിക വർദ്ധനവ് ഉണ്ടായതായി കാണുന്നില്ല. 2001-2002 കാലയളവിൽ നഗരസഭ സ്റ്റേഡിയം ഗാലറിയിലെ വിവിധ കടമുറികൾക്ക് ഈടാക്കിയിരുന്ന പ്രതിമാസ വാടക നിരക്കും (2001-02 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) 2018-19 ൽ (വാടക രജിസ്റ്റർ പ്രകാരം) ഈടാക്കിയ പ്രതിമാസ വാടക നിരക്കും ചുവടെ ചേർക്കുന്നു. ഒട്ടുമിക്ക മുറികളുടെയും ലൈസൻസികളായി ഒരേ വ്യക്തികൾ തന്നെയാണ് തുടർന്ന് വരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര്/ സ്റ്റേഡിയം ഗ്യാലറി/ കടമുറി നം. | 2001-02 കാലയളവിൽ ഈടാക്കിയ പ്രതിമാസ വാടക | 2018-19 ലെ പ്രതിമാസവാടക | റിമാർക്സ് |
|---|---|---|---|---|
| 1 | ബി മോഹനൻ /1 | 250 | 360 (17-18 രജിസ്റ്റർ പ്രകാരം) | R6 – 7764/99 **പൊളിച്ചു പണിയുന്നു.** |
| 2 | പി.എം.തോമസ് /2 | 250 | 432 (17-18 രജിസ്റ്റർ പ്രകാരം) | R6 – 7764/99 |
| 3 | റഹിയാനത്ത് ഷാജുദ്ദീൻ /3 | 355 | 613 (17-18 രജിസ്റ്റർ പ്രകാരം) | R6 – 8881/97 |
| 4 | ശ്രീകുമാർ ഡി / 13 | 420 | 605 | R6 – 736/89 |
| 5 | ടി.ജെ. മൈക്കിൾ / 17 | 420 | 605 | R6 – 2757/92 |
| 6 | ജോസുകുട്ടി മൈക്കിൾ / 18 | 67 | 138 | R6 – 2757/92 |

| | | | | |
|---|---|---|---|---|
| 7 | എ.ആർ.ശശികല / 19 | 153 | 265 | R6 – 2353/98 |
| 8 | മാനേജിംഗ് ട്രസ്റ്റി പുതുജീവൻ ട്രസ്റ്റ് / 15 | 61 | 127 | R6 – 736/89 |
| 9 | അന്ന തോമസ് / 24 | 180 | 260 | R6 – 7960/95 |
| 10 | മിനിമോൾ ജോസഫ് / 25 | 108 | 225 | R6 – 4277/97 |
| 11 | പി.ജെ. ചാക്കോ / 28 | 420 | 420 | R6 – 4307/96 |
| 12 | ടി.ഡി.മണി / 30 | 61 | 88 | R6 – 8944/98 |
| 13 | റാണി ചാക്കോ / 31 | 89 | 154 | R6 – 2138/07 |
| 14 | കെ.കെ.നൗഷാദ് / 32 | 88 | 88 | R6 – 8768/97 |
| 15 | ബിജു പി.എസ്. / 35 | 444 | 533 | R6 – 8188/97 |
| 16 | കെ.ഗോപി / 36 | 80 | 80 | R6 – 10726/97 |
| 17 | പി.കെ.മോഹനൻ / 37 | 97 | 116 | R6 – 2138/92 |
| 18 | വർഗീസ് ആന്റണി / 38 | 97 | 116 | R6 – 2757/92 |
| 19 | സുമ തോമസ് / 23 | 81 | 175 | R6 – 2757/92 |
| 20 | കെ.കെ.ശശീന്ദ്രൻ / 26 | 97 | 200 | R6 – 736/89 |
| 21 | മാത്യു എം. ജോസഫ് / 27 | 217 | 312 | R6 – 7446/97 |
| 22 | വി.എൻ. സജി / 22 | 58 | 101 | R6 – 2757/12 |
| 23 | എ.പി. ആഷിക് / 21 | 121 | 209 | R6 – 2428/94 |
| 24 | വിജയൻ കാർത്തിക ഭവൻ / 16 | 107 | 154 | R6 – 7926/07 |
| 25 | മുഹമ്മദ് രാജ / 12 | 97 | 139 | R6 – 1459/92 |

മേൽ പട്ടികയിൽ നിന്നും മുറികളുടെ വാടക ഇനത്തിൽ 18 വർഷത്തിനു ശേഷവും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നു വ്യക്തമാണ്. 3 വർഷത്തേയ്ക്ക് 20% നിരക്കിൽ വാടക വർദ്ധനവ് പ്രാബല്യത്തിൽ വരുത്തുന്ന രീതിയാണ് നഗരസഭയിൽ അനുവർത്തിച്ച് വരുന്നത്. എന്നാൽ മേൽസൂചിപ്പിച്ച കടമുറികൾക്ക് ഇപ്രകാരമുള്ള നിരക്കിൽ വാടക വർദ്ധനവ് ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ വാടക സംബന്ധിച്ച ബൈലോ ഹാജരാക്കേണ്ടതും നഗരസഭ കട മുറികളുടെ വാടക പുതുക്കുന്നതിന്റെ മാനദണ്ഡവും വാടകയിൽ കാലാനുസൃതമായ മാറ്റം വരുത്താത്തതിന്റെ വിശദീകരണവും

ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/2018-19 തീയതി 13/06/2019) നൽകിയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലായതിനാൽ, പൊളിച്ചു പണിയുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും നഗരസഭ പകരം സംവിധാനം ഒരുക്കുന്ന മുറയ്ക്ക് മാത്രമേ ഒഴിയുകയുള്ളൂവെന്ന് വാടകക്കാർ അറിയിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഈ മറുപടി വാടക വർദ്ധനവ് വരുത്താത്തതിന് കാരണമാകുന്നില്ല.

മേൽവിവരിച്ച വാടകക്കാരുടെ 2002 മുതൽ 2019 വരെയുള്ള കാലയളവിലെ വാടക വർദ്ധനവ് കണക്കാക്കി വാടക പുതുക്കി നിശ്ചയിക്കേണ്ടതാണ്. വർദ്ധനവ് വരുന്ന തുക 2002 മുതൽ 2018-19 വരെയുള്ള ഈടാക്കി കണക്കുകളുടെ വിശദാംശം ഉൾപ്പടെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20-4 നഗരസഭയ്ക്ക് നികുതിയേതര വരുമാനം കുടിശികയിനത്തിൽ ലഭിക്കാനുള്ളത് 8.12 കോടി രൂപ- കുടിശികക്കാരുടെ വിശദാംശം നഗരസഭയിൽ ലഭ്യമല്ല- ഭീമമായ വരുമാന നഷ്ടത്തിന് സാധ്യത

31.03.2019-ലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ശീർഷകങ്ങളിൽ നഗരസഭയ്ക്ക് നികുതിയേതര വരുമാനം ലഭിക്കാനുണ്ട്. എന്നാൽ പ്രസ്തുത നികുതിയേതര വരുമാനം ഏതെല്ലാം കാലയളവിലേതാണെന്നും (സാമ്പത്തിക വർഷം തിരിച്ച്) ഏതെല്ലാം വ്യക്തികൾ/സ്ഥാപനങ്ങളാണ് തുക ഒടുക്കാനുള്ളത് എന്നുമുള്ള രജിസ്റ്ററുകളും ഫയലുകളും കണക്കുകളും ലഭ്യമാക്കിയിട്ടില്ല. 2018-19 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് പ്രകാരം 31/03/2019 ൽ ലഭ്യമാകാനുള്ള നികുതിയേതര വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് | തുക |
|---|---|---|---|
| 1. | 431400102 | Rent Receivable from Civic Amenities(Arrears) | 8,809,262 |
| 2. | 431400107 | Rent Receivable from Lease on Land(Current) | 7,268,538 |
| 3. | 431400108 | Rent Receivable from Lease on Land(Arrears) | 509,413 |
| 4. | 431409901 | Other Receivables(Current) | 24,491,609 |
| 5. | 431409902 | Other Receivables(Arrears) | 40,132,647 |
| ആകെ 31/03/2019-ൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക | | | **81,211,469** |

മേൽവിവരിച്ച 5 ശീർഷകങ്ങളിൽ നിലനിൽക്കുന്ന 8.12 കോടി രൂപ നഗരസഭയിൽ ഒടുക്കാനുള്ള വ്യക്തി/സ്ഥാപനങ്ങളുടെ പേര്, വിലാസം, കുടിശ്ശികക്കാലയളവ്(സാമ്പത്തിക വർഷം തിരിച്ച്), ആകെത്തുക എന്നിവയുടെ വിശദമായ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി അടിയന്തിരമായി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.49/2018-19 തീയതി 16/12/2019) നൽകിയെങ്കിലും നഗരസഭ സെക്രട്ടറി വിശദാംശം ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തില്ല. നഗരസഭയ്ക്ക് ലഭിക്കാനുള്ളതായി കാണുന്ന മേൽവിവരിച്ച 8.12 കോടി രൂപയുടെ നികുതിയേതര വരുമാനം ഒടുക്കാനുള്ള സ്ഥാപനങ്ങളുടെ/ വ്യക്തികളുടെ വിശദാംശം കണ്ടെത്തി കൃത്യമായ രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതാണ്. കുടിശിക വരുത്തിയ തുക 8.12 കോടി രൂപയും പിഴപ്പലിശയും സഹിതം അടിയന്തിരമായി ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നഗരസഭയുടെ വരുമാനം ഈടാക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ആയത് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാരുടെയും സെക്രട്ടറിയുടെയും ബാധ്യതയായിത്തീരുമെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

നഗരസഭ ഫണ്ടിലേക്ക് ലഭിക്കാനുള്ള 8 കോടിയിലധികം രൂപയുടെ വിശദാംശവും രേഖകളും സൂക്ഷിക്കാതിരിക്കുന്ന നടപടി നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയം നഗരസഭ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. നഗരസഭയുടെ കുടിശിക നികുതിയേതര വരുമാനം ഈടാക്കാനുള്ള നടപടികളുടെ വിശദാംശം കുടിശിക തുക നഗരസഭ ഫണ്ടിൽ ഒടുക്കുന്ന മുറയ്ക്ക് രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ സെക്രട്ടറി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-20-5 വാടക നിക്ഷേപം - കണക്കുകൾ സൂക്ഷിച്ചിട്ടില്ല – വാടക ഒടുക്കാത്തവരുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല

31.03.2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം വാടക നിക്ഷേപം (Rent Deposit) ഇനത്തിൽ 1.06 കോടി രൂപ നഗരസഭയ്ക്ക് ബാദ്ധ്യതയായി 340200100 -Rent Deposit ശീർഷകത്തിൽ കാണുന്നു. എന്നാൽ ടി തുക ഏതെല്ലാം ലൈസൻസികളാണ് ഒടുക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭ 2018-19 വർഷം വിവിധ ഷോപ്പിംഗ് കോംപ്ലക്സ്, ബങ്കുകൾ, സ്റ്റേഡിയം, സ്റ്റാളുകൾ എന്നിവിടങ്ങളിലായി 392 മുറികൾ വാടകയ്ക്ക് നൽകിയിരുന്നു (ഡിമാന്റ് രജിസ്റ്റർ പ്രകാരം). എന്നാൽ ടി കുത്തകക്കാർ എല്ലാം വാടക നിക്ഷേപം (Rent Deposit) ഒടുക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. ധാരാളം ലൈസൻസികൾ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതായും 31.03.2019ലെ ബാലൻസ് ഷീറ്റ് ബി-15 പ്രകാരം 1.65 കോടി രൂപ വാടകയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ളതായും വ്യക്തമാകുന്നു. കൃത്യമായി വാടക നിക്ഷേപം ഈടാക്കിയിരുന്നെങ്കിൽ കുടിശ്ശിക വരുത്തുന്നവരുടെ നിക്ഷേപം നഗരസഭ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി ലൈസൻസികളെ ഒഴിപ്പിക്കാൻ നഗരസഭയ്ക്ക് സാധിക്കുമായിരുന്നു.

നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടുള്ള വാടക നിക്ഷേപത്തിന്റെ വിവരങ്ങൾ നിക്ഷേപ രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കുന്നതിനും കുടിശ്ശിക വരുത്തിയവരുടെ നിക്ഷേപത്തിൽ നിന്ന് വാടകകുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി ലൈസൻസികളെ ഒഴിപ്പിക്കാതെ തുടരാൻ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.56/2018-19 തീയതി 23/12/2019) നൽകിയതിന് സെക്രട്ടറി മറുപടി നൽകിയില്ല. നഗരസഭ ഫണ്ടിൽ അവശേഷിക്കുന്ന വാടക നിക്ഷേപം ഏതെല്ലാം ലൈസൻസികളാണ് ഒടുക്കിയിട്ടുള്ളത് എന്നുള്ള വിശദാംശം ക്രോഡീകരിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വാടക നിക്ഷേപം നഗരസഭ ഫണ്ടിൽ ഒടുക്കാതെ ലൈസൻസികൾ തുടരുന്നുണ്ടെങ്കിൽ അവരിൽ നിന്ന് നിക്ഷേപം അടിയന്തിരമായി ഈടാക്കേണ്ടതാണ്. കുടിശിക വരുത്തിയ ലൈസൻസികളുടെ നിക്ഷേപം നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നുണ്ടെങ്കിൽ പ്രസ്തുത നിക്ഷേപം മുതൽക്കൂട്ടി ലൈസൻസികളെ ഒഴിപ്പിച്ച് മുറികൾ പുനർലേലം ചെയ്യേണ്ടതാണ്.

വാടക നിക്ഷേപ(Rent Deposit) കണക്കുകൾ സൂക്ഷിക്കാത്തതും വാടക കുടിശിക വരുത്തുന്നവരെ തുടരാൻ അനുവദിക്കുന്നതും നഗരസഭയുടെ സാമ്പത്തികസ്ഥിതിയെ ബാധിക്കുമെന്നത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. എല്ലാ വടക ലൈസൻസികളിൽ നിന്നും വാടക നിക്ഷേപം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വാടക നിക്ഷേപ(Rent Deposit) രജിസ്റ്ററിൽ കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതും മേൽപറഞ്ഞ നടപടികൾ പൂർത്തീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-20-6 വാടക നിരക്ക് പുതുക്കിയില്ല – നഗരസഭയ്ക്ക് 5.7 ലക്ഷം രൂപ നഷ്ടം

നഗരസഭയുടെ 2018-19 വാടക ഡിമാന്റ് രജിസ്റ്ററിലെ വിശദാംശങ്ങൾ പരിശോധിച്ചതിൻപ്രകാരം വാടക നിരക്ക് പുതുക്കി നിശ്ചയിക്കാതെ ലൈസൻസികളെ തുടരാൻ അനുവദിച്ചതു മൂലം വാടകയിനത്തിൽ 5.7 ലക്ഷം രൂപ നഷ്ടമായി. ലൈസൻസികളുടെ വാടക നിരക്ക് മൂന്ന് വർഷം കൂടുമ്പോൾ 20% വർദ്ധനവ് വരുത്തുന്നതാണ് എന്നാണ് പൊതുവാടക നിബന്ധനകളിൽ കാണുന്നത്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിനു മുൻപ് കരാർ അവസാനിച്ച ലൈസൻസികളുടെ വാടകയിൽ വർദ്ധനവ് വരുത്തി ഈടാക്കിയിട്ടില്ല.

വാടക വർദ്ധനവ് വരുത്താതെ പഴയ നിരക്കിലുള്ള വാടക ഈടാക്കിയതുമൂലം 2018-19 വർഷം നഗരസഭയ്ക്ക് 570,393/- രൂപയുടെ വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. പ്രസ്തുത തുകയുടെ ജി.എസ്.റ്റിയും ഈടാക്കേണ്ടതായിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കുത്തകക്കാരൻ | കരാർ അവസാനിച്ച | മാസ വാടക ഈടാക്കിയത് | ഈടാക്കേണ്ടത് | നഷ്ടം |
|---|---|---|---|---|---|

| | | തീയതി | | | |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| **മുനിസിപ്പൽ ആർക്കേഡ്** | | | | | |
| 2 | മനോജ് പി.ജി | 31.03.2018 | 3,108 | 3,730 | 622x12=7,464 |
| 3 | റ്റി.എ.മുഹമ്മദ് ഇസ്മായിൽ | 31.03.2018 | 3,585 | 4,302 | 717x12=8,604 |
| 7A | കാസിം ബാവ | 31.01.2018 | 3,123 | 3,748 | 625x12=7,500 |
| 8 | വി.ഒ.അർഷാദ് | 31.03.2018 | 4,556 | 5,467 | 911x12=10,932 |
| 10 | പി.എ.അൻസാരി | 31.03.2018 | 2866 | 3439 | 573x12=6,876 |
| 11 | ചാക്കോ തോമസ് | 31.03.2018 | 4,301 | 5,161 | 860x12=10,320 |
| 12 | സോണി ജോസഫ് | 31.11.2016 | 3,585 | 4,302 | 717x12=8,604 |
| 12A | പ്രിൻസ് മാത്യു | ലഭ്യമല്ല | 3,605 | 4,326 | 721x12=8,652 |
| 21 | പി.എ.അമ്പി,ഓവേലിൽ | 31.03.2018 | 2,205 | 2,646 | 441x12=5,292 |
| 22 | ആർ.വിജയകുമാർ | 31.03.2017 | 3,307 | 3,968 | 661x12=7,932 |
| 29 | പി.എ.നസീമ ബീവി | രജിസ്റ്ററിൽ ലഭ്യമല്ല | 2,987 | 3,584 | 597x12=7,164 |
| 32 | ആന്റണി ജോസഫ് | രജിസ്റ്ററിൽ ലഭ്യമല്ല | 2,987 | 3,584 | 597x12=7,164 |
| 33 | സിബി തോമസ് | രജിസ്റ്ററിൽ ലഭ്യമല്ല | 1,628 | 1,954 | 326x12=3,912 |
| 34 | പദ്മ.വി.കുമാർ | രജിസ്റ്ററിൽ ലഭ്യമല്ല | 5,423 | 6,508 | 1085x12=13,020 |
| 35 | അബ്ദുൾ വഹാബ് | രജിസ്റ്ററിൽ ലഭ്യമല്ല | 4,920 | 5,904 | 984x12=11,808 |
| 37 | അബ്ദുൾ വഹാബ് | 30.09.2015 | 3,606 | 4,327 30/09/2018 5,192 01/10/2018-31 /03/2019 | 721x6=4,326 1586x6=9516 |
| 38 | ആന്റണി ഫ്രാൻസിസ് | രജിസ്റ്ററിൽ ലഭ്യമല്ല | 1,464 | 1,757 | 293x12=3,516 |
| 41 | ജോസ് മാത്യു, ഇടയാടിയിൽ | രജിസ്റ്ററിൽ ലഭ്യമല്ല | 2,290 | 2,748 | 458x12=5,496 |
| **റൂം അണ്ടർ റാംപ് - മുനിസിപ്പൽ ആർക്കേഡ്** | | | | | |
| 1 | വൽസലകുമാരി | 31/03/2018 | 548 | 658 | 110x12=1,320 |
| 4 | റഹ്മാൻ എം.എ | 31/03/2018 | 396 | 475 | 79x12=948 |
| 5 | റഹ്മാൻ എം.എ | 31/03/2018 | 396 | 475 | 79x12=948 |
| **സ്റ്റെയർ കെയ്സ് റൂം** | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | സീന മാത്യു | 31/03/2018 | 345 | 414 | 69x12=828 |
| 2 | കെ.സി.ജോർജ്ജ് കുട്ടി | 31/03/2018 | 1,493 | 1,792 | 299x12=3,588 |
| **ബങ്ക് നം.1ബസ് സ്റ്റാന്റ്** | | | | | |
| 7 | സാബു ജോസഫ് | രജിസ്റ്ററിൽ ലഭ്യമല്ല | 326 | 391 | 65x12=780 |
| 8 | ഗോപകുമാർ ജി | രജിസ്റ്ററിൽ ലഭ്യമല്ല | 1,000 | 1,200 | 200x12=2,400 |
| **ബങ്ക് നം.2 ബസ് സ്റ്റാന്റ്** | | | | | |
| 6 | കെ.പി.ശ്യാമപ്രസാദ് | 28.03.2018 | 801 | 961 | **160x12=1,920** |
| 18 | നൂർജഹാൻ നൗഷാദ് | ലഭ്യമല്ല | | | |
| 19 | സുഹ്റ ബീവി | 31.03.2016 | 422 | 506 | 84x12=1,008 |
| **ഷോപ്പിംഗ് സെന്റർ നിയർ മുനിസിപ്പൽ ഓഫീസ്** | | | | | |
| 6 | അഷറഫ് റഹ്മാൻ | 31.03.2018 | 8,210 | 9,852 | 1642x12=19,704 |
| **പെരുന്ന ഷോപ്പിംഗ് സെന്റർ** | | | | | |
| 1 | ജയദംബിക, ജയഭവൻ | 31.03.2018 | 1,433 | 1,720 | 287x12=3,444 |
| 4 | സജൻ എസ്, പട്ടത്തിൽ | 31.03.2018 | 1,630 | 1,956 | 326x12=3,912 |
| 5 | സുരേഷ് കുമാർ, ആയിക്കര | 31.03.2018 | 1,485 | 1,782 | 297x12=3,564 |
| 6 | എ.വി.സജി | 28.02.2018 | 2,987 | 3,584 | 597x12=7,164 |
| 1 | സൂപ്രണ്ട് സെൻട്രൽ എക്സൈസ് | 31.03.2018 | 5,788 | 6,946 | 1,158x12=13,896 |
| **സ്റ്റെയർ കേസ് റൂം** | | | | | |
| 3 | ജോസ് ചെറിയാൻ | 23.09.2016 | 1,037 | 1,244 | 207x12=2,484 |
| 4 | സെബാസ്റ്റ്യൻ പോൾ | 23.09.2016 | 760 | 912 | 152x12=1,824 |
| 5 | ജോസഫ് ചാക്കോ കാർത്തികപ്പള്ളി | ലഭ്യമല്ല | 830 | 996 | 166x12=1,992 |
| 7 | സാം ജോൺ കുറ്റിക്കൽ | 31.03.2018 | 1,485 | 1,782 | 297x12=3,564 |
| **ലൈബ്രറി ബിൽഡിംഗ്** | | | | | |
| 1 | പി.എ.രാമകൃഷ്ണൻ | 31.01.2018 | 17,170 | 20,604 | 3434x12=41,208 |
| 3 | ഡോ.ആലീസ് ജോസ് | 31.03.2018 | 11,457 | 13,748 | 2291x12=27,492 |
| 4 | ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് ഓഫീസ്- റബർ ബോർഡ് | 25.08.2015 | 13,788 | 16546 (25.08.18 വരെ) 19855 (26.08.18 -31.3.19) | 2758x5=13,790 6067x7=42,469 |
| 5 | വി.എസ്.ജോസഫ് | 31.05.2017 | 1,200 | 1,440 | 240x12=2,880 |
| **മിനി ഷോപ്പിംഗ് സെന്റർ, നിയർ സ്റ്റേഡിയം** | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | ജോസഫ് ചാക്കോ | 30.11.2017 | 3,110 | 3,732 | 622x12=7,464 |
| 2 | അലക്സ് ജേക്കബ്, കാവാലം | 30.11.2017 | 2,592 | 3,110 | 518x12=6,216 |
| 3 | പി.സജ്ജീവ്, വൈക്കത്ത് വീട് | 30.11.2017 | 2,592 | 3,110 | 518x12=6,216 |
| 4 | അസിസ്റ്റന്റ് മാനേജർ, ഹോർട്ടികോർപ്പ് | 30.11.2017 | 3,455 | 4,146 | 691x12=8,292 |
| **ഷോപ്പ് കം ഓഫീസ് (വണ്ടിപ്പേട്ട)** | | | | | |
| 1&2 | ആന്റണി കുര്യൻ | 23.9.2016 | 3,456 | 4,147 | 611x12=8,292 |
| 3 | ബിൻസൺ ജോസഫ് | 31.08.16 | 2,240 | 2,688 | 448x12=5,376 |
| 4 | പി.എം.ജോസഫ് | - | 1,245 | 1,494 | 249x12=2,988 |
| **നം.2 ബസ് സ്റ്റാന്റ് ഷോപ്പ്** | | | | | |
| 1 | ലിസമ്മ അഗസ്റ്റ്യൻ | 13.2.18 | 4,217 | 5,060 | 843x12=10,116 |
| 2 | വി.എ.അഗസ്റ്റിൻ | 13.2.18 | 3,007 | 3,608 | 601x12=7,212 |
| 6 | പി.മുരളീധരൻ | 24.4.18 | 3,430 | 4,116 | 686x11=7,546 |
| 12 | മുഹമ്മദ് റിയാസ് & സബീന ബീവി | 27.1.2017 | 4,800 | 5,760 | 960x12=11,520 |
| 15 | ജ്യോതിഷ് കെ.ആർ | 31.5.15 | 3,526 | 4,231/- 1.4.2018 -31.5.2018 5077/- 1.6.2018-31.3.2019 | 705x2=1,410 1551x10=15,510 |
| **ബസ് ടെർമിനൽ, പെരുന്ന** | | | | | |
| 15 | റ്റി.ജെ.ജേക്കബ് | 01.2.2018 | 7,976 | 9,571 | 1595x12=19140 |
| **മുനിസിപ്പൽ പാർക്ക്,റസ്റ്റ് ഹൗസ്, കാന്റീൻ** | | | | | |
| 3 | രാജേഷ് കെ.എസ്, കുന്നംപുറത്ത് | 30.04.2018 | 3,300 | 3,960 | 660x11=7,260 |
| **വെജിറ്റബിൾ മാർക്കറ്റ്** | | | | | |
| 1 | വർഗ്ഗീസ് ജോസഫ് | 30.4.2016 | 660 | 792 | 132x12=1584 |
| 2 | വർഗ്ഗീസ് ജോസഫ് | 30.4.2016 | 660 | 792 | 132x12=1584 |
| 3 | അമ്മിണി അമ്മാൾ, കാഞ്ഞിരക്കാട്ട് | 31.12.2015 | 600 | 720 01/04/2018-31/12/2018 864 1/1/2019-/3/2019 | 120x9=1080 264x3=792 |
| **ഫിഷ് മാർക്കറ്റ്** | | | | | |
| 2 | ബാബു ആന്റണി, പുതുപ്പറമ്പിൽ | 14.2.2017 | 418 | 502 | 84x12=1008 |

| | | | | | |
|---|---|---|---|---|---|
| 3 | ആൻസി മനോജ്, വള്ളിക്കാട്ട് | 30.11.2015 | 576 | 691<br>01/04/2018-30/11/2018<br>829<br>01/12/2018-31/03/2018 | 115x8=920<br>253x4=1012 |
| വേഴക്കാട്ട് ചിറ, ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 1 | ഷാജി നൈനാൻ | 31.08.2018 | 2,592 | 3,110 | 518x7=3,626 |
| 2 | ഷാജി നൈനാൻ | 30.11.2016 | 2,592 | 3,110 | 518x12=6,216 |
| 3 | ബാബു സ്കറിയ | 30.11.2016 | 2,592 | 3,110 | 518x12=6,216 |
| 4 | സുമ തങ്കപ്പൻ | 30.11.2016 | 2,592 | 3,110 | 518x12=6,216 |
| 6 | അക്കാമ്മ ജോൺ | ലഭ്യമല്ല | 2,592 | 3,110 | 518x12=6,216 |
| 8&11 | കെ.റ്റി.തോമസ് | 30.09.2015 | 2,075 | 2,490<br>30/09/2018 വരെ<br>2,988<br>31/03/2019 വരെ | 415x12=2,490<br>913x6=5,478 |
| 9 | കെ.റ്റി.തോമസ് | ലഭ്യമല്ല | 1,080 | 1,296 | 216x12=2592 |
| ഷോപ്പിംഗ് സെന്റർ നിയർ സ്റ്റേഡിയം | | | | | |
| 1 | ജെസി ജോബ് | 31.03.2015 | 3,346 | 4,818 | 1472x12=17,664 |
| 2 | എം.റ്റി സനൽകുമാർ | 31.03.2015 | 2,508 | 3,612 | 1104x12=13,248 |
| 3 | സി.കെ.ലൈസമ്മ | 31.03.2018 | 3,346 | 4,015 | 669x12=8028 |
| 4 | പി.എച്ച്.അഷറഫ് | 31.03.2018 | 3,600 | 4,320 | 720x12=8640 |
| | **ആകെ- 5,70,393/-** | | | | |

നഗരസഭയുടെ വരുമാന നഷ്ടത്തിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.68/22.01.2020) നൽകിയതിന് സെക്രട്ടറി മറുപടി നൽകിയില്ല. വാടക രജിസ്റ്ററിൽ നിലവിൽ വിശദാംശം ലഭ്യമല്ലാത്ത മേൽപട്ടികയിലെ വിവരങ്ങൾ ചേർത്ത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വാടക നിരക്കിൽ വർദ്ധനവ് വരുത്തി മേൽപറഞ്ഞ ലൈസൻസികളുടെ കുടിശിക പിഴപ്പലിശ സഹിതവും ആനുപാതിക GST യും ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21-1 തൊഴിൽ നികുതി -ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കൽ - അപാകതകൾ

### I. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -നഗരസഭയ്ക്ക് നഷ്ടം

2018-19 വർഷത്തെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതുമൂലം നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഒന്നാം അർദ്ധവർഷം**

| ക്രമ നം. | വാർഡ് നം. | സ്ഥാപനം | ജീവനക്കാരുടെ പേര്/തസ്തിക | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | VIII | താലൂക്ക് ഓഫീസ്, ചങ്ങനാശ്ശേരി | ശാന്തിനി രാജൻ, എൽ.ഡി.സി | 1,31,100 | 1,250 | 1,000 | 250 |
| 2 | " | ,, | ശ്രീരേഖ.ആർ എൽ.ഡി.സി | 1,13,850 | 1,000 | 750 | 250 |
| 3 | " | സപ്ളെ ഓഫീസ്, ചങ്ങനാശ്ശേരി | പ്രഭാകുമാരി, പി.റ്റി.എസ് | 68,151 | 600 | 450 | 150 |
| 4 | XIX | റബർ ബോർഡ് റീജിയണൽ ഓഫീസ്, ചങ്ങനാശ്ശേരി | സുധാകുമാരി കെ.സി, സെക്ഷൻ ഓഫീസർ | 3,76,212 | 1,250 | 850 | 400 |
| 5 | " | ,, | പ്രശാന്ത് കുമാർ, അസിസ്റ്റന്റ് | 3,33,840 | 1,250 | 626 | 624 |
| 6 | " | ,, | റെജിമോൻ, അസിസ്റ്റന്റ് | 3,14,580 | 1,250 | 626 | 624 |
| 7 | ,, | യൂക്കോ ബാങ്ക്, ചങ്ങനാശ്ശേരി | ഷഹീർ.എസ്. അസിസ്റ്റന്റ് മാനേജർ | 2,71,362 | 1,250 | 834 | 416 |
| 8 | " | " | അഞ്ജലി ബി.റ്റി, അസിസ്റ്റന്റ് മാനേജർ | 2,65,482 | 1,250 | 416 | 834 |

**രണ്ടാം അർദ്ധവർഷം**

| ക്രമ നം. | വാർഡ് നം. | സ്ഥാപനം | ജീവനക്കാരുടെ പേര്/തസ്തിക | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 1 | II | സെന്റ് തെരേസാസ്, വാഴപ്പള്ളി | ജിൻസ് മോൻ ജെയിംസ്, FTM | 1,28,250 | 1,250 | 1,000 | 250 |
| | | | ആകെ.- ₹3,798/- | | | | |

നികുതി നിർണ്ണയിച്ചതിൽ കുറവ് വന്ന ₹ 3,798/- ഈടാക്കിവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

II ഓഡിറ്റിനായി ഹാജരാക്കിയ ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി പത്രികകളോടൊപ്പം നഗരസഭയിലെ റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയ അർദ്ധവാർഷിക പത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (സെക്രട്ടറി, AUEGS ജീവനക്കാർ, IKM ജീവനക്കാർ ഒഴികെ). വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയ പത്രികയും, തൊഴിൽ നികുതി അടവാക്കേണ്ട എല്ലാ ജീവനക്കാരുടെയും വരുമാന വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**III വിമുക്തഭടന്മാരായ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

നഗരസഭയുടെ 25-ാം വാർഡിൽ പ്രവർത്തിക്കുന്ന സിൻഡിക്കേറ്റ് ബാങ്കിലെ വിമുക്ത ഭടൻമാരായ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി 2018-19ലെ രണ്ട് അർദ്ധവർഷത്തിലും ഈടാക്കിയിട്ടില്ല.

1. ചെറിയാൻ ജോർജ്ജ് - ക്ലർക്ക്

2. അംബരീഷ് മോഹൻ - ക്ലർക്ക്

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 42/18-19 തീയതി,31.10.2019 ന് മറുപടി നൽകിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതും ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വെയ്ക്കേണ്ടതുമാണ്. ഇവർ മുൻവർഷങ്ങളിൽ ടി സ്ഥാപനത്തിൽ ജോലി നോക്കിയിട്ടുണ്ടെങ്കിൽ പിഴപ്പലിശ സഹിതം തൊഴിൽ നികുതി ഈടാക്കി അടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21-2 തൊഴിൽ നികുതി - ട്രേഡേഴ്സ് അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ചുമത്താവുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസസ്മെന്റ് രജിസ്റ്റർ നഗരസഭ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടി രജിസ്റ്റർ സൂക്ഷിക്കാതെ ഡിമാന്റ് രജിസ്റ്റർ മാത്രമാണ് നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ളത്. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 257-ാം വകുപ്പ്, 2005ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10എ എന്നിവ പ്രകാരം ചട്ടം 8-ൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നഗരസഭയിലെ ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേരു മാത്രം രേഖപ്പെടുത്തി ഓരോ അർദ്ധവർഷവും ആകെ അടച്ച

തുകയുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതു മൂലം കുടിശ്ശിക നികുതിപ്പിരിവ് നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം അനവധി സ്ഥാപനങ്ങൾ 2018-19 ഒന്ന്/രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഒടുക്കാത്തതായി കണ്ടു. തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയിട്ടുള്ളത് സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയും വ്യക്തമാക്കുന്നു. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ I മുതൽ VIII വരെയുള്ള വാർഡുകളിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ( അനുബന്ധം 4) ചേർക്കുന്നു

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.47/18-19) മറുപടി ലഭിച്ചില്ല.വാർഡ് 1 മുതൽ 8 വരെ മാത്രം ഇത്രയധികം തൊഴിലുടമകൾ/വ്യാപാരികൾ നികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവായിട്ടുണ്ടെങ്കിൽ നഗരസഭയ്ക്ക് ഭീമമായ വരുമാന ചോർച്ച ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാണ്. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈടാക്കാത്ത നികുതികൾ തുടർന്ന് ഡിമാന്റ് ചെയ്യുന്നതിനോ/ഈടാക്കുന്നതിനോ സാധിക്കാതെ നികുതി വരവിനത്തിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽ നികുതിയിനത്തിൽ ഒടുക്കേണ്ടതായ തുക പിഴപ്പലിശ സഹിതം ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-21-3 ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കുന്നില്ല

2018-19 വർഷത്തെ ട്രേഡേഴ്സ് ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ എന്നിവ ഒത്തുനോക്കിയതിൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ലൈസൻസ് നേടിയത് ഏത് ആവശ്യത്തിന് |
|---|---|---|---|
| 1. | IX / 204 | മാർട്ടിൻ ജോസഫ് | ഉണക്കമീൻ വ്യാപാരം |
| 2. | IX /372 | ഡോളിമ്മ വിൻസന്റ് | തേങ്ങ വ്യാപാരം |
| 3. | IX /392 | കുര്യാക്കോസ് ഫിലിപ്പ് | ശർക്കര വ്യാപാരം |
| 4. | XXI /254(1) | റീന കുര്യൻ | വസ്ത്ര വ്യാപാരം |
| 5. | XXI / 102 | സെബാസ്റ്റ്യൻ എ | പലചരക്ക് വ്യാപാരം |
| 6. | XXI /523(1,2) | തോമസ് പി. ഡി | ഇറച്ചിക്കോഴി / മീൻ കച്ചവടം |
| 7. | XVII / 67 | സാജൻ എസ് | ഓട്ടോമൊബൈൽ സ്പെയർ പാർട്സ് |
| 8. | XVII / 379 | തോമസ് തോമസ് | പച്ചക്കറി വ്യാപാരം |
| 9. | XVII / 496(1) | വിജയൻ കെ. ആർ | കല്ലുകളുടെ വ്യാപാരം |
| 10. | XVIII / 62(2) | ശാലിനി ഇന്ദുകുമാർ | ബിൽഡിംഗ് മെറ്റീരിയൽ |
| 11. | XVIII/ 362 (2,3,4) | ഷാഹുൽ ഹമീദ് | റെഡിമെയ്ഡ് ഗാർമൻസ് |
| 12. | XXII / - | സാലിമോൻ | സർജിക്കൽ ആശുപത്രി ഉപകരണങ്ങൾ |
| 13. | XXIV / 5 | റ്റി ജെ വർഗ്ഗീസ് | സ്നാക്സ് / ചായ വിൽപ്പന |
| 14. | XXIV / 183(1) | അബ്ദുൾ റഹിം | ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം |
| 15. | XXIV / 243 | മിനി ഷാജി | പോളിഷ് / ടിന്നർ etc |
| 16. | XXIV / 415(5) | വിനീത് കുമാർ | അലുമിനിയം ഫാബ്രിക്കേഷൻ |

| | | | |
|---|---|---|---|
| 17. | XXIV / 463 | ബിജു നൈനാൻ | സ്റ്റേഷനറി |
| 18. | XXIV / 547 | നഫീൻ സഫർ | മെഷനറികളുടെ നിർമ്മാണം |
| 19. | XXIV / 573(1) | വിജയമ്മ പ്രഭാകരൻ | തയ്യൽക്കട |

മേൽ സൂചിപ്പിച്ച വാർഡുകൾ കൂടാതെ മറ്റു വാർഡുകളിൽ ഇതേ പ്രകാരം തൊഴിൽ നികുതി ഈടാക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പക്ഷം പരിശോധിച്ച് ബോധ്യപ്പെട്ട് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.63/18-19, തീയതി 09.01.2020 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് നേടി പ്രവർത്തിച്ച മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-22-1 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - പൊതു അപാകതകൾ, ലൈസൻസ് എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

**I പൊതു അപാകതകൾ**

നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ 2018-19 വർഷത്തെ ലൈസൻസ് ഫീസ് രജിസ്റ്ററുകൾ, ലൈസൻസ് ലഭിക്കുന്നതിനായി നൽകിയ അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. നഗരസഭ പരിധിയിലുള്ള വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള പേരു വിവരപ്പട്ടിക നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടി പ്രവർത്തിച്ചു എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
2. പുതിയ ലൈസൻസ് ലഭിക്കുന്നതിനായി വ്യാപാരം തുടങ്ങുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്നിരിക്കെ മിക്ക സ്ഥാപനങ്ങളും വ്യാപാരം തുടങ്ങിയ ശേഷമാണ് ലൈസൻസിനുള്ള അപേക്ഷ നൽകിയിരിക്കുന്നത്. അതുപോലെതന്നെ നിലവിലുള്ള ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30-ൽ കുറയാത്ത ദിവസത്തിന് മുമ്പ് അപേക്ഷ സമർപ്പിക്കണമെന്നിരിക്കെ ആയതിനുള്ള അപേക്ഷകൾ സാമ്പത്തികവർഷം ആരംഭിച്ച് മാസങ്ങൾക്ക് ശേഷം മാത്രം സമർപ്പിച്ചു ലൈസൻസ് നേടിയെടുക്കുന്ന പ്രവണതയാണ് നിലനിൽക്കുന്നത്.
3. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിന് സ്ഥലപരിശോധന നടത്തിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് നല്കിയിട്ടുള്ളത്.
4. ലൈസൻസ് രജിസ്റ്ററിൽ ഡി. സി. ബി. പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ടി അപാകതകൾ പരിഹരിക്കുന്നതിന് നഗരസഭ തലത്തിൽ കൈക്കൊണ്ട നടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

**II ലൈസൻസ് എടുക്കാതെ /പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

(1) 2017-18 വർഷത്തിൽ ലൈസൻസ് നേടിയ സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് ഇല്ലാതെ നഗരസഭ പരിധിയിൽ പ്രവർത്തിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നമ്പർ | കട ഉടമകളുടെ പേര് | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|
| 1. | XXI /98 | സീനത്ത് ഇസ്മായിൽ | ഇലക്ട്രിക്കൽ റിപ്പയറിംഗ് |
| 2. | XXI / 135(6) | ബാബു കെ | ഗ്ലാസ് / പ്ലൈവുഡ് |

| | | | |
|---|---|---|---|
| 3. | XXIII /374(3,4,) | രജനി ശശികുമാർ | ഫർണ്ണീച്ചർ |
| 4. | XXIV / 75(1) | ഷാജി ജോർജ് | അക്വോറിയം |
| 5. | XXIV / 415(5) | വിനീത് കുമാർ | അലുമിനീയം ഫേബ്രിക്കേഷൻ |
| 6. | XXVI / 6 | ജഗദീശ്ചന്ദ്രൻ | ഓട്ടോറിക്ഷ വർക്ക്ഷോപ്പ് |
| 7. | XXVI / 7 | രാധ മോഹൻദാസ് | അപ്ഹോൾസ്റ്ററി |
| 8. | XXVI / 100 | സജി തോമസ് | ഫോട്ടോസ്റ്റാറ്റ് /ലേഡീസ് സ്റ്റോർ |
| 9. | XXVI / 176 | ആനിയമ്മ മാത്യൂ | ഫർണ്ണീച്ചർ വിൽപ്പന |
| 10. | XXVI / 205(10) | ജോബി ജോസഫ് | സേഫ്റ്റി പ്രൊവിഷൻ ട്രെയിനിംഗ് |
| 11. | XXVI / 225(2) | പ്രകാശ് | വെൽഡിംഗ് വർക്സ് |
| 12. | XXVI / 410(1) | ജോസഫ് റ്റി റ്റി | ഗിഫ്റ്റ് ഐറ്റംസ് |
| 13. | XXVI / 549 | സിബി തോമസ് | ഫോട്ടോ ഫ്രയിമിംഗ് |
| 14. | XXVI / 558(19) | മുഹമ്മദ് ഷെബീൻ | മൊബൈൽ ഫോണുകൾ |
| 15. | XXVI / 664 | കെ സി സുബ്രമണ്യം | മിനറൽ വാട്ടർ |
| 16. | XXIV / 817(1) | ഗ്രിഗറി എബ്രഹാം | ചെരുപ്പുകട |
| 17. | XXVII / 206 | രാജി ജോസഫ് | ഡ്രൈക്ലീനിംഗ് |
| 18. | XXVIII / 212 | ഹനീഫ | മുറുക്കാൻ കട |
| 19. | XXVIII / 107(2) | അഭിലാഷ് കെ വി | വെൽഡിംഗ് വർക്ക്ഷോപ്പ് |
| 20. | XXVIII / 281 | ബിജു ജോസഫ് | പ്ലാസ്റ്റിക്ക് / ഗ്ലാസ് ഐറ്റംസ് |
| 21. | XXVIII / 284 | ജയകുമാർ എൻ എ | ഫ്രിഡ്ജ് റിപ്പയറിംഗ് |
| 22. | XXVIII / 562 | ജോസഫ് റ്റി ജെ | സൈക്കിൾ റിപ്പയറിംഗ് |
| 23. | XXVIII / 586 | വിജുമോൻ വി എസ് | വെൽഡിംഗ് |
| 24. | XXVIII / 595 | ആൻസി തോമസ് | തയ്യൽകട |
| 25. | XXVIII / 611 /612 | ബിജു സെബാസ്റ്റ്യൻ | ആട്ടോമൊബൈൽ സ്പെയർപാർട്സ് |
| 26. | XXVIII / 626 | ലിഷ സാം | ട്രാവൽ ഏജൻസി |
| 27. | XXVIII / 627 | സാം ജോസ് | സോഫ്റ്റ്വെയർ ഡെവലപ്പിംഗ് |
| 28. | XXIX / 367 (1) | മഹേഷ് സി കെ | ഡ്രൈക്ലീനിംഗ് |
| 29. | XXXI / 14 | സനൽകുമാർ കെ വി | ഫോട്ടോസ്റ്റാറ്റ് |
| 30. | XXXI / 321 | മോൻസി തമ്പി | ഡിജിറ്റൽ പ്രസ് |
| 31. | XXXI / 413(1,2) | ഹസ്സൻ കോയ | ഫാൻസിലെതർ |
| 32. | XXXII / 255 | ദീപ്തി ബിജു | തയ്യൽ യൂണിറ്റ് |

(2) 2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഫീസ് രജിസ്റ്റർ എന്നിവ ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ നിരവധി സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് നേടാതെ പ്രവർത്തിച്ചു എന്ന് വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|
| 1. | IX /354 | സി വി ദേവസ്യ | റേഷൻകട |

| | | | |
|---|---|---|---|
| 2. | IX /370 | റ്റി ടി ജോസഫ് | പലചരക്ക് വ്യാപാരം |
| 3. | IX /- | സിബിച്ചൻ കെ ജെ | പച്ചക്കറി കട |
| 4. | IX /488 | കുര്യാക്കോസ് ഫിലിപ്പ് | ശർക്കര വ്യാപാരം |
| 5. | XXI / -- | ശിഹാബ് | സ്റ്റുഡിയോ |
| 6. | XXI / | ഒ എം ജോസഫ് | ഫ്ലവർമിൽ |
| 7. | XXIII /- | ഷിജു കെ ജി | വർക്ക്ഷോപ്പ് |
| 8. | XVII / - | കീർത്തി പ്രശാന്ത് | ബിൽഡിംഗ് മെറ്റീരിയൽ |
| 9. | XVII / - | എ വി സുരേഷ് | കള്ള് ഷാപ്പ് |
| 10. | XVII / - | ബിന്ദു | പച്ചക്കറി വ്യാപാരം |
| 11. | XVII / - | എസ് ഇന്ദുകുമാരി | സ്റ്റേഷനറി |
| 12. | XVII / - | ശ്യാമള കുമാരി | പലചരക്ക് വ്യാപാരം |
| 13. | XVII / - | അവിനാഷ് എസ് നായർ | ഡ്യൂട്ടിപെയ്ഡ് ഷോപ്പ് |
| 14. | XVII / - | രവീന്ദ്രൻ | ഹെയർ കട്ടിംഗ് സലൂൺ |
| 15. | XVII / - | സൂസൻ സിറിൽ | സി സി ബേക്കറി |
| 16. | XVIII /544(1) | റ്റി ഡി ജോസഫ് | വിംഗോ അസോസിയേറ്റസ് |
| 17. | XVIII / | പി എച്ച് നസീർ | പച്ചക്കറി വ്യാപാരം |
| 18. | XVIII /- | മിനി ആർ നായർ | ബേക്കറി |
| 19. | XX / | പ്രമോദ് | പൊല്യൂഷൻ ടെസ്റ്റിംഗ് |
| 20. | XX / | ഷക്കീല | ടെയിലറിംഗ് |
| 21. | XX / | വിനോദ് എസ് | വർക്ക്ഷോപ്പ് |
| 22. | XXII | അന്നമ്മ സെബാസ്റ്റ്യൻ | കൂൾബാർ & ബേക്കറി |
| 23. | XXII / | ജേക്കബ് തോമസ് | ഫ്ലവർഷോപ്പ് |
| 24. | XXII / | സിബിച്ചൻ തോമസ് | മാതാ ബേക്കറി |

(3) നഗരസഭയിലെ വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മുനിസിപ്പൽ ആർക്കേഡിലെ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളിലെ വാടകക്കാർ ലൈസൻസ് എടുക്കാതെ/പുതുക്കാതെ പ്രവർത്തിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നമ്പർ | വാടകക്കാരന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|---|
| 1 | 12 | സോണി ജോസഫ്, പാലത്തിങ്കൽ ബിഷപ് പാലസ്സിന് വടക്ക് വശം | |
| 2 | 12A | പ്രിൻസ് മാത്യൂ, പാലത്തറ, വാഴപ്പള്ളി | |
| 3 | 14 | എൽ.വി.അനിത, ലഹായിൽ വീട്, തൃക്കൊടിത്താനം | |
| 4 | 18 | പി.എ.നസീമ<br>പുതുപ്പറമ്പിൽ<br>ഫാത്തിമാപുരം | |

| | | | |
|---|---|---|---|
| 5 | 20 | എം.ഷംസുദ്ദീൻ, കോട്ടയ്ക്കൽ പുതുപ്പറമ്പിൽ | |
| 6 | 22 | ആർ.വിജയകുമാർ<br>വി.കെ.മന്ദിരം | |
| 7 | 26 | ഹരിലാൽ.കെ.വി<br>കുന്നംപറമ്പിൽ, മാടപ്പള്ളി | |
| 8 | 27 | വി.ഒ.മുഹമ്മദാലി | |
| 9 | 30 | റസീന പി.എ<br>പുത്തൻവീട്<br>പട്ടത്തിമുക്ക് | 13.12.2017 മുതൽ വാടക അടവാക്കുന്നില്ല |
| 10 | 33 | സിബി തോമസ്, ചേലത്തടത്തിൽ | |
| 11 | 38 | ആന്റണി ഫ്രാൻസിസ്<br>പറങ്ങാട്ട് വീട്, എടത്വ | |
| 12 | 39 | പി.എ.ഷാജഹാൻ<br>ഓവേലിൽ, പുത്തൻവീട് | |
| 13 | 40 | എൻ.വി.സുജ<br>ശാസ്താംകോവിൽ<br>തൃക്കൊടിത്താനം | വാടക അടവാക്കുന്നില്ല |
| 14 | 41 | ജോസ് മാത്യു<br>എടയാടിയിൽ<br>ഇത്തിത്താനം | |
| Room Under the Ramp | | | |
| 15 | 6 | പി.എ.നിസാർ<br>തുണ്ടിപ്പറമ്പിൽ<br>ഫാത്തിമാപുരം | |
| സ്റ്റെയർ കേസ് റൂം | | | |
| 16 | 1 | സീന മാത്യു<br>നേർച്ചപ്പറമ്പ് | |
| 17 | 2 | കെ.സി.ജോർജ്ജ്കുട്ടി | |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.61/18-19, തീയതി 09.01.2020, 62/18-19, തീയതി 09.01.2020, 66/18-19 തീയതി 27.01.2020 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വാർഡുകൾ കൂടാതെ മറ്റ് വാർഡുകളിൽ ഇതേ പ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ പരിശോധിച്ച് നിയമനടപടി സ്വീകരിച്ച്

വിവരം അറിയിക്കേണ്ടതാണ്.

നഗരസഭ വക കെട്ടിടങ്ങളിലെ വാടകക്കാർ തന്നെയാണോ കെട്ടിടം ഉപയോഗിക്കുന്നത് എന്ന് ഉറപ്പാക്കി ലൈസൻസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.നഗരസഭയുടെ കെട്ടിടങ്ങളിൽ തന്നെ ലൈസൻസ് നേടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുമതി നല്കിയത് അത്യന്തം നിയമവിരുദ്ധവും ദു:ഖകരവുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽ വിഷയങ്ങളിൽ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടതാണ്. കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22-2 ലൈസൻസ് നേടാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഫീസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് നേടാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിച്ചു എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം / കെട്ടിട നം. | സ്ഥാപന ഉടമ | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|
| 1. | IX/289 | പി എസ് സാജൻ | പ്ലാസ്റ്റിക്ക് കട |
| 2. | IX / - | പി എം ആന്റണി | അരി വ്യാപാരം |
| 3. | IX / - | ജോർജ് തോമസ് | പലചരക്ക് വ്യാപാരം |
| 4. | XXI / - | മുംതാസ് | പവർ ഇലക്ട്രിക്കൽസ് |
| 5. | XXI / - | ജിജോയി പി ജോർജ് | വിമല ഫിനാൻസ് |
| 6. | XXI / - | ലിസ്സി സെബാസ്റ്റ്യൻ | റേഷൻ കട |
| 7. | XXI / - | വിജയമ്മ | വിജയ സ്റ്റോഴ്സ് |
| 8. | XXIII/ - | സാലിമ തട | പ്രൊവിഷൻ സ്റ്റോഴ്സ് |
| 9. | XX / - | ലതിക | അഞ്ജന ബ്യൂട്ടിപാർലർ |
| 10. | XX / - | എൻ കെ നടേശനാചാരി | ഡൈ വർക്സ് |
| 11. | XXII / - | എൻ റ്റി ജോസഫ് | ഷീൻ ഫോട്ടോസ് |
| 12. | XXII / - | ഷൺമുഖ പ്രിയ | സൈക്കിൾ വർക്ക് ഷോപ്പ് |
| 13. | XXII / - | പ്രൊപ്രൈറ്റർ | സൂം ഡിജിറ്റൽ സ്റ്റുഡിയോ |
| 14. | XXII / - | നാദിർഷ | ആക്രിക്കട |
| 15. | XXIV / - | നാസർ | അപ്ഹോൾസറി വർക്സ് |
| 16. | XXIV / - | തോമസ് | സെന്റ് തോമസ് എംബ്രായഡറി |
| 17. | XXIV / - | രാജേഷ് റ്റി ജി | വീണ ഓട്ടോ കൺസൾട്ടൻസ് |
| 18. | XXIV / - | ടോണി ചെറിയാൻ | CREO Homes അരമനപ്പടി |

മേൽ വിവരിച്ച സ്ഥാപനങ്ങൾ കൂടാതെ വേറെയും സ്ഥാപനങ്ങൾ തൊഴിൽ നികുതി/ലൈസൻസ് ഫീസ് എന്നിവ ഒടുക്കാതെ പ്രവർത്തിക്കുന്നുവെങ്കിൽ പരിശോധിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.64/18-19, തീയതി 09.01.2020 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-23 നഗരസഭയിലെ വൗച്ചർ ഫയൽ സൂക്ഷിപ്പ് - പരിഹാര നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

ഏതൊരു സ്ഥാപനത്തിന്റെയും ചെലവുകൾ സംബന്ധിച്ച പരമപ്രധാനവും പ്രാഥമികവുമായ രേഖയാണ് വൗച്ചറുകൾ. ഇവ നിയമങ്ങളിലും ചട്ടങ്ങളിലും ഇത് സംബന്ധമായ സർക്കാർ ഉത്തരവുകളിലും അനുശാസിക്കുന്ന കാലയളവ് വരെ ഭദ്രമായി സൂക്ഷിക്കുന്നതിനും വിവിധ പരിശോധനകൾക്കും ഓഡിറ്റിനും ഹാജരാക്കുന്നതിനും കാര്യനിർവ്വഹണ ഉദ്യോഗസ്ഥർക്കും മറ്റ് അധികൃതർക്കും ഉത്തരവാദിത്തമുണ്ട്. ഓരോ

ചെലവുകൾക്കും നിദാനമായ വൗച്ചറുകളും ഉപവൗച്ചറുകളും തയ്യാറാക്കി അംഗീകാരയോഗ്യമാണെന്ന് നിശ്ചിത അധികാരസ്ഥാനം ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രമാണ് ബന്ധപ്പെട്ട ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് അനുമതി നൽകുന്നത്. ഇപ്രകാരം അനുമതി ലഭിച്ച തുകകൾ നിയമാനുസൃതം ബിൽ തയ്യാറാക്കി പിൻവലിക്കുന്നു. വൗച്ചറുകൾ സാംഖ്യ പ്രകാരമുള്ള വൗച്ചർ നമ്പരിന്റെ ക്രമത്തിൽ ചിട്ടപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ നഗരസഭയിലെ ചെലവുകൾ സംബന്ധിച്ച പരമപ്രധാന രേഖയായ വൗച്ചറുകൾ തീർത്തും അശാസ്ത്രീയവും അപൂർണ്ണവുമായ രീതിയിലാണ് സൂക്ഷിച്ചു വരുന്നത്. ചെലവുകൾ നിർവ്വഹിച്ചതിനുശേഷം വൗച്ചറുകൾ ക്രമപ്പെടുത്തുന്ന തെറ്റായ രീതി അനുവർത്തിച്ച് വരുന്നതായും കാണുന്നു.

നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് മാത്രമാണ് വൗച്ചർ ഫയൽ സൂക്ഷിക്കേണ്ടത് എന്ന തെറ്റായ ബോദ്ധ്യത്തിന്റേയും കീഴ്'വഴക്കത്തിന്റെയും അടിസ്ഥാനത്തിലാണ് നിലവിൽ വൗച്ചർ ഫയൽ സൂക്ഷിച്ചു വരുന്നത്. നഗരസഭയിലെ എല്ലായിനം ഫണ്ടുകളിൽ നിന്നുള്ള ചെലവുകളുടെയും വൗച്ചറുകൾ (ട്രാൻസ്ഫർ ക്രെഡിറ്റ്/റീഫണ്ട് വൗച്ചറുകൾ ഉൾപ്പെടെ) അതാത് ചെലവുകൾ നിർവ്വഹിക്കുന്ന ക്രമത്തിൽ (സാംഖ്യയിലെ വൗച്ചർ നമ്പരിന്റെ ക്രമത്തിൽ) സൂക്ഷിക്കേണ്ടതാണ്. ഓരോന്നിനേയും സംബന്ധിക്കുന്ന ഫയലുകൾ വൗച്ചർ ഫയലിൽ നിന്നും വേറിട്ട് പ്രത്യേകമായി സൂക്ഷിക്കാവുന്നതുമാണ്. ഇപ്രകാരം വൗച്ചർ ഫയൽ ശാസ്ത്രീയമായ രീതിയിൽ ക്രമപ്പെടുത്തി ഓരോ മാസവും വ്യത്യസ്ത വാല്യങ്ങളായി ബൈൻഡ് ചെയ്ത് (സ്ഥിരമായി സൂക്ഷിക്കേണ്ട രേഖ എന്ന നിലയിൽ) സൂക്ഷിക്കുന്ന രീതി അനുവർത്തിക്കേണ്ടതാണ്.

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ വിശദാംശങ്ങൾ മാത്രം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതായും കാണുന്നു. 'കാഷ് ബുക്ക് ' എന്നത് വരവും ചെലവും ഉൾപ്പെട്ട പ്രതിദിന സാമ്പത്തിക വിനിമയങ്ങളുടെ സംക്ഷിപ്തം രേഖപ്പെടുത്തി അതാത് ദിവസത്തെ നീക്കിബാക്കി നിർണ്ണയിക്കുന്നതിന് സൂക്ഷിക്കുന്ന അടിസ്ഥാന രജിസ്റ്ററാണ്. ആയതിനാൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ വിശദാംശങ്ങൾ മാത്രം സാംഖ്യ സമ്പ്രദായം അനുവർത്തിച്ചു തുടങ്ങുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന കാഷ് ബുക്കിന്റെ ഫോർമാറ്റിൽ രേഖപ്പെടുത്തുന്ന സാഹചര്യം വ്യക്തമല്ല. സാംഖ്യ സമ്പ്രദായം അനുവർത്തിച്ച് തുടങ്ങിയതിന് ശേഷവും ഇപ്രകാരം 'കാഷ് ബുക്ക്" എന്ന പേരിൽ മാനുവലായി രജിസ്റ്റർ സൂക്ഷിക്കുന്ന നടപടി ഇത് സംബന്ധമായ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ കാഷ് ബുക്ക് ഫോർമാറ്റ് ഉപയോഗിക്കുന്നതിന് പകരം എല്ലാ ഫണ്ടിൽ നിന്നുമുള്ള ചെലവുകളുടെ സംക്ഷിപ്തം വൗച്ചർ നം./ബിൽ നമ്പരിന്റെ ക്രമത്തിൽ "ബിൽ രജിസ്റ്ററിൽ" രേഖപ്പെടുത്തുന്ന സമ്പ്രദായം അനുവർത്തിക്കാവുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/18-19 )ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-24 സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് പെൻഷൻ അംശദാനം അടവാക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ആനുകൂല്യങ്ങൾ) ചട്ടങ്ങൾ 1996 പ്രകാരം പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ഓരോ നഗരസഭ ജീവനക്കാരുടെയും മൊത്തം സേവന വേതനത്തിന്റെ 15% പെൻഷൻ അംശദാനമായി സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്. ടി ചട്ടങ്ങളിലെ ചട്ടം 8(1) അനുസരിച്ച് എല്ലാ മാസവും 15-ം തീയതിയ്ക്കകം പെൻഷൻ അംശദാനം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പള ബില്ലിൽ പെൻഷൻ അംശദാനം തുക കണക്കാക്കുന്നുണ്ടെങ്കിലും ടി തുകയുടെ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും നഗരകാര്യ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതല്ലാതെ തുക ഒന്നും തന്നെ അടവാക്കുന്നില്ല. 2018-19 വർഷം പണമാക്കിയ ബില്ലുകൾ പ്രകാരം നഗരസഭ ഫണ്ടിൽ നിന്നും ₹30,22,129 സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതായിട്ടുണ്ട്. 2018-19 വർഷം ഓരോ മാസവും അടവാക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | അടവാക്കേണ്ട തുക |
|---|---|
| 04/18 | 2,27,244 |
| 05/18 | 2,37,520 |
| 06/18 | 2,41,617 |
| 07/18 | 2,28,485 |
| 08/18 | 2,25,545 |
| 09/18 | 2,61,705 |
| 10/18 | 2,73,044 |
| 11/18 | 2,47,792 |
| 12/18 | 2,48,660 |
| 01/19 | 2,83,472 |
| 02/19 | 2,53,639 |
| 03/19 | 2,93,406 |
| **ആകെ:** | **₹30,22,129** |

വർഷങ്ങളായി പെൻഷൻ അംശദാനം തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് ലഭിക്കുന്ന പെൻഷൻ അലോട്ട്മെന്റിൽ നിന്ന് ടി തുക കുറവ് ചെയ്ത ശേഷം ബാക്കി തുക മാത്രമാണ് ലഭിക്കുന്നത്. ടി തുക നഗരസഭയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് അപര്യാപ്തമാണ്. 2018-19 സാമ്പത്തിക വർഷം പെൻഷൻ അലോട്ട്മെന്റിനത്തിൽ ₹22,89,578 മാത്രമാണ് ലഭ്യമായിട്ടുള്ളത്. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 31/18-19, തീയതി, 04.10.2019ന് നൽകിയ മറുപടിയിൽ നഗരസഭയുടെ തനത്ഫണ്ടിന്റെ അപര്യാപ്തത മൂലം പെൻഷൻ അക്കൗണ്ട് (TPA169) ശരിയായ രീതിയിൽ പരിപാലിക്കാൻ കഴിഞ്ഞില്ല എന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ അലോട്ട്മെന്റിനത്തിൽ നാളിതുവരെ ലഭിക്കേണ്ട തുകയുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-25 സെൻട്രൽ പ്രോവിഡന്റ് ഫണ്ട് - ജീവനക്കാരുടെ പ്രതിമാസ വിഹിതം അടവാക്കാത്തത് - പിഴപ്പലിശയിനത്തിൽ വൻതുക അടവാക്കേണ്ടി വരുന്നു

സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള അലോട്ട്മെന്റ് (ഫയൽ നം.A3-8888/10) പി.എഫ്.പ്രതിമാസ റിക്കവറി (ഫയൽ നം.A3-4549/06 Vol.II) എന്നീ ഫയലുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്ന് കുറവ് ചെയ്ത പ്രതിമാസ വിഹിതം യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ അടവാക്കാതിരുന്നതിനാൽ ചുവടെ ചേർക്കും പ്രകാരം ₹10,27,383 പിഴപ്പലിശയിനത്തിൽ അടവാക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | ഉത്തരവ് നം./തീയതി | കാലയളവ് | പിഴപ്പലിശ |
|---|---|---|---|
| 1 | PF2-970/07 /തീയതി-21.08.14 | 03/10 മുതൽ 02/14 വരെ | 9,26,205 |
| 2 | „ „ 08.02.14 | 03/14 മുതൽ 10/14 വരെ | 2,002 |
| 3 | „ „ 13.10.15 | രേഖപ്പെടുത്തിയിട്ടില്ല | 1,731 |
| 4 | „ „ 27.02.19 | 12/17 മുതൽ 12/18 വരെ | 97,445 |
| | **ആകെ:-** | | **10,27,383** |

1994ലെ മുനിസിപ്പൽ നിയമത്തിലെ 309-ാം വകുപ്പ് പ്രകാരം പ്രോവിഡന്റ് ഫണ്ടിലേയ്ക്കുള്ള തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിശ്ചിത തീയതിയ്ക്കകം അടവാക്കാത്തത് മൂലം പിഴപ്പലിശയിനത്തിൽ അടവാക്കേണ്ടി വരുന്ന തുക സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കാവുന്നതാണ്. 1981ലെ കേരള മുനിസിപ്പൽ പെൻഷനബിൾ എംപ്ളോയീസ് സെൻട്രൽ പ്രൊവിഡന്റ് ചട്ടങ്ങൾ പ്രകാരമാണ് നഗരസഭ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് പരിപാലിക്കപ്പെടുന്നത്. ടി ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്ന് കുറവ് ചെയ്യുന്ന പ്രോവിഡന്റ് ഫണ്ടിലേയ്ക്കുള്ള തുക തൊട്ടടുത്ത മാസം 15-ാം തീയതിയ്ക്ക് മുമ്പായി നഗരകാര്യ ഡയറക്ടർ കൈകാര്യം ചെയ്യുന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം.70101020000509, ജില്ല ട്രഷറി, തിരുവനന്തപുരം) ഒടുക്ക് വരുത്തേണ്ടതാണ്.

നഗരസഭയ്ക്ക് ഇത്തരത്തിൽ പിഴപ്പലിശയിനത്തിൽ അധിക തുക ഒടുക്കേണ്ടുന്ന അവസ്ഥ കർശനമായി ഒഴിവാക്കേണ്ടതാണെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിരുന്നുവെങ്കിലും ടി അവസ്ഥ നിലവിലും തുടരുന്നത് അഭികാമ്യമല്ല. ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്ന് കുറവ് ചെയ്യുന്ന തുക നിശ്ചിത തീയതിയ്ക്കകം സെൻട്രൽ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കാത്ത സാഹചര്യം വിശദീകരണത്തിനും പരിഹാര നടപടികൾക്കുമായി ശ്രദ്ധയിൽപ്പെടുത്തുന്നു. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനു ലഭിച്ച മറുപടിയിൽ നഗരസഭ ഫണ്ടിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ സമയബന്ധിതമായി അനുവദിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പി.എഫ് റിക്കവറികൾ യഥാസമയം ഒടുക്കുവരുത്താൻ കഴിയാഞ്ഞത് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-26 മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല

1997ലെ കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ചട്ടങ്ങൾ ഖണ്ഡിക 7 പ്രകാരം മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഓരോ മുനിസിപ്പാലിറ്റിയും തൊട്ടടുത്തുള്ള സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിലൂടെ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് എന്ന പേരിൽ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യേണ്ടതാണ്. ഓരോ കണ്ടിജന്റ് ജീവനക്കാരന്റേയും മൊത്ത വേതനത്തിന്റെ 15% വരുന്ന തുക എല്ലാ മാസവും ശമ്പള ബില്ല് പാസ്സാക്കുന്നതോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് പ്രസ്തുത പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. നഗരസഭയിൽ എല്ലാ മാസവും ശമ്പള ബില്ലിൽ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ അംശദാനമായി കണക്കാക്കുന്നുണ്ടെങ്കിലും ടി തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും നാളിതുവരെ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് തുടങ്ങിയിട്ടില്ല. നിലവിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നഗരസഭ ഫണ്ടിൽ നിന്ന് നൽകേണ്ടിവരുന്നതിനാൽ വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. ആയത് മൂലം ടി ജീവനക്കാർ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി കോടതിയെ സമീപിക്കുന്നു. ടി കേസുകളുടെ നടത്തിപ്പിനായും നഗരസഭ തുക ചെലവഴിക്കേണ്ടി വരുന്നു.

1997ലെ കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ പ്രകാരമുള്ള പെൻഷൻ ഫണ്ട് അടിയന്തിരമായി രൂപീകരിക്കേണ്ടതും പെൻഷൻ ഫണ്ടിനത്തിൽ ഓരോ കാലയളവിനും അടവാക്കാനുള്ള തുക കൃത്യമായ കണക്ക് എഴുതി സൂക്ഷിക്കേണ്ടതുമാണ്. വിരമിക്കുന്ന ജീവനക്കാർക്ക് പലിശ സഹിതം ആനുകൂല്യം നൽകേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-27 ലൈബ്രറി സെസ്സ്--സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കുടിശ്ശിക ₹75.56 ലക്ഷം

ഫയൽ നം. R3/9007/14

നഗരസഭയിൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തുക 2011-12 മുതൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അടയ്ക്കാതെ നഗരസഭാ ഫണ്ടിൽ നിലനിർത്തിയിരിക്കുകയാണ്. ഫയൽ പ്രകാരം 2019 ജനുവരി വരെ കുടിശ്ശിക 75,56,975/- രൂപയാണ്. എന്നാൽ 2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിൽ കുടിശ്ശിക 1,05,73,087 /- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്ക് പരിശോധനയിൽ ഈ അപാകത പരാമർശിച്ചിരുന്നു. 2019ഫെബ്രുവരി മാസത്തെ ലൈബ്രറി സെസ്സ് 3,01,161/- രൂപ 18.3.19 ൽ അടവാക്കിയിട്ടുണ്ട്. തുടർന്ന് അതാത് മാസത്തെ ലൈബ്രറി സെസ്സ് അടയ്ക്കാൻ തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2019 ജനുവരി വരെയുള്ള കുടിശ്ശിക 75,56,975/- രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടിയന്തിരമായി അടവാക്കേണ്ടതാണ്. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി (ഏപ്രിൽ 30,&നവംബർ 30) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേയ്ക്ക് അടയ്ക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20.9.05ലെ 10088/എൽ3/05 നം.സർക്കുലർ പ്രകാരം ലൈബ്രറി സെസ്സ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ പ്രസ്തുത കാലയളവിലെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി പലിശ ഈടാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾ ഒഴിവാക്കാനും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക കൃത്യമായി ലൈബ്രറി കൗൺസിലിന് അടയ്ക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ശ്രീ കെ.ജെ.ബിജു - എൽ.ഡി.ക്ലാർക്ക് - ഇൻക്രിമെന്റ് കുടിശ്ശിക - അധികം അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല

വൗച്ചർ നം.42/4-18/17.04.18 - ₹47,310

ഫയൽ നം.ജി6 11147/17

ശ്രീ കെ.ജെ.ബിജു, എൽ.ഡി.ക്ലാർക്കിന്റെ പ്രൊബേഷൻ 16.08.14-ൽ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശമ്പളം പുനർനിർണയം നടത്തിയത് പ്രകാരം 06/2006 മുതൽ 07/2013 വരെയുള്ള കാലയളവിലെ ഇൻക്രിമെന്റ് കുടിശ്ശിക ഇനത്തിൽ ₹47,310/-നൽകിയിട്ടുണ്ട്. ടിയാന്റെ സേവന പുസ്തകം, നഗരസഭ സെക്രട്ടറിയുടെ 01.02.18ലെ ജി5-950/18 നം.ഉത്തരവ്, ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് (ഡിഎ ക്യാഷായി നൽകിയതിന്റെ അടിസ്ഥാനത്തിലുള്ളത്) എന്നിവ പരിശോധിച്ചതിൽ ശമ്പളം നിർണയിച്ചതിൽ അപാകതയുള്ളതായും ആയത് പ്രകാരം ഇൻക്രിമെന്റ് കുടിശിക തുക അധികം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകത പരിഹരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.13/18-19) നൽകിയിരുന്നു. ആയതിന് മറുപടിയായി സേവനപുസ്തകം ഹാജരാക്കുകയും 24.06.05 മുതൽ നാളിതുവരെ ശമ്പളം കണക്കാക്കിയതിലെ അപാകതകൾ പരിഹരിക്കുകയും ചെയ്തിരുന്നു. 01.06.06 മുതൽ 31.07.13 വരെ ഇൻക്രിമെന്റ് കുടിശ്ശിക ഇനത്തിൽ അധികം നൽകിയ തുക, വിവിധ ക്ഷാമബത്ത ഉത്തരവ് പ്രകാരമുള്ള കുടിശ്ശിക ഇനത്തിലും 2009ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരവും അധിക തുക പി എഫ് ൽ ക്രെഡിറ്റ് ചെയ്തത് എന്നിവ തിരികെ ഈടാക്കി ശമ്പള കുടിശ്ശിക അനുവദിക്കുന്നതാണെന്ന് ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 17.7.19 ലെ ജി5-10216/16 നം. നടപടിക്രമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ നാളിതുവരെ അധികം നൽകിയ തുക തിരികെ ക്രമീകരിച്ചിട്ടില്ല.

തെറ്റായി ശമ്പളം കണക്കാക്കിയത് മൂലം ഇൻക്രിമെന്റ് കുടിശ്ശിക (ക്യാഷ് ആയി നൽകിയത്) അധികം അനുവദിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | അനുവദനീയമായ ശമ്പളം | അനുവദിച്ച ശമ്പളം(ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം) | അധികം | കുറവ് |
|---|---|---|---|---|
| 06/06-02/07 | 5380+269=5649 | 5200+260=5460 | | 189x9=1701 |

| | | | | |
|---|---|---|---|---|
| DA @5% | | | | |
| 03/07-05/07<br>DA @8% | 5380+430=5810 | 5200+416=5616 | | 194x3=582 |
| 06/07-05/08 | NIL | | | |
| 06/08-12/08<br>DA @38% | 5380+2044=7424 | 5510+2094=7604 | 180x7=1260 | |
| 01/09-05/09<br>DA @45% | 5380+2421=7801 | 5510+2480=7990 | 189x5=945 | |
| 06/09 @55% | 5380+2959=8339 | 5650+3108=8758 | 419x1=419 | |
| 02/11-03/11<br>@18% | 10750+1935=12685 | 10480+9851=20331<br>(ശമ്പളം റിവൈസ്ഡ് സ്കെയിലിലെ തുകയും, ഡിഎ പ്രീറിവൈസ്ഡ് സ്കെയിലിലെ ഡിഎ നിരക്കുമാണ്കണക്കാക്കി നൽകിയിട്ടുള്ളത്) | 7646x2=15292 | |
| 4/11-06/11<br>@24% | 10750+2580=13330 | 10480+2515=12995 | | 335x3=1005 |
| 07/11-09/12 | NIL | | | |
| **10/12 @38%** | 10750+4805=14835 | 10811+4108=14919 | 84 | |
| 11/12@38% | 10750+4805=14835 | 11020+4188=15208 | 373 | |
| 12/12@45% | 10750+4838=15588 | 11020+4959=15979 | 391 | |
| 01/13-25 days<br>@45% | 8669+3901=12570 | 8887+3999=12886 | 316 | |
| 02/13-05 /13@45% | 10750+4838=15588 | 11020+4959=15979 | 391x4=1564 | |
| 06/13-07/13<br>@53% | 10750+5698=16448 | 11020+6300=17320<br>(ഡിഎ ശതമാനം കണക്കാക്കിയത് വ്യക്തമല്ല) | 872x2=1744 | |
| **അധികം നൽകിയ തുക = 19,102** | | | **22,390** | **3,288** |

ടിയാന്റെ ഇൻക്രിമെന്റ് കുടിശ്ശിക ബിൽ പരിശോധിച്ചതിൽ മാത്രം ഇത്രയേറെ പിഴവുകൾ കാണുന്നതിനാൽ ടിയാന് തുടർന്ന് അനുവദിച്ചിട്ടുള്ള ക്ഷാമബത്ത കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ സംബന്ധമായ ബില്ലുകൾ കൂടി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അധികമായി തുക

നൽകിയിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 നഗരസഭ ജീവനക്കാർക്ക് കഴിഞ്ഞ് വർഷങ്ങളിലെ ഡി.എ, ഇൻക്രിമെന്റ് കുടിശ്ശിക തുക അനുവദിക്കുന്നതിലെ അപാകതകൾ

വൗച്ചറുകൾ, സേവന പുസ്തകം, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയിലെ ജീവനക്കാരുടെ മുൻ വർഷങ്ങളിലെ ഡി.എ, ഇൻക്രിമെന്റ് എന്നിവയുടെ കുടിശ്ശിക അനുവദിക്കുന്നതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

മുൻ വർഷങ്ങളിലെ ഡി.എ/ഇൻക്രിമെന്റ് കുടിശ്ശിക ജീവനക്കാർക്ക് അനുവദിക്കുമ്പോൾ കുടിശ്ശിക പത്രിക ശരിയായ രീതിയിലല്ല തയ്യാറാക്കി വരുന്നത്. കുടിശ്ശിക കാലയളവിലെ വിവിധങ്ങളായ ക്ഷാമബത്ത ഉത്തരവുകൾ, ശമ്പള പരിഷ്കരണ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള കുടിശ്ശികപത്രിക ഒരുമിച്ച് തയ്യാറാക്കുന്നത് ക്രമപ്രകാരമല്ല. ഓരോ ഉത്തരവുകൾ പ്രകാരമുള്ള കുടിശ്ശികപത്രികകൾ (ഏറ്റവും പഴയത് ആദ്യം എന്ന ക്രമത്തിൽ) പ്രത്യേകമായി തയ്യാറാക്കാത്തത് മൂലം ഓരോ മാസവും കണക്കാക്കിയിട്ടുള്ള കുടിശ്ശികയുടെ കൃത്യത വ്യക്തമാവുന്നില്ല. വിവിധ ക്ഷാമബത്ത ഉത്തരവുകൾ പ്രകാരം പ്രോവിഡണ്ട് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുകകൾ പിൻവലിക്കാവുന്ന തീയതി വ്യത്യസ്തമാകയാലും ശമ്പള പരിഷ്കരണ കുടിശ്ശിക പ്രോവിഡണ്ട് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ വ്യത്യസ്തമാകയാലും കുടിശ്ശിക പത്രിക ഒരുമിച്ച് തയ്യാറാക്കുന്നത് മൂലം ഓരോ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകളുടെ ലംഘനം ഉണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്നു. മാത്രമല്ല, കേരള ഫിനാൻഷ്യൽ കോഡ്, വാല്യം I ആർട്ടിക്കിൾ 56(b) പ്രകാരമുള്ള കാലഹരണ വ്യവസ്ഥകൾ അതിലംഘിച്ചും ആർട്ടിക്കിൾ 56(a) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് വളരെ മുൻപുള്ള വർഷങ്ങളിലെ കുടിശ്ശിക അനുവദിച്ചിരിക്കുന്നത്. ടി വിഷയത്തിൽ കൃത്യത പാലിക്കുന്നതിൽ നഗരസഭാധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-30 ലക്ഷങ്ങൾ ചെലവഴിച്ച് വിവിധ വർഷങ്ങളിലായി നഗരസഭ വാങ്ങിയ വാഹനങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിൽ

മുൻവർഷങ്ങളിൽ പദ്ധതിപ്പണം ചെലവഴിച്ച് നഗരസഭയിൽ വാങ്ങിയ വിവിധ വാഹനങ്ങൾ ഉപയോഗശൂന്യമായി നഗരസഭ വളപ്പിൽ കിടക്കുന്നു. മാലിന്യ നിർമ്മാർജ്ജനാവശ്യത്തിനായി നഗരസഭയിലുള്ള 6 വാഹനങ്ങളിൽ 5 എണ്ണവും ഉപയോഗശൂന്യമായ അവസ്ഥയിലാണ് എന്ന് എൻക്വയറി നം.24/18-19ന് മറുപടി ലഭ്യമാക്കി. ചെറിയ തകരാറുകൾ പരിഹരിക്കാതെ ദീർഘകാലമായി ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിൽ നിലവിൽ വാഹനങ്ങൾ ഉപയോഗശൂന്യമായിരിക്കുകയാണ്. 2016-17ൽ എഞ്ചിൻ തകരാർ സംഭവിച്ച 2 എയ്സ് വാഹനങ്ങൾ, ഒരു ആംബുലൻസ് എന്നിവ പോലും തകരാർ പരിഹരിക്കാതെ നിഷ്ക്രിയാസ്തിയായി നഗരസഭ പരിസരത്ത് കിടക്കുന്നത് അത്യന്തം ശോചനീയമായ അവസ്ഥയാണ്. ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ നഗരസഭയുടെ ആസ്തികൾ നിഷ്ക്രീയമാകുന്നത് ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടേയും ഗുരുതരമായ കൃത്യവിലോപത്തിന് വ്യക്തമായ തെളിവാണ്. നഗരസഭയിൽ ആകെയുള്ള വാഹനങ്ങളുടെ എണ്ണവും ദീർഘകാലമായി ഉപയോഗശൂന്യമായവയുടെ വിവരവും നഗരസഭ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽചുവടെ ചേർക്കുന്നു.

**1. നഗരസഭയിൽ ആകെയുള്ള വാഹനങ്ങളുടെ വിശദാംശം**

| ക്രമ നം. | വാഹനത്തിന്റെ തരം | എണ്ണം | ഉപയോഗക്ഷമം (എണ്ണം) | ഉപയോഗക്ഷമമല്ലാത്തത് (എണ്ണം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | യൂട്ടിലിറ്റി വെഹിക്കിൾ(കാർ/ജീപ്പ് | 5 | 5 | 0 | Bolero 2444 in |

| | | | | | |
|---|---|---|---|---|---|
| | /ബൊലേറോ) മുതലായവ | | | | workshop |
| 2 | മാലിന്യ നിർമ്മാർജ്ജനാവശ്യത്തിന് ഉപയോഗിക്കുന്നവ | 6 | 1 | 5 | Mini Tipper 4949 in working |
| 3 | മറ്റുള്ളവ | 1 | - | 1 | Ambulance |

2. **ദീർഘകാലമായി ഉപയോഗശൂന്യമായി കിടക്കുന്ന വാഹനങ്ങളുടെ വിവരം**

| **ക്രമ നം.** | **വാഹനത്തിന്റെ തരം** | **രജി.നം.** | **ഏത് കാലയളവ് മുതൽ ഉപയോഗിക്കാതിരിക്കുന്നു.** | **കാരണം** |
|---|---|---|---|---|
| 1 | Tata SE Tipper | KL05K9109 | 2016-17 | ലേലനടപടികൾ സ്വീകരിക്കുന്നു |
| 2 | Swaraj Mazda | KL01AB2225 | 2013-14 | എൻജിൻ തകരാറു മൂലം |
| 3 | Tata 407 | KL05E6095 | 2014-15 | ലേലനടപടികൾ സ്വീകരിക്കുന്നു |
| 4 | ACE | KL33A4478 | 2016-17 | എൻജിൻ തകരാറു മൂലം |
| 5 | ACE | KL33A4467 | 2016-17 | എൻജിൻ തകരാറു മൂലം |
| 6 | Ambulance | KL33A4443 | 2016-17 | എൻജിൻ തകരാറു മൂലം |



(ദീർഘകാലമായി നഗരസഭ വളപ്പിൽ കിടക്കുന്ന ഉപയോഗശൂന്യമായ വാഹനങ്ങൾ)

നഗരസഭയുടെ സ്വന്തം വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുകയും മാലിന്യ നിർമാർജ്ജനത്തിന് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്യുന്ന സാഹചര്യവും ഉണ്ട്. തകരാറുകൾ പരിഹരിച്ച് ഉപയോഗിക്കാനാവുന്നവ അടിയന്തിരമായി ഉപയോഗയോഗ്യമാക്കാനും ഉപയോഗശൂന്യമായവ ലേലനടപടികൾ സ്വീകരിച്ച് ലേലം ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല -തുക തടസ്സപ്പെടുത്തുന്നു

തൻവർഷം നഗരസഭ വിവിധ ഇനങ്ങൾക്കായി മുൻകൂർ നൽകിയ തുകകളിൽ ചുവടെ ചേർക്കുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **തീയതി** | **വൗച്ചർ നം.** | **അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരന്റെ** | **തുക** | **ഉദ്ദേശ്യം** |
|---|---|---|---|---|---|

| | | | പേര്/ഉദ്യോഗപ്പേര് | | |
|---|---|---|---|---|---|
| 1 | 17.5.18 | 38 | ജയകുമാർ, JHI | 20,000 | മരം മുറിയ്ക്കൽ |
| 2 | 03.11.18 | 19 | ഔസേഫ്.എം, റവന്യൂ ഇൻസ്പെക്ടർ | 5,000 | ഫ്ളക്സ് ബോർഡ് മാറ്റൽ |
| 3 | 17.12.18 | 61 | " | 30,000 | ടാക്സ് റിവിഷൻ അദാലത്ത് |
| 4 | 27.12.18 | 81 | സുനിൽ കുമാർ.എസ് സീനിയർ ക്ളർക്ക് | 20,000 | ചന്ദനക്കുടം |
| 5 | 25.01.2019 | 112 | തൗഫീക്ക് പി.ഇസ്മായിൽ, JHI Ist | 15,000 | വലിയപള്ളി പെരുന്നാൾ പ്രമാണിച്ച് പരിസരം വൃത്തിയാക്കൽ |
| 6 | 8.03.2019 | 37 | " | 15,000 | പണ്ടകശ്ശാലക്കടവ് മാലിന്യം നീക്കം ചെയ്യൽ |
| | ആകെ | | | ₹1,05,000/- | |

അഡ്വാൻസ് രജിസ്റ്റർ പ്രകാരം തൻവർഷം നൽകിയ 2,31,908/- രൂപയിൽ ₹1,05,000/- കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99, 04.10.2011ലെ ജി.ഒ.(പി)നം.419/2011/ഫിൻ എന്നിവ പ്രകാരം നിശ്ചിത സമയപരിധി (3 മാസം)യ്ക്കുള്ളിൽ ക്രമീകരിച്ചിട്ടില്ല.

1973-74 മുതലുള്ള അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ ശേഷിക്കുന്നുണ്ടെന്ന് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മുൻവർഷ റിപ്പോർട്ടിൽ അഡ്വാൻസ് തുകകൾ കൈപ്പറ്റിയ ഓരോ ജീവനക്കാരന്റെയും പേരിലുള്ള ക്രമീകരിക്കാത്ത അഡ്വാൻസ് തുകകളുടെ വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. കൂടാതെ അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല. ആകെ ചെലവ് തുകയുടെ 75% തുക മാത്രമേ മുൻകൂറായി അനുവദിക്കാൻ പാടുള്ളൂ എന്ന നിബന്ധന പാലിക്കുന്നില്ല. സർക്കുലർ നം.21384/എ.സി3/ത.സ്വ.ഭ.വ/04.06.2011 പ്രകാരം നേരത്തേ കൈപ്പറ്റിയ മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്തതായി സാക്ഷ്യപത്രം വാങ്ങിയ ശേഷമേ അടുത്ത മുൻകൂർ നൽകാവൂ എന്ന നിബന്ധനയും പാലിക്കപ്പെടുന്നില്ല. ഒരേ വ്യക്തികൾക്കു തന്നെ ആദ്യം വാങ്ങിയ മുൻകൂർ തുക ക്രമീകരിക്കാതെ തുടർന്നും മുൻകൂർ തുകകൾ അനുവദിച്ച് നൽകുന്നത് ശരിയായ നടപടിയല്ല. നിശ്ചിത സമയപരിധിയ്ക്കകം ക്രമീകരണ ബില്ലുകൾ സമർപ്പിച്ച് ക്രമീകരിയ്ക്കാത്ത മുൻകൂറുകൾ, സമയപരിധി തീരുന്ന മുറയ്ക്ക് മുൻകൂർ ഒന്നായി 18% പലിശ സഹിതം ഈടാക്കണമെന്ന ഉത്തരവിലെ നിർദ്ദേശം പാലിയ്ക്കാതിരിക്കൽ എന്നീ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.70/18-19, തീയതി 02.03.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കാത്തതിനാൽ ₹1,05,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇപ്രകാരം ക്രമീകരിക്കാത്ത മുൻകൂറുകൾ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ആധുനിക അറവുശാല നിർമ്മാണം ആരംഭിച്ചിട്ടില്ല – ലഭ്യമായ ഫണ്ട് 15 വർഷത്തിനു ശേഷവും നഗരസഭയുടെ സ്ഥിരനിക്ഷേപം

**ഫയൽ നം.E3/9052/04/Vol.II**

ആധുനിക അറവുശാല സ്ഥാപിക്കുക എന്ന ലക്ഷ്യത്തിനായി 2005ൽ നഗരകാര്യ ഡയറക്ടറുടെ ഓഫീസ്, ശുചിത്വമിഷൻ, കേന്ദ്രാവിഷ്കൃത ഫണ്ട് (ISUI) എന്നിവിടങ്ങളിൽ നിന്ന് യഥാക്രമം 50ലക്ഷം, 42.5 ലക്ഷം, 30 ലക്ഷം - ആകെ ₹1,22,50,000 നഗരസഭയ്ക്ക് ലഭിച്ചിരുന്നു.

കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ ലഭിച്ച ₹30 ലക്ഷം പലിശ ഉൾപ്പെടെ ₹32,54,642/- ജീവനക്കാരുടെ ശമ്പളം, കോൺട്രാക്ടർമാർക്ക് നൽകാനുള്ള തുക എന്നീ ഇനങ്ങൾക്കായി വകമാറ്റി ചെലവഴിച്ചതു സംബന്ധിച്ച പരാമർശം 2004-05 ഓഡിറ്റ് റിപ്പോർട്ടിലും 2007-08 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെട്ടിരുന്നു. നിയമസഭ കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് ₹10.75 ലക്ഷം 29.01.2010, 03.02.2010 തീയതികളിലായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുമുണ്ട്. ഇത് പലിശയുൾപ്പെടെ 18,74,629/-രൂപയാണ് 31.03.2019ലെ നീക്കിയിരിപ്പ് തുക (അക്കൗണ്ട് നം.526202010001564).

അറവുശാല നിർമ്മാണത്തിന് സ്ഥലം കണ്ടെത്താതെ ടെണ്ടർ ക്ഷണിച്ചതിനാൽ ആരും ടെണ്ടർ സമർപ്പിക്കുന്നില്ല എന്നും സ്ഥലം കണ്ടെത്താൻ 7/24.06.2016ലെ കൗൺസിൽ തീരുമാനപ്രകാരം 27.09.2016-ൽ കമ്മിറ്റി കൂടുകയും കുത്താട്ടുകളുള്ള മീറ്റ് പ്രോഡക്ട് ഇന്ത്യ ലിമിറ്റഡ് മോഡലിൽ പദ്ധതി നടപ്പാക്കാനും സ്ഥാപനം സന്ദർശിച്ച് നടപടി സ്വീകരിക്കാനും തീരുമാനിച്ചു. എന്നാൽ സ്ഥാപനം സന്ദർശിച്ചതിന്റെ വിവരമോ, തുടർനടപടിയോ ഫയലിൽ ഇല്ല. 2014-15 മുതൽ 2016-17 സാമ്പത്തിക വർഷങ്ങളിൽ വരെ അറവുശാല നിർമ്മാണത്തിനായി ₹1,02,00,000/- അടങ്കലിൽ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു എങ്കിലും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും നാളിതുവരെ ആരംഭിച്ചിട്ടില്ല.

ഈ ലക്ഷ്യത്തിനായി ലഭിച്ച തുക നിലവിൽ ഇന്ത്യൻ ബാങ്കിൽ രണ്ട് സ്ഥിരനിക്ഷേപമായി തുടരുകയാണ്. 2018-19ലെ കണക്ക് പ്രകാരം :

ഇന്ത്യൻ ബാങ്ക് സ്ഥിരനിക്ഷേപം **രസീത് നം.-** 6193608446 - ₹68,23,625

നം.945548907 – ₹ 72,00,221

എന്നാൽ വാർഷിക കണക്കിൽ ഇവ യഥാക്രമം 69,29,952/-, 73,37,075/- എന്ന് തെറ്റായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2018-19ലെ കണക്ക് പ്രകാരം ആധുനിക അറവുശാല നിർമ്മാണത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച ₹1,58,98,475 നഗരസഭ അക്കൗണ്ടിൽ ആകെയുണ്ട് (പലിശയുൾപ്പെടെ). കേന്ദ്രഫണ്ടിൽ നിന്നും ലഭിച്ച ₹30 ലക്ഷം വകമാറ്റി ചെലവഴിച്ചതിനാൽ തുക തിരിച്ചടയ്ക്കാൻ നിയമസഭാ കമ്മിറ്റി നിർദ്ദേശിച്ചെങ്കിലും ₹10.75 ലക്ഷം മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്.

പ്രത്യേക പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച തുക കാലങ്ങളായി അതിന് ഉപയോഗിക്കാതെ നഗരസഭ ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കാനും, പ്രോജക്ട് നടപ്പിലാക്കുവാൻ സാദ്ധ്യമല്ലെങ്കിൽ സർക്കാർ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട ഫണ്ടുകളിൽ തുക തിരികെ ഒടുക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.69/18-19ന് മറുപടി ലഭ്യമാക്കിയില്ല.

അറവുശാല നിർമ്മാണം എന്ന പ്രത്യേക പദ്ധതിയ്ക്കായി ലഭിച്ച ഫണ്ട് നിലവിൽ നഗരസഭയുടെ സ്ഥിരനിക്ഷേപമായി തുടരുകയാണ്. പ്രത്യേക ഉദ്ദേശ്യ പദ്ധതിയ്ക്കായി ലഭിച്ച ഫണ്ട് 15 വർഷത്തിനു ശേഷവും അതിന്റെ പ്രാരംഭ നടപടികൾ പോലും നടത്താൻ ശ്രമിച്ചിട്ടില്ല എന്നിരിക്കെ സർക്കാർ നിർദ്ദേശം ലഭ്യമാക്കി ബന്ധപ്പെട്ട ഹെഡുകളിൽ തുക തിരികെ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 ലക്ഷങ്ങൾ ചെലവഴിച്ച് മാലിന്യം നീക്കം ചെയ്യൽ -ഫലപ്രദമായ സംവിധാനങ്ങൾ നടപ്പാക്കുന്നതിൽ കാലതാമസം

ഫയൽ നം.H8/17613/17

2018-19 ൽ സ്പിൽ ഓവറായി നടപ്പാക്കിയ ഡംപിംഗ് യാർഡിലെ മാലിന്യം നീക്കം ചെയ്യൽ (SO 300/19) പ്രവൃത്തിയ്ക്കായി ഒലേന മഹിളാ സമാജം, കോഴിക്കോട് എന്ന സ്ഥാപനത്തിന് 13,30,655/-രൂപ ബിൽ നം.5/18-19/21.03.19പ്രകാരം അനുവദിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ

ചേർക്കുന്നു.

**1) എസ്റ്റിമേറ്റിലും 3 ഇരട്ടിയിലധികം തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നൽകി**

നഗരസഭയുടെ ഫാത്തിമാപുരം മാലിന്യ പ്ളാന്റിലെ ജൈവ-അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 1m3 ന് ₹325.79 പ്രകാരം 4600m3 മാലിന്യം നീക്കം ചെയ്യുവാൻ ₹15,00,000/- അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ച പദ്ധതിയാണ്. 19.03.18 ലെ റീടെണ്ടറിൽ ഒലേന മഹിളാ സമാജം, കോഴിക്കോട് എന്ന സ്ഥാപനം @1350/-m3 നിരക്ക് ക്വോട്ട് ചെയ്തെങ്കിലും നിരക്ക് വളരെ കൂടുതലായതിനാൽ, നെഗോഷ്യേറ്റ് ചെയ്യുന്നതിനായി 27/03/18ൽ സ്ഥാപനത്തിന് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ലേബർ, മെഷിനറി ചാർജ്ജ് കൂടുതലാണെന്ന കാരണത്താൽ സ്ഥാപനം നിരക്ക് കുറയ്ക്കാൻ തയ്യാറായില്ല. 14.02.18ലെ സിംഗിൾ ടെണ്ടറും ഈ സ്ഥാപനത്തിന്റെ തന്നെയായിരുന്നു എന്ന് ഫയലിൽ പരാമർശിക്കുന്നുണ്ട് എങ്കിലും നിരക്ക് വ്യക്തമാക്കിയിട്ടില്ല.എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും 3 ഇരട്ടിയിലധികം തുക ക്വാട്ട് ചെയ്ത സാഹചര്യത്തിൽ രണ്ടാമത് ടെണ്ടർ ക്ഷണിക്കൽ, പ്രാദേശിക ഓഫർ ഉൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങൾ എന്നിവ സ്വീകരിക്കാതെ മേൽ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 28/03/18ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 4600m3 മാലിന്യം നീക്കം ചെയ്യാൻ തയ്യാറാക്കിയ പദ്ധതിയിൽ ഇപ്രകാരം കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ നൽകിയതിനാൽ 985.67m3 മാലിന്യം മാത്രമാണ് നീക്കം ചെയ്തതായി രേഖകൾ പ്രകാരം കണക്കാക്കിയിട്ടുള്ളത്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് നഗരസഭയിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും വികേന്ദ്രീകൃതമായ മാലിന്യ സംസ്കരണം വേണ്ടത്ര വിജയകരമായിട്ടില്ല. നഗരത്തിൽ ഒരു ദിവസം നിക്ഷേപിക്കപ്പെടുന്ന ശരാശരി ഖര/ജൈവ മാലിന്യത്തിന്റെ അളവ് കൃത്യമായി നിർണയിക്കപ്പെട്ടിട്ടില്ല. ഫാത്തിമാപുരം പ്ളാന്റിൽ വർഷങ്ങളായി നിക്ഷേപിക്കപ്പെട്ട മാലിന്യത്തിന്റെ അളവും നിർണയിക്കപ്പെട്ടിട്ടില്ല. ആയതിനാൽ എല്ലാവർഷവും പ്ളാന്റിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യത്തിൽ നിന്നും ഭാഗീകമായ അളവിൽ മാലിന്യം നീക്കംചെയ്യുന്നതിനുള്ള പ്രോജക്ട് ആവർത്തിച്ച് ഏറ്റെടുത്തിട്ടും ഭീമമായ തുക ചെലവഴിച്ചിട്ടും വേണ്ടത്ര പ്രയോജനപ്പെട്ടിട്ടില്ലായെന്നാണ് ഓഡിറ്റിന്റെ വിലയിരുത്തൽ.

**2) നീക്കം ചെയ്യപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല**

നഗരസഭയുടെ ഡംപിംഗ് യാർഡിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന എന്ന പേരിൽ ലക്ഷങ്ങൾ നഗരസഭയിൽ നിന്നും സ്ഥാപനം കൈപ്പറ്റുന്നുണ്ട്. കർണ്ണാടകയിലെ ഒരു കമ്പനിയിലേക്കാണ് മാലിന്യം സംസ്കരണത്തിനായി എത്തിക്കുന്നതെന്ന് ഹെൽത്ത് സൂപ്പർവൈസർ മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും മാലിന്യങ്ങൾ എപ്രകാരമാണ് സംസ്കരിക്കുന്നതെന്ന് വ്യക്തമല്ല.

**3) പദ്ധതികൾ ഇഴയുന്നു**

മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ, പ്ളാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ്, എയ്റോബിക് യൂണിറ്റ്, ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് എന്നിങ്ങനെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും 18-19ലും മിക്ക പ്രവൃത്തികളും പൂർത്തിയാക്കിയിട്ടില്ല. 2017-18 ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത വിഷയം ഖ.3-23, 3-24 ആയി വിശദമായി പരാമർശിച്ചിട്ടും ഫലപ്രദമായ തുടർനടപടി സ്വീകരിച്ചിട്ടില്ല.

**4) പ്ളാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നില്ല**

ക്ളീൻ കേരള കമ്പനിക്ക് ഷ്രഡിംഗ് യൂണിറ്റിന്റെ ബാക്കി തുകയായ 2,45,736/-രൂപ 2018-19ൽ ബിൽ നം.1/18-19/23.05.18 പ്രകാരം അനുവദിച്ചിട്ടുണ്ട്. (SO 261/19) 7,37,207/-രൂപ 2017-18ൽ ക്ളീൻ കേരളയ്ക്ക് നൽകിയിരുന്നു). മുഴുവൻ തുകയും നൽകി മെഷീൻ നഗരസഭക്ക് 18-19 ൽ ലഭ്യമായിട്ടുണ്ടെങ്കിലും ട്രയൽറൺ മാത്രമാണ് നടത്തിയിട്ടുള്ളത്. പ്രോജക്ട്.നം.249/19 പ്രകാരം അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2,86,984/- (ബിൽ നം. 84/18-19/26.3.19) രൂപ ചെലവഴിച്ച് ഷ്രഡിംഗ് യൂണിറ്റിന് ഷെഡ് സ്ഥാപിക്കൽ പ്രവൃത്തിയും 18-19 ൽ നടപ്പാക്കിയിട്ടുണ്ട്. ഷ്രഡിംഗ് മെഷീൻ തുടർന്ന്

പ്രവർത്തനസജ്ജമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് തുടർന്ന് പ്രവർത്തിപ്പിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. 2019-20 ഓഡിറ്റിൽ പദ്ധതിയുടെ തുടർപ്രവർത്തനം വിലയിരുത്തുന്നതാണ്. പദ്ധതിപണം ചെലവഴിക്കുക എന്നതല്ലാതെ തുടർപ്രവർത്തനം, കൃത്യമായ മെയിന്റനൻസ്, മോണിറ്ററിംഗ് എന്നിവ നടക്കാത്തത് തന്നെയാണ് പല വികസന പദ്ധതികളും പരാജയപ്പെടുന്നതിന് കാരണം.

എയ്റോബിക് യൂണിറ്റ്, ഷ്രഡിംഗ് യൂണിറ്റ് എന്നിവ പദ്ധതി ലക്ഷ്യം കൈവരിച്ചാൽ, നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ആവർത്തനച്ചെലവ് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കും. മുൻ വർഷങ്ങളിൽ സ്ഥാപിച്ച എയ്റോബിക് യൂണിറ്റുകൾ പല സ്ഥലങ്ങളിലും നിഷ്ക്രീയ ആസ്തികളായി മാറുന്നു. അവശ്യം നടപ്പാക്കേണ്ട പ്രവൃത്തികൾ ഇഴയുന്നതിനാൽ മാലിന്യ സംസ്കരണത്തിനായുള്ള ചെലവുകളും വർദ്ധിക്കുകയാണ്.

**5) ഫലപ്രദമായ നിരീക്ഷണ സംവിധാനം നടപ്പാക്കിയില്ല**

വീടുകളും വ്യാപാരസ്ഥാപനങ്ങളും സ്വന്തം നിലയിൽ മാലിന്യ നിർമ്മാർജ്ജനം എല്ലാ പ്രദേശങ്ങളിലും നടപ്പാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ദിനംപ്രതി നഗരസഭ മാലിന്യശേഖരണം നടത്തുകയും അതിന്റെ നിർമ്മാർജ്ജനത്തിനായി വലിയതുക ചെലവഴിക്കുകയും ചെയ്യേണ്ടി വരുന്നതിന്റെ യഥാർത്ഥ കാരണം പഠനവിധേയമാക്കേണ്ടതാണ്. രാത്രികാലങ്ങളിൽ നഗരസഭാ പരിധിയുടെ പുറത്തുനിന്നും ധാരാളം മാലിന്യങ്ങൾ വിവിധ സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ കർശന നടപടി സ്വീകരിക്കുകയും നിരീക്ഷണ സംവിധാനം ഉൾപ്പെടെയുള്ള സാങ്കേതിക പദ്ധതികൾ നടപ്പാക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ വിജയകരമായി നടപ്പാക്കിയാൽ തന്നെ നഗരസഭയുടെ അനാവശ്യച്ചെലവുകൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

## 1-34 2018-19 – ഐ. കെ. എം. വിഹിതം നൽകൽ - മുൻബാക്കി ക്രമീകരിക്കാതെ തൻവർഷ വിഹിതം പൂർണ്ണമായി ഒടുക്കി.

ഫയൽ നം ജി.8-5591/16

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം.2/19) ഐ.കെ.എം. വിഹിതമായി വികസന ഫണ്ടിൽ നിന്നും ₹ 2,94,538 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.ന്റെ പേരിലുള്ള 57047023512 നം.അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഐ.കെ.എം. 18.11.17-ൽ ഹാജരാക്കിയ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 31.03.16-ൽ ₹3,97,588 അവശേഷിക്കുന്നതായി അറിയിച്ചിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ടി തുക ക്രമീകരിക്കാതെ വീണ്ടും വികസന ഫണ്ട് വകയിരുത്തി ഒടുക്കിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6/18- 19) നഗരസഭ 18-19 വർഷത്തെ തുക അടച്ചതിന് ശേഷമാണ് ഐ.കെ.എം.ൽ നിന്നും ₹3,97,588 അവശേഷിക്കുന്നതായി അറിയിച്ചതെന്നും നാളിതുവരെയുള്ള ഫണ്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ 2019-20 വർഷത്തെ തുക നൽകുവാൻ നിർവാഹമുള്ളുവെന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 നിക്ഷേപ പ്രവൃത്തികൾ - 11,55,687/-രൂപയുടെ വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്കായി 2 നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാർ ചമച്ചതിന്റെയോ നിക്ഷേപത്തുകയുടെ വിനിയോഗ വിവരങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് നം./പേര് | ബിൽ നം./തുക | നിർവ്വഹണ | റിമാർക്സ് |
|---|---|---|---|---|

| നം. | | | | ഏജൻസി | |
|---|---|---|---|---|---|
| 1 | 3/19- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | 1032856/17.01.19 | 8,951 | കെ.എസ്.ഇ.ബി, ചങ്ങനാശ്ശേരി | ---- |
| | | 1097818/29.01.19 | 11,507 | | |
| | | 1367833/14.03.19 | 6,79,542 | | |
| 2 | 4/19 – വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 1040781/17.01.19 | 4,55,687 | വാട്ടർ അതോറിറ്റി, ചങ്ങനാശ്ശേരി | |

മേൽ നിക്ഷേപങ്ങളുടെ വിനിയോഗ വിവരങ്ങളും ഭൗതിക നേട്ടം കൈവരിച്ചത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമല്ല. . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 67/18-19) മറുപടി ലഭിച്ചിട്ടില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-36 സി.ജി.എസ്.ടി/എസ്.ജി.എസ്.ടി കുറവു ചെയ്തില്ല- കരാറുകാരന് അധിക തുക നൽകി

CBICസർക്കുലർ നം.65/39/2018 പ്രകാരം 01.10.2018 മുതൽ 2,50,000രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലുകളിൽ നിന്നും ജി.എസ്.റ്റി കുറവു വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 01.10.2018 മുതൽ നഗരസഭയിൽ നിന്ന് മാറിയെടുത്ത താഴെക്കാണുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ആകെ മൂല്യ തുകയുടെ (1% +1%) 2% കുറവു ചെയ്തതിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ബിൽ നം. / തീയതി/ തുക | കരാറുകാരന്റെ പേര് | പ്രവൃത്തിയുടെ ആകെ മൂല്യം | CGST &SGST ഈടാക്കേണ്ടത് | ഫയൽ നം. | എം.ബുക്ക് നം. |
|---|---|---|---|---|---|---|---|
| 1 | 52/19- അക്ഷര നഗർ ഉണ്ണിറോഡിലെ ഓട മെയിന്റനൻസ് കവറിംഗ് സ്ളാബ്-വാർഡ് 18 | 974819 /22.12.18 / 316719 | റെജി തോമസ് ജോസഫ് | 3,19,918 | 3199<br>3199<br>6398 | E6/9447/18 | 173/17-18 |
| 2 | 35/19-എ.സി.റോഡ് പെരുമ്പുഴക്കടവ് റോഡ് ബൈ റോഡ് മെയിന്റനൻസ് - വാർഡ് -20 | 800016/14.11.18 / 950543 | റെജി തോമസ് ജോസഫ് | 9,60,144 | 9601<br>9601<br>19202 | E69454/18 | 133/18-19 |
| 3 | 426/19<br>വാർഡ് 24,25 വേട്ടടി റോഡ് മുതൽ N.S.S.യു.പി.സ്കൂൾ വരെ ഇന്റർലോക്ക് | 1013809/07.01.2019 /391968 | ജിജി എം.ജോസഫ് | 3,95,927 | 3959<br>3959<br>7918 | E6-14872/17 | 186 |
| 4 | 41/19<br>കക്കാട്ട് കടവ് റോഡിന്റെ കിഴക്കോട്ടുള്ള ഉപറോഡുകളും ബൈ ലൈനുകളും മെയിന്റനൻസ് | 1013801/7.1.2019 /399427 | ജി.രവിശങ്കർ | 4,03,462 | 4035<br>4035<br>8070 | E6-9446/18 | 183 |
| 5 | SO-433/19<br>മന്ന റോഡ് അടക്കമുള്ള വിവിധ റോഡുകളുടെ അറ്റകുറ്റപ്പണി | 980660/22.11.18 /987976 | ജിജി എം.ജോസഫ് | 9,97,956 | 9980<br>9980<br>19960 | E6-21623/17 | 126 |
| 6 | 158/19<br>4, 5 വാർഡുകളുടെ അതിർത്തി റോഡായ മഠുമൂല, മോർക്കുളങ്ങര ബൈപ്പാസ് റോഡ് ടാറിംഗും ഇന്റർലോക്കും | 706277/25.10.18 /986089<br>706287/25.10.18 /391083 | റെജി തോമസ് ജോസഫ് | 13,91,083 | 13911<br>13911<br>27822 | E1-11098/18 | 100/18 |
| 7 | 325/19<br>പൂവക്കാട്ട്ചിറക്കുളം നവീകരണം -ബാക്കി പ്രവൃത്തികൾ | 734874/25.10.18 /378799 | എൽ.എച്ച്.മുഹമ്മദ് നഷ്ഷൂർ | 3,82,624.7 | 3826<br>3826<br>7652 | E1-22521/17 | 55/17-18 |
| 8 | 323/19<br>നിരഞ്ജന വീട് മുതൽ നാരായണീയം വീട് വരെ റീടാറിംഗ് | 907512/11.12.18 /464130 | ജി.രവിശങ്കർ | 4,68,818 | 4688<br>4688<br>9376 | E1-17332/17 | 123/18<br>173/18 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 190/19<br>വണ്ടിപ്പേട്ട കക്കാംതോട് റോഡിൽ നിന്നും കിഴക്കോട്ട് പാറാച്ചേരിൽ വീട് വരെ റീകോൺക്രീറ്റിംഗ് | 1104747<br>24.01.19/335579 | എൽ.എച്ച്.മുഹമ്മദ് നഷ്റർ | 3,38,969 | 3390<br>3390<br>6780 | E1-9037/18 | 209/18 |
| 10 | 160/19<br>ഈഡൻ പബ്ളിക്ക് സ്കൂൾ മുതൽ മഞ്ചാടിക്കര ദേവീക്ഷേത്രം വരെ ഇന്റർലോക്ക്, സൈഡ് കോൺക്രീറ്റിംഗ് | 805568/13.11.18/395191 | പി.ജെ.സൈമൺ | 3,99,183 | 3992<br>3992<br>7984 | E1-9039/18 | 163/17-18 |
| 11 | 470/19<br>മാടത്താനിക്കടവ് മുതൽ വടക്കേനടവരെയുള്ള റോഡിന്റെ സൈഡ് കോൺക്രീറ്റിംഗ് | 706272/25.10.18/338169 | ജി.രവിശങ്കർ | 3,41,585 | 3416<br>3416<br>6832 | E1/11106/18 | 104/18 |
| 12 | SO-116/19<br>വേലൻകുന്ന് റോഡിൽ പനമൂട്ടം വീട് മുതൽ ത്രിവേണി ജംഗ്ഷൻ വരെ ഓടപുനർനിർമ്മാണം | 976937/22.12.18/262247 | റെജി തോമസ് ജോസഫ് | 2,65,906 | 2659<br>2659<br>5318 | E1-9046/18 | 159/17-18 |
| 13 | SO-194/19<br>ആർക്കാഡിയ ജം.മുതൽ ബ്രിഗേഡിയർ വീട് വരെ ഇന്റർലോക്കിംഗ്<br>വാർഡ് നം- 4 | 706293<br>25.10.18<br>494808 | റെജി തോമസ് ജോസഫ് | 4,99,806 | 4998<br>4998<br>9996 | E1-11102/18 | 99/18 |
| 14 | SO-107/19<br>കാക്കാംതോട് മഞ്ചാടിക്കര റോഡിൽ കാരയ്ക്കാട്ടില്ലം മുതൽ വാണി ഗ്രൗണ്ട് വരെ ഓട നിർമ്മിച്ച് സ്ളാബ് ഇടുക വാർഡ് നം.30-35 | 1100341/24.01.19/394114 | എൽ.എച്ച്.മുഹമ്മദ് നഷ്റർ | 3,98,095 | 3981<br>3981<br>7962 | E1-11112/18 | 210/18 |
| 15 | SO-327/19<br>ദേവലോക ക്ഷേത്രം | 917080/11/12/18/296948 | പി.ജെ.സൈമൺ | 2,99,947 | 2999<br>2999 | E1-22225/17 | 160/17-18 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അംഗൻവാടി വഴി സംരക്ഷണഭിത്തി നിർമ്മാണം | | | | 5998 | | |
| 16 | SO-309/19<br>വെജിറ്റബിൾ മാർക്കറ്റിൽ ഓടയ്ക്ക് കവറിംഗ് സ്ലാബ് | 911680/11/12/18<br>/275828 | റ്റി.റ്റി.സെബാസ്റ്റ്യൻ | 2,78,614 | 2786<br>2786<br>5572 | E1-17311/17 | 157/17-18 |
| 17 | SO-305/19<br>108-ം നം.ബാങ്കിന്റെ വടക്ക്ഭാഗത്തുള്ള റോഡ് ഇന്റർലോക്കിംഗ് | 737714/31.10.18<br>/590693 | ജയ്സൺ.പി.ഫ്രാൻസിസ് | 5,96,660 | 5967<br>5967<br>11934 | E1-17308/17 | 105/18 |
| 18 | SO-118/19<br>കുറ്റിശ്ശേരിക്കടവ് റോഡിൽ ഇളംതുരുത്തി ജം. മുതൽ ചുട്കാട്ടിൽ വീട് വരെ ഓടനവീകരണം | 859934/28.11.18<br>/351219 | തോമസ് ജോസഫ് | 3,54,767 | 3548<br>3548<br>7096 | E1-9041/18 | 122/18 |
| 19 | SO-276/19<br>ജയകേരള റോഡ് സൈഡ് ഓടയുടെ മെയിന്റനൻസും കവറിംഗ് സ്ലാബും | 765508/14.11.18<br>/287302 | സ്മിതേഷ് സിറിയക്ക് | 2,90,204 | 2902<br>2902<br>5804 | E6-16482/17 | 43/17-18 |
| 20 | SO-066/19<br>പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ -അനന്തപുരം റോഡ് മെയിന്റനൻസ് | 1013790/07.01.19<br>/816985 | ജി.രവിശങ്കർ | 8,25,237 | 8252<br>8252<br>16504 | E6-11634/18 | 169/17-18 |
| 21 | SO-463/19<br>സ്റ്റേഡിയത്തിന് സമീപം ഷോപ്പിംഗ് കോംപ്ളക്സിന്റെ ഒന്നാംനില പുനരുദ്ധാരണം | 706716/25.10.18<br>/484689 | മുഹമ്മദ് സലിം | 4,89,584.77 | 4896<br>4896<br>9792 | E1-22358/17 | 53/17-18<br>&<br>60/17-18 |
| 22 | SO-389/19-<br>മുനിസിപ്പൽ ഫ്രണ്ട് ഓഫീസ് ബാലൻസ് വർക്ക് | 724607/30.10.18<br>/389235 | ജിജി.എം.ജോസഫ് | 3,93,167 | 3932<br>3932<br>7864 | E4-20176/17 | 51/17-18 |
| 23 | SO-324/19<br>കുട്ടികളുടെ പാർക്ക് നവീകരണം | 944656/7.12.18<br>/295750 | പി.ജെ.സൈമൺ | 2,98,737 | 2987<br>2987<br>5974 | E1-22224/17 | 158/17-18 |
| 24 | SO-38/19<br>എം.സി.റോഡ് മുതൽ എം.സി റോഡ് റിംഗ് റോഡ് | 770223/14.11.18<br>/91033<br>770224/14.11.18<br>/796740 | എൽ.എച്ച്.മുഹമ്മദ് നഷൂർ | 8,96,740 | 8967<br>8967<br>17934 | E69455/18- | 131/17-18 |

| | | | | | | | |
|---|---|---|---|---|---|---|---|
| | & ബൈറോഡ് മെയിന്റനൻസ്<br>വാർഡ് -21 | | | | | | |
| 25 | SO-139/19<br>ചിത്രക്കുളം പടിഞ്ഞാറ് റോഡ് മെയിന്റനൻസ്<br>വാർഡ് - 28, 29 | 859870/30.11.18 /364920 | മുഹമ്മദ് സലിം | 3,68,606 | 3686<br>3686<br>7372 | E6/9450/18 | 147/17-18 |
| 26 | SO-388/19<br>അങ്കണവാടി നം.88,93,94 എന്നിവയുടെ മെയിന്റനൻസ് | 900664/13.12.18 /676079 | രവിശങ്കർ | 6,82,908 | 6829<br>6829<br>13658 | E4/17389/17 | 54/17-18 |
| 27 | SO-80/19<br>ചാസ് റോഡിൽ ഇുമ്പുങ്കൽ വീട് മുതൽ ബൈപ്പാസ് റോഡ് വരെ ഇന്റർലോക്കിംഗ് | 970704/22.12.2018 /534573 | ആന്റണി ജോസഫ് | 5,39,973 | 5400<br>5400<br>10800 | E1-9048/18 | 156/17-18 |
| 28 | SO-375/19<br>ഫാത്തിമാപുരം പാറേൽ പള്ളി റോഡ് റീടാറിംഗ് | 922734/17.12.18 /590880 | എം.സി.ആന്റണി | 5,96,848 | 5968<br>5968<br>11936 | E4-17373/17 | 135/17-18 |

| | |
|---|---|
| **ആകെ നഷ്ടം** | 2,89,508 |
| **കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം** | 1,44,754 |
| **സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം** | 1,44,754 |

ജി.എസ്.റ്റി ഇനത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് ഒടുക്കേണ്ട തുക കരാറുകാരന് അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (65/18-19) യ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ അധികം നൽകിയ തുക ഈടാക്കി ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ചിത്രക്കുളം നവീകരണം - പദ്ധതി ലക്ഷ്യം അകലെ

| | |
|---|---|
| പ്രോജക്ട് നം | SO 418/19 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| ബിൽ നം. | 16/18-19/31.08.18 |
| തുക | ₹4,03,757 |

2018-19ൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ ചിത്രക്കുളം നവീകരണം പദ്ധതിയിൽ കുളത്തിന്റെ സൗന്ദര്യവൽക്കരണവും കാട്ടുകൾ വെട്ടിത്തെളിച്ച് ഉപയോഗ യോഗ്യമാക്കലുമാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. സൈഡ് റോഡ് ഇന്റർലോക്കിംഗ്, കുളത്തിന്റെ പൊട്ടിപ്പൊളിഞ്ഞ ചുറ്റുമതിൽ പുനർനിർമ്മാണം എന്നീ പ്രവൃത്തികൾക്കായി ₹4,03,757 ചെലവഴിച്ചിട്ടുണ്ട്.

രാജഭരണകാലത്ത് തെക്കുംകൂർ രാജവംശത്തിന്റെ അധീനതയിലുണ്ടായിരുന്ന ഈ കുളം പിന്നീട് നഗരസഭയ്ക്ക് കൈമാറി ലഭിക്കുകയും നഗരസഭയുടെ ആസ്തിയായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും

ചെയ്തു. 2012-13ൽ S0246/13 നം. പ്രോജക്ടിൽ ഉൾപ്പെടുത്തി ₹3,97,617 ചെലവഴിച്ച് കുളം വൃത്തിയാക്കൽ നടത്തിയതാണ്. പൊതുകുളം നവീകരണം എന്ന രീതിയിൽ പദ്ധതി അംഗീകാരം ലഭ്യമാക്കി 8 ലക്ഷം രൂപയോളം ചെലവഴിച്ചുവെങ്കിലും കുളം നിലവിലും പൊതു ആവശ്യത്തിനായോ, അല്ലാതെയോ ആരും ഉപയോഗപ്പെടുത്തുന്നില്ല. ചുറ്റും പാഴ്ചെടികൾ വളർന്ന് പായലും നിറഞ്ഞ് കുളത്തിലെ വെള്ളം ഉപയോഗയോഗ്യമല്ല എന്ന് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പൊതുകുളം ഉപയോഗയോഗ്യമാക്കുക എന്ന ലക്ഷ്യം നിലവിലും സാക്ഷാൽക്കരിച്ചിട്ടില്ല.

ലക്ഷങ്ങൾ ചെലവഴിച്ചതല്ലാതെ കുളം യാതൊരു ആവശ്യത്തിനും നിലവിൽ ഉപയോഗിക്കുന്നില്ല (പ്രാദേശിക പരിശോധന റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയിട്ടുണ്ട്)



(ചിത്രക്കുളത്തിന്റെ ചുറ്റും പാഴ്ച്ചെടികൾ വളർന്ന് പായൽ നിറഞ്ഞ അവസ്ഥയിൽ)

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗരസഭകളുടെ പൊതുവായ ചുമതലകളിൽ ഉൾപ്പെടുത്തി പൊതുമുതലുകൾ, കുടിവെള്ള സ്രോതസ്സുകൾ, പൈതൃക സ്വത്തുക്കൾ എന്നിവയുടെ സംരക്ഷണം നടപ്പിലാക്കേണ്ടതാണ്.

## 1-38 അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1.പച്ചക്കറി വികസന പദ്ധതി-(ജനറൽ)---വളം വിതരണത്തിന് 100% സബ്സിഡി നല്കി.**

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി (S037/19) 166 ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്തുകൾ,വളം എന്നിവ വാങ്ങി വിതരണം നടത്തുന്നതിലേയ്ക്കായി ആകെ ₹ 63,080/- ബിൽ നം.5/18-19 /26.2.19 പ്രകാരം പിൻവലിച്ച് കെയ്കോയ്ക്ക് നല്കിയിട്ടുണ്ട്. ഇതിൽ പച്ചക്കറി വിത്തിന്റെ വിലയായ ₹ 6,640/- ഒഴിച്ച് വിവിധ വളത്തിന്റെ വിലയായ 56440/-രൂപയ്ക്ക് 75% സബ്സിഡിയായ ₹ 42,330/-രൂപ മാത്രം വികസനഫണ്ടിൽ നിന്നും നല്കിയാൽ മതി എന്നിരിക്കെ ചെലവ് തുക പൂർണ്ണമായും വികസനഫണ്ടിൽ നിന്നും നല്കിയത് ക്രമപ്രകാരമല്ല. (സ.ഉ.(കൈ)22/2018/തസ്വഭവ.14.02.18) ₹14,110 അധികം നല്കിയതിന് വിശദീകരണം ലഭിച്ചിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം ₹ 9,960 ഈടാക്കി നഗരസഭാ ഫണ്ടിൽ 10.03.19ൽ അടച്ചതായി രസീത് ഉണ്ട്. ഈ തുക നഗരസഭാഫണ്ടിൽ സൂക്ഷിച്ച് വികസനഫണ്ട് അധികമായി ചെലവഴിക്കാൻ ഇടയായ സാഹചര്യം വ്യക്തമല്ല. ഗുണഭോക്തൃവിഹിതമിനത്തിൽ ₹14,110 ഈടാക്കേണ്ടതിന് പകരം (4,150/-രൂപ കുറവ്) ₹9,960 ഈടാക്കിയതിനുള്ള വിശദീകരണവും വികസനഫണ്ടിനത്തിൽ അധികം പിൻവലിച്ച തുകയായ ₹14,110 സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

**2. ഫലവൃക്ഷവികസന പദ്ധതി**( S0128/19)

മാവ്, പ്ലാവ്, പേര, റംപുട്ടാൻ എന്നീ ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റ് ചെയ്ത 100 തൈകൾ വീതം, ജൈവവളം എന്നിവയുടെ വിലയായി ₹39,000 ബിൽ നം.6/18-19/28.02.19 പ്രകാരം കെയ്കോയ്ക്ക് നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈ ഇനത്തിന് 75% സബ്സിഡി ആണ് അനുവദനീയം. ഗുണഭോക്തൃ വിഹിതം ₹9,750 ഈടാക്കി നഗരസഭാഫണ്ടിൽ അടച്ചിട്ടുണ്ടെങ്കിലും ചെലവ് തുക പൂർണ്ണമായും വികസനഫണ്ടിൽ നിന്ന് നല്കിയതിനാൽ ₹9,750 വികസനഫണ്ടിൽ നിന്ന് അധികം നല്കിയിട്ടുണ്ട്.

മേൽ രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി നഗരസഭാഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന ഗുണഭോക്തൃവിഹിതം 19,710/- രൂപ സർക്കാരിന്റെ സഞ്ചിതനിധിയിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും തുക നഗരസഭാഫണ്ടിൽ ഉണ്ടെന്നും സർക്കാരിലേക്ക്

അടച്ച് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥ വാക്കാൽ മറുപടി നല്കിയെങ്കിലും തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

ക്രമ നം.1 ൽ പരാമർശിച്ച പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചതിൽ കുറവ് വന്ന 4,150/-രൂപ ഉൾപ്പെടെ വികസനഫണ്ടിൽ നിന്നും ആകെ അധികം നല്കിയ 23,860/- രൂപയും (₹14,110 + ₹9,750) നിർവഹണ ഉദ്യോഗസ്ഥ തിരികെ അടച്ച് രേഖകൾ ഹാജരാക്കാത്ത പക്ഷം സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-39 പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ തുക ഗ്രാന്റിൽ കുറവ് ചെയ്തിട്ടും ₹3.32 കോടി കുടിശ്ശികയായി അവശേഷിക്കുന്നു

ഫയൽ നം. ജി4-3170/93

നഗരസഭയിലെ 407 പൊതുടാപ്പുകൾക്ക് ടാപ്പൊന്നിന് പ്രതിവർഷം ₹7,884 നിരക്കിൽ പ്രതിമാസം ₹2,67,399 വീതം വാട്ടർ അതോറിറ്റിയിൽ നിന്നും നഗരസഭയ്ക്ക് ഡിമാന്റ് നോട്ടീസ് ലഭിക്കുന്നുണ്ടെങ്കിലും തനത് ഫണ്ട് കുറവുമൂലം തുക ഒടുക്ക് വരുത്തുന്നില്ല. ഏറ്റവും ഒടുവിൽ നഗരസഭയ്ക്ക് ലഭിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം 30.06.2019 വരെ കുടിശ്ശിക ഉൾപ്പെടെ 3,32,24,512 രൂപയാണ് അടയ്ക്കാനുള്ളത്.

എന്നിരുന്നാലും ബജറ്റ് വിഹിതം 2018-19 പ്രകാരം വികസന ഫണ്ടിൽ നിന്നും പൊതു ആവശ്യ ഗ്രാന്റിൽ നിന്നും വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശിക കുറവ് വരുത്തിയാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം 2018-19 ബജറ്റ് വിഹിതത്തിൽ നിന്നും കുറവു വരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വികസന ഫണ്ട് | 10,16,042 |
| പൊതു ആവശ്യ ഗ്രാന്റ് | 9,96,306 |
| ആകെ:- | 20,12,348 |

ടി തുക അഡ്ജസ്റ്റ് ചെയ്ത് വാട്ടർ അതോറിറ്റിയിൽ വരവു വച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, മുൻവർഷങ്ങളിൽ ബജറ്റ് വിഹിതത്തിൽ നിന്നും കുറവ് ചെയ്ത തുക വാട്ടർ അതോറിറ്റിയിൽ വരവു വന്നതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാന്റിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുക അഡ്ജസ്റ്റ് ചെയ്തതിന് ശേഷമുള്ള കുടിശ്ശിക തുകയാണോ പ്രതിമാസ ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്തി വരുന്നതെന്ന് ഉറപ്പ് വരുത്താൻ നഗരസഭാധികൃതർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ജി.ഒ(ആർ.റ്റി) 2242/2011, ത.സ്വ.ഭ.വ തീയതി, 28.09.2011 പ്രകാരം പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് നഗരകാര്യ ഡയറക്ടർക്ക് നൽകണം എന്നും നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ, ചങ്ങനാശ്ശേരിയുടെ 10.04.2015ലെ എബി-389/97, വോള്യം VII നം.കത്ത് പ്രകാരം നിലവിലുള്ള ടാപ്പുകളുടെ എണ്ണത്തിൽ തർക്കമുള്ളതിനാൽ നഗരസഭയും വാട്ടർ അതോറിറ്റിയും ചേർന്നുള്ള ഒരു സംയുക്ത പരിശോധന നടത്തി പരിഹാരം കണ്ടെത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്താതിരുന്നത് മൂലം വർഷങ്ങളായി 407 പൊതുടാപ്പുകൾ നിലവിലുണ്ടെന്ന് കണക്കാക്കിയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു വരുന്നത്. യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ വെള്ളക്കരം കൂടി നഗരസഭയ്ക്ക് അർഹമായ ഗ്രാന്റിൽ നിന്ന് കുറവ് ചെയ്യുന്നതുവഴി നഗരസഭയ്ക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കേണ്ട തുകയാണ് സംയുക്ത പരിശോധന നടത്താതിരുന്നത് മൂലം നഷ്ടമാവുന്നത്. നഗരസഭാ പ്രദേശത്തുള്ള വിവിധ ഭാഗങ്ങളിലെ പഴയ പൈപ്പ് ലൈൻ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുക പോലും നഗരസഭയുടെ വികസന ഫണ്ടിൽ നിന്നും വകയിരുത്തി നിക്ഷേപ പ്രവൃത്തികളായി ഏറ്റെടുക്കുന്നുണ്ട്.

നഗരസഭ മുഖേന UIDSSMT സ്കീമിൽ ഏകദേശം 6 കോടിയോളം രൂപയുടെ നവീകരണ/വിപുലീകരണ പ്രവൃത്തികളാണ് വാട്ടർ അതോറിറ്റിയ്ക്ക് ഏറ്റെടുക്കാൻ സാധിച്ചത്. ഇപ്രകാരം വാട്ടർ അതോറിറ്റിയുടെ വരുമാന വർദ്ധനവിന് സഹായകമായ പല പ്രവൃത്തികളും നഗരസഭ ചെയ്യുന്നുണ്ടെങ്കിലും വെള്ളക്കരം ഇനത്തിൽ യാതൊരു ഇളവുകളും നഗരസഭയ്ക്ക് ലഭിക്കാത്ത സ്ഥിതി നിലനിൽക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/18-19) മറുപടി ലഭിച്ചില്ല. മേൽ വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. നഗരസഭയും വാട്ടർ അതോറിറ്റിയും ചേർന്നുള്ള സംയുക്ത പരിശോധന നടത്തേണ്ടതും നഗരസഭയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-40 തെരുവുവിളക്കുകളുടെ കറന്റ് ചാർജ്ജ് - അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല

**ഫയൽ നം. ജി4-3571/02**

2018-19 വർഷം നഗരസഭ വക തെരുവുവിളക്കുകളുടെയും ഹൈമാസ്റ്റ് ലൈറ്റുകളുടേയും മുനിസിപ്പൽ ഓഫീസിന്റെയും വൈദ്യുതി ചാർജ്ജിനത്തിൽ ആകെ 37,38,323/-രൂപ വിവിധ വൗച്ചറുകളിലായി ചെലവഴിച്ചതിന്റെ അനുബന്ധരേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇത്തരം ചെലവുകളുമായി ബന്ധപ്പെട്ട പൊതുസ്ഥിതി വിലയിരുത്തിയതിൽ ഡിമാന്റ് ചെയ്യപ്പെടുന്ന തുക അതേപടി ഒടുക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇപ്രകാരം ആവർത്തനച്ചെലവുകൾ നിർവ്വഹിക്കേണ്ട സാഹചര്യം നഗരസഭയുടെ സാമ്പത്തിക താൽപ്പര്യത്തിന് അനുഗുണമല്ല. കൂടാതെ, ഇതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല

1. തെരുവുവിളക്കുകളുടെ എണ്ണം, ഇനം, സ്ഥലം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ
2. കെ.എസ്.ഇ.ബി യിൽ നിന്നും ലഭിക്കുന്ന ചാർജ്ജ് പട്ടിക (ഇൻവോയിസ്), ഇനം, എണ്ണം, യൂണിറ്റ്, നിരക്ക്, തുക എന്നിവ രേഖപ്പെടുത്തിയത്
3. മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനായി നഗരസഭ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ
4. കെ.എസ്.ഇ.ബി നേരിട്ട് മീറ്റർ സ്ഥാപിച്ചിരുന്നോയെന്നും നിലവിൽ എത്ര തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിലാണോ കെ.എസ്.ഇ.ബിയിൽ നിന്നും ബിൽ ലഭിക്കുന്നതെന്നുമുള്ള വിവരങ്ങൾ

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/18-19) മറുപടി ലഭിച്ചില്ല. വൈദ്യുതി ചാർജ്ജിനത്തിലെ ചെലവുകളുടെ അനുബന്ധ രേഖകൾ, മറ്റ് വിവരങ്ങൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-41 മഴക്കാലപൂർവ ശുചീകരണ പ്രവർത്തനം - അനുബന്ധ വൗച്ചറുകൾ ഹാജരാക്കിയില്ല

**ഫയൽ നം. എച്ച് 4. 5331/17**

മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2018-19 വർഷം ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ നടപടിക്രമം ഉത്തരവ് നം. 2084/2018/DSM/KTM തീ. 19.5.2018, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.6.2018 ലെ ഉത്തരവ് നം. 67/ഡി/18/SM എന്നീ ഉത്തരവുകൾ പ്രകാരം രണ്ടു ഗഡുക്കളായി ₹3,70,000 (1,85,000+1,85,000) നഗരസഭയ്ക്ക് അനുവദിച്ചിരുന്നു. നഗരസഭയുടെ 37 വാർഡുകൾക്കായി സെക്രട്ടറിയുടെ നടപടിക്രമം എച്ച് 4-5331/17 തീ. 30.5.18, എച്ച് 4-5331/17 തീ. 20.7.18 പ്രകാരം 10,000/- രൂപ വീതം വാർഡ് കൺവീനർമാർ(ജെ.എച്ച്.ഐമാർ), വാർഡ് ചെയർമാൻമാർ (വാർഡ് കൗൺസിലർമാർ) എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ മഴക്കാല പൂർവശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് വാർഡ്തല ശുചിത്വക്കമ്മിറ്റി ചേർന്നതായോ തീരുമാനങ്ങളെടുത്തതായോ ഉള്ള വിശദാംശങ്ങൾ ഫയലിൽ

ഇല്ല. കൂടാതെ ഓരോ വാർഡിലേക്കുമായി അനുവദിച്ച തുക ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെ ബിൽ വൗച്ചറുകളോ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ ഫയലിൽ നിന്നും ലഭിച്ചില്ല. തുക ചെലവഴിച്ച് 15 ദിവസങ്ങൾക്കുള്ളിൽ ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാ ശുചിത്വമിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്ന നിർദേശത്തോടെയാണ് തുക കൈമാറുന്നത്. 2018-19 വർഷത്തെ ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ സാക്ഷ്യപത്രം സമർപ്പിച്ചില്ലെങ്കിൽ 2019-20 വർഷത്തേക്ക് തുക അനുവദിക്കില്ല എന്ന അറിയിപ്പ് 12.12.2018ൽ ലഭിച്ചതിനെ തുടർന്ന് 18.12.18 ൽ എല്ലാ വാർഡിലും മുഴുവൻ തുകയും ചെലവഴിച്ചതായി കാണിച്ച് ശുചിത്വമിഷനിലേയ്ക്ക് സാക്ഷ്യപത്രം സമർപ്പിച്ചു. മുഴുവൻ തുകയും വിനിയോഗിച്ചതായി കാണിച്ച് 18.12.18ൽ ശുചിത്വമിഷനിലേയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകിയതിന് ശേഷം 20.12.18ൽ വാർഡ് തല ശുചിത്വക്കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നുള്ള തുകയുടെ വിനിയോഗ വിവരവും ബന്ധപ്പെട്ട വൗച്ചറുകളും ലഭ്യമായിട്ടില്ലായെന്ന അറിയിപ്പ് നൽകിയിട്ടുണ്ട്. ആയതിനാൽ വിനിയോഗ വിവരം ഉറപ്പ് വരുത്താതെയാണ് ശുചിത്വമിഷനിലേയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകിയതെന്ന് വ്യക്തമാണ്.

മുൻവർഷത്തെ (2017-18) തുകയിൽ അവശേഷിച്ച വിവിധ വാർഡ് തല കമ്മിറ്റി അക്കൗണ്ടുകളിലായി ₹12,474/- തിരികെ അടവാക്കിയതു സംബന്ധിച്ചും വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമായില്ല (വാർഡ് 30'ൽ കൂടിയ തുക അവശേഷിക്കുന്നു). മഴക്കാലപൂർവ ശുചീകരണത്തിനായി അനുവദിക്കുന്ന തുക മഴക്കാലവും കഴിഞ്ഞ് മാസങ്ങൾ പിന്നിട്ട ശേഷവും ക്രമീകരിക്കുന്നില്ലെന്ന് ഇതു വ്യക്തമാക്കുന്നു. പ്രസ്തുത തുക ഇതേ ആവശ്യത്തിനാണ് വിനിയോഗിക്കുന്നതെന്നും കാര്യക്ഷമമായി വിനിയോഗിച്ചിട്ടുണ്ടെന്നും ബോധ്യമാകുന്നില്ല. ഇതേ വിഷയത്തിൽ മുൻവർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി ചൂണ്ടിക്കാണിച്ചിരുന്ന അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. വാർഡ് 30'ലെ ശുചിത്വക്കമ്മിറ്റിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക എപ്രകാരം ക്രമീകരിച്ചുവെന്നും വ്യക്തമല്ല.

അപാകതകളിന്മേൽ വിശദീകരണം നൽകേണ്ടതും വൗച്ചറുകളും ബില്ലുകളും ഓരോ വാർഡ് കൗൺസിലർമാരുടേയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും സംയുക്ത ബാങ്ക് അക്കൗണ്ട് പാസ്ബുക്കുകളും/സ്റ്റേറ്റ്മെന്റുകളും ഹാജരാക്കുന്നതിന് സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.11/2018-19 തീയതി 26/06/2019) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രവും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2018-19 വർഷത്തെ 3.7 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 2017-18 അവശേഷിച്ച തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഹാജരാക്കേണ്ടതാണ്.

## 1-42 നഗരസഭ ഓഫീസിലേയ്ക്ക് പുതിയ ജനറേറ്റർ വാങ്ങൽ - പഴയ ജനറേറ്റർ ലേലം - തുടർ നടപടികൾ സ്വീകരിച്ചില്ല

ഫയൽ നം. ഇ3-12297/17

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ₹12 ലക്ഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി "നഗരസഭ ഓഫീസിലേയ്ക്ക് 82.5KVA ശേഷിയുള്ള പുതിയ ജനറേറ്റർ" (പ്രോജക്ട് നം.290/19) KEL മുഖേന വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും 2018-19 വർഷം നടപ്പാക്കിയിട്ടില്ല. (ചങ്ങനാശ്ശേരി നഗരസഭയുടെ 19.12.17ലെ 1-ം നം.തീരുമാനം). നഗരസഭയിലേയ്ക്ക് പുതിയതായി ആവശ്യമുള്ള ഡീസൽ ജനറേറ്ററിന്റെ ശേഷി 82.5/100 KVA ആയി നിശ്ചയിച്ചതിന്റെ അടിസ്ഥാനം, ഇത് സംബന്ധമായ ക്ഷമതയുള്ള അധികാരസ്ഥാനത്ത് നിന്നുള്ള റിപ്പോർട്ട്, തുടർന്ന് ഉണ്ടാകാവുന്ന ആവർത്തനച്ചെലവുകൾ സംബന്ധിച്ച മതിപ്പ് തുടങ്ങിയ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. എന്നാൽ ഓഫീസിൽ നിലവിൽ പ്രവർത്തിക്കുന്ന പഴയ 25 KVA Diesel ജനറേറ്റർ 75,000/-രൂപയ്ക്ക് ബൈബാക്ക് വ്യവസ്ഥയിൽ തിരികെ എടുക്കാമെന്ന് KEL ഓഫർ നൽകിയിരുന്നുവെങ്കിലും ₹75,000/- കുറവാണെന്നുള്ള കൗൺസിൽ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരസ്യലേലം വഴി വിൽക്കുന്നതിനും പരസ്യലേലത്തിൽ 75,000/-രൂപയിൽ കുറവാണ് ലഭിക്കുന്നതെങ്കിൽ KEL സമർപ്പിച്ച ഓഫർ അനുസരിച്ച് നൽകുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന് പഴയ ജനറേറ്ററിന് ₹1,50,000 മൂല്യം PWD Mechanical Sub Division,

Mavelikkara നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ലേലം ഉൾപ്പെടെ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അധിക വിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം പ്രോജക്ട് നം.290/19 ന്റെ നിലവിലെ സ്ഥിതിയും അറിയിക്കേണ്ടതാണ്. കൂടാതെ, ഇതേ പ്രോജക്ടിനോടൊപ്പം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 291/19 നം. പ്രോജക്ട് പ്രകാരം ₹ 5,99,971/-ചെലവഴിച്ച് KEL മുഖേന വാങ്ങി ആയുർവേദാശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള 15KVA ജനറേറ്ററിന്റെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങളും തുടർ പരിപാലനം, വാർഷിക മെയിന്റനൻസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങളും കരാറുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 16/18-19) മറുപടി ലഭിച്ചില്ല. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 അങ്കണവാടികളുടെ പ്രവർത്തനം-ഒരു അവലോകനം

നഗരസഭയുടെ പരിധിയിൽ ആകെ 50 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 8 എണ്ണത്തിന് മാത്രമാണ് സ്ഥിരം കെട്ടിടമുള്ളത്. 38 എണ്ണം വാടകകെട്ടിടത്തിലും 4 എണ്ണം സ്കൂൾ കെട്ടിടത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു.

സെന്റർ നം. 87, 96, 106, 107 എന്നിവ വാടകകെട്ടിടത്തിൽ ആണെങ്കിൽ തന്നെയും പ്രത്യേക കെട്ടിട നമ്പർ ഇല്ലാത്തതിനാൽ ഇവയ്ക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നത് അപകടകരവും നിയമവിരുദ്ധവുമാണ്.

തിരക്കേറിയ റോഡുകൾ, ജലാശയങ്ങൾ, റെയിൽവേ ലൈനുകൾ എന്നിവയുടെ സമീപത്ത് പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉണ്ട്. വേണ്ടത്ര സുരക്ഷിതത്വം ഇല്ലാത്ത പക്ഷം ഇവ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള ₹3,000 വാടകയുടെ പരിധിയിൽ ( ജി.ഒ(ആർ.ടി)140/16/സാ.നീ.വ 4.3.16) നഗരസഭ പ്രദേശത്ത് സൗകര്യങ്ങളുള്ള കെട്ടിടം ലഭ്യമാക്കാൻ പ്രയാസമാണെന്നും അധിക വാടക നിലവിൽ വർക്കർമാർ നൽകി വരുന്നതായും സൂപ്പർവൈസർ അറിയിച്ചു.

നഗരസഭ പരിധിയിൽ സ്ഥല ലഭ്യത, കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് എന്നിവയുടെ അപര്യാപ്തത അങ്കണവാടികൾക്ക് സുരക്ഷിതമായ സ്വന്തം കെട്ടിടം എന്ന യാഥാർത്ഥ്യം അകലെയാക്കുന്നു. കെട്ടിടം മെയിന്റനൻസ്, കുടിവെള്ള സംവിധാനം എന്നിവയ്ക്ക് വനിത ശിശുവികസന വകുപ്പിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട് എങ്കിലും വളരെയധികം കാലതാമസം നേരിടുന്നുണ്ട് എന്നും പോഷകാഹാര വിതരണത്തിനായി വകയിരുത്തുന്ന തുക അപര്യാപ്തമാണെന്നും ഇത് പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നും സൂപ്പർവൈസർ അറിയിച്ചു.

നിർവഹണ ഉദ്യോഗസ്ഥയുടെ ക്യാഷ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം കേന്ദ്ര വിഹിതം ഉൾപ്പെടുന്ന ബാങ്ക് അക്കൗണ്ടായ യൂക്കോ ബാങ്കിൽ ₹7,24,146 2018-19ൽ ബാലൻസ് നിൽക്കുന്നുണ്ട്. തൻവർഷം ₹9,45,550 പൂരക പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതം ചെലവഴിച്ചിട്ടുണ്ട്. ബാലൻസ് നിൽക്കുന്ന ₹7,24,146 മുൻവർഷങ്ങളിൽ ലഭ്യമായി ചെലവഴിക്കാതെ നിൽക്കുന്നതാണോ എന്ന് വ്യക്തതയില്ല. ഇത് പരിശോധിച്ച് മറുപടി നൽകേണ്ടതും യഥാസമയത്ത് പദ്ധതി തുക നൽകാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-44 തൊഴിൽരഹിതവേതനം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തൽ - സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കൽ

2018-19 വർഷം നഗരസഭയിൽ നിന്നും 90 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് തൊഴിൽരഹിതവേതന

വിതരണത്തിനായി ജില്ലാ എംപ്ളോയിമെന്റ് ഓഫീസർക്ക് അയച്ചു നൽകിയത്. 08/17 മുതൽ 03/18 വരെയുള്ള കാലയളവിൽ വേതന വിതരണത്തിനായി 100 ഗുണഭോക്താക്കൾക്കായി ഒന്നാം ഗഡു ₹96,000/- അനുവദിച്ചതിൽ 67 ഗുണഭോക്താക്കൾ 63,480/-രൂപയും, 04/18 മുതൽ 11/18 വരെയുള്ള കാലയളവിലേയ്ക്ക് 90 ഗുണഭോക്താക്കൾക്കായി രണ്ടാം ഗഡു 86,400/-രൂപ അനുവദിച്ചതിൽ 54 ഗുണഭോക്താക്കൾ 50,400/-രൂപ കൈപ്പറ്റിയിട്ടുണ്ട്.

തൊഴിൽരഹിതവേതനം കൈപ്പറ്റുന്നതിലുള്ള മാനദണ്ഡങ്ങളിൽ ഒന്ന് കുടുംബ വാർഷിക വരുമാന പരിധി ₹12,000 എന്നതാണ്. അർഹരായ യഥാർത്ഥ ഗുണഭോക്താക്കൾ മാത്രം ആനുകൂല്യം കൈപ്പറ്റുക എന്ന ലക്ഷ്യത്തോടെ തന്നെയാണ് വരുമാന പരിധിയും പ്രതിമാസം നൽകുന്ന തുകയും നാളിതുവരെ സർക്കാർ വർദ്ധിപ്പിക്കാത്തത്. ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ എല്ലാവരും വർഷങ്ങൾക്ക് മുമ്പ് പേര് രജിസ്റ്റർ ചെയ്തവരും തദ്ദേശസ്ഥാപനം അന്വേഷണം നടത്തി അപേക്ഷ പാസ്സാക്കിയവരുമാണ്. നിലവിൽ 12000/-രൂപ കുടുംബ വാർഷിക വരുമാനം ഇല്ലാത്ത കുടുംബങ്ങൾ അത്യപൂർവ്വമായിരിക്കും. സംസ്ഥാനത്തെ 14 ജില്ലകളിലേയും തദ്ദേശസ്ഥാപനങ്ങൾ മുഖേന തൊഴിൽരഹിതവേതന വിതരണത്തിനായി സർക്കാർ ലക്ഷങ്ങൾ അനുവദിക്കുന്നുണ്ട്. ആയതിനാൽ തൊഴിൽരഹിതവേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹത കാലികമായി പരിശോധിച്ച് ഉറപ്പുവരുത്തുവാനും അർഹതയില്ലാത്തവരെ ഒഴിവാക്കാനും വ്യക്തമായ നിർദ്ദേശം ഉണ്ടാകേണ്ടതാണ്. അധികൃതരുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-45 ഭവന നിർമ്മാണം - 3 സാമ്പത്തിക വർഷം കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവഹണ ഉദ്യോഗസ്ഥനായി 2018-19ൽ നടപ്പാക്കിയ 3 ഭവന നിർമ്മാണം പദ്ധതികളിലായി ആകെ 9,48,916/- രൂപ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച അവലോകനം ഓഡിറ്റ് എൻക്വയറി നം.21/18-19ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

**1) ഭവന നിർമ്മാണം പൂർത്തീകരിക്കൽ (SCP) S0242/19**

2016-17ൽ ആരംഭിച്ച ഈ പദ്ധതിയിൽ 8 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചതിൽ 3 പേർ പണി പൂർത്തീകരിക്കാനുണ്ട്. അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

**2) പൂർത്തീകരിക്കാത്ത ഭവന നിർമ്മാണം പൂർത്തിയാക്കൽ**

(i) S0281/19
2016-17ൽ ആരംഭിച്ച ഈ പദ്ധതിയിലെ 13 ഗുണഭോക്താക്കളിൽ 11 പേർ പണി പൂർത്തീകരിച്ചിട്ടുണ്ട്. 2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

**(ii) SO 282/19**

2017-18ൽ ആരംഭിച്ച ഈ പദ്ധതിയിലെ 9 ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ശ്രീ സുധീർ എം.കെ, മങ്ങാട്ട് വീട് 2 ഗഡുക്കൾ മാത്രവും (1,40,000), ദാമോദരൻ, പാറയിൽ 3 ഗഡുക്കൾ മാത്രവും (2,30,000) കൈപ്പറ്റിയിട്ടുണ്ട്. വ്യക്തിപരമായ ബുദ്ധിമുട്ടുകളാൽ ഇവർക്ക് നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാത്ത എല്ലാ ഗുണഭോക്താക്കളെക്കൊണ്ടും അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തിയാക്കിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-46 പി.എം.എ.വൈ.ലൈഫ് വിഹിതം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഫയൽ നം.എച്ച്.9/1211/16

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് നഗരസഭ വിഹിതം കൈമാറിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര്/ഫണ്ട് | തുക |
|---|---|---|
| 1 | പ്രോജക്ട് നം.23/19 പി.എം.എ.വൈ.ലൈഫ് വിഹിതം വികസന ഫണ്ട്(ജനറൽ) | 1,01,20,000 |
| 2 | പ്രോജക്ട് നം.24/19 പി.എം.എ.വൈ.ലൈഫ് വിഹിതം വികസന ഫണ്ട്(എസ്.സി.പി) | 22,05,000 |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) പി.എം.എ.വൈ.ലൈഫ് വിഹിതം മുൻകൂറായി മാറ്റുന്നതിനായി സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റുകൾ, പദ്ധതിയുടെ നാളിതുവരെയുള്ള വരവു ചെലവുകണക്കുകൾ (വർഷം തിരിച്ച്), ക്യാഷ് ബുക്ക് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) മേൽ പദ്ധതി പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയാണെന്നിരിക്കെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 4 ലക്ഷത്തിൽ അധികം തുക ഗുണഭോക്താക്കൾക്ക് നൽകിയതായി കാണുന്നു. ഇത്തരത്തിൽ അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയലുകൾ, നഗരസഭയുടെ രസീത് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. (രജിസ്റ്റർ, രസീത് ബുക്ക്, നഗരസഭ അക്കൗണ്ടിൽ അടച്ച തുകയുടെ വിവരങ്ങൾ ഉൾപ്പെടെ).

3) കേന്ദ്ര-സംസ്ഥാന വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/18-19) മറുപടി ലഭിച്ചിട്ടില്ല.മേൽ അപാകതകൾ പരിഹരിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതിയുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, ഭവന നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണം, പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം,പേര്, അനുവദിച്ച തുക, ഘട്ടം, വിശദാംശങ്ങൾ,നിലവിലെ അവസ്ഥ/നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-47 മാലിന്യം നിക്ഷേപിക്കപ്പെടുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ -അപാകതകൾ

**ഫയൽ നം.എച്ച് 7- 12490/16**

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം.SO 287/17) നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനായി സെന്റേജ് ചാർജ്ജ് ഉൾപ്പെടെ ₹6,50,000 എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് ഡിവിഷനിൽ നിക്ഷേപിച്ചിരുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ₹6,00,000 (ചെലാൻ നം.3503/31.03.17) തനത് ഫണ്ട് ₹50,000 (ചെക്ക് നം.601757/06.06.17). തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07/08/18ലെ EDT/A2/324/17 നം.കത്ത് പ്രകാരം സ്ഥാപനം മൂന്ന് തവണ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിലും ആരുംതന്നെ മേൽ തുകയ്ക്ക് ക്വോട്ട് ചെയ്തില്ല എന്നും ആയതിനാൽ ₹32,313 അധികമായി സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും ₹32,313 കൂടി മേൽ വകുപ്പിൽ നിക്ഷേപിച്ച (ചെക്ക് നം.0318486/04.01.19). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 51/17-18) മറുപടി ലഭിച്ചിട്ടില്ല. എന്നിരുന്നാലും ക്യാമറ സ്ഥാപിച്ചതായി ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ വാക്കാൽ അറിയിച്ചെങ്കിലും നഗരസഭയിലെ വിവിധങ്ങളായ റോഡുകളുടെ വശങ്ങളിലും തെരുവോരങ്ങളിലും

അനധികൃതമായി മാലിന്യം നിക്ഷേപിക്കപ്പെടുന്ന സാഹചര്യത്തിൽ ഈ സംവിധാനം എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. ഇതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) നിർവ്വഹണത്തിന് ചുമതലപ്പെട്ട സർക്കാർ വകുപ്പിലെ പ്രത്യേക വിഭാഗവുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും നിർവ്വഹണത്തിന് ചുമതലപ്പെട്ട സർക്കാർ വകുപ്പിലെ പ്രത്യേക വിഭാഗത്തിലേയ്ക്ക് തുക ഒടുക്കുമ്പോൾ മറ്റ് നിർവ്വഹണ ഏജൻസികളുമായി ചമയ്ക്കപ്പെടുന്ന കരാറിന്റെ മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. മാത്രവുമല്ല, 09/06/17-ൽ നടന്ന അടിയന്തിര കൗൺസിൽ യോഗത്തിന്റെ 1-ം നമ്പർ തീരുമാനത്തിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള പോയിന്റുകൾ, ഗ്യാരന്റി എന്നിവ സംബന്ധിച്ചും, അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സംവിധാനം ഒരുക്കി മാത്രമേ തുക അനുവദിക്കാവൂവെന്ന് അഭിപ്രായം ഉയർന്നതിനെ തുടർന്ന് പോയിന്റുകൾ നിശ്ചയിക്കുന്നതിന് സ്റ്റിയറിംഗ് കമ്മറ്റി വിളിച്ച് ചേർത്ത് തീരുമാനമെടുക്കുന്നതിനും അറ്റകുറ്റപ്പണി സംബന്ധിച്ചുള്ള കാര്യങ്ങൾ കരാറിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. ഇത് സംബന്ധിച്ച് തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

2) ചെയർമാന്റെ മുൻകൂർ അനുമതിയോടെ ഡെപ്പോസിറ്റ് ചെയ്ത ₹50,000 സംബന്ധിച്ച് തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി ചെലവഴിച്ച ശേഷം പ്ലാൻ ഫണ്ടിൽ നിന്നും റീക്കുപ്പ് ചെയ്യുവാൻ കൗൺസിലിന് വിധേയമായി നടപടി സ്വീകരിക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

3) 2016-17 വർഷം ₹6,00,000 അടങ്കൽ വകയിരുത്തി ആരംഭിച്ച പദ്ധതിയ്ക്ക് നാളിതുവരെ ₹6,82,313 ചെലവഴിച്ചെങ്കിലും പ്രോജക്ടിന്റെ ധനകാര്യവിശകലനം ഭേദഗതി ചെയ്തതായി കാണുന്നില്ല. പ്രോജക്ടിൽ തുക വകയിരുത്താതെ തനത് ഫണ്ട് ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പി.ഡബ്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതും മേൽ അപാകതകൾ പരിഹരിച്ച് ഇത് സംബന്ധമായ കാലിക സ്ഥിതി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-48 അഗതിരഹിത കേരളം പദ്ധതി - പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നു

അഗതിരഹിത കേരളം പദ്ധതിയിൽ നിലവിൽ 199 കുടുംബങ്ങൾ ഗുണഭോക്താക്കൾ ഉള്ളതിൽ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കേണ്ട ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥലവും വീടും | 47 കുടുംബങ്ങൾ |
| വീട് | 16 |
| ഭവനപുനരുദ്ധാരണം | 42 |
| കുടിവെള്ളം | 13 |
| സാനിട്ടേഷൻ സൗകര്യം | 6 |

എന്നാൽ ഭക്ഷ്യധാന്യ വിതരണം അല്ലാതെ ഈ പദ്ധതിയിൽ ഒരു പ്രവർത്തനവും വർഷങ്ങളായി നടക്കുന്നില്ല. 2018-19ലും പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് ₹8,91,130/- വകയിരുത്തി SO 241/19- പ്രൊജക്ട് നമ്പരായി 'ആശ്രയ പദ്ധതി' അംഗീകാരം വാങ്ങിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ പേരിൽ ഭൂമിയില്ലാത്തത്, റേഷൻകാർഡിൽ പേരില്ലാത്തത് തുടങ്ങിയ വിവിധ കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക തടസ്സം നേരിടുന്നു എന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ആശ്രയയുടെ കാനറ ബാങ്കിന്റെ (ബാങ്ക് അക്കൗണ്ട് നം.0705101071813) സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.19ലെ ബാലൻസ് തുക 18,77,605/-രൂപയാണ്. ഇതിൽ 10,62,500/-രൂപ വികസന ഫണ്ടാണ്.

| | |
|---|---|
| വികസന ഫണ്ട് | 10,62,500 |

| | |
|---|---|
| ചലഞ്ച് ഫണ്ട് | 5,66,390 |
| പലിശ | 2,48,715 |

ആശ്രയ പദ്ധതിയ്ക്കായി ഓരോ വർഷവും വികസന ഫണ്ട് പിൻവലിച്ച് CDS അക്കൗണ്ടിൽ നിക്ഷേപിക്കുന്നു എങ്കിലും പദ്ധതികൾ നടപ്പാക്കുന്നില്ല. ഇത്തരം പിന്നോക്ക പ്രവർത്തനങ്ങൾ നിലവിൽ അഗതിരഹിത കേരളം പദ്ധതിയുടെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് തടസ്സമാകുന്നു.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3.29ൽ ഇതേ അപാകതകൾ വിശദമായി പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-49 സംയോജിത ചേരിവികസന പദ്ധതി - 2017 ൽ അവസാനിച്ച പദ്ധതിയുടെ അക്കൗണ്ടിൽ ലക്ഷങ്ങൾ നിലനില്ക്കുന്നു

ഫയൽ നം.E1-579/07 & E5-579/07

2007 വർഷത്തിൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒന്നായ സംയോജിത ചേരിവികസന പദ്ധതി 2017 മാർച്ച് 31ന് അവസാനിച്ചു. 2017-18 വർഷത്തെ കണക്ക് പ്രകാരം ഫേസ് I & II ൽ ഉൾപ്പെടുത്തി യഥാക്രമം ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകിയ 63 പേരിൽ 43ഉം, 61 പേരിൽ 53ഉം ഗുണഭോക്താക്കൾ മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയത്. പദ്ധതി 2017 മാർച്ചിൽ അവസാനിച്ചതിനാൽ ഈ പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്രവിഹിതം തുകയിൽ പലിശ ഉൾപ്പെടെയുള്ള ബാലൻസ് 4,04,46,400/-രൂപ (ഫേസ് I &II) 17.04.17ൽ തിരിച്ചടച്ചു.

2018-19ലെ വാർഷിക കണക്ക് പ്രകാരം ഫേസ് Iന്റെ കാനറാ ബാങ്ക് അക്കൗണ്ടിൽ 19,43,645/-രൂപയും ഫേസ് IIന്റെ ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിൽ 1,05,80,207/- രൂപയും (റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല) 31.03.2019-ൽ ബാലൻസ് ഉണ്ട്. അവസാനിച്ച ഒരു പദ്ധതിയുടെ അക്കൗണ്ടുകളിൽ ഇത്രയധികം തുക അവശേഷിക്കുന്നത് ക്രമപ്രകാരമല്ല.

IHSDP Phase I, Phase II പദ്ധതികളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകളിൽ മുൻവർഷങ്ങളിലെ പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തിയ തുകകളും ഗുണഭോക്തൃവിഹിതത്തിൽ നിന്നും ഈടാക്കിയ തുകകളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന തുകകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, രണ്ടു ഘട്ടങ്ങളിലായി ഭവനനിർമ്മാണത്തിന് എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾ, ആനുകൂല്യം കൈപ്പറ്റിയവർ, ഭവനനിർമ്മാണം പൂർത്തിയാക്കിയവർ, പൂർത്തിയാക്കാത്തവർക്കെതിരെ സ്വീകരിച്ച തുടർനടപടികൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും (നം.23/18-19) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി സംബന്ധിച്ചും അക്കൗണ്ടിലെ അവശേഷിക്കുന്ന തുക സംബന്ധിച്ചും വിശദീകരണം നൽകേണ്ടതാണ്.

## 1-50 മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ

### (1) NUHM സെന്ററിന് മരുന്ന് വാങ്ങൽ (SO 168/19)

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ബിൽ നം.7/18-19/20.12.18 പ്രകാരം 1,00,000/-രൂപ പിൻവലിച്ച് KMSCL ന് പ്രൊഫോർമ ഇൻവോയ്സ് നം.PRF 3358, തീയതി, 18.12.18 അനുസരിച്ച് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പ്രൊഫോർമ ഇൻവോയ്സിൽ ആകെ തുക 1,00,000 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മരുന്നുകളുടെ ആകെ വില 90,331/-രൂപ മാത്രമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മരുന്നുകളുടെ വില (ജി.എസ്.ടി ഉൾപ്പെടെ) | 85298.61 |
| ഹാൻഡ് ലിംഗ് ചാർജ്ജ് 5% | 4264.95 |
| ഹാൻഡ് ലിംഗ് ചാർജ്ജിന്മേലുള്ള ജി.എസ്.ടി(18%) | 767.69 |
| ആകെ | 90331.25 |

അധികമായി ₹9,667/- ഇൻവോയ്സിൽ ഉൾപ്പെട്ടത് പ്രകാരം തുക ഒടുക്കിയത് സംബന്ധിച്ചും മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം , സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയതുക ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

(II)**ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണം -SO 267/19**

ടി പദ്ധതിയിൽ കെൽട്രോൺ, ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറം എന്ന സ്ഥപാനത്തിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച 5 സ്കൂട്ടറുകൾ വാങ്ങി 5 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

**1) ടെണ്ടർ നടപടിക്രമങ്ങൾ**

ജി.ഒ.(പി) നം.259/10/ത.സ്വ.ഭ.വ തീയതി, 08.11.10 ഉത്തരവിലെ നിബന്ധനകൾ പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത്. എന്നാൽ ചങ്ങനാശ്ശേരി നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്റ്റ് പ്രകാരം ഈ പദ്ധതിയിൽ ജനറൽ ഹോസ്പിറ്റൽ സൂപ്രണ്ട് നേരിട്ട് ടെണ്ടർ ക്ഷണിച്ച് സർക്കാരിന് വേണ്ടിയുള്ള വാങ്ങൽ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. സർക്കാരിന് വേണ്ടിയുള്ള വാങ്ങലിനായുള്ള ടെണ്ടർ ഫോറങ്ങൾ ഉപയോഗിക്കുകയും ടെണ്ടർ ഫോറവിലയും നിരതദ്രവ്യവും ജാമ്യനിക്ഷേപവും നേരിട്ട് ഈടാക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽ ഒടുക്കേണ്ട തുക സർക്കാരിലേയ്ക്ക് ഒടുക്കി മേൽ പരാമർശിച്ച ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് വാങ്ങൽ പ്രക്രിയയിലെ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തിയാവണം പർച്ചേസ് നടത്തേണ്ടത്. ഫയലിൽ 27.03.18ൽ ജനറൽ ആശുപത്രിയിൽ വെച്ച് നടത്തിയ പർച്ചേസ് കമ്മിറ്റി എന്ന് രേഖപ്പെടുത്തിയ ഷീറ്റിൽ ഹോസ്പിറ്റലിലെ 4 ജീവനക്കാരുടെ പേരു മാത്രം എഴുതിയിട്ടുണ്ട്. പർച്ചേസ് കമ്മിറ്റിയുടെ മിനിട്ട്സ്/തീരുമാനം തുടങ്ങിയ രേഖപ്പെടുത്തലുകൾ ഇല്ല. പർച്ചേസ് കമ്മിറ്റിയിൽ തദ്ദേശ സ്ഥാപനത്തിന്റെ ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർബന്ധമായും അംഗങ്ങളായിരിക്കേണ്ടതാണ്.മേൽ വിവരിച്ച പ്രകാരം ജനറൽ ആശുപത്രി സൂപ്രണ്ട് നേരിട്ട് ടെണ്ടർ ക്ഷണിച്ചതിനാൽ ടെണ്ടർ ഫീ സർക്കാരിലേയ്ക്ക് ചെലാൻ മുഖേന അടവാക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

സർക്കാർ ഉത്തരവനുസരിച്ച് തദ്ദേശസ്ഥാപനം ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ഫീ തദ്ദേശ സ്ഥാപനത്തിന്റെ വരവായി അക്കൗണ്ട് ചെയ്യപ്പെടേണ്ടതുമായിരുന്നു. മാത്രമല്ല, ടെണ്ടർ നടപടികളുടെ ഭാഗമായി സെക്യൂരിറ്റിയായി ലഭിച്ചിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളും ഡിമാന്റ് ഡ്രാഫ്റ്റുകളും ഫയലിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ യഥാവിധി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ പണയപ്പെടുത്തി രജിസ്റ്റർ ഓഫ് വാല്യൂബിൾസിൽ ചേർത്ത് തിരികെ നൽകുന്നത് വരെ സുരക്ഷിതമായി ചെസ്റ്റിൽ സൂക്ഷിക്കേണ്ടവയാണ്. ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കി അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുമായിരുന്നു. നടപടിക്രമങ്ങളിലെ വീഴ്ച വിശദീകരണത്തിനായി

ശ്രദ്ധയിൽപ്പെടുത്തുന്നു.

**2) യൂണിറ്റ് വില – ഘടകങ്ങൾ വ്യക്തമല്ല.**

സ.ഉ(സാധാ) നം.3521/07/ത.സ്വ.ഭ.വ തീയതി, 01.11.2017 പ്രകാരം ഭിന്നശേഷി വിഭാഗക്കാർക്ക് മാറ്റങ്ങളോടെ Keltron Electro Ceramics Ltd. സൈഡ് വീൽ ഘടിപ്പിച്ച് നൽകുന്ന സ്കൂട്ടറുകൾ വാങ്ങുന്നതിന് അനുവാദമുണ്ട്. എന്നാൽ, മേൽ സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഹാജരാക്കുകയോ, സ്പെസിഫിക്കേഷൻ, വാഹന വില, സൈഡ് വീൽ അറ്റാച്ച്മെന്റെ വില, ഇൻഷൂറൻസ്, രജിസ്ട്രേഷൻ മുതലായവ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ യാതൊരു കത്തിടപാടുകളും നടത്തിയതായി കാണുന്നില്ല. Keltron Electro Ceramics Ltd. ഹാജരാക്കിയ ബിൽ പ്രകാരം ഒരു വാഹനത്തിന് ₹75,000/-നിരക്കിൽ 5 വാഹനത്തിനായി ₹3,75,000/- നൽകിയിട്ടുണ്ട് (ബിൽ നം. 01/18-19,തീയതി, 26.05.18). എന്നാൽ ഒരു വാഹനത്തിന് ടാക്സ് ഉൾപ്പെടെയുള്ള വില 50,900/-രൂപയും (ഡിസ്കൗണ്ട് 2000/-രൂപ കിഴിച്ച്) ഇൻഷൂറൻസ് തുക 1,356/-രൂപയും താൽക്കാലിക രജിസ്ട്രേഷൻ തുക 400/-രൂപയും ചേർത്ത് ആകെ 52,656/-രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി ₹3,22,344 ഏതിനത്തിൽ നൽകിയതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3) ഗുണഭോക്താക്കളുടെ അപേക്ഷ, ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, ഇൻവാലിഡ് ക്യാരേജ് ലൈസൻസ് എന്നീ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) 5 ഗുണഭോക്താക്കളുടെയും താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്.

5) ഗുണഭോക്താക്കളെ വാർഡ് സഭ അംഗീകരിച്ച് കൗൺസിൽ അനുമതിയോടെയുള്ള ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ക്യാമ്പ് നടത്തിയതിന്റെ വിവരങ്ങളും ലഭ്യമല്ല. ഗുണഭോക്താക്കൾക്ക് വാഹനം കൈമാറിയതിന്റെയും വാഹനം കൈപ്പറ്റിയതിന്റെയും രേഖകളില്ല. കൂടാതെ, വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, ലൈസൻസ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. നിലവിൽ വാഹനം ഉപയോഗിക്കുന്നുണ്ടോ എന്നുള്ള വിവരം അറിയിക്കേണ്ടതാണ്.

**(III) <u>ചെലവുരേഖകൾ ഹാജരാക്കിയില്ല</u>**

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായ ഉപകരണം - ഹിയറിംഗ് എയിഡ് മുതലായവ S0256/19, S0267/19- എന്നീ പദ്ധതികളിൽ യഥാക്രമം ₹10,217/-(ബിൽ നം.02/18-19, തീയതി, 25.05.18), ₹2,69,614/-(ബിൽ നം.03/18-19, തീയതി, 25.05.18) എന്നിവയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/18-19) മറുപടി ലഭിച്ചില്ല. തുടർന്ന് 28.01.2020 ന് ഓർമ്മക്കുറിപ്പ് നല്കിയിട്ടും മറുപടി/രേഖകൾ ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പിലും രേഖകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ കൃത്യവിലോപം ഉണ്ടായിട്ടുണ്ട്. രേഖകൾ ഹാജരാക്കുകയും വിശദീകരണം നല്കുകയും ചെയ്യാത്ത പക്ഷം സർചാർജ് നടപടിക്ക് ശിപാർശ ചെയ്യുന്നതാണ്. ക്രമനം. (ii),(iii) ൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും 6,02,175 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു ( 3,22,344 +10,217+2,69,614).

## 1-51 ആയുർവേദ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - തീരുമാനങ്ങൾ കടലാസിൽ ഒതുങ്ങുന്നു

i) 10 കിടക്കകളുള്ള നഗരസഭയുടെ ആയുർവേദ ആശുപത്രി പരിമിതമായ സൗകര്യങ്ങളിൽ നിലവിൽ പ്രവർത്തിക്കുകയാണ്. നഗരസഭയുടെ ചെറിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ നീക്കിവെച്ചതായും പ്ളാനും എസ്റ്റിമേറ്റും മുനിസിപ്പൽ എഞ്ചിനീയർ തയ്യാറാക്കി നൽകണമെന്നും 28.11.2018ൽ കൂടിയ HMC യോഗത്തിൽ ചെയർമാൻ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ഇതു സംബന്ധിച്ച് ഒരു നടപടിയും എടുത്തിട്ടില്ല. പഴയ ഈ

കെട്ടിടത്തിന് അറ്റകുറ്റപണികൾ, തുടർച്ചയായുള്ള ഇലക്ട്രിക് പ്ളംബിംഗ് പണികൾ എന്നിവയ്ക്കായി വലിയ തുക ചെലവഴിക്കേണ്ടി വരുന്ന എന്നത് യാഥാർത്ഥ്യമാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച തുടർനടപടി വേഗത്തിലാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**(ii) ഫോട്ടോസ്റ്റാറ്റ് മെഷീൻ -ഉപയോഗശൂന്യം**

നഗരസഭയുടെ മുൻകാല പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമായ ഫോട്ടോസ്റ്റാറ്റ് മെഷീൻ ഉപയോഗശൂന്യമായിട്ട് 2 വർഷത്തിൽ ഏറെയായി. കേടായ ഉപകരണം റിപ്പയർ ചെയ്യുകയോ പുതിയ മെഷീൻ ലഭ്യമാക്കുകയോ ചെയ്യണമെന്ന് HMC യോഗത്തിൽ നഗരസഭയോട് രണ്ടുതവണ ആവശ്യപ്പെട്ടെങ്കിലും ഉപകരണം ലഭ്യമാക്കിയിട്ടില്ല. ആശുപത്രിയുടെ ദൈനംദിന ഭരണകാര്യങ്ങൾക്ക് അത്യാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തമാണ്. ഫോട്ടോസ്റ്റാറ്റ് കം പ്രിന്റർ അടിയന്തിരമായി ലഭ്യമാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1-1 ഓഫീസ് കെട്ടിടം വാസഗൃഹ നിരക്കിൽ പെർമിറ്റും നികുതി നിർണ്ണയവും നടത്തിയതിനാൽ നഗരസഭയ്ക്ക് നഷ്ടം

ഓഫീസായി പ്രവർത്തിക്കുന്ന 30/899(1) നം.കെട്ടിടം ക്വാർട്ടേഴ്സ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വാസഗൃഹ നിരക്കിൽ പെർമിറ്റും നികുതി നിർണയവും നടത്തിയതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

**I) പെർമിറ്റ് ഫീ നിർണ്ണയിച്ചതിൽ കുറവ്**

ഫയൽ നം.E2/5541/18

ശ്രീ വി.എൻ.വാസവൻ, ഹിമഭവൻ, ചങ്ങനാശ്ശേരി 07.04.2018ൽ സമർപ്പിച്ച കെട്ടിട നിർമ്മാണ അനുമതി അപേക്ഷ പ്രകാരം 292.47m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പ്ളാൻ അംഗീകരിച്ചുകൊണ്ട് @7/m2 നിരക്കിൽ ₹2,048 പെർമിറ്റ് ഫീ 100369/11.04.18 നം.രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ സമീപം പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ ബോർഡ് സി.പി.ഐ.എം.ഓഫീസ് എന്നാണ്. കെട്ടിടം ഓഫീസായി പ്രവർത്തിക്കുന്നു എന്നും വ്യക്തമാണ്. ഓഫീസായി പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന് 292.47x10=2924.7 രൂപ പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്. 877/-രൂപയുടെ നഷ്ടം സംഭവിച്ചുട്ടുണ്ട്.

**II) നികുതി നിർണ്ണയിച്ചതിൽ അപാകതകൾ**

നഗരസഭയിലെ 2018-19 വസ്തുനികുതി സപ്ളിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ വി.എൻ.വാസവൻ, ഹിമഭവൻ, ചങ്ങനാശ്ശേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള 30/899(1) നം.- 282.01m2 ച.മീറ്റർ (കംപ്ളീഷൻ പ്ളാൻ പ്രകാരം)വിസ്തീർണമുള്ള ഓഫീസ് കെട്ടിടം "ക്വാർട്ടേഴ്സ് ഗണത്തിൽ "ഉൾപ്പെടുത്തി ച.മീറ്ററിന് @12/-രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി നിർണയിച്ചിട്ടുള്ളത്. (ഫോറം6പ്രകാരംപാർപ്പിടാവശ്യംഎന്ന് രേഖപ്പെടുത്തിയിരിക്കുന്നു) എന്നാൽ ഓഫീസായി പ്രവർത്തിക്കുന്ന ടി കെട്ടിടത്തിന് ച.മീറ്ററിന് ₹50/-നിരക്കിൽ നികുതി നിർണയിക്കേണ്ടതായിരുന്നു. . വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഈടാക്കേണ്ട നികുതി – 282.01x50 | ₹14,101 |
| ഇളവുകൾ/ വർദ്ധനവുകൾ | ഇല്ല |

| | |
|---|---|
| **ആകെ** | **₹14,101** |
| ലൈബ്രറി സെസ്സ് 5% | 705 |
| സർവീസ് സെസ്സ് 10% | 1,410 |
| **ആകെ** | **16,216** |

| | |
|---|---|
| ഈടാക്കിയ നികുതി – 282.01x12 | 3,384 |
| ഇളവുകൾ/ വർദ്ധനവുകൾ | ഇല്ല |
| **ആകെ** | 3,384 |
| ലൈബ്രറി സെസ്സ് 5% | 169 |
| സർവീസ് സെസ്സ് 10% | 338 |
| ആകെ | 3,891 |

ഇപ്രകാരം പെർമിറ്റ് ഫീ ഇനത്തിൽ 877/-രൂപയുടെയും,വസ്തുനികുതി ഇനത്തിൽ 10,717/-രൂപയുടെയും ലൈബ്രറി സെസ്സിനത്തിൽ 536/-രൂപയുടെയും സർവ്വീസ് സെസ്സിനത്തിൽ 1,072/-രൂപയുടെയും ഉൾപ്പെടെ 13,202/-രൂപയുടെ നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചിട്ടുണ്ട്. ഉപയോഗക്രമം തെറ്റായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.45 /18-19ന് മറുപടി ലഭിച്ചില്ല. നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും നികുതി നിർണയത്തിലെ അപാകത പരിഹരിച്ച് സഞ്ചയയിൽ മാറ്റം വരുത്തി പുതിയ നികുതി പ്രകാരം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-1-2 തെറ്റായ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചിരിക്കുന്നു -വസ്തുനികുതി ഇനത്തിൽ നഷ്ടം

(ii) നഗരസഭയിലെ വാർഡ് VIIIലെ 2018-19 സപ്ളിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി ആലീസ് തോമസ്, നെൽപ്പുരയ്ക്കലായ, ആനന്ദാശ്രമം എന്നയാളുടെ ഉടമസ്ഥതയിലുള്ള VIII/315(1) 194.55ച.മീറ്റർ വിസ്തീർണമുള്ള (ഒന്നാം നില, 4 മുറികൾ, 2 ഹാൾ) കെട്ടിടത്തിന്റെ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ളത് “100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് ₹50 നിരക്കിലാണ് നികുതി നിർണയിച്ചിട്ടുള്ളത്. ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 100ച.മീ.ന് മുകളിലായതിനാൽ, “100ച.മീ.ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് ₹80 നിരക്കിൽ നികുതി നിർണയിക്കേണ്ടതായിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർണയിക്കേണ്ട വസ്തു നികുതി - 194.55 x80 | 15,564 |
| (-) ഒന്നാം നില ഇളവ് 5% | 778 |
| (+) വഴിസൗകര്യം 20% വർദ്ധനവ് | 3,113 |
| ആകെ വസ്തുനികുതി- | 17,899 |
| ലൈബ്രറി സെസ്5 % | 894 |
| സർവ്വീസ് സെസ് 10% | 1,790 |
| **ആകെ** | **20,583** |

| | |
|---|---|
| അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിർണയിച്ച നികുതി - 194.55 x 50 | 9,728 |
| (+) വഴിസൗകര്യം 20% വർദ്ധനവ് | 1,946 |
| ആകെ വസ്തുനികുതി | 11,674 |
| ലൈബ്രറി സെസ് 5 % | 584 |
| സർവ്വീസ് സെസ് 10% | 1,167 |
| ആകെ | **13,425** |

ഇപ്രകാരം വസ്തുനികുതി ഇനത്തിൽ മാത്രം 6,225/-രൂപയുടെയും ലൈബ്രറി സെസിനത്തിൽ 310/-രൂപയുടെയും സർവ്വീസ് സെസിനത്തിൽ 623/-രൂപയുടെയും ഉൾപ്പെടെ 7,158/-രൂപയുടെ നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചിട്ടുണ്ട്. ഉപയോഗക്രമം തെറ്റായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 55/18-19ന് മറുപടി ലഭിച്ചില്ല. നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2-1 മുഴുവൻ ലേലത്തുക ഒടുക്കാതെ ലേല ബാദ്ധ്യത തീർപ്പാക്കി - നഗരസഭയ്ക്ക് ₹3,000 നഷ്ടം

ചങ്ങനാശ്ശേരി നഗരസഭ 2018-19 വർഷം ഹിദായത്ത് നഗറിലെ ഇറച്ചി കടകൾ ലേലം ചെയ്ത് നൽകിയപ്പോൾ കുത്തകക്കാർ മുഴുവൻ തുകയും ഒടുക്കുന്നതിനു മുൻപേ ബാദ്ധ്യത തീർപ്പാക്കിയതായി ലേലരജിസ്റ്ററിൽ കാണുന്നു. 2018-19 ലേല രജിസ്റ്റർ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| കട | ലേലം കൊണ്ട വ്യക്തി | ലേലത്തുക | അടവാക്കിയ ലേലത്തുക (നിരതദ്രവ്യം ഉൾപ്പെടെ) | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഇറച്ചിക്കട - I | മുജീബ് പി.ഇ | 28,700/- | 27,200/- | 1,500/- |
| ഇറച്ചിക്കട -II | ഷെഫീഖ്.കെ | 28,700/- | 27,200/- | 1,500/- |
| ആകെ | | 57,400/- | 54,400/- | 3,000/- |

ലേലം കൊണ്ട വ്യക്തിയുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതായി ഫയലിലെ രേഖകളിൽ കാണുന്നില്ല. കരാർ ഉടമ്പടി ചമയ്ക്കാത്ത സംഗതികളിൽ ലേലം കൊണ്ടവർ ലേലസംഖ്യ അടവാക്കാതിരിക്കുകയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരും. ലഭിക്കാനുള്ള തുക നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായിത്തീരും എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

ലേലത്തുക മുഴുവൻ ഒടുക്കാതെ ലേലം കൊണ്ടവരുടെ ബാദ്ധ്യത തീർപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.41/2018-19 തീയതി-31/10/2019) നൽകിയതിന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ ലേലം ഇടപാടിൽ നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം 3,000/- രൂപയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം 18% GST 540/- രൂപയുമാണ് (270/- CGST+270/- SGST). നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക പ്രസ്തുത തുക ലേലം കൊണ്ട വ്യക്തികളിൽ (മുജീബ് പി.ഇ., ഷെഫീഖ് .കെ) നിന്നോ നിർദ്ദിഷ്ട നടപടികളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. തുക ഒടുക്കിയ രസീതിന്റെ പകർപ്പ് ഉൾപ്പടെ സെക്രട്ടറി മറുപടി നൽകേണ്ടതാണ്.

## 2-2-2 ലൈസൻസി ലേലത്തുകയും ജി.എസ്.ടി യും പൂർണ്ണമായും ഒടുക്കിയിട്ടില്ല

2018-19 വർഷം നഗരസഭയുടെ വണ്ടിപ്പേട്ട ഇറച്ചി സ്റ്റാൾ ലേലം കൊണ്ട ശ്രീ നോബിൾ തോമസ്, കറുകയിൽ എന്ന വ്യക്തി ലേലത്തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല എന്ന് ലേല രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. 23/02/2018 ന് നടന്ന പൊതുലേലത്തിൽ 71,600/-രൂപയ്ക്കാണ് ഇറച്ചി സ്റ്റാൾ ലേലം കൊണ്ടത്. 01/03/2018 ലെ 1-ം നം. കൗൺസിൽ തീരുമാന പ്രകാരം ലേലം അംഗീകരിച്ചു. ലേലക്കാരൻ

₹23,125 മാത്രമാണ് നഗരസഭ ഫണ്ടിൽ ഒടുക്കിയത്. ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | ഒടുക്കിയ തുക | രസീത് നം. | റിമാർക്സ് |
|---|---|---|---|
| 24.02.2018 | 3,575/- | 117020114399 | EMD ആയി അക്കൗണ്ട് ചെയ്തിരിക്കുന്നു |
| 02.03.2018 | 19,550/- | 117020115204 | ലേല നിക്ഷേപമായി അക്കൗണ്ട് ചെയ്തു |
| ആകെ:- | 23,125/- | | |

കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതും അക്കൗണ്ടിംഗ് ക്രമീകരണം നടത്താതിരുന്നതും മൂലം ലഭിച്ച ₹23,125 ലേലവരവായി ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. ലേലം കൊണ്ട വ്യക്തിയുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. ആയതിനാൽ ലേലത്തുകയിൽ ലഭിക്കാനുള്ള ₹48,475 നഗരസഭയ്ക്ക് നഷ്ടപ്പെടുന്നതിനുള്ള സാദ്ധ്യത കാണുന്നു. കൂടാതെ GST തുകയായ 12,888/- രൂപയും കുത്തകക്കാരൻ ഒടുക്കിയിട്ടില്ലാത്തതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരിനും നഷ്ടമുണ്ടായി (SGST-6,444/- & CGST-6,444/-). 2018-19 ലേല നിബന്ധന വ്യവസ്ഥ 18 പ്രകാരം 30.09.2018നു മുമ്പായി തുക മുഴുവൻ ഒടുക്കേണ്ടതായിരുന്നു. നിബന്ധന 28 പ്രകാരം 18% GST യും ഒടുക്കേണ്ടതായിരുന്നു.

മേൽപറഞ്ഞ അപാകതകൾക്കും ലേലത്തുക, GST എന്നിവ ഈടാക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.40/2018-19 തീയതി 31/10/2019) നൽകിയതിന് നഗരസഭ സെക്രട്ടറി മറുപടി നൽകിയില്ല. കരാർ ഉടമ്പടി വയ്ക്കാത്ത സംഗതികളിൽ ലേലം കൊണ്ടവർ ലേലസംഖ്യ അടയാക്കാതിരിക്കുകയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരികയും ആയത് പ്രസ്തുത വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി മാറുകയും ചെയ്യുമെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ലേല തുകയിൽ ലഭിക്കാനുള്ള 48,475/- രൂപയും GST 12,888/- രൂപയും ഉൾപ്പടെ ആകെ 61,363/- രൂപ ശ്രീ നോബിൾ തോമസ്, കറുകയിൽ എന്ന വ്യക്തിയിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. മേൽവിവരിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക നഗരസഭ ഫണ്ടിൽ ഒടുക്കിയ രശീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1.പച്ചക്കറി വികസന പദ്ധതി-(ജനറൽ)---വളം വിതരണത്തിന് 100% സബ്സിഡി നല്കി.**

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി (S037/19) 166 ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്തുകൾ,വളം എന്നിവ വാങ്ങി വിതരണം നടത്തുന്നതിലേയ്ക്കായി ആകെ ₹63,080 ബിൽ നം.5/18-19 /26.2.19 പ്രകാരം പിൻവലിച്ച് കെയ്കോയ്ക്ക് നല്കിയിട്ടുണ്ട്. ഇതിൽ പച്ചക്കറി വിത്തിന്റെ വിലയായ ₹6,640 ഒഴിച്ച് വിവിധ വളത്തിന്റെ വിലയായ 56,440/-രൂപയ്ക്ക് 75% സബ്സിഡിയായ ₹42,330 രൂപ മാത്രം വികസനഫണ്ടിൽ നിന്നും നല്കിയാൽ മതി എന്നിരിക്കെ ചെലവ് തുക പൂർണ്ണമായും വികസനഫണ്ടിൽ നിന്നും നല്കിയത് ക്രമപ്രകാരമല്ല. (സ.ഉ.(കൈ)22/2018/തസ്വഭവ.14.02.18) ₹14,110 അധികം നല്കിയതിന് വിശദീകരണം ലഭിച്ചിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം ₹9,960 ഈടാക്കി നഗരസഭാ ഫണ്ടിൽ 10.03.19ൽ അടച്ചതായി രസീത് ഉണ്ട്. ഈ തുക നഗരസഭാഫണ്ടിൽ സൂക്ഷിച്ച് വികസനഫണ്ട് അധികമായി ചെലവഴിക്കാൻ ഇടയായ സാഹചര്യം വ്യക്തമല്ല. ഗുണഭോക്തൃവിഹിതമിനത്തിൽ ₹14,110 ഈടാക്കേണ്ടതിന് പകരം (4,150/-രൂപ കുറവ്) ₹9,960 ഈടാക്കിയതിനുള്ള വിശദീകരണവും വികസനഫണ്ടിനത്തിൽ അധികം പിൻവലിച്ച തുകയായ ₹14,110 സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

**2. ഫലവൃക്ഷവികസന പദ്ധതി( S0128/19)**

മാവ്, പ്ലാവ്, പേര, റംപുട്ടാൻ എന്നീ ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റ് ചെയ്ത 100 തൈകൾ വീതം, ജൈവവളം എന്നിവയുടെ വിലയായി ₹39,000 ബിൽ നം.6/18-19/28.02.19 പ്രകാരം കെയ്ക്കോയ്ക്ക് നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈ ഇനത്തിന് 75% സബ്സിഡി ആണ് അനുവദനീയം. ഗുണഭോക്തൃ വിഹിതം ₹9,750 ഈടാക്കി നഗരസഭാഫണ്ടിൽ അടച്ചിട്ടുണ്ടെങ്കിലും ചെലവ് തുക പൂർണ്ണമായും വികസനഫണ്ടിൽ നിന്ന് നല്കിയതിനാൽ ₹9,750 വികസനഫണ്ടിൽ നിന്ന് അധികം നല്കിയിട്ടുണ്ട്.

മേൽ രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി നഗരസഭാഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന ഗുണഭോക്തൃവിഹിതം 19,710/- രൂപ സർക്കാരിന്റെ സഞ്ചിതനിധിയിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും തുക നഗരസഭാഫണ്ടിൽ ഉണ്ടെന്നും സർക്കാരിലേക്ക് അടച്ച് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥ വാക്കാൽ മറുപടി നല്കിയെങ്കിലും തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

ക്രമ നം.1 ൽ പരാമർശിച്ച പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചതിൽ കുറവ് വന്ന ₹4,150 ഉൾപ്പെടെ വികസനഫണ്ടിൽ നിന്നും ആകെ അധികം നല്കിയ 23,860/-രൂപയും (₹14,110+₹9,750) നിർവഹണ ഉദ്യോഗസ്ഥ തിരികെ അടച്ച് രേഖകൾ ഹാജരാക്കാത്ത പക്ഷം സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമനം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ബിൽനം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | വാട്ടർ അതോറിറ്റി, ചങ്ങനാശ്ശേരി | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 1040781/17.1.19 | 4,55,687 | - | 4,55,687 |
| 2. | കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | 1032856/17.1.19 | 8,951 | | 8,951 |
| | | | 1097818/29.1.19 | 11,507 | | 11,507 |
| | | | 1367833/14.3.19 | 6,79,542 | | 6,79,542 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

നഗരസഭയിൽ സ്ഥിരനിക്ഷേപ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ബാലൻസ്ഷീറ്റ് ബി 12, ബി 13 ഷെഡ്യൂളിൽ സ്ഥിരനിക്ഷേപമായി കാണിച്ചിട്ടുള്ള തുകകളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ നിക്ഷേപ തുകകൾ കാലാകാലങ്ങളിൽ പുതുക്കുന്നതായി കാണുന്നുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ 19-20 ൽ ലഭിച്ച പലിശവരവ് ഉൾപ്പെടെയുള്ള മൂല്യവർദ്ധനവാണ് കണക്കിലെടുത്തിട്ടുള്ളത്. ആയതിനാൽ സ്ഥിരനിക്ഷേപ ഇനത്തിലുള്ള വർഷാവസാന തുക തെറ്റായി കാണിച്ചിരിക്കുന്നു. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,69,51,085 |
| തൻവർഷം നിക്ഷേപിച്ചതുക | 19,60,000 |
| തൻവർഷ പലിശ | 8,93,831 |
| ആകെ | 1,99,54,916 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,99,54,916 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| **സ്ഥിരനിക്ഷേപ വിശദാംശങ്ങൾ** | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക |
|---|---|
| കെയുആർഡിഎഫ് സി ഷെയർ (100 രൂപ നിരക്കിലുള്ള 1500 ഷെയറുകൾ) | 1,50,000 |
| 0030415(ഇൻഡ്യൻ ഓവർസീസ് ബാങ്ക്) ഗ്യാസ് ക്രിമറ്റോറിയം ഗ്രാന്റ് | 38,21,070 |
| ഇൻഡ്യൻ ബാങ്ക് FD No.6193608446ആധുനിക അറവ് ശാല ഗ്രാന്റ് | 68,23,625 |
| ഇൻഡ്യൻ ബാങ്കിലെ FD No.945548907 ആധുനിക അറവ് ശാല ഗ്രാന്റ് | 72,00,221 |
| എസ്.ബി.ഐ.37761307353 | 5,00,000 |
| എസ്.ബി.ഐ,എസ്.ബി കോളേജ് ചങ്ങനാശ്ശേരി | 14,60,000 |
| **ആകെ** | **1,99,54,916** |

സ്ഥിര നിക്ഷേപങ്ങളുടെ രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ ലഭിക്കുന്ന പലിശ വരവ് ചേർത്ത് സ്ഥിരനിക്ഷേപം പുതുക്കുന്ന മുറയ്ക്ക് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. കൂടാതെ സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ നിശ്ചിത ഇടവേളകളിൽ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ഭൗതിക പരിശോധന നടത്തേണ്ടതും ഇത് സംബന്ധമായ സാക്ഷ്യപത്രം

സ്ഥിരനിക്ഷേപ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നഗരസഭയെ സംബന്ധിച്ച് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 2(6),4(കെ) | 1998 | 2(1)2 | ധനസഹായം/ വായ്പാവിനിയോഗം ലക്ഷ്യം കൈവരിച്ചില്ല. | ബഹു ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2004-06)യുടെ 19-ാമത് റിപ്പോർട്ട് ആയതിന്മേലുള്ള ആക്ഷൻ ടേക്കൻ റിപ്പോർട്ട് (45 -ാമത് റിപ്പോർട്ട് 2014-16)എന്നിവ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്{ഖണ്ഡിക 62(1.6.18) ഖണ്ഡിക 66 (1.7.18),ഖണ്ഡിക 71(1.8.9) ഖണ്ഡിക 75(1.9.9),ഖണ്ഡിക 80(1.10.9)} |
| | 72 | | 2(1)3 | കരാറുകാർ കാണിക്കുന്ന അലംഭാവവും അവർക്കു നൽകുന്ന അനർഹമായ ആനുകൂല്യങ്ങളും. | |
| 97-98 | 38 | 2000-2001 | 5-5(ബി) | വാഴപ്പള്ളി ക്ഷേത്രം – കുട്ടിച്ചേരിക്കടവ് റോഡ് പുനരുദ്ധാരണത്തിലെ ക്രമക്കേടുകൾ – | |
| 97-98 | 45 | 2000-01 | 5-5(സി) | റോഡ് മണ്ണിട്ട് നികത്തലിൽ നിയമാനുസൃത കുറവ് കണക്കാക്കാത്തതിൽ | |

| | | | | | |
|---|---|---|---|---|---|
| | | | | വന്ന കുറവ് – 18,061/-രൂപ | |
| 98-99 | 30 | 2001-02 | 6-2-5(ii) | കൊട്ടാരംചിറ റോഡിൽ നിന്ന് ആരംഭിക്കുന്ന റോഡ് – മണ്ണിട്ട് നികത്തുന്നതിൽ അധിക നിരക്ക് നൽകി – 47,505 | |
| 99-2000 | 40-J | 2001-02 | 6-2-5(vii) | നേർച്ചപ്പാറ കോളനി – കുടിവെള്ളം – ഭൂനിരപ്പ് ടാങ്ക് നിർമ്മാണം – ലക്ഷ്യം കൈവരിക്കാത്ത പദ്ധതി | ബഹു ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2004-06)യുടെ 19-ാമത് റിപ്പോർട്ട് ആയതിന്മേലുള്ള ആക്ഷൻ ടേക്കൻ റിപ്പോർട്ട് (45 -ാമത് റിപ്പോർട്ട് 2014-16)എന്നിവ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്{ഖണ്ഡിക 98 (1.11.18) } |
| 2001-02 | 2001-02 ഡി.സി.ബി ഓഡിറ്റ് ഖണ്ഡിക 2-14, 2-15, 2-18, 2-27 | 2005-06 | 3-14.1 | കാര്യക്ഷമതയില്ല. തനതുവരുമാനം ലക്ഷ്യങ്ങൾ ചോരുന്നു. | നിയമസഭാ സമിതി പരിഗണിച്ചു വരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2002-03 | ചെലവ് ഓഡിറ്റ് 2-11 | 2006-07 | 4.13.2 | വൈദ്യുതി ഉപകരണങ്ങളുടെ വാങ്ങലും വിതരണവും അപാകതകൾ | ” |
| 2003-04 | ചെലവ് ഓഡിറ്റ് 3-2 | 2006-07 | 4.13.1 | മുനി.റസ്റ്റ് ഹൗസ് ലേലം-മുനിസിപ്പൽ ഫണ്ടിനു നഷ്ടം | ” |
| 2004-05 | ഖ.2-25 ചെലവ് | 2007-08 | 4.5.1 | ഐ.എസ്സ്.യു.ഐ- കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചു- 30 ലക്ഷം രൂപ | ” |
| 2014-15 | ഖ. 3-16 | 2015-16 | 9.4 (ഓഡിറ്റ് ഇംപാക്ട്) | ടാർ നൽകിയതിൽ കുറവ്. 9.31 ലക്ഷം രൂപ സിഡ്കോയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചു | സമാനമായ അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ് |

കുറിപ്പ്: മേൽ സൂചിപ്പിച്ച ഖണ്ഡികകൾ കൂടാതെ വിവിധ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള

പൊതുഅവലോകനം,പ്രവർത്തനാവലോകന റിപ്പോർട്ടുകൾ, ലഘു അവലോകനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പൊതു പരാമർശങ്ങളിൽ ചങ്ങനാശേരി നഗരസഭയെ സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള വിഷയങ്ങളിന്മേലുള്ള കാലിക സ്ഥിതിവിവരവും അറിയിക്കേണ്ടതാണ് (സമാഹൃത റിപ്പോർട്ട് വർഷം **2009-10** ഖ 2.3,2.1(2)**2011-12** ഖ. 2.1(2),2.3,2.9(5)3.1.6,3.2.13,3.3.6 **2012-13** ഖ. 2.6.,3.1,3.3.19 **2013-14** ഖ. 5.1.5,5.2.4,6.1.2 **2014-15** ഖ. 4.1.6,4.1.7, 4.1.8,5.7.5 **2015-16** ഖ. 3.6.2,3.7.8,4.2.8 **2017-18** ഖ. 2.2).

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് **7,39,29,010/-** ഉൾപ്പെടെ) | : | 39,42,27,916 |
| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ വരുമാനം | | 30,81,72,041 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 31,97,40,764 |
| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 28,08,39,120 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 70,989/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,150/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 22,32,862 |

**(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-1(I)<br>2-1-1(II) | 877/-<br>11,789/- | | ശ്രീ എ.എസ്.ശ്രീകാന്ത്,സെക്രട്ടറി, ശ്രീ മധു കൈടഭജ സി.പി.(റവന്യൂ ഓഫീസർ),ശ്രീമതി ധന്യ,റ്റി.ജി (സീ.ക്ളർക്ക്) |
| 2-1-2(ii) | 6,848/- | | ശ്രീ എ.എസ്.ശ്രീകാന്ത്,സെക്രട്ടറി, ശ്രീ മധു കൈടഭജ സി.പി.(റവന്യൂ ഓഫീസർ), ശ്രീമതി ശ്രീജ.കെ.എസ് (സീ.ക്ളർക്ക്) |
| 2-2-1 | 3000/- | | ശ്രീ എ.എസ്.ശ്രീകാന്ത്,സെക്രട്ടറി, ശ്രീ മധു കൈടഭജ സി.പി.(റവന്യൂ ഓഫീസർ), ശ്രീമതി ശാന്തി.ആർ |

| | | | |
|---|---|---|---|
| | | | ,ക്ളർക്ക് (ജെ.പി.എച്ച്.എൻ) |
| 2-2-2 | 48,475/- | | ശ്രീ എ.എസ്.ശ്രീകാന്ത്,സെക്രട്ടറി, ശ്രീ മധു കൈടഭജ സി.പി.(റവന്യൂ ഓഫീസർ), ശ്രീമതി ശാന്തി.ആർ ,ക്ളർക്ക് (ജെ.പി.എച്ച്.എൻ) |
| 3-1 | | 4,150/- | ശ്രീമതി വസന്തകുമാരി,കൃഷി ഫീൽഡ് ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 20,000/- | ശ്രീ ആർ .രാഹേഷ് കുമാർ,സെക്രട്ടറി |
| | 85,000/- | ശ്രീ എ.എസ്.ശ്രീകാന്ത്,സെക്രട്ടറി |
| 1-35 | 11,55,687/- | ശ്രീ എ.എസ്.ശ്രീകാന്ത്,സെക്രട്ടറി |
| 1-41 | 3,70,000/- | ശ്രീ എ.എസ്.ശ്രീകാന്ത്,സെക്രട്ടറി |
| 1-50(II) | 3,22,344/- | ഡോ. പത്മകുമാർ,<br>സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-50(III) | 2,79,831/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം:**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-15-4/2-1-1 | 536 /-(ലൈബ്രറി സെസ്സ്) |
| 1-15-5(ii)/2-1-2(ii) | 310/- ,, |
| 1-15-8 | 25 /- ,, |
| 1-19-2/2-2-1 | 270/-+270 /- (സി.ജി.എസ്.ടി+എസ്.ജി.എസ്.ടി) |
| 1-19-3 | 56970/-+56970 /- ,, |
| 1-19-4/2-2-2 | 6444/-+6444 /- .. |
| 1-36 | 144754/-+144754/- ,, |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:**

1-13-3,1-15-2,1-15-3,1-15-7,1-15-9,1-18,1-20-1,1-20-5,1-21-2,1-22-1 മുതൽ 1-22-4വരെ, 1- 29,1-39

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|
| ശ്രീമതി വസന്തകുമാരി,<br>കൃഷി ഫീൽഡ് ഓഫീസർ<br>(സസ്പെൻഷനിൽ) | ശ്രീമതി വസന്തകുമാരി,<br>കൃഷി ഫീൽഡ് ഓഫീസർ,<br>തിരുവോണം ഹൗസ്,<br>മണ്ഡലം ജംഗ്ഷൻ,<br>ആല്യംമൂട് പി.ഒ,കൊറ്റൻകര,കൊല്ലം |
| ശ്രീഎ.എസ്.ശ്രീകാന്ത്,<br>സെക്രട്ടറി | ശ്രീഎ.എസ്.ശ്രീകാന്ത്, സെക്രട്ടറി<br>ചാമവിളവടക്കേതിൽ ,കുനയിൽ , |

| | |
|---|---|
| ഗുരുവായൂർ നഗരസഭ | പരവൂർ പി.ഒ ,പരവൂർഭാഗം,കൊല്ലം |
| ശ്രീ മധു കൈടഭജ സി.പി,<br>പിഎ ടു സെക്രട്ടറി | ശ്രീ മധു കൈടഭജ സി.പി,<br>(റവന്യൂ ഓഫീസർ)<br>ചൈത്രം, മുണ്ടിയപ്പള്ളി പിഒ,<br>കുന്നന്താനം, മല്ലപ്പള്ളി |
| ശ്രീമതി ധന്യ,റ്റി.ജി,<br>(സീ.ക്ളർക്ക്)ചങ്ങനാശ്ശേരി<br>നഗരസഭ | ശ്രീമതി ധന്യ,റ്റി.ജി,<br>സീനിയർ ക്ലർക്ക്<br>കുന്നേൽ ഹൗസ്,വാഴൂർ പി.ഒ,കോട്ടയം |
| ശ്രീമതി ശ്രീജ.കെ.എസ് സി.<br>ക്ളർക്ക്, | ശ്രീമതി ശ്രീജ.കെ.എസ്<br>ക്ലർക്ക്,<br>ഇല്ലത്തുപറമ്പിൽ ഹൗസ്<br>,പുളിക്കൽകവല പി.ഒ,വാഴൂർ |
| ശ്രീമതി ശാന്തി.ആർ<br>,(ജെ.പി.എച്ച്.എൻ),<br>ചങ്ങനാശ്ശേരി നഗരസഭ | ശ്രീമതി ശാന്തി.ആർ<br>,(ജെ.പി.എച്ച്.എൻ),കല്ലൂർമെന്തേതിൽ<br>ഹൗസ്,അറുനൂറ്റിമംഗലം പി.ഒ,മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1990-91 | എൽ.എഫ്.സി2-343/95, തീയതി, 30.10.95/12.1.96 | 49 | ഓഡിറ്റ് അദാലത്തുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങൾ പ്രകാരം |
| 1991-92 | എൽ.എഫ്.സി2-246/97, തീയതി, 07.12.98 | 17 | " |
| 1992-93 | എൽ.എഫ്.സി2-83/96, തീയതി, 18.7.96 | 33 | " |
| 1993-94 | എൽ.എഫ്.സി2-347/96, തീയതി, 28.4.97 | 80 | " |
| 1995-96 | എൽ.എഫ്.സി2-78/07,തീയതി, 18.4.07/7.5.07 | 7 | " |
| 1996-97 | എൽ.എഫ്.സി2-233/01, തീയതി, 11.12.01 | 28 | " |
| 1997-98 | എൽ.എഫ്.സി2-223/01, തീയതി, 01.07.02 | 38 | " |
| 1998-99 | എൽ.എഫ്.സി2-22/01, തീയതി, 21.10.02 | 24 | " |
| 1999-2000 | എൽ.എഫ്.സി2-60/03, തീയതി, 29.08.03 | 5 | " |
| 2000-01 | എൽ.എഫ്.സി2-216/04, തീയതി, 29.08.05 | 33 | " |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.സി2-189/05, തീയതി, 3.10.05 | 25 | " |
| 2001-02 (ചെലവ്) | എൽ.എഫ്.സി2-252/09,തീയതി, 07.12.09 | 31 | " |
| 2001-02 (വരവ്) | എൽ.എഫ്.സി2-300/09,തീയതി, 02.01.10 | 11 | " |
| 2002-03 (ചെലവ്) | എൽ.എഫ്.സി2-345/07,തീയതി, 31.10.08 | 50 | " |

| | | | |
|---|---|---|---|
| 2002-03 (വരവ്) | എൽ.എഫ്.സി2-244/08,തീയതി, 02.03.09 | 10 | ” |
| 2003-04 (ചെലവ്) | എൽ.എഫ്.സി2-187//08, തീയതി, 07.12.09 | 21 | ” |
| 2003-04 (വരവ്) | എൽ.എഫ്.സി2-221/08, തീയതി, 03.03.09 | 3 | ” |
| 2004-05 (ചെലവ്) | എൽ.എഫ്.സി2-213/07/31.08.2007 /18.09.2007 | 14 | ” |
| 2004-05 (വരവ്) | എൽ.എഫ്.സി2-57എ /08, തീയതി, 13.03.09 | 8 | ” |
| 2005-06 | എൽ.എഫ്.സി2-197/09, തീയതി, 27.03.09 | 14 | ” |
| 2006-07 | എൽ.എഫ്.സി2-33/09, തീയതി, 22.05.10 | 19 | ” |
| 2007-08 | എൽ.എഫ്.സി2-416/10, തീയതി, 31.05.2011 | 17 | ” |
| 2008-09 | എൽ.എഫ്.സി2-227/09,തീയതി, 29.11.2012 | 45 | ” |
| 2009-10 | എൽ.എഫ്.സി2-400/12, തീയതി, 19.04.2013 | 21 | ” |
| 2010-11 | എൽ.എഫ്.സി2-270/2011,തീയതി, 08.11.2013 | 16 | ” |
| 2011-12 | എൽ.എഫ്.സി2-146/13,തീയതി, 28.05.14 | 24 | ” |
| 2012-13 | എൽ.എഫ്.സി2-88/2014, തീയതി, 12.03.15 | 37 | ” |
| 2013-14 | കെ.എസ്.എ.സി.വൈ.എം2-81/2015,തീയതി, 15.01.2016 | 35 | ” |
| 2014-15 | നം.കെ.എസ്.സി.വൈ.എം.3-140/2016, തീയതി, 27.07.2016 | 44 | ” |
| 2015-16 | നം.കെ.എസ്.എ.സി.വൈ.എം.3-34/2017 തീയതി 31.01.2017 | 32 | ” |
| 2016-17 | നം.കെ.എസ്.എ.സി.വൈ.എം.3-394/2017 തീയതി 30.12.2017 | 36 | ” |
| 2017-18 | നം.കെ.എസ്.എ.സി.വൈ.എം.3-46/2019 തീയതി 10.4.2019 | 57 | |

(വിവിധ വർഷങ്ങളിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ 5.2.2019ലെ കെഎസ്എ-സി.വൈ.എം3-17/18 നമ്പർ കത്ത് നഗരസഭ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.)

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2018-19

നം.കെ.എസ്.എ-സി.വൈ.എം3/89/2020

**കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്,**

നഗരസഭ ഓഡിറ്റ് കാര്യാലയം,

ചങ്ങനാശ്ശേരി, തീയതി : 24/04/2020

Email; mlcsry.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നഗരസഭയുടെ 2018-19വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ

ഒഴികെ ചങ്ങനാശ്ശേരി നഗരസഭയുടെ 2018-19വർഷത്തെ ധനകാര്യ പത്രിക നഗരസഭയുടെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

KSA-CYM3-89/2020

**Kerala State Audit Department**
Municipal Audit Office-Changanassery
Email; mlcsry.ksad@kerala.gov.in

Date: 24/04/2020

**AUDIT CERTIFICATE 2018-19**

Certified that I have audited the Annual Financial Statements of Changanassery Municipality in Kottayam District for the year ended on 31/03/2019 in accordance with section 4 of the Kerala Local Fund Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Municipalities.

In my opinion, the financial statements of Changanassery Municipality for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

**Deputy Director**
Kerala State Audit Department
Municipal Audit Office-Changanassery

## അനുബന്ധം-2(1) റിസീറ്റ് & പേയ്മെന്റ് പത്രിക 2018-19

## Changanasserry Municipality Concurrent Municipality

### RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 72900601.00 |
| Cash | Cash | RP-40(a) | 1028409.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 12083691.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 15593855.00 |
| 130000000 | Rental income from Panchayat Properties | RP-3 | 521247.00 |
| 140000000 | Fees & User Charges | RP-4 | 6297144.00 |
| 150000000 | Sale & Hire Charges | RP-5 | 752301.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 170540113.00 |
| 171000000 | Interest Earned | RP-8 | 1759908.00 |
| 180000000 | Other Income | RP-9 | 109531.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 55703546.00 |
| 480000000 | Miscellaneous Expenditure to be written off | RP-44 | 0.0 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 41828.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 37709422.00 |
| 340000000 | Deposits Received | RP-27 | 10602491.00 |
| 350000000 | Other Liabilities | RP-29 | 8326192.00 |
| 460000000 | Loans, Advances and Deposits | RP-41 | 257637.00 |
| | **Grand total** | | **394227916.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 40886421.00 |
| 220000000 | Administrative Expenses | RP-11 | 1794170.00 |
| 230000000 | Operations & Maintenance | RP-12 | 4298310.00 |
| 240000000 | Interest & Finance Charges | RP-13 | 15081.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 55021886.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 16705042.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 81570445.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 3112569.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 637414.00 |
| 270000000 | Provisions and Write off | RP-16 | 5900.00 |
| 350000000 | Other Liabilities | RP-29 | 30751391.00 |
| 421000000 | Investments - Other Funds | RP-35 | 1460000.00 |
| 430000000 | Stock-in-hand | RP-36 | 62479.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 736.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | 1749494.00 |
| 311000000 | Earmarked Funds | RP-22 | 16686858.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 303196.00 |
| 340000000 | Deposits Received | RP-27 | 2312010.00 |
| 350000000 | Other Liabilities | RP-29 | 35971847.00 |
| 410000000 | Fixed Assets | RP-31 | 13342189.00 |
| 412000000 | Capital work in Progress | RP-33 | 11580256.00 |
| 460000000 | Loans, Advances and Deposits | RP-41 | 1473070.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 74120957.00 |
| Cash | Cash | RP-40(b) | 366195.00 |
| | **Grand Total** | | **394227916.00** |

**അനുബന്ധം-2(2) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 2018-19**

25/07/2019

## Changanassery Municipality
### Income & Expenditure Statement
For the period from 01-April-2018 to 31-March-2019

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | **Income** | | |
| 110000000 | Tax Revenue | I-1 | 60,355,456.00 |
| 120000000 | Assigned Revenues & Compensation | I-2 | 15,593,855.00 |
| 130000000 | Rental Income from Municipal Properties | I-3 | 17,444,299.00 |
| 140000000 | Fees & User Charges | I-4(b) | 9,701,988.00 |
| 150000000 | Sale & Hire Charges | I-5(b) | 752,301.00 |
| 160000000 | Revenue Grants, Contributions & Subsidies | I-6 | 201,649,952.00 |
| 170000000 | Income from Investments | I-7 | 781,434.00 |
| 171000000 | Interest Earned | I-8 | 1,767,908.00 |
| 180000000 | Other Income | I-9 | 124,848.00 |
| A | **Total-Income** | | 308,172,041.00 |
| | **Expenditure** | | |
| 210000000 | Establishment Expenses | I-10(b) | 106,277,054.25 |
| 220000000 | Administrative Expenses | I-11(b) | 10,166,146.00 |
| 230000000 | Operations & Maintenance | I-12(b) | 4,956,247.00 |
| 240000000 | Interest & Finance Charges | I-13 | 15,081.00 |
| 250000000 | Programme Expenses | I-14 | 55,021,886.00 |
| 251000000 | Decentralised Plan Programme - Service Sector | I-14 | 8,558,850.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14 | 81,407,140.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14 | 2,912,569.00 |
| 260000000 | Revenue Grants, Contribution and Subsidies | I-15 | 637,414.00 |
| 270000000 | Provisions and Write off | I-16 | 5,900.00 |
| 272000000 | Depreciation | I-17(a) | 10,880,833.00 |
| B | **Total-Expenditure** | | 280,839,120.25 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | 27,332,920.75 |
| D= 280000000 | Prior Period Item | I-18 | 14,608,577.00 |
| E = C-D | *Gross Surplus/Deficit of Income over Expenditure after prior period items* | | 12,724,343.75 |
| 290000000 | Transfer to Reserve Funds | | |
| | *Net Balance being surplus/deficit carried over to Balance sheet (Muncipal Fund)* | | |

*Software Support: Information Kerala Mission* Accounts Officer Secretary

## അനുബന്ധം-2(3) ബാലൻസ് ഷീറ്റ് 31/03/2019 തീയതിയിൽ

Changanassery Municipality
BALANCE SHEET
As on 31-March-2019

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | (11142448.40) |
| 311000000 | Earmarked Funds | B-2 | 3474270.25 |
| 312000000 | Reserves | B-3 | 127039332.00 |
| | *Total Reserve& Surplus* | | 119371153.85 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Contribution for Specific Purposes | B-4 | 106922353.00 |
| | *Total Grants,Contributions for specific purposes* | | 106922353.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| | *Total Loans* | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 55521494.00 |
| 341000000 | Deposits Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 53670358.15 |
| | *Total Current Liabilities and Provisions* | | 109191852.15 |
| | TOTAL LIABILITIES | | 335485359.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 133458207.00 |
| 411000000 | Accumulated Depreciation | B-11 | (65462143.00) |
| 412000000 | Capital Work In Progress | B-11 | 25326193.00 |
| | *Total Fixed Assets* | | 93322257.00 |
| | Investments | | |
| 420000000 | Investments - General Fund | B-12 | 3995944.00 |
| 421000000 | Investments - Other Funds | B-13 | 16227027.00 |
| | *Total Investments* | | 20222971.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 139195635.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | (7221156.00) |
| 450000000 | Cash and Bank balance | B-17 | 74487152.00 |
| 460000000 | Loans, Advances and Deposits | B-18 | 15478500.00 |
| | *Total Current Assets,Loans and Advances* | | 221940131.00 |
| | Miscellaneous Expenditure(To the Extent not writt | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | *Total Miscellaneous Expenditure(To the Extent not written off)* | | 0.00 |
| | TOTAL ASSETS | | 335485359.00 |

## അനുബന്ധം-3 2018-19 വർഷംവാടക ഒടുക്കാത്ത ലൈസൻസികൾ

| കെട്ടിട നം. (1) | പേര് / വിലാസം (2) | രജിസ്റ്റർ പ്രകാരം മാസവാടക (3) | 2018-19ലെ കുടിശ്ശിക (4) | റിമാർക്ക്സ് (5) |
|---|---|---|---|---|
| മുനിസിപ്പൽ ആർക്കേഡ് | | | | |
| 30 | റസീന പി എ<br>പുത്തൻവീട്<br>പട്ടത്തിമുക്ക് | 3,758 | 45,096 | കരാർ ചമച്ചിട്ടില്ല<br>കരാർ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല |
| 31 | ശ്യാം മണിപ്പുഴ | ലഭ്യമല്ല | ലഭ്യമല്ല | വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 36 | പേര് ലഭ്യമല്ല | | | പേര്, വാടക സംബന്ധിച്ച വിശദാംശം രജിസ്റ്ററിൽ ഇല്ല |
| 37 | അബ്ദുൾ വഹാബ് സ്മാർട്ട് കോളേജ് പള്ളിക്കച്ചിറ പായിപ്പാട് | 3,606 | 43,272 | വാടക നിരക്ക് പുതുക്കിയിട്ടില്ല |
| 40 | എൻ. വി. സിജ്ജു ശാസ്താം കോവിൽ തൃക്കൊടിത്താനം | 2,176 | 26,112 | വാടക നിരക്ക് പുതുക്കിയിട്ടില്ല |
| ബങ്ക് നം. 1 | | | | |
| 9 | അഞ്ചന കെ കളത്തിപ്പറമ്പിൽ ഫാത്തിമാപുരം | 3,514 | 42,168 | വാടക പുതുക്കിയിട്ടില്ല |
| ബങ്ക് നം. 2 ബസ്സ്റ്റാന്റ് | | | | |
| 8 | എം. സി. ആന്റണി | 801 | 9,612 | വാടക പുതുക്കിയിട്ടില്ല |
| 22 | സേവ്യർ ജോസഫ് മാറാട്ടുകളം ബസാർ പി. പി. ജോസ് റോഡ് | 612 | 7,344 | |
| പെരുന്ന ഷോപ്പിങ് സെന്റർ (സ്റ്റെയർ കെയ്സ് റൂം) | | | | |
| 3 | ജോസ് ചെറിയാൻ വാചംപറമ്പിൽ | 1,037 | 12,444 | വാടക പുതുക്കിയിട്ടില്ല |
| 4 | സെബാസ്റ്റ്യൻ പോൾ | 760 | 9,120 | വാടക പുതുക്കിയിട്ടില്ല |
| 5 | ജോസഫ് ചാക്കോ കാർത്തികപ്പറമ്പിൽ | 830 | 9,960 | വാടക പുതുക്കിയിട്ടില്ല |
| ലൈബ്രറി ബിൽഡിങ്ങ് | | | | |
| 5 | വി എസ്. ജോസഫ് വിഖാൽ | 1,200 | 14,400 | വാടക പുതുക്കിയിട്ടില്ല |
| ഷോപ്പ് കം ഓഫീസ് - വണ്ടിപ്പേട്ട (First floor) | | | | |
| 1 | വി.ജെ തോമസ് | 1,500 | 18,000 | കരാർ പുതുക്കിയിട്ടില്ല |
| 4 | റ്റി എൻ സുകുമാരൻ | 660 | 7,920 | കരാർ പുതുക്കിയിട്ടില്ല |
| ഷോപ്പ് കം ഗോഡൗൺ | സജൻ പി എസ് പടിഞ്ഞാറേപ്പറമ്പിൽ വെട്ടിത്തുരുത്ത് | 6,000 | 72,000 | |
| നം. 2 ബസ്സ്റ്റാന്റ് ഷോപ്പ് | | | | |
| 20 | ജി സുരേഷ് ബാബു മുത്തേടം | 1,178 | 14,136 | |

| | | | | |
|---|---|---|---|---|
| **ബസ് ടെർമിനൽ പെരുന്ന** | | | | |
| 1, 2 | സജീവ് റഷീദ്<br>സജ് കോട്ടേജ് | 4,147 | 49,764 | |
| 3 | ക്രിസ്റ്റി അഗസ്റ്റിൻ | 3,260 | 39,120 | വാടക പുതുക്കിയിട്ടില്ല |
| 8 | പി എം പുഷ്കരൻ<br>പുത്തോട്ടുകളത്തിൽ<br>തുരുത്തി | 3,034 | 36,408 | |
| 11 | മഞ്ജുള<br>മൂത്തേടം<br>വാഴപ്പള്ളി | 3,463 | 41,556 | |
| **മിനി പാർക്ക്, റസ്റ്റ് ഹൗസ്, കാന്റീൻ** | | | | |
| 2 | അഭിലാഷ് പി ജെ<br>ഗോപാലസദനം | 10,000 | 1,20,000 | |
| 4<br>C1<br>C2<br>C3 | അലക്സ് ജോസഫ്<br>കൊച്ചുകിഴക്കേടയിൽ<br>കെ.എൽ.എം യൂണിറ്റ്<br>സെക്രട്ടറി | 1,350, | 16,200 | കരാർ ലഭ്യമല്ല |
| **ഫിഷ് മാർക്കറ്റ് ഹോൾസെയിൽ ഷോപ്പ്** | | | | |
| 7 | മനോജ് ഇ.ജെ | 3,500 | 42,000 | കരാർ പുതുക്കിയ കാലാവധി ലഭ്യമല്ല |
| **ഫിഷ് മാർക്കറ്റ് റീറ്റെയിൽ ഷോപ്പ്** | | | | |
| 6 | സലോമി തോമസ്<br>പുളിമൂട്ടിൽ | 1,000 | 12,000 | കരാർ പുതുക്കിയ കാലാവധി ലഭ്യമല്ല |
| 7 | കെ ജെ ബാബു<br>കോടിക്കൽ | 1,000 | 12,000 | കരാർ പുതുക്കിയ കാലാവധി ലഭ്യമല്ല |
| 19 | വി ഡി ബാബു<br>വയലുങ്കൽ | 1,000 | 12,000 | കരാർ പുതുക്കിയ കാലാവധി ലഭ്യമല്ല |
| 20 | ജിജി ജിൻസൺ<br>എടശ്ശേരിപ്പറമ്പിൽ | 1,000 | 12,000 | കരാർ പുതുക്കിയ കാലാവധി ലഭ്യമല്ല |
| 29, 32, 33, 34, 36, 39, 42 | വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | | | |
| 35 | വർഗ്ഗീസ് മാത്യു | 1,000 | 12,000 | കരാർ പുതുക്കിയ കാലാവധി ലഭ്യമല്ല |
| 48 | ജോസഫ്<br>സെബാസ്റ്റ്യൻ<br>എടശ്ശേരിപ്പറമ്പ് | 1,000 | 12,000 | കരാർ പുതുക്കിയ കാലാവധി ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| **വേഴക്കാട്ടുചിറ വുമൺ ട്രേഡ് സെന്റർ** | | | | |
| 5, 6 | ഷൈനി ജോസ് കോട്ടപ്പുറംഹൗസ് കുരിശ്ശുംമൂട് | 6,000 | 72,000 | വാടക പുതുക്കിയിട്ടില്ല |
| **ന്യൂബങ്ക് സ്പേസ് നം. 1 ബസ്സ്റ്റാന്റ്** | | | | |
| | നിഷ അൻസാരി മംഗ്ലാവ് പറമ്പിൽ | 3,000 | 36,000 | വാടക പുതുക്കിയിട്ടില്ല |
| | **ആകെ** | | **8,56,632** | |

**2018-19 വർഷം ഭാഗികമായി വാടക അടവാക്കിയ ലൈസൻസികളുടെ വിശദാംശം (ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത്)**

| **കെട്ടിട നം. (1)** | **കുത്തകക്കാരന്റെ പേര് / വിലാസം (2)** | **രജിസ്റ്റർ പ്രകാരം മാസവാടക (3)** | **കരാർ /കരാർ കാലയളവ് / വാടക കുടിശിക (4)** | **വാടക ഒടുക്കാനുള്ള കാലയളവ് (5)** |
|---|---|---|---|---|
| **മുനിസിപ്പൽ ആർക്കേഡ്** | | | | |
| 41 | ജോസ് മാത്യു ഇടയാടിയിൽ ഇത്തിത്താനം | 2,290 | കാലയളവ് രേഖപ്പെടുത്തിയിട്ടില്ല 18,320 | 8/2018 മുതൽ 3/2019 വരെ 8 മാസത്തെ വാടക |
| **ബങ്ക് നം. 2** | | | | |
| 9 | ഇ വി സുബ്രമണ്യൻ | 801 | കരാർ / വാടക പുതുക്കിയിട്ടില്ല 5,607 | 9/2018 മുതൽ 3/2019 വരെ 7 മാസത്തെ വാടക |
| **ഷോപ്പിങ് സെന്റർ നിയർ മുനിസിപ്പൽ ഓഫീസ്** | | | | |
| 3 | പി ബി ഷാജി പുളിമൂട്ടിൽ | 9,799 | കരാർ ചമച്ചിട്ടില്ല 58,794 | 10/2018 മുതൽ 3/2019 വരെ 6 മാസത്തെ വാടക |
| **ഷോപ്പ് കം ഓഫീസ് - വണ്ടിപ്പേട്ട (ഫസ്റ്റ് ഫ്ലോർ)** | | | | |
| 5 | കിച്ചു സേവ്യർ മുട്ടിക്കുകാലം | 720 | കരാർ / വാടക പുതിക്കിയിട്ടില്ല 2,880 | 12/2018 മുതൽ 3/2019 വരെ 4 മാസത്തെ വാടക |
| **നം 2 ബസ്സ്റ്റാന്റ് ഷോപ്പ്** | | | | |
| 19 | കെ എം നെജിയ കുഴിവേലിൽ | 1,720 | 22.01.2018 - 21.01.2021 10,320 | 10/2018 മുതൽ 3/2019 വരെ 6 മാസത്തെ വാടക |
| **ബസ് ടെർമിനൽ - പെരുന്ന** | | | | |
| 9 | വി എ അഗസ്റ്റിൻ വാണി.യപ്പുരക്കൽ | 2,471 | കരാർ/ വാടക പുതുക്കിയിട്ടില്ല | 5/2018 മുതൽ 3/2019 വരെ 11 |

| | | | | |
|---|---|---|---|---|
| | | | 27,181 | മാസത്തെ വാടക |
| 13 | നഹാസ് സുലൈമാൻ തോട്ടത്തിൽ പെരുന്ന | 1,552 | കരാർ / വാടക പുതുക്കിയിട്ടില്ല 7,760 | 11/2018 മുതൽ 3/2019 വരെ 5 മാസത്തെ വാടക |
| **സ്റ്റേഡിയം പവലിയൻ** | | | | |
| 6 | മാവേലിസ്റ്റോർ ഡിപ്പോ മാനേജർ | 4,000 | 24,000 | 10/2018 മുതൽ 3/2019 വരെ 6 മാസത്തെ വാടക |
| **സ്റ്റേഡിയം ഗാലറി** | | | | |
| 17 | ജെ ജെ മൈക്കൽ പണ്ടകശാല | 605 | കരാർ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല 5,445 | 8/2018 മുതൽ 3/2019 വരെ 8 മാസത്തെ വാടക |
| 21 | എ പി ആശിക് പുത്തൻപറമ്പിൽ | 209 | കരാർ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല 1,254 | 10/2018 മുതൽ 3/2019 വരെ 6 മാസത്തെ വാടക |
| **വുമൺസ് ലൈബ്രറി കം ഷോപ്പിങ് കോംപ്ലക്സ്** | | | | |
| 1 | ഷാനിബു എൻ പിള്ള അമ്പാടി | 1,296 | കരാർ / വാടക പുതുക്കിയിട്ടില്ല 10,368 | 8/2018 മുതൽ 3/2019 വരെ 8 മാസത്തെ വാടക |
| 2 | ഗംഗ ബി പിള്ള കാർത്തിക ഭവൻ | 1,555 | 01.04.2017 - 31.03.2020 12,440 | 8/2018 മുതൽ 3/2019 വരെ 8 മാസത്തെ വാടക |
| **വേഴക്കാട്ടുചിറ ഷോപ്പിങ് കോംപ്ലക്സ്** | | | | |
| 3 | ബാബു സ്കറിയ കയ്യാലപ്പറമ്പിൽ | 2,592 | വാടക / കരാർ പുതുക്കിയിട്ടില്ല 7,776 | 1/2019 മുതൽ 3/2019 വരെ 3 മാസത്തെ വാടക |
| **ന്യൂ വെജിറ്റബിൾ മാർക്കറ്റ്** | | | | |
| 10 | പി എം ജോൺ | 900 | 19.9.18 - 18.9.21 3,600 | 12/2018 മുതൽ 3/2019 വരെ 4 മാസത്തെ വാടക |
| **ഫിഷ് മാർക്കറ്റ് റീറ്റെയിൽ ഷോപ്പ്** | | | | |
| 46 | ഷമീർ നൗഷാദ് മുണ്ടേട്ട് പുതുപ്പറമ്പ് | 1,000 | 01.04.2017 - 31.03.2020 6,000 | 10/2018 മുതൽ 3/2019 വരെ 6 മാസത്തെ വാടക |
| **ഡ്രൈ ഫിഷ് സ്റ്റാൾ ക്യാന്റീൻ** | | | | |
| ക്യാന്റീൻ | ജോർജ് ആന്റണി | 1,000 | 22.08.2015 -21.08.2018 3,000 | 1/2019 മുതൽ 3/2019 വരെ 3 |

| | | | | |
|---|---|---|---|---|
| | | | | മാസത്തെ വാടക |
| വേഴക്കാട്ടുചിറ ഷോപ്പിങ് സെന്റർ (ന്യൂ) | | | | |
| 1 | ഹാസ്നി ഹസൻകോയ പുതുപ്പറമ്പ് | 3,000 | 21.6.2016 - 20.6.2019 15,000 | 11/2018 മുതൽ 3/2019 വരെ 5 മാസത്തെ വാടക |
| 2 | ഹാസ്നി ഹസൻകോയ പുതുപ്പറമ്പ് | 3,000 | 21.6.2016 - 20.6.2019 15,000 | 11/2018 മുതൽ 3/2019 വരെ 5 മാസത്തെ വാടക |
| നം. 1 ബസ്സ്റ്റാന്റ് ബങ്ക് സ്പേസ് | | | | |
| 4 | ഷെഹൻ ഷൈജു പുതുപ്പറമ്പ് നേർച്ചപ്പാറ | 500 | കരാർ / വാടക വിശദാംശം രേഖപ്പെടുത്തിയിട്ടില്ല 2,000 | 12/2018 മുതൽ 3/2019 വരെ 4 മാസത്തെ വാടക |
| | **ആകെ** | | **2,11,245** | |

## അനുബന്ധം-4 തൊഴിൽ നികുതി - ട്രേഡേഴ്സ് അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | വ്യാപാരം സംബന്ധിച്ച വിവരം | തൊഴിൽ നികുതിയിനത്തിൽ അർദ്ധവർഷം അടവാക്കേണ്ട തുക | അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 1 | II/389 | രാജ് മോഹൻ<br>ലക്ഷ്മി ഗോൾഡ് വർക്സ്<br>വാഴപ്പള്ളി | 180 | I & II |
| 2 | III/298(1) | രാധാകൃഷ്ണൻ<br>പലചരക്ക് കട | 300 | I & II |
| 3 | III/712 | രേഷ്മ സുബിൻ<br>ബേക്കേഴ്സ് ബ്യൂട്ടിക്ക് | 450 | I |
| 4 | III/40(1) | ഡോ.പി.ആർ.പൊന്നപ്പൻ<br>ഡോക്ടേഴ്സ് ക്ലിനിക്ക് | 1250 | I |
| 5 | IV/70 | അനിൽകുമാർ<br>ജെ.കെ.ഇലക്ട്രോണിക്സ് | 300 | II |
| 6 | IV/60(1) | റിഞ്ചു.വി.ആർ<br>ബ്യൂട്ടി പാർലർ | 750 | II |
| 7 | VI/ | അന്ത്രയോസ് മാത്യു<br>അരി വ്യാപാരം | 450 | I & II |
| 8 | VI/ | കെ.സി.ചാക്കപ്പൻ<br>കിഴങ്ങ് വ്യാപാരം | 300 | I & II |

| | | | | |
|---|---|---|---|---|
| 9 | VI/ | ജോസഫ് ചാക്കോ<br>സ്റ്റേഷനറി | 450 | II |
| 10 | VI/205 | ദേവസ്യ പോത്തൻ<br>ഇറച്ചി വ്യാപാരം | 1000 | I & II |
| 11 | VI/32 | രാമനാഥ റെഡ്യാർ<br>പലചരക്ക് വ്യാപാരം | 1000 | I & II |
| 12 | VI/ | ജോസഫ് സ്കറിയ<br>പലചരക്ക് വ്യാപാരം | 600 | II |
| 13 | VI/352 | ജിജി ബെന്നി<br>മതിച്ചിപ്പറമ്പിൽ | 450 | II |
| 14 | VI/353 | തങ്കമ്മ ചാക്കോ<br>പുളിമൊടി വ്യാപാരം | 450 | II |
| 15 | VI/ | സുജ വർഗ്ഗീസ് ഡാനിയേൽ<br>സ്റ്റോഴ്സ് | 450 | I & II |
| 16 | VI/371 | ചെറിയാൻ മാത്യു<br>സ്റ്റേഷനറി | 1000 | I |
| 17 | VI/ | വിഷ്ണു വി നായർ<br>അച്ചൂസ് കൂൾബാർ | 180 | I & II |
| 18 | VI/ | എം.ജെ.ജോസഫ്<br>കുന്നംകരി ഫ്ളവർ മിൽ | 180 | I & II |
| 19 | VI/ | സാബു എ.എ<br>ഷേബാ ട്രേഡിംഗ് അരി വ്യാപാരം | 750 | I & II |
| 20 | VI/ | ലിയോ തോമസ്<br>കല്ലുകളം റേഷൻ ഹോൾസെയിൽ | 1000 | I & II |
| 21 | VI/ | ഹരികുമാർ, സൈക്കിൾ റിപ്പയറിംഗ് | 180 | II |
| 22 | VI/ | സി.കുമാർ രാജു<br>പാർവ്വതി ട്രേഡിംഗ് | 600 | I & II |
| 23 | VI/ | തോമസ് ജോസഫ്<br>സുപ്രീ ട്രേഡേഴ്സ് | 1000 | I & II |
| 24 | VI/ | ഗോപാലകൃഷ്ണൻ ചെട്ടിയാർ<br>പച്ചമരുന്ന് വ്യാപാരം | 450 | I |
| 25 | VI/ | മുഹമ്മദ് ആസിഫ്<br>യൂണിവൈസ് ഗാർമെന്റ്സ് | 300 | I & II |
| 26 | VI/ | രാജീവ് | 300 | II |

| | | | | |
|---|---|---|---|---|
| | | ഭാരത് സ്കേയിൽ | | |
| 27 | VI/ | ജോജി മാത്യൂ<br>കരിങ്ങട കൂൾബാർ | 450 | I & II |
| 28 | VI/ | കെ.എം.ആന്റണി<br>കിരൺ ട്രേഡേഴ്സ് | 450 | I & II |
| 29 | VI/ | അനിൽ കെ ആന്റണി<br>ഫാത്തിമ ട്രേഡേഴ്സ് | 600 | I & II |
| 30 | VI/ | സിന്റോ വർഗ്ഗീസ്<br>സ്റ്റേഷനറി കൂൾബാർ | 450 | I & II |
| 31 | VI/ | ജോയി ഏബ്രഹാം<br>ഇരുമ്പ് വ്യാപാരം | 300 | I & II |
| 32 | VI/656 | സിജോ ജോസഫ്<br>ഇറച്ചിക്കോഴി വ്യാപാരം | 750 | I & II |
| 33 | VI/695 | സേവ്യർ ആന്റണി<br>കോട്ടയ്ക്കൽ പറമ്പിൽ, പച്ചക്കറി | 450 | I |
| 34 | VI/ | ജോയി ജോസഫ്<br>തേയില വ്യാപാരം | 180 | I & II |
| 35 | VI/ | വി.ജെ.സക്കറിയ<br>പുളിമ്പൊടി മിൽ | 180 | I & II |
| 36 | VI/ | തോമസ് സെബാസ്റ്റ്യൻ<br>പുകയില വ്യാപാരം | 300 | I & II |
| 37 | VI/ | ഡോ.ജോർജ്ജ് കൈവ്<br>പ്യൂമ ഹെൽത്ത് കെയർ | 1250 | I & II |
| 38 | VI/ | ജോബിൻ ജോസഫ്<br>ബിരിയാണി അരിക്കട | 1000 | II |
| 39 | VI/ | കെ.ജെ.അയ്യനാർ<br>മിഠായി നിർമ്മാണം | 300 | I & II |
| 40 | VI/ | അലൻ അലക്സ്<br>ഗ്രീൻ ക്ളബ് | 450 | I & II |
| 41 | VI/ | ആസിഫ്<br>ഫാഷൻ ടെയിലറിംഗ് | 300 | I & II |
| 42 | VI/ | ആർ.കുമാരി ശാന്തി<br>പലചരക്ക് വ്യാപാരം | 750 | I & II |
| 43 | VI/ | പി.തേൻരാജ്<br>ഗണപതിഭവൻ<br>പലഹാരക്കച്ചവടം | 300 | I & II |
| 44 | VII/697 | തോംസൺ തോമസ് | 450 | I & II |

| | | | | |
|---|---|---|---|---|
| | | പ്രിന്റ് എൈ.റ്റി ബിസിനസ് സൊലൂഷൻ | | |
| 45 | VII/ | ഡോ.രാജേന്ദ്രദാസ് ശ്രീശങ്കര ആയുർവേദശാല | 1000 | I & II |
| 46 | VII/757 | ബിജുമോൻ ആർ.വി ഗ്ളോബൽ വീൽസ് | 750 | I & II |
| 47 | VII/486 | ജോർജ്ജ് ഏബ്രഹാം പ്രീമാ പ്രിന്റേഴ്സ് | 180 | II |
| 48 | VII/ | പ്രൊപ്രൈറ്റർ, സ്പാർക്ക് ബാറ്ററി | 450 | I & II |
| 49 | VII/ | പോൾ ജോസഫ് ജലി കോഫിബാർ | 180 | II |
| 50 | VII/ | ബൈജു ജോർജ്ജ് കടന്തോട് സ്ററൗവ് സെന്റർ | 180 | I & II |
| 51 | VII/137 | റെജി .റ്റി.എച്ച് റിയാസ് സ്റ്റോഴ്സ് | 300 | I & II |
| 52 | VIII/ | നിസ്സാർ കെ.വി.എസ്.വെജിറ്റബിൾസ് | 600 | I & II |
| 53 | VIII/ | നടരാജൻ ശ്രീമുരുക ഡൈ വർക്സ് | 300 | I & II |
| 54 | VIII/ | മണികണ്ഠൻ, ബ്രയിൽ ഹെയർസ്റ്റൈൽ | 1250 | I & II |
| 55 | VIII/ | ജോർജ്ജ് തോമസ് സെബിൻ ഇലക്ട്രോണിക്സ് | 450 | I & II |
| 56 | VIII/ | പ്രൊപ്രൈറ്റർ നീതി മെഡിക്കൽ സ്റ്റോർ | 1250 | II |
| 57 | VIII/ | ആന്റണി ജോസഫ് തേവലക്കര ഡോക്യൂമെന്റ് | 300 | II |
| 58 | VIII/ | ഉമേഷ് ഡി സ്മാർട്ട് പോയിന്റ് എഞ്ചിനീയറിംഗ് അക്കാദമി | 750 | II |
| 59 | VIII/ | പ്രൊപ്രൈറ്റർ, ജോബി ഇലക്ട്രിക്കൽസ് | 450 | I & II |
| 60 | VIII/ | ബേബി മാത്യു ബേബീസ് പാരാമെഡിക്കൽസ് | 750 | I & II |
| 61 | VIII/ | ആന്റണി തോമസ് ഡോക്യൂമെന്റ് റൈറ്റർ | 300 | I & II |
| 62 | VIII/ | ഷിജി സെബാസ്റ്റ്യൻ | 300 | I & II |

| | | | | |
|---|---|---|---|---|
| | | ഡോക്യുമെന്റ് റൈറ്റർ | | |
| 63 | VIII/ | ലോലകുമാരി, റംഗോലി ടെയിലറിംഗ് | 180 | I & II |
| 64 | VIII/ | കെ.ജെ.ആന്റണി കന്നിപ്പറമ്പിൽ ചിറ്റ്സ് | 450 | I & II |
| 65 | VIII/ | ഒ.ഇ.ദാവൂദ് റെയിൻബോ പ്ളാസ്റ്റിക്ക്സ് | 300 | I & II |
| 66 | VIII/ | സുനിമോൾ ചെറിയാൻ വർഷ ഫാർമ | 600 | I |
| 67 | VIII/ | പി.എസ്.ശശിധരൻ ഫ്രണ്ട്സ് സ്റ്റാൾ | 300 | I |
| 68 | VIII/ | കെ.സി.ബാബു, സൂര്യ മെഡിക്കൽസ് | 1000 | I & II |
| 69 | VIII/ | ഷറീഫ് സഫർ, ഫാസിൽ സ്റ്റോർസ് | 180 | I & II |
| 70 | VIII/ | സി.എ.തോമസ്, ചക്കുപുരയ്ക്കൽ ജ്യൂവലറി | 450 | I |
| 71 | VIII/ | റ്റി.പി അജികുമാർ മിൽമ ഷോപ്പ് | 600 | I & II |
| 72 | VIII/ | മാനേജർ ഹോട്ടൽ ആര്യാസ് & ആർക്കേഡിയ | 1250 | II |
| 73 | VIII/ | കാസിം, ഏഷ്യൻ വാച്ച് ഹൗസ് | 450 | I & II |
| 74 | VIII/ | അൻസാരി അൻസ് ടൂർസ് & ട്രാവൽസ് | 1250 | II |
| 75 | VIII/ | ശെൽവനായകം ജ്യോതി സാരി സെന്റർ | 450 | II |
| 76 | VIII/ | അനൂപ് റോയൽ ക്ളാസ് ഡ്രസ്സ് ഡിസൈൻ | 450 | I & II |
| 77 | VIII/ | സാബു ഫിലിപ്പ് തോപ്പിൽ ഫർണിച്ചേഴ്സ് | 1000 | II |
| 78 | VIII/ | സന്തോഷ്, സന്തോഷ് ട്രേഡേഴ്സ് | 450 | I & II |
| 79 | VIII/ | സഫിയ ഹസ്സൻ, പെട്രോൾ പമ്പ് | 1250 | I & II |
| 80 | VIII/ | ജോസഫ് സ്കറിയ ജെ.കെ.അഡ്വർടൈസിംഗ് | 300 | II |

| | | | | |
|---|---|---|---|---|
| | | ഏജൻസീസ് | | |
| 81 | VIII/ | മറിയാമ്മ ടോമി<br>വാണിയ ബ്യൂട്ടി പാർലർ | 450 | I & II |
| 82 | VIII/ | മാനേജർ, ഫാബ് ഇൻ | 300 | I & II |
| 83 | VIII/ | പ്രൊപ്രൈറ്റർ<br>ബാബൂസ് ആട്ടോ കൺസൾട്ടൻസി | 300 | I & II |
| 84 | VIII/ | വി.ഡി.കുര്യാക്കോസ്<br>ടാക്സ് കൺസൾട്ടന്റ് | 300 | I & II |
| 85 | VIII/ | ബിന്ദു<br>ഫെയർ & കെയർ ബ്യൂട്ടി ക്ളിനിക്ക് | 300 | I & II |
| 86 | VIII/ | റോയി മാത്യൂ<br>കരോണ എന്റർപ്രൈസസ് | 450 | II |
| 87 | VIII/ | എൻ.റ്റി ബാബു, ജയ ക്ളിനിക്ക് | 600 | II |
| 88 | VIII/ | സുരേഷ് കുമാർ, ദൈമി സ്റ്റുഡിയോ | 600 | II |
| 89 | VIII/ | ഉത്തര, സർവ്വീസിംഗ് | 450 | II |
| 90 | VIII/ | എം.ജെ.അസോസിയേറ്റഡ്<br>ആട്ടോ കൺസൾട്ടന്റ് | 300 | I & II |
| 91 | VIII/ | സിബി ആന്റണി<br>ആന്റണി കൺസൾട്ടൻസി | 450 | I & II |
| 92 | VIII/ | ഹരികുമാർ, ദാൻ റെസ്റ്റോറന്റ് | 450 | II |
| 93 | VIII/ | ചാക്കോ ഏബ്രഹാം, മാക്സ് സെന്റർ | 450 | II |
| 94 | VIII/ | പ്രൊപ്രൈറ്റർ<br>ജയ ആട്ടോ കൺസൾട്ടൻസി | 300 | I & II |
| 95 | VIII/ | സോമശേഖരൻ നായർ<br>ടാക്സ് കൺസൾട്ടന്റ് | 300 | I & II |
| 96 | VIII/ | ബി.ശ്രീകുമാർ, ഡോക്യുമെന്റ് റൈറ്റർ | 180 | I & II |
| 97 | VIII/ | പ്രൊപ്രൈറ്റർ<br>സുരേഷ് ഗംഗാ ആൾട്ടോ കൺസൾട്ടൻസി | 300 | I & II |
| 98 | VIII/ | പ്രൊപ്രൈറ്റർ<br>ക്രിസ്റ്റൽ ഓട്ടോ എഡിറ്റിംഗ് | 300 | I & II |
| 99 | VIII/ | പ്രൊപ്രൈറ്റർ | 300 | I & II |

| | | | | |
|---|---|---|---|---|
| | | കൺസോളിഡേറ്റഡ് സലൂഷൻസ് | | |
| 100 | VIII/ | പ്രൊപ്രൈറ്റർ ഷാജി ആട്ടോ കൺസൾട്ടൻസി | 300 | I & II |
| 101 | VIII/ | പ്രൊപ്രൈറ്റർ സ്വാസ് ആട്ടോ കൺസൾട്ടൻസി | 450 | II |
| 102 | VIII/ | അന്ന, ഫോട്ടോസ്റ്റാറ്റ് | 180 | II |
| 103 | VIII/ | ഷൈനി ജിജി സാറാസ് റെസ്റ്റോറന്റ് | 180 | II |